# പ്രവാചക ധർമ്മം

## ഒരു പഠനം

ഫാദർ മാത്യു മങ്കുഴിക്കരി

# പ്രവാചകധർമ്മം

## ഒരു പഠനം

ACHARYA PALACKAL JEEVAS KENDRAM
LIBRARY
17116

ഫാദർ മാത്യു മങ്കുഴിക്കരി

ST. ANTONY'S MONASTERY
Phone : 3140
ALWAYE-1

സെൻറു് തോമസു് അപ്പസ്തോലിക്
സെമിനാരി, വടവാതൂർ
കോട്ടയം

# ravachaca Dharmam

(Malayalam)

M/251
MAN

Author

**Fr. Mathew Mankuzhikary**

St. Thomas Apostolic Seminary

Kottayam-10

*Printed at the*

Viani Printings:

Cochin-18

Published by the Author, march 1979

**Price : Rs – 5/-**

# സമർപ്പണം

എൻെറ

പ്രിയ ശിഷ്യന്മാരായ

വൈദികർക്കും

വൈദിക വിദ്യാർത്ഥികൾക്കും

# പ്രസ്താവന

വടവാതൂർ സെൻറ് തോമസ് സെമ്മിനാരിയിലെ ഹോമിലെററിക്സ് ക്ലാസ്സുകളിൽ കൊടുത്തുവരുന്ന നോട്ടുകൾ മുദ്രണംചെയ്തുകിട്ടുവാൻ പലരും ആഗ്രഹിച്ചതനുസരിച്ച് ഈ ''പ്രവാചകധർമ്മം'' പ്രസിദ്ധം ചെയ്യുകയാണ്.

Homiletics പലർക്കും പരിചയമില്ലാത്ത ഒരു പദമായിരിക്കാം. ഇതു് Homily എന്ന ഇംഗ്ലീഷ് വാക്കിൽനിന്നുണ്ടായതാണ്. സുവിശേഷപ്രസംഗം എന്നാണ് ഹോമിലിയുടെ അർത്ഥം. മഹനീയമായ ഈ പ്രവാചകധർമ്മം യഥാവിധി നിർവ്വഹിക്കുവാൻ ആവശ്യമായ കാര്യങ്ങളെപ്പററിയുള്ള പഠനമാണ ഹോമിലെററിക്സ്.

പുസ്തകം നാലുഭാഗമായി തിരിച്ചിരിക്കുന്നു. പ്രവാചകധർമ്മത്തിൻെറ പാവനത, പ്രാധാന്യം, പ്രസംഗകനും പ്രസംഗത്തിനും ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്നിവയാണ പ്രഥമഭാഗത്തു വിവരിച്ചിരിക്കുന്നതു്. രണ്ടാംഭാഗത്തു്, പ്രസംഗത്തിനുള്ള ഒരുക്കം, പ്രസംഗസൃഷ്ടി, പ്രസംഗപഠനം, അതിൻെറ അവതരണം തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്തിരിക്കുന്നു. സുവിശേഷ പ്രസംഗത്തിൻെറ വിഷയവും അതിൻെറ ഉറവിടങ്ങളുമാണ്തൃതീയഭാഗത്തിലെ പ്രതിപാദ്യം. അവസാനഭാഗത്തു് വിവിധതരം പ്രസംഗങ്ങളുടെ സ്വഭാവം, അവയുടെ സംവിധാനം മുതലായവയും വിശദീകരിച്ചിരിക്കുന്നു.

കഴിയുന്നത്ര പ്രായോഗികമായി ഓരോ വിഷയവും അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ വിശദീകരണം ഇനിയും ആവശ്യമില്ലെന്നു വരുന്നില്ല. അതെല്ലാം അവസരംപോലെ ചെയ്യാമെന്നു കരുതുന്നു.

ഈ ഗ്രന്ഥത്തിൻെറ ചില ഭാഗങ്ങൾ വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയ റൈററ് റവ. മോൺ. മാത്യു വെള്ളാങ്കൻ അവർകളോടു് എനിക്കു വളരെ നന്ദിയുണ്ടു്. കൈയെഴുത്തുപ്രതി തയ്യാറാക്കുവാൻ സഹായിച്ച റവ. അബ്രഹാം തുരുത്തിയിൽ, ജോസ് ഉപ്പാണി, ജോർജ് മങ്കുഴിക്കരി എന്നീ പ്രിയ ശിഷ്യന്മാരോടും ഞാൻ കൃതജ്ഞനാണ്. മുദ്രണം യഥാസമയം ഭംഗിയായി സാധിച്ചുതന്നതിനു് എറണാകുളം വിയാനി പ്രസ്സ് അധികൃതരോടു ഞാൻ നന്ദി പറയുന്നു.

രചയിതാവു്

വടവാതൂർ സെമ്മിനാരി
7 മാർച്ചു് 1979

# വിഷയവിവരം


പ്രസ്താവന

## ഒന്നാംഭാഗം

ദൈവത്തിൻെറ പൈതൃകസംഭാഷണം — 1
സുവിശേഷപ്രസംഗത്തിൻെറ ശ്രേഷ്ഠത — 8
,, ആവശ്യകതയും ഉദ്ദേശ്യവും — 9
പ്രസംഗകൻെറ അധികാരം — 17
പ്രസംഗകനു് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ — 21
വ്യക്തിപരമായ ആദ്ധ്യാത്മിക ഗുണങ്ങൾ — 22
പ്രസംഗകനു വേണ്ട സ്വാഭാവികഗുണങ്ങൾ — 29
പ്രസംഗത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ — 34

## രണ്ടാംഭാഗം

പ്രസംഗത്തിനുള്ള ഒരുക്കം — 44
പ്രസംഗസൃഷ്ടി — 47
പ്രസംഗകൻെറ ഭാഷ — 52
വാക്യങ്ങൾ — 55
ഖണ്ഡിക — 56
പ്രസംഗഭാഗങ്ങൾ — 60
,, പഠനം — 68
വിവിധതരം ആംഗ്യങ്ങൾ — 74
ഉച്ചാരണശുദ്ധി — 81
പ്രസംഗരംഗത്തു് സൂക്ഷിക്കേണ്ട കാര്യങ്ങൾ — 90

## മൂന്നാം ഭാഗം

സുവിശേഷപ്രസംഗ വിഷയം — 96
പ്രസംഗവിഷയത്തിൻെറ ഉറവിടങ്ങൾ — 102

വിശുദ്ധഗ്രന്ഥ വ്യാഖ്യാനം — 107
പ്രസംഗവിഷയത്തിൻെറ അപ്രധാന ഉറവിടങ്ങൾ — 123

## നാലാം ഭാഗം

**പലതരം പ്രസംഗങ്ങൾ** — 128
തിരുനാൾ പ്രസംഗം — 143
വിവാഹ പ്രസംഗം — 147
മൃതസംസ്കാര പ്രസംഗം — 149
ധ്യാനപ്രസംഗങ്ങൾ — 151
**വിവിധതരം ധ്യാനങ്ങൾ** — 163
പൊതുധ്യാനം — 163
വാർഷികധ്യാനം — 164
ഏകാന്തധ്യാനം — 165
വാരാന്തധ്യാനം — 171
ഏകദിനധ്യാനം — 172
കരിസ്മാററിക് ധ്യാനം — 176
ദൈവവിളി ധ്യാനം — 178
കുട്ടികളുടെ ധ്യാനം — 180
കോളേജുവിദ്യാർത്ഥികൾക്കുള്ള ധ്യാനം — 184
അദ്ധ്യാപകർക്കുള്ള ധ്യാനം — 186
തൊഴിലാളികളുടെ ധ്യാനം — 188
നേഴ്സുമാരുടെ ധ്യാനം — 189
സന്യാസിനികളുടെ ധ്യാനം — 191
വൈദികരുടെ ധ്യാനം — 194
വൈദികവിദ്യാർത്ഥികൾക്കുള്ള ധ്യാനം — 196
സന്യാസിനികൾക്കുള്ള ഉപദേശം — 198
വിശ്വാസസത്യങ്ങളെപ്പററിയുള്ള പ്രസംഗം — 199
പള്ളിയിലെ അറിയിപ്പുകൾ — 202
പള്ളിയിലെ വായന — 202
Bibliography — 205

# ദൈവത്തിൻെറ പൈതൃക സംഭാഷണം

Homily എന്ന ആഗ്ലേയ പദത്തിൻെറ മൂലം Homilia എന്ന ഗ്രീക്കു വാക്കാണ്. അതിനു കുടുംബ സമ്മേളനം, പൈതൃക സംഭാഷണം എന്നെല്ലാം അർത്ഥമുണ്ട്. ഇതുതന്നെയാണ് സുവിശേഷ പ്രസംഗവും. അതുവഴി പിതാവായ ദൈവം തൻെറ മക്കളായ മനുഷ്യരോടു സ്നേഹപൂർവ്വം സംസാരിക്കുന്നു. അതു ദൈവഹിതം വ്യക്തമാക്കുന്ന അരുളപ്പാടാണ്. ഈ ദൈവഹിതാവിഷ്ക്കരണം ഓരോ കാലത്ത് ഓരോ വിധം നടക്കുന്നതായി വേദപുസ്തകത്തിൽ കാണുന്നു.

**1.** ദൈവം നേരിട്ടു സംസാരിക്കുന്നു. രണ്ടാംവത്തിക്കാൻ കൗൺസിൽ ആവിഷ്ക്കരണത്തെപ്പററിയുള്ള ഡിക്രിയിൽ പറയുന്നതുപോലെ ''ദൈവം ആരംഭത്തിലെതന്നെ ആദിമാതാപിതാക്കന്മാർക്കു സ്വയം വെളിപ്പെടുത്തി'' (Art. 3). ദൈവത്തിൻെറ സ്വരം ആദ്യം കേൾക്കുന്നതു സൃഷ്ടികർമ്മത്തിലാണ് ''ഉണ്ടാകട്ടെ'' എന്ന് അവിടുന്ന് അരുളിച്ചെയ്തു. തന്റെ പ്രിയ സന്താനങ്ങളായ മനുഷ്യരുടെ പ്രാധാന്യവും പ്രാമുഖ്യവും വ്യക്തമാക്കിക്കൊണ്ടു പരമപിതാവു പറഞ്ഞു. ''മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം'' എല്ലാററിൻെറമേലും അവനു ആധിപത്യമുണ്ടായിരിക്കട്ടെ. അനന്തരം ദൈവം ഒരു കല്പന നല്കുകയും പ്രമാണം ലംഘിച്ചതിനു ശിക്ഷ കല്പിക്കുകയും രക്ഷകനെ വാഗ്ദാനം ചെയ്യുകയും ചെയ്തു

കൊണ്ടു് ആദ്യ മനുഷ്യരോടു സംസാരിച്ചതായി ഉല്പത്തി പുസ്ത കം രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു

2. ദൈവം ഗോത്രപിതാക്കന്മാർ വഴി സംസാരിക്കുന്നു. നോഹ്, അബ്രാഹം, ഇസഹാക്ക്, യാക്കോബ്, യൗസേപ്പ് തുടങ്ങിയ പിതാക്കന്മാർക്കു ദൈവം സ്വഹിതം വെളിപ്പെടുത്തു കയും അവർ വഴി മനുഷ്യവംശത്തെ നയിക്കുകയും ചെയ്തു.

3. അനന്തര കാലത്തു് ന്യായാധിപന്മാർ വഴി ദൈവം സംസാരിക്കുന്നു. മോശ, ജോഷ്വ, സാംസൺ, ഗേദയോൻ മുതലായ പ്രമുഖ വ്യക്തികൾക്കു ദൈവജനത്തെ സംബന്ധിച്ചു ള്ള കാര്യങ്ങൾ അവിടുന്നു വെളിപ്പെടുത്തിക്കൊണ്ടിരുന്നു.

4. ദൈവം പുരോഹിതന്മാർവഴി സംസാരിക്കുന്നു. ദൈ വഹിതാനുസാരം നിയുക്തരായ പുരോഹിതന്മാർ വിശുദ്ധ സ്ഥലത്തു പ്രവേശിച്ചു ധൂപം അർപ്പിക്കുമ്പോൾ ദൈവത്തിന്റെ അരുളപ്പാടു് അവർക്കു ലഭിച്ചിരുന്നു. അതു പുറത്തു കാത്തുനി ന്ന ജനങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു.

5. ദൈവം ദീർഘദർശികൾവഴി സംസാരിക്കുന്നു. ഇ തിലെല്ലാം കൂടുതലായി അവിടുന്നു് ഇസ്രായേലിനോടു സം സാരിച്ചതു് അനേകം ദീർഘദർശികളിലൂടെയായിരുന്നു. തന്റെ വക്താക്കളായി ദൈവം അവരെ നിയോഗിച്ചു. ''മനുഷ്യപു ത്രാ, ഇസ്രായേൽ ഗോത്രത്തിൻെറ കാവൽക്കാരനായി നിന്നെ ഞാൻ നിയമിക്കുന്നു. എൻെറ അധരങ്ങളിൽനിന്നു കേട്ട കാര്യ ങ്ങൾ എൻേറതായി നീ അവരെ അറിയിക്കുക'' (എസക്കി യേൽ 3: 17). ''സൈന്യങ്ങളുടെ കർത്താവരുളിച്ചെയ്യുന്നു'' എ ന്നു് അവർ ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. യൗ നാൻ ദീർഘദർശിയെ നിനിവേക്കാരുടെ പക്കലേക്കു ദൈവം പ്രത്യേകം അയച്ചതായി പഴയനിയമത്തിൽ കാണുന്നു. അ വസാനം മിശിഹായ്ക്കു വഴിയൊരുക്കുവാനായി യോഹന്നാൻ മാംദാന നിയുക്തനായി. ''കർത്താവിൻെറവഴി നേരെയാക്കു വിൻ എന്നുവിളിച്ചു പറയുന്നസ്വരമാണു ഞാൻ'' (യോഹ:1 20)

6. ദൈവദൂതന്മാർവഴി സംസാരിക്കുന്നു. പഴയ പുതിയ നിയമങ്ങളിൽ ദൈവം തൻെറ സന്ദേശം മാലാഖമാർവഴി നല്കിയിരുന്നു. അബ്രാഹത്തോടും ലോത്തിനോടും മററും ദൈവദൂതന്മാർ സംസാരിച്ചു. ഗബ്രിയേൽമാലാഖ മാതാവിനെ മംഗലവാർത്ത അറിയിച്ചു.

7. ദൈവം സ്വപുത്രൻ വഴി സംസാരിക്കുന്നു. കാലത്തിൻെറ തികവിൽ ദൈവം തൻെറ സുതനെ ലോകത്തിലേക്കയച്ചുകൊണ്ടു ദീർഘദർശനങ്ങൾ പൂർത്തിയാക്കി. ''പൂർവ്വകാലങ്ങളിൽ ദൈവം നമ്മുടെ പിതാക്കന്മാരോടു പലപ്പോഴും പലവിധത്തിൽ പ്രവാചകന്മാർ മുഖേന സംസാരിച്ചു. എന്നാൽ, ഈ അവസാനനാളുകളിൽ തൻെറ പുത്രൻ വഴി നമ്മോടു സംസാരിച്ചിരിക്കുന്നു'' (എബ്രാ: 1: 1, 2 ).

''ദരിദ്രർക്കു സുവിശേഷം അറിയിക്കുവാൻ ഞാൻ അഭിഷിക്തനായിരിക്കുന്നു'' എന്നു യേശുതന്നെ തന്നെപ്പററി പറഞ്ഞു (ലൂക്കാ:4/2).

ലോകം ഒരു ഗുരുനാഥനുവേണ്ടി കാത്തിരിക്കുകയായിരുന്നു. ബി. സി. നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്കു തത്വചിന്തകൻ സോക്രട്ടീസ് സ്വശിഷ്യൻ അൽഡിബിയാഡസിനു ഇങ്ങനെ എഴുതി; ''കാത്തിരിക്കുക; വരുവാനിരിക്കുന്ന സാർവ്വത്രിക വിജ്ഞാനിയെ പാർത്തിരിക്കുക. ദൈവത്തിൻേറയും മനുഷ്യൻേറയും മുമ്പാകെ എങ്ങനെ വ്യാപരിക്കണമെന്നു് അദ്ദേഹം നമുക്കു പറഞ്ഞുതരും.

ബി. സി. 551 മുതൽ 479 വരെ ജീവിച്ചിരുന്ന കൺഫ്യൂഷസ് രേഖപ്പെടുത്തി. ''വിശുദ്ധനായവൻ സ്വർഗ്ഗത്തിൽനിന്നും വരണം. അദ്ദേഹത്തിനു എല്ലാം അറിയാം. സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയുംമേൽ അവിടുത്തേക്കു് അധികാരമുണ്ടായിരിക്കും.'' ഈപ്രതീക്ഷകൾ ക്രിസ്തുവിൽ പൂർത്തിയായിരിക്കുന്നു.

യാക്കോബിൻെറ കിണററിനരുകിൽവച്ചു സമരിയാക്കാരി യേശുവിനോടു്: ''മിശിഹാ വരും; അപ്പോൾ എല്ലാം പഠിപ്പിക്കും'' എന്നു പറഞ്ഞപ്പോൾ അവിടുന്നു് അരുളിചെയ്തു; ''സ്ത്രീ

നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണു മിശിഹാ'' (യോഹ. 4/ 25-26). അവിടുന്നു് ഈ അദ്ധ്യാപന ദൗത്യത്തെപ്പററി ശിഷ്യന്മാരോടു പറഞ്ഞു; ''നിങ്ങൾ എന്നെ കർത്താവു് എന്നും ഗുരു എന്നും വിളിക്കുന്നു. അതു ശരിതന്നെ. കാരണം ഞാൻ ഗുരുവും കർത്താവുമാണു്'' (യോഹ. 13/13). ക്രിസ്തു ജഗദ്ഗുരുവാണെന്നു് ഗാന്ധിജി പറഞ്ഞു. ''ഏതു വഴിക്കു തിരിയണമെന്നറിയാതെ ഞാൻ വിഷമിച്ച പല സന്ദർഭങ്ങളുമുണ്ടു്. അപ്പോൾ ഞാൻ ബൈബിളിനെ ആശ്രയിച്ചു; പ്രത്യേകിച്ചും പുതിയ നിയമത്തെ. അതിലെ സന്ദേശത്തിൽനിന്നു ഞാൻ ശക്തിപ്രാപിക്കുകയും ചെയ്തു. ഗിരിപ്രഭാഷണം എൻെറ ഹൃദയത്തിലേക്കു നേരെ ചുഴിഞ്ഞിറങ്ങി. ഒരു ചെകിട്ടിലടിച്ചാൽ മറേറതുകൂടി കാണിച്ചു കൊടുക്കുക എന്ന വാക്യം അളവററവിധം എന്നെ ആനന്ദിപ്പിച്ചു.''

പന്ത്രണ്ടാം വയസ്സിൽതന്നെ യേശു ഒരിക്കൽ യഹൂദപണ്ഡിതരുടെ സംഘത്തിൽ സംസാരിക്കുകയുണ്ടായല്ലോ. പരസ്യജീവിതകാലം മുഴുവൻ പഠിപ്പിക്കുവാനായി അവിടുന്നു വിനിയോഗിച്ചു. ''ഈശോ ജപാലയങ്ങളിൽ പഠിപ്പിക്കുകയും സ്വർഗ്ഗരാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും ചെയ്തുകൊണ്ടു ഗലീലിയാ മുഴുവനും ചുററി സഞ്ചരിച്ചു.'' (മത്താ. 4/ 23).

''നമുക്കു് അടുത്ത ഗ്രാമങ്ങളിലേക്കു പോകാം. അവിടേയും സുവിശേഷം പ്രസംഗിക്കേണ്ടതാകുന്നു. അതിനായിട്ടാകുന്നു ഞാൻ വന്നതു്'' (മാർക്കോ. 1/ 38). ''ഈശോ അവരെ കഥാരൂപേണ പലതും പഠിപ്പിച്ചു.'' (മാർക്കോ. 4/ 12) ''അവരോടു കർത്താവിനനുകമ്പ തോന്നി, അവരെ പഠിപ്പിക്കുവാൻ തുടങ്ങി.'' (മർക്കോ 6/ 34). അങ്ങനെ ഈശോ മലമുകളിലും മരുഭൂമിയിലും കടൽത്തീരത്തും തെരുവീഥികളിലും സിനഗോഗുകളിലും ദേവാലയത്തിലുമായി നിരന്തരം പ്രസംഗിച്ചിരുന്നു. ഈശോയുടെ മലയിലെ പ്രസംഗവും ഒടുവിലത്തെ പെസഹാഭക്ഷണത്തിനു ശേഷമുള്ള പ്രഭാഷണവും ക്രൈസ്തവജീവിതാദർശങ്ങൾക്കു് അടിസ്ഥാനമായി എന്നും നിലനില്ക്കുന്നു.

പരമ പിതാവു് ഈശോയുടെ ദൗത്യം അംഗീകരിച്ചു സംസാരിച്ചു: ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു'' എന്നു ജോർദ്ദാനാൻ തീരത്തുവച്ചും ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു; നിങ്ങരം ഇവനെ ശ്രവിക്കുവിൻ'' എന്നു് താബോർ മലയിൽവച്ചും ദൈവം അരുളിച്ചെയ്തു (മാർക്കോ: 9/ 7; മത്തായി 17/ 5).

ബഹുജനങ്ങളും ഈശോ പഠിപ്പിച്ച സത്യങ്ങരം സാദരം സ്വീകരിച്ചു് അംഗീകരിച്ചു: ''ഗുരോ, അങ്ങു സത്യവാനാണെന്നും ദൈവത്തിൻെറ വഴി പഠിപ്പിക്കുന്നുവെന്നും ഞങ്ങരം അറിയുന്നു'' (മത്താ. 22/16).

''ഞങ്ങരം ആരുടെ പക്കൽ പോകും; കാരണം അങ്ങയുടെ പക്കൽ നിത്യജീവൻെറ വചനങ്ങരം ഉണ്ടല്ലോ.'' (യോഹ. 6/67). ''വേറൊരുവനും ഒരിക്കലും ഇതുപോലെ സംസാരിച്ചിട്ടില്ല'' (യോഹ. 7/46). ''വളരെപ്പേർ അവിടുത്തെ വാക്കുകളിൽ വിശ്വസിച്ചു'' (യോഹ. 8/30).

8 അപ്പസ്തോലന്മാർ വഴി-ഈ പ്രസംഗദൗത്യം തുടരുവാനായി ഈശോ അപ്പസ്തോലന്മാരെ വിളിച്ചു പരിശീലിപ്പിച്ചു. ''തന്നോടുകൂടി ആയിരിക്കുവാനും തൻെറ ദൗത്യം വഹിക്കുവാനുമായി അവിടുന്നു് അവരെ വിളിച്ചു. മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ, നീ പോയി സുവിശേഷം പ്രസംഗിക്കുക'' (ലൂക്ക. 9/60) എന്നു് ഈശോ അരുളിചെയ്തു.

ദിവ്യഗുരു ശിഷ്യന്മാരെ തൻെറ കൂടെ കൊണ്ടുനടന്നു മൂന്നു വർഷം പഠിപ്പിച്ചു; ദുർഗ്രഹമായവ അവർക്കു പ്രത്യേകം വ്യാഖ്യാനിച്ചുകൊടുത്തു (മത്താ. 13-18ff). അതേത്തുടർന്നു, തല്ക്കാലത്തേയ്ക്കു പ്രസംഗിക്കാനയച്ചുകൊണ്ടു് അവർക്കു പ്രായോഗിക പരിശീലനം നൽകി (മത്താ. 10/17). ''നിങ്ങരം പോയി ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നുവെന്നു് അറിയിക്കുവിൻ'' (ലൂക്ക. 9/2).

അവസാനം ഈശോ അവരെ അധികാരപ്പെടുത്തി സുവിശേഷം പ്രസംഗിക്കുവാൻ: ''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സ

വ്വാധികാരങ്ങളും എനിക്കു് നൽകപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഞാൻ നിങ്ങളോടു് കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ'' (മത്താ. 28/18-20). ''നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ. 16/15). ''തുറന്നു സംസാരിക്കുവാൻ ഭയപ്പെടേണ്ട. നിശബ്ദരാക്കപ്പെടുവാൻ അനുവദിക്കരുതു്. ഞാൻ നിന്നോടുകൂടിയുണ്ടു്'' (ശ്ലീഹ. 18/9,10).

ഒടുവിൽ, ഈശോ പരിശുദ്ധാത്മാവിനെ അയച്ചുകൊണ്ടു് അപ്പസ്തോലന്മാർക്കു് പ്രസംഗിക്കുവാനുള്ള അത്ഭുതവരങ്ങൾ നൽകി. പരിശുദ്ധാത്മാവു തീനാക്കുകളുടെ രൂപത്തിൽ ശിഷ്യന്മാരുടെമേൽ ആവസിച്ചതു് അവർക്കുനൽകിയ പ്രസംഗവരത്തെ പ്രത്യേകം സൂചിപ്പിക്കുന്നു. തദനുസാരം ഉടനെതന്നെ അവർ പ്രസംഗിക്കുവാനും തുടങ്ങി (ശ്ലീഹ. 2/4).

ക്രിസ്തുവിൻെറ ദൗത്യം ശിഷ്യന്മാർ ശിരസാവഹിച്ചു. ''അവരുടെ പഠനംകൊണ്ടു അവർ ഓർശലം മുഴുവൻ നിറച്ചു'' (ശ്ലീഹ. 5/20). സുവിശേഷ പ്രസംഗം തങ്ങളുടെ വലിയ കടമയായി അവർ കരുതി. ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു പറയാതിരിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല'' (ശ്ലീഹ.4/20).

പീഡനം സഹിച്ചും അവർ പ്രസംഗിച്ചു. സുവിശേഷത്തെപ്രതിയുള്ള മർദ്ദനത്തിൽ പത്രോസും യോഹന്നാനും ആഹ്ലാദഭരിതരായി പ്രസ്താവിച്ചു: ''ഞങ്ങൾ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടിയിരിക്കുന്നു'' (ശ്ലീഹ 5/29).

''ഞങ്ങൾ ക്രിസ്തുവിൻെറ പ്രതിനിധികളായി വർത്തിക്കുന്നു. ഞങ്ങൾവഴി ദൈവം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു'' (2 കൊറ. 5/20). വിശുദ്ധ പൗലോസ് പറയുന്നു; അദ്ദേഹം ദൈവത്തിൻെറ സുവിശേഷത്തിനുവേണ്ടി പ്രത്യേകം നിയുക്തനായ പ്രേഷിതനാണെന്നു് (റോമ. 1/1).

സുവിശേഷപ്രഘോഷണത്തിനു മററൊന്നും തടസ്സമായി ത്തീരരുതെന്നു ശിഷ്യന്മാർ നിഷ്ക്കർഷിച്ചു. ''ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശ ശുശ്രൂഷചെയ്യുന്നതു് ഉചിതമല്ല'' (ശ്ലീഹ. 4/2). ആകയാൽ, അവർ ആറാം പട്ടക്കാരെയും അഞ്ചാംപട്ടക്കാരെയും മേശശുശ്രൂഷയ്ക്കായി നിയോഗിച്ചുകൊണ്ടു് ''പ്രാർത്ഥനയ്ക്കും വചനശുശ്രൂഷയ്ക്കുമായി തങ്ങളെത്തന്നെ സമർപ്പിച്ചു''. സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ അതു വലിയ തെററായി അവർ പരിഗണിച്ചു. ''ഞാൻ സുവിശേഷം പ്രസംഗിച്ചാൽ എനിക്കു സ്തുതിയ്ക്കുവകാശമില്ല; അതു് എനിക്കാവശ്യമാകുന്നു. എന്നാൽ, ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം'' (1 കൊറി. 9:16).

അപ്പസ്തോലന്മാർ അവരുടെ ശിഷ്യന്മാർക്കും ഇതേ ദൗത്യം തന്നെ നൽകി. ''ഞാൻ ദൈവത്തിൻേറയും ക്രിസ്തുവിൻേറയും സമക്ഷം നിന്നെ അധികാരപ്പെടുത്തുന്നു; വചനം പ്രസംഗിക്കുക; കാലത്തും അകാലത്തും അതിനായി ശ്രമിക്കുക'' (2 തിമോ. 4/1–2) (തിത്തു 2/1, 15).

വ്യാജപ്രവാചകന്മാരെ സൂക്ഷിക്കുവാൻ ഈശോ അപ്പസ്തോലന്മാരെ ഉപദേശിച്ചു. ''നിങ്ങൾ വ്യാജപ്രവാചകന്മാരെ സൂക്ഷിക്കുവിൻ. അവർ കുഞ്ഞാടുകളുടെ വേഷത്തിൽവരുന്ന ചെന്നായ്ക്കളാകുന്നു'' (മത്താ. 7/15). അപ്പസ്തോലന്മാരും ഇതേ നിർദ്ദേശംതന്നെ നൽകിയിട്ടുണ്ടു്. ''ഞങ്ങൾ നിങ്ങളെ അറിയിച്ചതിനെതിരായി സ്വർഗ്ഗത്തിൽനിന്നൊരു മാലാഖ തന്നെയും വന്നുപറഞ്ഞാലും അവൻ ശപിക്കപ്പെട്ടവനായിരിക്കും'' (ഗല. 1: 8-9).

9 സഭാധികാരികൾവഴി-ആദിമസഭയിൽ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാർ നിരന്തരം സുവിശേഷം പ്രസംഗിച്ചിരുന്നു. തെററുകൂടാതെ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുവാൻവേണ്ടി മെത്രാന്മാർ മാത്രമേ അന്നു പ്രസംഗിച്ചിരുന്നുള്ളു. അല്ലെങ്കിൽ മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ അവരുടെ പ്രസംഗം ഡീക്കന്മാർ വായിച്ചിരുന്നു. സഭ കൂടുതൽ പ്രചരിച്ചതോടെ വൈദികരും സുവിശേഷപ്രസംഗത്തിനു നിയ

ക്തരായി. എന്നാൽ, ഇതിനു മെത്രാൻെറ പ്രത്യേകാനുവാദം വേണ്ടിയിരുന്നു. ഇന്നു് വൈദികാദ്ധ്യക്ഷനിൽനിന്നു ലഭിക്കുന്ന അധികാരത്തോടെയാണു വൈദികൻ ഈ ദൗത്യം നിർവ്വഹിക്കുന്നതു്. ഇപ്രകാരം ഇന്നും ദൈവം തൻെറ ജനത്തോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. ഈ മഹനീയകൃത്യത്തിൽ പങ്കുചേരുവാനുള്ള വിളിയാണു സുവിശേഷ പ്രസംഗകൻേറതു്. അതു് യഥാവിധി നിർവ്വഹിക്കുവാൻ ആവശ്യമായ കാര്യങ്ങളാണു Homiletics-ൽ ചർച്ചചെയ്യുക.

# സുവിശേഷ പ്രസംഗത്തിൻെറ ശ്രേഷ്ഠത

മുകളിൽ പറഞ്ഞ കാര്യങ്ങളിൽനിന്നു വ്യക്തമാകുന്നതുപോലെ സുവിശേഷ പ്രസംഗം:—

1 ദൈവത്തിൻെറ സ്വരമാകുന്നു.
2 ദീർഘദർശികളുടെ കൃത്യമാകുന്നു.
3 മാലാഖമാരുടെ ദൗത്യമാകുന്നു.
4 പുരോഹിതന്മാരുടെ ധർമ്മമാകുന്നു.
5 ദിവ്യരക്ഷകൻ നിർവ്വഹിച്ച ജോലിയാകുന്നു.
6 അപ്പസ്തോലന്മാരുടെ ഔദ്യോഗിക ചുമതലയാകുന്നു
7 വലിയ ഫലം ഉളവാക്കുന്ന ദിവ്യകൃത്യമാകുന്നു.

തിരുസ്സഭയുടെ ചരിത്രം പ്രസംഗവേദിയുടെ ചരിത്രമാണു്: അവളുടെ വിജയവും പ്രസംഗത്തിൻെറ വിജയം. വരമൊഴിയും വാമൊഴിയും തമ്മിൽ കാര്യക്ഷമത സംബന്ധിച്ചു വലിയ അന്തരമുണ്ടല്ലോ.

a) ഗ്രന്ഥ രചന വളരെ വൈകി മാത്രം ആരംഭിച്ചു.

b) മുദ്രണം അതിലും വൈകിയാണു പ്രവൃത്തിയിലായതു്. c) ഗ്രന്ഥങ്ങൾ പണക്കാർക്കുമാത്രം പ്രയോജനപ്പെടുന്ന കാര്യമായിരുന്നു. d) വായിച്ചു പഠിക്കണമെങ്കിൽ അക്ഷരജ്ഞാനം വേണമല്ലോ. സാക്ഷരത്വം ഇന്നും എത്രയോ കുറവാ

ണ്. e) വായിക്കുന്നവ പലപ്പോഴും ശരിയായി ഗ്രഹിച്ചി ല്ലെന്നുവരാം. f) വായിച്ച കാര്യങ്ങൾ തന്നേയും അനുവാച കന് എപ്പോഴും പ്രയോജനകരമായിരിക്കണമെന്നില്ല.

എന്നാൽ, പ്രസംഗത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ യുള്ള പോരായ്മകൾ താരതമ്യേന കുറഞ്ഞിരിക്കും. മാത്രമല്ല ഗ്രന്ഥകാരൻ പഞ്ചേന്ദ്രിയങ്ങളിലൊന്നായ കണ്ണിലൂടെ മാത്രം പ്രവർത്തിക്കുമ്പോൾ പ്രസംഗകൻ കണ്ണിലും ചെവിയിലും കൂടി പ്രവർത്തിച്ചു മനുഷ്യമനസ്സിനെ സ്വാധീനിക്കുന്നു. ആ കയാൽ, ഗ്രന്ഥകാരന്മാരേക്കാൾ പ്രസംഗകരാണു ലോകത്തെ കാര്യക്ഷമമായി നയിച്ചിട്ടുള്ളതും നയിച്ചുകൊണ്ടിരിക്കുന്നതും. ക്രിസ്തുനാഥനും എഴുതുകയല്ലാ പ്രസംഗിക്കുകയാണല്ലോ ചെയ്തു. ശിഷ്യന്മാരോടും പ്രസംഗിക്കുവാനാണ് ആവശ്യപ്പെട്ടത്.

8) സുവിശേഷ പ്രഭാഷകനു വലിയ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു: ''ദൈവത്തിൻെറ വഴി പഠിപ്പിക്കുന്നവൻ ദൈവരാജ്യത്തിൽ വലിയവനെന്നു വിളിക്കപ്പെടും'' (മത്താ: 5.19) ''ലോകത്തിൽ എന്നെ ഏററുപറയുന്നവരെ പിതാവിൻെറ പക്കൽ ഞാനും ഏററുപറയും'' (മത്താ: 10.32) ''നിങ്ങൾ എന്നോടുകൂടി പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്ന് ഇസ്രായേലിൻെറ ഗോത്രങ്ങളെ വിധിക്കും'' (മത്തായി 26.20).

# സുവിശേഷ പ്രഘോഷണത്തിൻെറ ആവശ്യകതയും ഉദ്ദേശ്യവും

1. സുവിശേഷ ഘോഷണം രക്ഷാമാർഗ്ഗമാണ്. ക്രിസ്തുനാഥൻ അരുളിച്ചെയ്തു: ''യഥാർത്ഥ ദൈവമായ നിന്നേയും നീ അയച്ച ഈശോമിശിഹായേയും അറിയുകയാണല്ലോ നിത്യജീവൻ'' (യോഹ. 17/13). എന്നാൽ, ദൈവത്തേയും ദിവ്യരക്ഷകനേയും അറിഞ്ഞു സ്നേഹിച്ചു സേവിച്ചു നിത്യരക്ഷ പ്രാപിക്കാനുള്ള മാർഗ്ഗം സുവിശേഷ പ്രഘോഷണമാണല്ലോ. വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നതുപോലെ അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും; പ്രസംഗിക്കാതെ എങ്ങനെ കേൾക്കും; കേൾക്കാതെ എങ്ങനെ വിശ്വസിക്കും; വിശ്വസിക്കാതെ എങ്ങനെ രക്ഷപ്പെടും (റോമ. 10/14–15).

''അപ്പം കൊണ്ടുമാത്രമല്ല മനുഷ്യൻ ജീവിക്കുക; പിന്നെയോ സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഒരോ വാക്കുമാണ് എൻെറ ഭക്ഷണം'' (മത്താ. 4/9). 'എൻെറ വാക്കുകൾ കേൾക്കുകയും എന്നെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ലഭിക്കും'' (യോഹ. 5/24).

2. തിന്മ വെടിയുവാനുള്ള ആഹ്വാനമാണു സുവിശേഷ പ്രസംഗം. ''ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾകൊണ്ടു നിങ്ങൾ മുൻപേതന്നെ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു'' (യോഹ, 15/3).

12-ാം പീയൂസ് പാപ്പാ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഗൗരവാവഹമായ പല തിന്മകളും ഇന്നു ലോകത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ, മതപരമായ അജ്ഞതപോലെ ദുരന്തഫലങ്ങൾ ഉളവാക്കുന്ന വേറൊന്നില്ല. പലതും അറിയാമെന്നു വിചാരിക്കുന്നവർപോലും ഇക്കാര്യത്തിൽ അജ്ഞരാണ്. നാലാം ലാററൻ കൗൺസിൽ പറയുന്നു; ''അജ്ഞത എല്ലാ തെററുകളുടേയും മാതാവാകുന്നു.'' സീയന്നായിലെ ബർണ്ണദീൻ പറയുന്നു; ''നിങ്ങൾ കേട്ട സുവിശേഷ പ്രസംഗം വഴിയല്ലാതെ പാപമെന്താണെന്നും വിശുദ്ധ കർബ്ബാന എന്ന കൂദാശ എന്താണെന്നും നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയുമോ?''

3. കൂദാശകളുടെ ഫലപ്രദമായ സ്വീകരണത്തിനു പ്രസംഗം ആവശ്യമാണ്. പഠിപ്പിക്കുക; അനന്തരം സ്നാനപ്പെടുത്തുക എന്നുള്ള യേശുവിൻെറ നിർദ്ദേശം ഇതു വ്യക്തമാക്കുന്നു. മതപഠനത്തിൻെറ ആഴം പോലിരിക്കും കൂദാശ സ്വീകരണത്തിൻെറ ആധിക്യവും ഫലസിദ്ധിയും. കാരണം കൂദാശകൾ വിശ്വാസം ആവശ്യപ്പെടുന്നു. വിശ്വാസമാകട്ടെ ദൈവ വചനം വഴി ജനിക്കുന്നു; പരിപോഷിക്കപ്പെടുന്നു.

4. സുവിശേഷ പ്രസംഗം പുണ്യാഭിവൃദ്ധി സാധിക്കുന്നു. മെത്രാന്മാരെ പററിയുള്ള കൗൺസിൽ ഡിക്രിയിൽ പറയുന്നു. ദൈവവചനപ്രസംഗം വഴി ''വിശ്വാസം, ശരണം, ഉപവി എന്നിവയിൽ ഉറച്ചു നിന്നുകൊണ്ടു ക്രൈസ്തവർ ക്രിസ്തു

വിൽ വളർച്ച പ്രാപിക്കും. അതുപോലെ ഒരു ക്രൈസ്തവ സമൂഹമെന്ന നിലയിൽ കർത്താവു പുകഴ്ത്തിയിട്ടുള്ള ഉപവിക്കു സാക്ഷ്യം വഹിക്കുകയും ചെയ്യും'' (Art 30.2).

''ആകാശത്തു നിന്നു പെയ്യുന്ന മഴയും മഞ്ഞും അവിടേയ്ക്കു മടങ്ങാതെ ഭൂമിയെ നനച്ചു ഫലവത്താക്കുന്നു. അങ്ങനെ, വിതയ്ക്കുവാൻ വിത്തും ഭക്ഷിക്കുവാൻ അപ്പവും പുറപ്പെടുവിക്കുന്നു. അതുപോലെയായിരിക്കും എൻെറ അധരങ്ങളിൽ നിന്നു പുറപ്പെടുന്ന വചനവും. അതു് നിഷ്ഫലമായി എൻെറ അടുക്കലേയ്ക്കുമടങ്ങാതെ എനിക്കു് ഇഷ്ടമുള്ളതു നിവർത്തിക്കുകയും എൻെറ ഉദ്ദേശ്യം സാധിക്കുകയും ചെയ്യും'' (ഏശയ്യാ. 55/10-11).

5. കള്ളദീർഘദർശികളെ അഭിമുഖീകരിക്കുവാനും സുവിശേഷ പ്രഘോഷണം ആവശ്യമാണു്. ഇന്നു് നാസ്തികന്മാരും ഭൗതിക വാദികളും പലേവിധമുള്ള ആശയവിനിമയമാദ്ധ്യമങ്ങൾ വഴി ആളുകളെ വഴി തെററിക്കുന്നു. ഈ സാഹചര്യങ്ങളിൽ സുവിശേഷ പ്രഘോഷണം അവശ്യാവശ്യമാണു്. ആകയാൽ, വിശുദ്ധ തോമസ് അക്വീനാസ് പറയുന്നു; ''പ്രസംഗിക്കുക വൈദികൻെറ മുഖ്യ ധർമ്മമാകുന്നു; അതിനു പകരം വേറൊന്നും ഇല്ലതന്നെ.''

6. തിരുസ്സഭയുടെ ഉപദേശവും നിയമങ്ങളും സുവിശേഷപ്രസംഗത്തിൻെറ ആവശ്യകത വ്യക്തമാക്കുന്നു.

## a. സൂനഹദോസിൻെറ തീരുമാനങ്ങൾ

529-ൽ Baison എന്ന സ്ഥലത്തു സമ്മേളിച്ച സൂനഹദോസ് വൈദികർക്കുകൂടി സുവിശേഷം പ്രസംഗിക്കുവാനുള്ള അധികാരം നല്കി, പ്രസംഗത്തിൻെറ ആവശ്യകത അംഗീകരിച്ചു. 692-ൽ Irullo സൂനഹദോസ് ഞായറാഴ്ചകളിലും തിരുനാളുകളിലും സുവിശേഷപ്രസംഗം അവശ്യം നടത്തണമെന്നു തീരുമാനിച്ചു. 813-ൽ Arles, Tours, Mayence എന്നീ സ്ഥലങ്ങളിൽ ചേർന്ന സൂനഹദോസുകൾ മെത്രാന്മാരോ, അവർ നിശ്ചയിക്കുന്ന വൈദികരോ സുവിശേഷപ്രസംഗം ചെയ്യണമെന്നു നിർദ്ദേശിച്ചു. 1215-ൽ നാലാം ലാററൻ സൂനഹദോസ് ഇതേ നിർദ്ദേശം ത

ന്നെ നൽകുകയുണ്ടായി. ത്രെന്തോസ് സൂനഹദോസ് (1545-1561) ഇതേപ്പററി താഴെപ്പറയുന്ന നിയമങ്ങൾ പാസാക്കി: പ്രസംഗിക്കുവാനുള്ള പ്രധാന ചുമതല മെത്രാന്മാർക്കാണ്; അവർ തങ്ങളുടെ കത്തീഡ്രലുകളിൽ പ്രസംഗിക്കണം. മററു പള്ളികളിൽ വികാരിമാരോ അവരുടെ പ്രതിനിധികളോ പ്രസംഗിക്കണം. ഞായറാഴ്ചകളിലും തിരുനാളുകളിലും നോമ്പുകാലങ്ങളിൽ എല്ലാദിവസവും അല്ലെങ്കിൽ മൂന്നു ദിവസമെങ്കിലും പ്രസംഗമുണ്ടായിരിക്കണം.

രണ്ടാം വത്തിക്കാൻ സൂനഹദോസ് വൈദികരെപ്പററിയുള്ള ഡിക്രിയിൽ പറയുന്നു: ''മെത്രാന്മാരുടെ സഹപ്രവർത്തകരായ വൈദികരുടെ ഒന്നാമത്തെ കടമ ദൈവത്തിൻെറ സുവിശേഷം എല്ലാവരേയും അറിയിക്കുകയാണ്. കർത്താവിൽ തങ്ങൾക്കു ലഭിച്ചിരിക്കുന്ന സുവിശേഷസത്യം സകലർക്കും പകർന്നു കൊടുക്കുവാൻ കടപ്പെട്ടവരാണ് വൈദികർ. പരസ്യമായ പ്രസംഗത്തിലൂടെ ക്രിസ്തുവിൻെറ രഹസ്യത്തെ അവർ വിളംബരം ചെയ്യുന്നു'' (Art.4).

ലിററർജിയെപ്പററിയുള്ള രേഖയിൽ പറയുന്നു: ''സുവിശേഷ പ്രസംഗം സുനിശ്ചിതമായും വിശ്വസ്തമായും നടത്തേണ്ടതാണ്. അതു് ലിററർജിയുടെ കാതലാണ്'' (Art. 35.) ''ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും സുവിശേഷപ്രസംഗങ്ങൾ വളരെ ഗൗരവാവഹമായ കാരണങ്ങൾ കൂടാതെ ഉപേക്ഷിക്കരുതു്'' (Art. 52).

മെത്രാന്മാരെക്കുറിച്ചുള്ള ഡിക്രിയിൽ അനുശാസിക്കുന്നു. ''ഇടവക വികാരിമാർക്ക് എല്ലാ വിശ്വാസികളോടും ദൈവവചനം പ്രസംഗിക്കുവാൻ കടമയുണ്ട്. പരിത്രാണ രഹസ്യത്തെപ്പററിയുള്ള പൂർണ്ണപഠനം വിശ്വാസികൾ ഒരോരുത്തരുടേയും പ്രായത്തിനു യോജിച്ചവിധം പ്രദാനം ചെയ്യാൻ അവർ കടപ്പെട്ടിരിക്കുന്നു'' (Art. 30).

ഇപ്രകാരം കൗൺസിൽ പിതാക്കന്മാർ നല്കിയ നിർദ്ദേശങ്ങളുടെ പ്രായോഗികവശം വ്യക്തമാക്കിക്കൊണ്ട് ''Instructions for Implimentation of the Council Decrees'' എന്ന രേഖ

യിൽ അനുശാസിക്കുന്നു. ഞായറാഴ്ചകളിലും തിരുനാളുകളിലും ജനങ്ങൾ സംബന്ധിക്കുന്ന എല്ലാ കുർബാനകളിലും പ്രസംഗം ഉണ്ടായിരിക്കേണ്ടതാണ്. ഇടദിവസങ്ങളിലും ജനങ്ങൾ അധികം പങ്കെടുക്കുന്ന കുർബാനകളിൽ പ്രസംഗിക്കണം.

## b മാർപ്പാപ്പാമാരുടെ അനുശാസനങ്ങൾ

മാർപ്പാപ്പാമാർ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട് സുവിശേഷം പ്രസംഗിക്കുവാൻ. 9-ാം പീയൂസ് പാപ്പാ 1846 ലെ ചാക്രികലേഖനത്തിൽ ഇതിന്റെ ആവശ്യകത പ്രത്യേകം ചൂണ്ടിക്കാണിച്ചു. 13-ാം ലെയോ 1894-ൽ ഇപ്രകാരം കല്പിച്ചു. വിശ്വാസപ്രമാണം, പത്തു കൽപ്പനകൾ, തിരുസ്സഭയുടെ കല്പനകൾ, കൂദാശകൾ, പുണ്യങ്ങൾ, പാപങ്ങൾ, ജീവിത കടമകൾ അന്ത്യവിധി തുടങ്ങിയ നിത്യ സത്യങ്ങൾ പ്രത്യേകം പ്രസംഗിക്കേണ്ടതാകുന്നു.

1905-ൽ വി. പത്താം പീയൂസ് നിർദ്ദേശിച്ചു; ത്രെന്തോസ് സൂനഹദോസിന്റെ തീരുമാനങ്ങൾ അതുപടി പ്രവൃത്തിയിലാക്കണം. സുവിശേഷ പ്രസംഗവും വേദോപദേശവും തിരിച്ചു നടത്തണം. ''Humani Generis'' എന്ന ചാക്രികലേഖനത്തിൽ 15-ാം ബനഡിക്ററ് മാർപ്പാപ്പാ സുവിശേഷ പ്രസംഗത്തെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ''തന്റെ കല്പനകൾ അനുസരിച്ചു കൊണ്ട് എല്ലാവരും നിത്യജീവൻ പ്രാപിക്കണമെന്നു ക്രിസ്തുനാഥൻ തിരുമനസ്സായി. അതിലേക്ക് അവിടുന്ന്, രക്ഷപെടുവാനായി എന്തു വിശ്വസിക്കയും അനുഷ്ഠിക്കയും ചെയ്യണമെന്നു പ്രഘോഷിക്കുന്ന തന്റെ പ്രസംഗമല്ലാതെ വേറൊന്നും ഉപയോഗിച്ചില്ല. ''വിശ്വസിക്കുന്നവരെ സുവിശേഷ പ്രസംഗത്തിന്റെ ഭോഷത്തം വഴി രക്ഷിക്കുവാൻ ദൈവം തിരുമനസ്സായി (കൊറി 1/21); എന്നിങ്ങനെ ആ തിരുവെഴുത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

പതിനൊന്നാം പീയൂസ് പാപ്പാ 1935-ൽ പ്രസിദ്ധം ചെയ്ത ''Catholic Priesthood'' എന്ന ചാക്രികലേഖനത്തിൽ പ്രസംഗ ശുശ്രൂഷയുടെ ആവശ്യകത വ്യക്തമാക്കുവാനായി സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ആശയങ്ങൾ ഇങ്ങനെ സംഗ്രഹി

ക്കാം: പ്രസംഗകൻ സത്യത്തിൻേറയും ഉപവിയുടേയും പ്രേഷിതനാകുന്നു. അദ്ദേഹം ലോകത്തിനു ദീപവും ഭൂമിയുടെ ഉപ്പുമായി വർത്തിക്കുന്നു. ലോകചരിത്രം ഇതിനെല്ലാം സാക്ഷ്യം വഹിക്കുന്നുമുണ്ട്.

1940-ൽ 12-ാം പീയൂസ് മാർപ്പാപ്പാ ഇററലിയിലെ ഇടവക വൈദികർക്കും നോമ്പുകാല പ്രസംഗകർക്കും നൽകിയ ഉദ്ബോധനത്തിൽ ഇങ്ങനെ പ്രസ്താവിച്ചു; ''പ്രസംഗം വൈദികരുടെ കടമയാകുന്നു. ബുദ്ധി മനസ്സിനെ പ്രകാശിപ്പിക്കുന്നതുപോലെ സത്യം സൽകൃത്യങ്ങൾക്ക പ്രേരണ നൽകുന്നു'' 1945-ൽ മാർപാപ്പാ അവരോടു പറഞ്ഞു: നോമ്പുകാല പ്രഭാഷണങ്ങൾവഴി വിശ്വാസികൾക്ക് പുനർശിക്ഷണം നൽകുക നിങ്ങളുടെ കടമയാണ്. അങ്ങനെ അവർക്ക പ്രസാദവരത്തേയും കൂദാശകളേയുംപററി കൂടുതൽ സജീവമായ അവബോധവും യഥാത്ഥമായ അഭിരുചിയും കൈവരണം.

1946-ൽ നൽകിയ നിർദ്ദേശം–''പ്രസംഗം അത്യാവശ്യമാണെന്നു സമത്ഥിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മതപരമായ അജ്ഞത എത്ര ആഴമാണെന്നു നിങ്ങൾക്കറിയാം. വിശ്വാസത്തിൻെറ പ്രാഥമിക സത്യങ്ങളെപ്പററിപോലും എത്രയോ വികലവും അപൂർണ്ണവുമായ അറിവാണ് ഉള്ളതെന്നും നിങ്ങൾക്ക ബോദ്ധ്യമുണ്ട്. ഇതു് പണ്ഡിതപാമര ഭേദമെന്യേ ഏവർക്കും ബാധകമാണ്. സാഹിത്യസൃഷ്ടി എല്ലാവർക്കും കഴിഞ്ഞെന്നു വരില്ല. എന്നാൽ, ഒരു നല്ല പ്രസംഗം എല്ലാ വൈദികരിൽനിന്നും പ്രതീക്ഷിക്കുന്നു''. ഈ പരിശുദ്ധ പിതാവു തന്നെ 1946 സെപ്ററംബർ 22-നു് ഡൊമിനിക്കൻ ജനറൽ ചാപ്ററററിലെ അംഗങ്ങളെ ഇങ്ങനെ ഉദ്ബോധിപ്പിച്ചു. പ്രസംഗം ഒരു വലിയ രഹസ്യമാണ്. വിശ്വാസം മനുഷ്യവംശത്തിൻെറ രക്ഷയ്ക്കു കാരണമാകുന്നല്ലോ. പ്രസംഗംവഴി വിശ്വാസം ജനിക്കുന്നു. വിശ്വാസമാകട്ടെ ശ്രവണംവഴിയും. അഭേദ്യവും അതുല്യവുമായ ബന്ധമാണു ദൈവവചനത്തിൻെറ മനുഷ്യാവതാരവും പ്രസംഗവും തമ്മിലുള്ളതു്. പരിശുദ്ധ കന്യകാമറിയത്തെപ്പോലെ പ്രസംഗകൻ ക്രിസ്തുവിനെ ജനങ്ങൾക്ക പ്രദാനം ചെയ്യുന്നു. അദ്ദേഹം ക്രിസ്തുവാഹകനാണ്. മറിയം ക്രിസ്തുവിനെ ശാരീരികമായ അവയവങ്ങൾ ധരിപ്പിച്ചു. പ്ര

സംഗകനാകട്ടെ വാക്കുകൾകൊണ്ടുള്ള ശരീരം ധരിപ്പിക്കുന്നു. രണ്ടു കാര്യത്തിലും 'സത്യം' (നിത്യസത്യം) പ്രവർത്തിക്കുന്നു; മനുഷ്യരെ പഠിപ്പിക്കുകയും പ്രകാശിപ്പിക്കുകയും തിന്മയിൽ നിന്നു് സംരക്ഷിക്കുകയും ചെയ്യുന്നു.

ആറാം പൗലോസ്മാർപ്പാപ്പാ 1964 ജൂൺ 20-നു് Ecclesiam Suam എന്ന ചാക്രികലേഖനത്തിൽ പ്രസ്താവിക്കുന്നു. Christian Preaching maintains, an importance which grows greater daily for the catholic apostolate and specifically for the dialogue. No other form of communication can take its place; not even the enormously powerful technical means of press, radio and television. In a sense the apostolate and preaching are the same. Preaching is the primary apostolate. Our apostolate, venerable Brothers, is above all the ministry of the word.

## C കാനോൻ നിയമം ഇതുതന്നെ അനുശാസിക്കുന്നു

കാനൻ:– 1344-(1) വികാരിമാർ ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും വിശുദ്ധ കുർബ്ബാനയുടെ മദ്ധ്യേ പ്രസംഗിക്കണം.

2 മററു വൈദികർ വഴി പതിവായി ഈ കടമ നിർവ്വഹിക്കാൻ പാടില്ല.

3 ചില തിരുനാളുകളിലും മതിയായ കാരണമുണ്ടെങ്കിൽ ഞായറാഴ്ചകളിലും പ്രസംഗം ഉപേക്ഷിക്കുവാൻ മെത്രാനു് അനുവദിക്കാം. ഈ കടമ തുടർച്ചയായി ഒരു മാസത്തേയ്ക്കു മുടക്കിയാൽ ഫലനമായി കുററമാകുമെന്നു സാന്മാർഗ്ഗിക ശാസ്ത്രജ്ഞന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു.
കാനോൻ 1346

1 എല്ലാ പള്ളികളിലും കുരിശു പള്ളികളിലും ഇടവക വൈദികരും സന്യാസ വൈദികരും പ്രസംഗിക്കേണ്ടതാണു്. ആഗമനകാലത്തും അമ്പതുനോമ്പുകാലത്തും കൂടുതൽ പ്രസംഗം ഉണ്ടായിരിക്കാൻ മെത്രാന്മാർ ശ്രദ്ധിക്കണം.

2 വെറും ലൗകിക കാര്യങ്ങൾ പ്രസംഗിക്കരുത്. സാധാരണ ജനങ്ങൾക്ക മനസ്സിലാകുന്ന ശൈലിയിൽ സംസാരിക്കണം. മാനുഷിക വിജ്ഞാനം പ്രകടിപ്പിക്കുന്ന ഭാഷാഭംഗി വേണ്ട. വ്യർത്ഥവും പ്രശംസക്കുവേണ്ടിയുള്ളതുമായ വചോവിലാസം ആവശ്യമില്ല. പരിശുദ്ധാത്മാവിൻെറ ശക്തിയിലും അധികാരത്തിലും ക്രൂശിതനായ ക്രിസ്തുവിനെപ്പററി പ്രസംഗിക്കണം; തന്നെപ്പററിത്തന്നെയാകരുത്.

കാനൻ 1348

1. പ്രസംഗം കേൾക്കേണ്ട കടമയെപ്പററി ആളുകളെ പഠിപ്പിക്കണം. കുർബ്ബാന കാണാനുള്ളത്ര കടമയില്ലെങ്കിലും പഠിക്കുവാൻ മററു മാർഗ്ഗമില്ലാത്തവർക്കു മനസ്സാക്ഷിയെ ബാധിക്കുന്ന കടമയുണ്ട്.

പ്രസംഗത്തിനിടയ്ക്കിറങ്ങിപ്പോകുന്നവർക്കു കാർത്തേജിലെ കൗൺസിൽ മഹറോൻ ശിക്ഷ കല്പിക്കുകയുണ്ടായി. ത്രെന്തോസ് സൂനഹദോസ് നിർദ്ദേശിച്ചു; ഇടവകപ്പള്ളിയിലെ പ്രസംഗം കേൾക്കുവാൻ മെത്രാൻ ആളുകളെ ഉപദേശിക്കണമെന്ന്.

1917-ൽ തിരുസിംഹാസനത്തിൽനിന്നും പ്രസിദ്ധംചെയ്ത പ്രത്യേക നിർദ്ദേശങ്ങളിൽ നിന്നു No. 34. കാവ്യ ഗ്രന്ഥകാരന്മാരുടെ തെളിവുകളോ, ഉദ്ധരണികളോ സ്വീകരിക്കുന്നതു വളരെ വിവേക പൂർവ്വമായിരിക്കണം. അതുപോലെ തന്നെ ഇടത്തുട്ടുകാരുടേയും പാഷണ്ഡികളുടേയും സാക്ഷ്യങ്ങളും പ്രസംഗത്തിനു മുൻപും ശേഷവും പ്രസംഗകനെ പരസ്യങ്ങൾ വഴി പ്രശംസിക്കരുത്.

No. 35. വൈദികവിദ്യാർത്ഥികൾക്കു ദൈവശാസ്ത്ര പഠനകാലത്തു പ്രസംഗപരിശീലനം നൽകണം. എല്ലാ തരത്തിലുള്ള പ്രസംഗരീതികളും അതായത് സുവിശേഷങ്ങളിലും നടപടികളിലും ലേഖനങ്ങളിലും പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും കാണുന്ന പ്രസംഗരീതികളെല്ലാം പഠിപ്പിക്കണം.

No. 36. പ്രസംഗകലയും പരിശീലിക്കണം. അങ്ങനെ, ലളിതവും ക്രൈസ്തവോചിതവും ഗൗരവാവഹവുമായി പ്രസംഗിക്കാൻ കഴിയണം.

No. 37. അധികാരികൾ വൈദിക വിദ്യാർത്ഥികൾക്കുള്ള പ്രത്യേക കഴിവുകളെപ്പററി മെത്രാന്മാർക്കു റിപ്പോർട്ടു സമർപ്പിക്കണം

No. 38. ഈ പരിശീലനം കർബാനപ്പട്ടത്തിനുശേഷവും നൽകണം.

No. 39, രൂപതക്കച്ചേരിയിൽ വച്ചു വാമൊഴിയായും വരമൊഴിയായും പരീക്ഷ നടത്തണം.

അബദ്ധങ്ങൾ പ്രസംഗിക്കുന്നവർ കുമ്പസാരിപ്പിക്കുന്നതു തടയണം. പാഷണ്ഡതകൾ പ്രസംഗിക്കുന്നവരെ തിരുസ്സഭയുടെ നിയമമനുസരിച്ചു ശിക്ഷിക്കണം.

## സുവിശേഷ പ്രസംഗകൻെറ അധികാരം

ദിവ്യപ്രേഷിതനായ ഈശോ അധികാരപൂർവ്വം പ്രസംഗിച്ചു. അവിടുന്നു് അരുളിചെയ്തു: ''ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ എൻെറ വാക്കുകൾ കടന്നുപോകുകയില്ല'' (മർക്കോ. 13/31).

''അവിടുന്നു് എന്നെ അയച്ചിരിക്കുന്നതു ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കുവാനാണു്'' (ലൂക്ക. 4/18,19). ''ദൈവത്താൽ അയയ്ക്കപ്പെട്ടവൻ ദൈവവചനം പ്രസംഗിക്കുന്നു'' (യോഹ. 3/39).

''എൻെറ ഉപദേശം എൻേറതല്ല എന്നെ അയച്ചവൻേറതാകുന്നു'' (യോഹ. 7/16).

''എന്നെ അയച്ചവൻ സത്യവാനാണു്. അവനിൽനിന്നു കേട്ടവ ഞാൻ ലോകത്തെ അറിയിച്ചിരിക്കുന്നു'' (യോഹ. 8/26).

''അങ്ങു് എനിക്കുതന്ന വാക്കുകൾ ഞാൻ അവർക്കു കൊടുത്തു'' (യോഹ. 17/8).

സ്വർഗ്ഗസ്ഥനായ പിതാവ് ഈശോയുടെ അധികാരത്തെ വ്യക്തമായി അംഗീകരിച്ചു: ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു. നിങ്ങറം ഇവനെ ശ്രവിക്കുവിൻ'' (മത്താ. 9/7; യോഹ. 12/29).

ഈശോയുടെ ശ്രോതാക്കളും അവിടുത്തെ അധികാരം അംഗീകരിക്കുന്നു. ''അങ്ങു സത്യവാനാണെന്നും ദൈവവചനം യഥാർത്ഥമായി പഠിപ്പിക്കുന്നുവെന്നും ഞങ്ങളറിയുന്നു'' (മത്താ. 22/16). പത്രോസ് ചോദിച്ചു. ''ഞങ്ങറം ആരുടെ പക്കൽ പോകും. കാരണം അങ്ങയുടെ പക്കൽ നിത്യജീവൻെറ വചനങ്ങളുണ്ടല്ലോ'' (യോഹ. 6/67).

''ഈശോ തൻെറ പ്രസംഗം അവസാനിപ്പിച്ചപ്പോറം ജനങ്ങറം അത്ഭുതവിവശരായി. കാരണം നിയമജ്ഞരേയും ഫരിസേയരേയും പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവിടുന്ന് അവരെ പഠിപ്പിച്ചതു്'' (മത്താ. 7/28-29).

ഈ അധികാരം ഈശോ തൻെറ അനുയായികറംക്കും നൽകി. ''സ്വർഗ്ഗത്തിലും ഭൂമിയിലും സമസ്താധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങറം പോയി എല്ലാ ജനങ്ങളേയും പഠിപ്പിക്കുവിൻ'' (മത്താ. 28/18-19). ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു'' (യോഹ. 20/21; കൊറി. 5/20; റോമ. 1/1).

അപ്പസ്തോലന്മാരാകട്ടെ അവരുടെ പിൻഗാമികളോ ദൈവത്തിൻെറയും ഈശോമിശിഹായുടെയും സന്നിധിയിൽ ചുമതലപ്പെടുത്തി കാലത്തും അകാലത്തും വചനം പ്രസംഗിക്കുവാൻ (ആമോ 4/1-2, തീത്തു 2/1-15).

ഇപ്രകാരം മെത്രാന്മാർക്കു ലഭിക്കുന്ന അധികാരം നമ്മുടെ വൈദികർക്കും നൽകുന്നു. ഇപ്രകാരം അധികാരം ലഭിക്കാതെ വൈദികൻ പ്രസംഗിക്കരുതെന്നു് 1328-ാം കാനൻ പറയുന്നു. മെത്രാന്മാർ ഇടവകവികാരിമാർക്കു കൊടുക്കുന്ന നിയമനരേഖയിൽ ദൈവവചനം പ്രസംഗിക്കുവാൻ അവരെ പ്രത്യേകം അധികാരപ്പെടുത്തുന്നുണ്ടു്.

## ഈ അധികാരം ഉപയോഗിക്കേണ്ട വിധം

1 വിനീതമായി മനുഷ്യപുത്രൻവന്നതു സേവിക്കുവാനാണല്ലോ. അധികാരം സേവനത്തിനുള്ളതാണ്. നമ്മുടെ ജനങ്ങൾ വൈദികൻെറ അധികാരം അംഗീകരിക്കുന്നവരാണ്. അവരുടെമേൽ അനാവശ്യമായി അധികാരം പ്രയോഗിക്കേണ്ടതില്ല.

2 പ്രസംഗത്തിൽ അഹങ്കാരം കടന്നു കൂടരുതു്. ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ സുവിശേഷപ്രസംഗകനെ ബാധിക്കാവുന്ന വൈകല്യങ്ങളിലൊന്നു് അഹങ്കാരമാണെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്, ''പ്രശംസ കിട്ടാൻവേണ്ടി വ്യർത്ഥാഭിമാനം പുലർത്തി പ്രസംഗിക്കരുതു്. ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനുപകരം തന്നെത്തന്നെ പ്രസംഗിക്കാതിരിക്കട്ടെ. ആത്മാക്കളുടെ രക്ഷയ്ക്കു പകരം സ്വന്തം പ്രശസ്തി ലക്ഷ്യമാക്കി പ്രസംഗിക്കുന്നതു വഞ്ചനയാണ്.''

3 സ്വന്തം അഭിപ്രായം സ്ഥാപിക്കുവാനായി വാദപ്രതിവാദത്തിനു മുതിരരുതു്. വൃഥാ മക്കടമുഷ്ടി പിടിക്കുന്നതു ശരിയല്ല.

4 പ്രസംഗകനെ പരാജയഭീതി ബാധിക്കരുതു്. പ്രസംഗിച്ചിട്ടു ഫലമില്ലെന്നുകരുതി നിഷ്ക്രിയനാകാതിരിക്കണം.

5 ആളുകളുടെ വിഷമങ്ങൾ കണക്കിലെടുത്തുകൊണ്ടു കരുണാപൂർവ്വം സംസാരിക്കണം. ജീവിതപ്രശ്നങ്ങൾക്കു സമാധാനം നൽകുവാൻ ശ്രമിക്കുക. ''ഒടിഞ്ഞഞാങ്കണ ചതയ്ക്കുകയില്ല. പുകഞ്ഞദീപം കെടുത്തുകയില്ല'' എന്നാണല്ലോ ദൈവദാസനെപ്പററി പറഞ്ഞിട്ടുള്ളതു്. ഈശോ കരുണയോടും പരിഗണനയോടുംകൂടി സംസാരിച്ചു. ഇടയനില്ലാത്ത ആടുകളെപ്പോലെ കണ്ടിട്ടു് ഈശോക്കു കരുണതോന്നി, അവരെ പല കാര്യങ്ങളും പഠിപ്പിച്ചു (MK 6/34,35).

6 മര്യാദ വെടിഞ്ഞു സംസാരിക്കരുത്. ചിലരുടെ തെറ്റുകൾക്കായി എല്ലാവരേയുംകൂടി ശകാരിക്കരുത്. രഹസ്യ കുററം പരസ്യമായി പറയരുത്. ഒരു പാപത്തെപ്പററി പ്രത്യേകം പറയേണ്ടിവന്നാൽ ശ്രോതാക്കളിൽ ആരേയും പ്രത്യേകം നോക്കാതെ സംസാരിക്കണം. പ്രവാചകന്മാർ ദൈവനിദ്ദേശാനുസരണം ചിലരെ കുററപ്പെടുത്തിയിട്ടുണ്ട്. പരസ്യമായ കുററങ്ങളെപ്പററി ജനങ്ങളെ ബോധവാന്മാരാക്കുവാനായിരുന്നു അത്.

7 പ്രസംഗത്തിനിടയ്ക്കു ജനങ്ങൾ വരികയോ പോവുകയോ ചിരിക്കുകയോ ചുമയ്ക്കുകയോ ചെയ്തേക്കാം; അൾത്താര ശുശ്രൂഷികൾ അങ്ങുമിങ്ങും നടന്നേക്കാം; കുഞ്ഞുങ്ങൾ കരഞ്ഞേക്കാം. പക്ഷേ, പ്രസംഗകൻ ശാന്തത കൈവെടിയരുത്; കോപിക്കരുത്, ശാസിക്കരുത്. വേണമെങ്കിൽ കുറച്ചു സമയം മൗനമായി നില്ക്കുക; അപ്പോൾ എല്ലാം താനേ ശാന്തമായിക്കൊള്ളും. ''The Scolding Pulpit is Cowards Castle.''

8 കല്പിക്കുന്നതിനേക്കാൾ നിർദ്ദേശങ്ങൾ നൽകുക. ആജ്ഞയെ എതിർക്കുവാനുള്ള പ്രേരണ ഉണ്ടാകും. ജനങ്ങളെ സ്നേഹിക്കുക. അവരിൽ ദൈവത്തെ ദർശിക്കുക. അവരുടെ വികാരങ്ങളെ മാനിക്കണം; വ്രണപ്പെടുത്തരുത്. ചിലപ്പോൾ സങ്കടത്തോടെ സംസാരിക്കേണ്ടിവരാം; ഈശോ ഓർശ്ലത്തെ നോക്കിക്കരഞ്ഞതുപോലെ.

9 ഇടവകയിൽ വലിയ അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളിൽ സ്വന്തം നില വ്യക്തമാക്കാൻ വൈദികർ ആത്മാർത്ഥമായി സംസാരിക്കുക. എന്നാൽ, ആരേയും പഴിക്കരുത്; പ്രതികാരബുദ്ധി ഉണ്ടാകരുത്.

10 ജനങ്ങളെ ചിലപ്പോഴെല്ലാം ആത്മാർത്ഥമായി പ്രശംസിക്കുക. അവരിലുള്ള നന്മചൂണ്ടിക്കാണിക്കാം. എന്നാൽ, അധികാരികളെപ്പററിയായാലും അതിശയോക്തി പാടില്ല.

11 ശ്രോതാക്കൾ കുറവായതുകൊണ്ടു പ്രസംഗകൻ വിഷമിക്കേണ്ടതില്ല. വി. ഫ്രാൻസീസ് സാലസ് പറയുന്നു: 'പ്രസംഗം കേൾക്കുന്ന കുറച്ചുപേരിൽ ആയിരങ്ങളെദർശിക്കുക'

12 വിനീതമായി പറയുക. ആത്മപ്രശംസ കടന്നുകൂടരുതു്. 'ഞാൻ' എന്ന പ്രയോഗം കഴിയുന്നത്ര വജ്ജിക്കുക; യുവവൈദികർ പ്രത്യേകിച്ചും. സ്വന്തം അനുഭവങ്ങൾ പറയുന്നതു നല്ലതാണെങ്കിലും വീരസ്യം കലരരുതു്. പ്രായംചെന്നവക്കു് സ്വന്തം അനുഭവങ്ങൾ കുറെയെല്ലാം അവതരിപ്പിക്കാം. വി. ഫ്രാൻസീസ് സേവ്യർ അനുസ്മരിക്കുന്നു: ''തങ്ങളുടെ പ്രസംഗങ്ങൾ വഴി മററുള്ളവരെ രക്ഷിച്ചതിനുശേഷം എളിമയുടെ അഭാവം മൂലം എത്രയോപേർ ശിക്ഷിക്കപ്പെട്ടിരിക്കുന്നു'' വി. ജറോം ഉപദേശിക്കുന്നു: ശ്രോതാക്കളുടെ അശ്രുക്കളായിരിക്കട്ടെ നിങ്ങൾക്കുള്ള പ്രശംസ.

## പ്രസംഗകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

### 1 ദൈവവിളി

ദൈവത്തിൽ നിന്നുള്ള പ്രത്യേകവിളി പ്രസംഗകനു് ആവശ്യമാണു്. ''അഹറോനെപ്പോലെ വിളിക്കപ്പെട്ടവർമാത്രം ഈ സ്ഥാനം സ്വീകരിക്കട്ടെ'' (Heb. 5/4). ഈ അധികാരം വൈദികസ്ഥാനം വഴി ലഭിക്കുന്നു.

### 2 നിയമാനുസൃതമായ അധികാരപ്പെടുത്തൽ

ശരിയായ വൈദികാധികാരി പ്രസംഗകനെ യഥാവിധി അധികാരപ്പെടുത്തണം. വൈദികക്കു് രൂപതാദ്ധ്യക്ഷൻ നൽകുന്ന നിയമനപത്രത്തിൽ പ്രസംഗാനുവാദം പ്രത്യേകം രേഖപ്പെടുത്തുന്നുണ്ടു്.

3 ഇവയ്ക്കു പുറമെ പ്രസംഗകനു വ്യക്തിപരമായ പല ഗുണങ്ങൾ കൂടി ഉണ്ടായിരിക്കണം.

കാർഡിനൽ മാനിങ്ങ് പറയുന്നു: ''പ്രസംഗം ഒരുങ്ങുന്നതുപോലെ പ്രസംഗകനേയും ഒരുക്കേണ്ടതുണ്ടു്; രണ്ടാമത്തേതാണു് കൂടുതൽ ആവശ്യം. ആളാണു പ്രസംഗിക്കുക, അല്ലാതെ പ്രസംഗം അല്ല. ആൾ എപ്രകാരമാണോ അങ്ങനെ പ്രസംഗവും.''

വ്യക്തിമുഴുവനുമാണു പ്രസംഗിക്കുന്നതു്. പ്രസംഗകൻെറ വ്യക്തിത്വത്തിലൂടെയുള്ള സത്യപ്രകാശനമാണു സുവിശേഷ പ്രസംഗം (Truth through Personality). പറയുന്ന വിഷയവും പറയുന്ന വ്യക്തിയും ചേന്നതാണു പ്രസംഗം, പീരങ്കിയും അതിനെ പ്രവത്തിപ്പിക്കുന്ന ആളുകളും ചേൻണ്ടാകുന്ന പീരങ്കിപ്പടപോലെ. ഒരാളുടെ ആദ്ധ്യാത്മികവും ധാർമ്മികവും മാനസികവും ശാരീരികവുമായ കഴിവുകളുടെ ആകെത്തുകയാണു വ്യക്തിത്വം. ശ്രോതാക്കൾ ഓരോ തരത്തിൽ പ്രസംഗകനെ വിലയിരുത്തും: പണ്ഡിതന്മാർ അറിവുവച്ചും ആദ്ധ്യാത്മികത്വമുള്ളവർ സുകൃതങ്ങളെ ആസ്പദമാക്കിയും പ്രസംഗകനെ വിധിക്കും. ആകയാൽ, സുവിശേഷപ്രസംഗകൻ സുകൃതസമ്പന്നവും ആകർഷകവുമായ ഒരു വ്യക്തിത്വം വളത്തിയെടുക്കുവാൻ ശ്രമിക്കണം.

# വ്യക്തിപരമായ ആദ്ധ്യാത്മികഗുണങ്ങൾ

## 1 ജീവിതവിശുദ്ധി

വിശുദ്ധമായവ വിശുദ്ധമായി കൈകാര്യം ചെയ്യണം. "Sancta sancte tractanda sunt" ദൈവികകാര്യങ്ങൾ പ്രസംഗിക്കുന്ന വ്യക്തി ഒരു ദിവ്യപുരുഷനായിരിക്കണം. ദൈവം ദിവ്യപ്രഭാഷകന്മാരെ പ്രത്യേകം ഒരുക്കിയതായി ബൈബിളിൽ കാണുന്നുണ്ടു്. ജറമിയാസിനെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ഉത്ഭവപാപത്തിൽ നിന്നു മോചിച്ചു: അദ്ദേഹത്തിൻെറ വായിൽ സ്പർശിച്ചു വിജ്ഞാനിയാക്കി. ഇതെല്ലാം ദൈവവചനം പ്രസംഗിക്കാനുള്ള ഒരുക്കമായിരുന്നു (ജറ. 2/4-10). ഏശയ്യാ പ്രവാചകൻെറ അധരങ്ങൾ അൾത്താരയിലെ തീക്കനൽകൊണ്ടു വിശുദ്ധീകരിച്ചു (ഏശ. 6/ 4-8). യോഹന്നാൻ മാംദാനയെ ഉദരത്തിൽ വച്ചുതന്നെ ഉത്ഭവപാപത്തിൽ നിന്നും മോചിച്ചു.

ദൈവപുത്രനായ ഈശോ മൂന്നുവർഷത്തെ പരസ്യജീവിതത്തിനായി മുപ്പതുകൊല്ലം ഒരുങ്ങി. പ്രാത്ഥനയും പ്രായശ്ചി

ത്തവും കൊണ്ടു് അവിടന്നു സ്വയം വിശുദ്ധീകരിച്ചു. ''അവർ വിശുദ്ധീകൃതരാകാൻ വേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിച്ചു'' (Jn. 17/19). അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകൊണ്ടു പുതിയ വ്യക്തികളായി പ്രസംഗിക്കുവാൻ തുടങ്ങി. ഇതേപ്പററി ആറാം പോൾ മാർപ്പാപ്പാ പറയുന്നു: ''ശാസ്ത്രസാങ്കേതിക മാർഗ്ഗങ്ങൾ അഭികാമ്യങ്ങളാണെങ്കിലും പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങളായിരിക്കണം പ്രസംഗത്തിനാധാരം. പന്തക്കുസ്താദിനത്തിലെ അനുഭവങ്ങൾ അനുസ്മരിക്കുക.''

ദൈവികരഹസ്യങ്ങൾ ശരിയായി ഗ്രഹിച്ചു പ്രസംഗിക്കുവാൻ ജീവിതവിശുദ്ധി ആവശ്യമാണു്. കാരണം, പാപം മനുഷ്യൻെറ കഴിവുകളെ അധ:പതിപ്പിക്കുന്നു. പുണ്യജീവിതമാകട്ടെ, അനുഭവജ്ഞാനത്തോടും പ്രേരകശക്തിയോടും ആത്മാർത്ഥതയോടുംകൂടി പ്രസംഗിക്കുവാൻ കഴിവുനൽകുന്നു. പ്രസംഗകനു തനിക്കുള്ളതുമാത്രമേ മററുള്ളവർക്കു നൽകുവാൻ സാധിക്കുകയുള്ളല്ലോ. ആകയാൽ, വിശുദ്ധ ഫ്റാൻസീസ് ബോർജിയാ ഉപദേശിക്കുന്നു: ''നമ്മുടെ ഓർമ്മശക്തിയെ പിതാവായ ദൈവത്തിനും നമ്മുടെ ബുദ്ധിശക്തിയെ പുത്രനായ ദൈവത്തിനും നമ്മുടെ മനസ്സിനെ പരിശുദ്ധാത്മാവായ ദൈവത്തിനും സമർപ്പിക്കാം. അങ്ങനെ നമ്മുടെ എല്ലാകഴിവുകളേയും വിശുദ്ധീകരിക്കാം''. അരിസ്റ്റോട്ടലിൻെറ അഭിപ്രായത്തിൽ ''ഒരു നല്ല മനുഷ്യനുമാത്രമേ നല്ല പ്രസംഗകനാകുവാൻ കഴിയൂ''.

## 2 ദിവ്യരക്ഷകനോടുള്ള സ്നേഹം

ക്രിസ്തുവിനെപ്പററി ക്രിസ്തുവിൻെറ നാമത്തിൽ പ്രസംഗിക്കുവാൻ അവിടുത്തോടുള്ള സ്നേഹം ആവശ്യമാണു്. അവിടുത്തെ മഹത്വത്തേയും അവിടുത്തെ തിരുരക്തത്തിൻെറ ഫലസിദ്ധിയേയുംപററി പ്രസംഗകനു താല്പര്യമുണ്ടായിരിക്കണം. ''ഈശോയോടുള്ള ഐക്യത്തിൻെറ അഗാധമായ അനുഭവമാണു് സുവിശേഷപ്രസംഗകൻെറ സാക്ഷ്യത്തിനു നിദാനമായി നിലകൊള്ളേണ്ടതു്'' (Pope Paul VI). വിശുദ്ധ പൗലോസിനെപ്പോലെ, ''എനിക്കു ജീവിക്കുക ക്രിസ്തുവാകുന്നു: മരിക്കുക

ലാഭവും'' എന്നു് സുവിശേഷപ്രസംഗകനും പറയുവാൻ കഴിയണം. 13 ാം ലെയോ മാർപ്പാപ്പാ മെത്രാന്മാരെ ഉപദേശിച്ചു; ''ഈശോയോടുള്ള സ്നേഹവും ക്രൈസ്തവസുകൃതങ്ങളും ഇല്ലാത്തവരെ ഈ വിശുദ്ധകൃത്യം (പ്രസംഗം) ഏൽപ്പിക്കരുതു്. അവർ ശബ്ദമുണ്ടാക്കുന്ന കൈത്താളം മാത്രമായിരിക്കും. ആകയാൽ, സുവിശേഷപ്രസംഗകൻ ലൗകികതാൽപ്പര്യങ്ങൾക്കൊന്നും അധീനനാകരുതു്''.

## 3 പ്രാർത്ഥനാ ജീവിതം

ജീവിത വിശുദ്ധിയും യേശുവിനോടുള്ള സ്നേഹവും സമ്പാദിക്കുവാൻ പഠനംമാത്രം പോരാ ധ്യാനവും പ്രാർത്ഥനയും കൂടി വേണം. ക്രിസ്തുനാഥൻ ഇതിനു മാതൃക നൽകിയിരിക്കുന്നു. തൻെറ പരസ്യജീവിതത്തിനുമുമ്പു് അവിടുന്നു് 40 ദിവസം പ്രാർത്ഥിച്ചു് ഒരുങ്ങി. പകൽമുഴുവൻ പ്രവർത്തിച്ചശേഷം രാത്രിയിൽ പ്രാർത്ഥിക്കുവാനും അവിടുന്നു ശ്രദ്ധിച്ചു- ''ഈശോ അതിരാവിലെ ഉണർന്നു വിജനപ്രദേശത്തുപോയി പ്രാർത്ഥനയിൽ നിമഗ്നനായി'' എന്നു വി. മർക്കോസു് പറയുന്നു (1 35). നമ്മൾ പ്രാർത്ഥിക്കണമെന്നു് അവിടുന്നു് പ്രത്യേകം ഉപദേശിക്കുന്നുമുണ്ടു് (ലൂക്കാ. 18.1).

യോഹന്നാൻ മാംദാന മരുഭൂമിയിൽ ദീർഘകാലം പ്രാർത്ഥിക്കുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്തശേഷമാണു പ്രസംഗിക്കുവാൻ തുടങ്ങിയതു്. വിശുദ്ധ പൗലോസ് ശ്ലീഹാ മൂന്നു വർഷം അറേബ്യൻ മരുഭൂമിയിൽ പ്രാർത്ഥനയിൽ ചെലവഴിക്കുകയുണ്ടായി (ഗാലാ 1.17). ഇതേ ഉപദേശംതന്നെ വി. ശ്ലീഹ സ്വശിഷ്യന്മാർക്കും നൽകി (1 തിമോ. 1-3). പ്രാർത്ഥനയുടെ സമയം കുറഞ്ഞുപോകാതിരിക്കുവാൻ അപ്പസ്തോലന്മാർ ലൗകികകാര്യങ്ങൾക്കായി ഡീക്കന്മാരെ നിയോഗിച്ചു.

ആകയാൽ, സുവിശേഷപ്രസംഗത്തിൻെറ വിജയം പഠനത്തേക്കാൾ പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നുവെന്നാണു പുണ്യപുരുഷന്മാർ പറയുന്നതു്. കത്തോലിക്കാ സാക്ഷ്യ സഖ്യാംഗങ്ങൾ പ്രസംഗിക്കുന്നത്ര സമയം സക്രാരിയുടെ മുമ്പിൽ പ്രാർത്ഥിക്കണമെന്നു് അവരുടെ നിയമാവലിയിൽ നിഷ്ക്കർഷി

ച്ചിട്ടുണ്ട്. ബിഷപ്പ് ഷീൻ എഴുതിയിരിക്കുന്നു. ''ഞാൻ പ്രസംഗിക്കുന്ന ഓരോ മിനിട്ടിനും ഓരോ മണിക്കൂർവീതം പ്രാർത്ഥനയ്ക്കും പഠനത്തിനുമായി ചെലവഴിക്കുന്നു. പ്രതിദിനമുള്ള ഒരു മണിക്കൂർ ആരാധന എന്നും നടത്തുന്നുണ്ട്.''

കുരിശിൻെറ വി. യോഹന്നാൻ പറയുന്നു: ''പ്രസംഗകൻ പ്രാർത്ഥിക്കുന്നവനല്ലെങ്കിൽ വിജ്ഞാനത്തിലും വാഗ്മിത്വത്തിലും മുന്നിൽ നിന്നാലും, വലിയ ഫലമൊന്നും ഉളവാക്കുകയില്ല.''

വി. ഗ്രിഗറി ഉദ്ബോധിപ്പിക്കുന്നു: ''പ്രസംഗകർത്താവ് ഹൃദയത്തിൻെറ ചെവി സ്രഷ്ടാവിൻെറ വചനത്തിനു തുറന്നതിനുശേഷം തൻെറ ശരീരത്തിൻെറ അധരങ്ങൾ ജനങ്ങൾക്കായി തുറക്കട്ടെ.'' ''കർത്താവ് നിൻെറ മക്കളെ എല്ലാം പഠിപ്പിക്കും'' എന്നു ഏശയ്യാ (54/13) പറഞ്ഞിട്ടുള്ളതുപോലെ പ്രാർത്ഥനവഴി പ്രസംഗകൻ ദൈവത്തിൻെറ ശിക്ഷണം സ്വീകരിക്കണം.

വി. അഗസ്തീനോസ് ഉപദേശിക്കുന്നു- പ്രസംഗകൻ സംസാരിക്കുവാൻ നാവു ചലിപ്പിക്കുന്നതിനു മുമ്പു പ്രാർത്ഥനയിൽ ആത്മാവിനെ ദൈവത്തിൻെറ പക്കലേക്കു് ഉയർത്തട്ടെ. ജനങ്ങളുടെ ആവശ്യം ദൈവത്തിനറിയാം. അവിടുന്നു നമ്മെക്കൊണ്ടു് അതു പറയിക്കുവാൻ പ്രാർത്ഥിക്കുക.

പ്രേഷിതമുഖ്യനായ ലിഗ്വേ പറയുന്നു: ''പ്രസംഗത്തിൽ വിജയം പ്രാപിക്കുന്നതിനു് എനിക്കു തരുവാനുള്ള ഒന്നാമത്തെ ഉപദേശം നല്ലതുപോലെ പ്രാർത്ഥിക്കണം എന്നാകുന്നു. രണ്ടാമത്തേതും, മൂന്നാമത്തേതും, നാലാമത്തേതും പത്താമത്തേതും അതു തന്നെ.''

പുരോഹിതനു രണ്ടു കടമകളുണ്ടു്, പ്രസംഗത്തിൽ ജനങ്ങളോടും പ്രാർത്ഥനയിൽ ദൈവത്തോടും സംസാരിക്കുക. പ്രസംഗകൻ, യാക്കോബ്ബ് മരുഭൂമിയിൽ കണ്ട മാലാഖമാരെപ്പോലെ സ്വർഗ്ഗത്തിലേക്കു് ഇടവിടാതെ കയറുകയും അവിടെനിന്നു് ഇറങ്ങിവരുകയും ചെയ്യണം.

പ്രസംഗകൻ ശ്രോതാക്കളുടെ പ്രാത്ഥനാസഹായം അഭ്യത്ഥിക്കുകയും അവർക്കുവേണ്ടി പ്രാത്ഥിക്കുകയും വേണം. പൗലോസ് ശ്ലീഹാ അങ്ങനെ ചെയ്തിരുന്നു: ''ഞാൻ അധരങ്ങൾ തുറക്കുമ്പോൾ എനിക്കു വചനം ലഭിക്കുവാനും സുവിശേഷത്തിൻെറ രഹസ്യം ധൈര്യപൂർവ്വം പ്രഘോഷിക്കുവാനും നിങ്ങൾ എനിക്കുവേണ്ടി പ്രാത്ഥിക്കുവിൻ......ഞാൻ എൻെറ കടമയുള്ളാത്തവിധം ധീരതയോടെ പ്രസംഗിക്കുവാൻവേണ്ടി നിങ്ങൾ പ്രാത്ഥിക്കണം'' (എഫേ. 6-19-20).

''മിശിഹായുടെ രഹസ്യം സംസാരിക്കുവാൻവേണ്ടി ദൈവം ഞങ്ങൾക്കു പ്രസംഗത്തിൻെറ വാതിൽ തുറക്കുവാനായി ഞങ്ങൾക്കുവേണ്ടി നിങ്ങൾ പ്രാത്ഥിക്കുവിൻ'' (കൊളൊ. 4/3).

''സഹോദരരെ നിങ്ങളുടെ പക്കലെന്നതുപോലെ ദൈവവചനം വേഗം വ്യാപിച്ചു. മഹത്വപ്പെടുത്തുവാനായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ'' (2 തേസ. 3/1).

## 4 ആത്മാക്കളുടെ രക്ഷയിലുള്ള തീക്ഷ്ണത

ആത്മാവിനുവേണ്ടി, ഇടവകയ്ക്കുവേണ്ടി, ദൈവത്തിനുവേണ്ടി ചെയ്യുന്ന യുദ്ധമാകുന്നു പ്രസംഗം. നമ്മുടെ ലക്ഷ്യം നമ്മുടെ പ്രഭാഷണമല്ല; പിന്നെയോ നമ്മുടെ ജനങ്ങളുടെ ആത്മാക്കളാകുന്നു.

പ്രസംഗകൻ ആദ്യം തന്നോടുതന്നെ പ്രസംഗിക്കണം; അന്യരിലേക്കുമാത്രം നോക്കിയാൽ പോരാ. സ്വന്തം ആത്മാവിൻെറ രക്ഷയിലുള്ള തീക്ഷ്ണത അന്യരെ രക്ഷിക്കുവാൻ പ്രസംഗകനെ പ്രേരിപ്പിക്കണം. ഇതായിരുന്നു വി. ഫ്രാൻസീസ് സേവ്യറുടെ വിജയരഹസ്യം.

ക്രിസ്തുവിൻെറ അഭിഭാഷകനാണു പ്രസംഗകൻ. പ്രഭാഷണപാടവംകൊണ്ടു തീക്ഷ്ണതയുടെകുറവു പരിഹരിക്കാവുന്നതല്ല. ലൗകീക താല്പര്യങ്ങളിൽ മുഴുകി ഇരിക്കുന്നവർ ക്രിസ്തുവിൻെറ ഭാഗം വിജയകരമായി വാദിക്കുകയുമില്ല.

കാർഡിനൽ മാന്നിങ്ങ് പറയുന്നു; ''തീക്ഷ്ണതയുടെ കുറവാണു പ്രസംഗം ഫലശൂന്യമാകാൻ കാരണം. തന്നെത്തന്നെ മറന്നു ദൈവമഹത്വം മാത്രം ചിന്തിച്ചു പ്രസംഗിക്കണം; ലൗകികാഗ്രഹങ്ങളെ ഹൃദയത്തിൽനിന്നു് അകററണം''.

സ്വന്തം സംതൃപ്തിക്കുവേണ്ടിയല്ല, പിന്നെയോ തൻെറ മഹത്തായ കടമ നിർവ്വഹിക്കാൻ വേണ്ടിയത്രെ പ്രസംഗിക്കേണ്ടതു്. ഫലം ഉടനെ കണ്ടില്ലെന്നുവരാം; എന്നാൽ, അതു യഥാകാലം ഉണ്ടായിക്കൊള്ളും. പൗലോസ് നട്ടു, അപ്പോളോ നനച്ചു, ദൈവം വളർത്തി (1കോറി. 3/6).

## 5 സന്മാതൃക

പ്രസംഗകൻെറ ജീവിതത്തിനു രണ്ടു ഭാഗങ്ങളുണ്ടു്; അദ്ദേഹംപ്രസംഗിക്കുന്നതും അദ്ദേഹം പ്രവർത്തിക്കുന്നതും. ഒന്നു് മറേറതിനു വിരുദ്ധമാകരുതു്. ദിവ്യരക്ഷകൻ ആദ്യം പ്രവർത്തിക്കുകയും പിന്നീടു് പ്രസംഗിക്കുകയും ചെയ്തു. ആദ്യം പ്രസംഗമനുസരിച്ചു ജീവിക്കണം; പിന്നീടുമാത്രം പ്രസംഗം ചെയ്യണം.

വി. ക്രിസസ്റ്റോം പറയുന്നു: ''ആദ്യം ഉപ്പാകുക; പിന്നീടു വെളിച്ചവും''

വി. ബർണാർദ്ദ് അഭിപ്രായപ്പെടുന്നു. വൈദികനു വിശുദ്ധിരഹിതമായ വിജ്ഞാനം പോരാ. വിശുദ്ധിയില്ലാത്ത വിജ്ഞാനം വ്യർത്ഥവും നിഷ്ഫലവുമത്രെ. എന്നാൽ, വിശുദ്ധനും വിജ്ഞനുമായ വൈദികനു് അത്ഭുതങ്ങൾതന്നെ ചെയ്യുവാൻ കഴിയും.

വ്യക്തിമാഹാത്മ്യത്തിൻെറ സ്വാധീനം സുവിശേഷസത്യം പ്രചരിപ്പിക്കുവാനുള്ള നല്ല മാർഗ്ഗമാകുന്നുവെന്നു കാർഡിനൽ ന്യൂമാൻ പ്രസ്താവിച്ചിരിക്കുന്നു.

വി. ജറോം ഉദ്ബോധിപ്പിക്കുന്നു: ''നിങ്ങൾ പ്രസംഗിക്കുന്നവ എന്തുകൊണ്ടു പ്രവർത്തിക്കുന്നില്ല. എന്നു് ജനങ്ങൾ പറയുവാൻ ഇടയാകാതിരിക്കട്ടെ''

''നിങ്ങളുടെ വാക്കുകൾ കേൾക്കുവാൻ കഴിയാത്തവിധം നിങ്ങളുടെ ജീവിതം ഉച്ചത്തിൽ സംസാരിക്കുന്നു'' എന്നു പണ്ഡിതനായ എമേഴ്സൺ പ്രസംഗകനു താക്കീതു നൽകുന്നു. ആകയാൽ, സുവിശേഷ പ്രസംഗങ്ങളിൽ ഏററംവലിയ പ്രസംഗം പ്രസംഗികൻ ക്രിസ്തുവിനു സാക്ഷ്യം നിൽക്കുന്നതുതന്നെ'' (Pope Paul VI).

പ്രസംഗകൻ ദൈവത്തിൻെറ ദൗത്യവാഹകനും രാജാധിരാജൻെറ മനിഷ്പവും കർത്താവിൻെറ ദൂതനും ആകുന്നു. അദ്ദേഹം ലോകത്തെ ദൈവത്തിങ്കലേക്കും ദൈവത്തെ ലോകത്തിലേക്കും ആനയിക്കുന്നു. അദ്ദേഹം ശാന്തനും ദയാലുവും വിവേകിയുമാകുന്നു. അദ്ദേഹം പ്രസന്നനാണ്, പ്രതീക്ഷയുള്ളവനാണ്, സമാശ്വാസകനാണ്; ലൗകികകാര്യങ്ങൾ അദ്ദേഹത്തെ ക്ലേശിപ്പിക്കുന്നില്ല. വിശ്വാസത്തിൽനിന്നു അദ്ദേഹം പ്രചോദനം സ്വീകരിക്കുന്നു. രാഷ്ട്രീയ കക്ഷി താല്പര്യങ്ങൾ അദ്ദേഹം പാലിക്കുന്നില്ല. അദ്ദേഹം തൻെറ ജനത്തെ സ്നേഹിക്കുന്നു; ദൈവവചനത്തെയും സ്നേഹിക്കുന്നു.

## 6 ബോദ്ധ്യം

പ്രസംഗകനു ബോദ്ധ്യമുള്ളവ ശ്രോതാക്കൾക്കു ബോദ്ധ്യമാകത്തക്കവിധം പറയുകയാണു പ്രസംഗം. കാർഡിനൽ മാനിങ്ങ് പറയുന്നു: ''നിരന്തര ധ്യാനംവഴി നിത്യസത്യങ്ങളെപ്പററിയുള്ള ബോദ്ധ്യം പ്രസംഗകൻ സമ്പാദിക്കണം. സ്വഹൃദയത്തിൽ പതിഞ്ഞിട്ടുള്ളവ വേണം അദ്ദേഹം സംസാരിക്കുവാൻ. ഇതാണു വി. അപ്പസ്തോലൻെറ വിജയം.'' വിശുദ്ധ യോഹന്നാൻ എഴുതിയിരിക്കുന്നു: ''ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൾകൊണ്ടു സ്പർശിച്ചതുമായ ജീവൻെറ വചനത്തെപ്പററി ഞങ്ങൾ അറിയിക്കുന്നു. ഞങ്ങൾ അതുകൊണ്ടു അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു'' (യോഹ. 1:1-2). സ്വന്തം ബോദ്ധ്യത്തിൽനിന്നു ലഭിച്ച ധാർമ്മിക ധൈര്യമായിരുന്നു വിശുദ്ധരുടെ പ്രസംഗങ്ങളെ വിജയിപ്പിച്ചതു്.

അന്തരംഗത്തിൻെറ അടിത്തട്ടിൽനിന്നും പൊന്തിവരുന്ന വാക്കുകൾമാത്രമേ മറെറാരുവൻെറ ഹൃദയാന്തർഭാഗത്തേക്കു പ്ര

വേശിക്കുവാൻ പററു. തൻെറ വിശ്വാസം ശരിയും സത്യവുമാണെന്നുള്ള ബോദ്ധ്യം പ്രസംഗകനു വേണം.

ലത്തീൻ പൊന്തിഫിക്കലിലെ ഈ പ്രാത്ഥന അത്ഥവത്താണ്. ''അങ്ങയുടെ നിയമങ്ങളെപ്പററി അവർ നിരന്തരം ധ്യാനിക്കട്ടെ. അവർ വായിക്കുന്നതു വിശ്വസിക്കട്ടെ. വിശ്വസിക്കുന്നതു പ്രസംഗിക്കട്ടെ. പ്രസംഗിക്കുന്നതു പ്രവർത്തിക്കുകയും ചെയ്യട്ടെ''.

ആർസിലെ വികാരിയായിരുന്ന വി. ജോൺ വിയാനിയുടെ പ്രസംഗങ്ങൾ ഇതിനു നല്ല ഉദാഹരണമാണ്. അദ്ദേഹം സ്വർഗ്ഗത്തെപ്പററി പ്രസംഗിച്ചപ്പോൾ, സ്വർഗ്ഗം നേരിൽകാണുന്നതായി ശ്രോതാക്കൾക്കു തോന്നിയിരുന്നു. കമ്മ്യൂണിസ്റ്റ്കാരുടെ പ്രസംഗങ്ങൾ വിജയിക്കുകയും തൻെറ പ്രസംഗങ്ങൾ പരാജയപ്പെടുകയും ചെയ്യുന്നതിനെപ്പററി ആവലാതിപ്പെട്ട ഒരു കത്തോലിക്കാ വൈദികനോട് അദ്ദേഹത്തിൻെറ സ്നേഹിതനായ കമ്മ്യൂണിസ്റ്റുകാരൻ ഇങ്ങനെ പറയുകയുണ്ടായി. ''നിങ്ങൾ പരമസത്യങ്ങൾ പച്ചക്കള്ളങ്ങൾപോലെ പറയുന്നു; ഞങ്ങളാകട്ടെ പച്ചക്കള്ളങ്ങൾ പരമസത്യങ്ങൾ പോലെയും''.

പ്രസംഗകൻ നഷ്ടധൈര്യനാകരുത്. ''He should fight against his own pessimism. He should preach respectfully, hopefully, joyfully giving them the courage and faith that he possesses'' (Fr. Sharp.)

## പ്രസംഗകനുവേണ്ട സ്വാഭാവിക ഗുണങ്ങൾ

അതിസ്വാഭാവികഗുണങ്ങൾ സ്വാഭാവികഗുണങ്ങളെ ആസ്പദമാക്കി പ്രവർത്തിക്കുന്നു. സ്വാഭാവിക ഗുണങ്ങളുടെ ആധിക്യമനുസരിച്ച് ഈ പ്രവർത്തനം കൂടുതൽ വിജയപ്രദമാകും. ആകയാൽ, ദൈവത്തെ പരീക്ഷിക്കുന്നവൻ ആകാതിരിക്കുവാൻ പ്രസംഗകൻ ചില സ്വാഭാവികഗുണങ്ങൾകൂടി സമ്പാദിക്കണം.

ഒരുവൻ പ്രസംഗകനാകുന്നതു ജന്മനാ അല്ല കർമ്മണാ ആണ്. ഏതു വൈദികനും പരിശ്രമംകൊണ്ടു നല്ല പ്രസംഗകനാകാം. പല കുറവുകൾ ഉണ്ടായിരുന്നിട്ടും യവനപ്രഭാഷകനാ

യിരുന്ന ഡെമസ്തനീസ് നിരന്തരപരിശ്രമംവഴി ലോകോത്തര വാഗ്മിയായിതീർന്നു. "Genius is 99% perspiration and one percent inspiration".

വി. ക്രിസസ്റ്റോം പറയുന്നു: "വചോവിലാസം പ്രകൃതിയുടെ എന്നതിനേക്കാരം പരിശ്രമത്തിൻെറ ഫലമാണ്. ആകയാൽ, ഒരുവൻ അതിൻെറ പരമകാഷ്ഠ പ്രാപിച്ചാലും പഠനവും പരിശ്രമവും കൈവെടിയുന്നപക്ഷം അവനുലഭിച്ച കഴിവു നഷ്ടപ്പെടാതിരിക്കകയില്ല."

"ശ്രമംകൂടാതെ കയറുന്നവൻ ഭ്രമം പൂണ്ടിറങ്ങുന്നു" എന്നാണല്ലോ ആപ്തവാക്യം.

## 1 പ്രസംഗകനു് ബുദ്ധിപരമായ ഒരുക്കംവേണം

ജനങ്ങരംക്ക നിത്യസത്യങ്ങരം പകർന്നുകൊടുക്കേണ്ട വ്യക്തി അവയെപ്പററി വേണ്ടത്ര അറിവു സമ്പാദിച്ചിരിക്കണം.

a) ക്രിസ്തുനാഥൻ സ്വശിഷ്യന്മാരെ നിത്യസത്യങ്ങരം പഠിപ്പിച്ച ശേഷമാണു പ്രസംഗിക്കുവാൻ അയച്ചതു്. "ഞാൻപഠിപ്പിച്ചവ നിങ്ങരം പോയി പ്രസംഗിക്കുവിൻ." പരിശുദ്ധാത്മാവിനെ അയച്ച് ആ ശിക്ഷണം പൂർത്തിയാക്കുവാനും അവിടുന്നു തിരുമനസ്സായി.

b) വി. പൗലോസ് തൻെറ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്നു. "പാരമ്പര്യം സാക്ഷ്യംവഹിക്കുന്ന സത്യങ്ങളെ നീ മുറുകെ പിടിക്കണം. യഥാർത്ഥസത്യങ്ങളെ പ്രോത്സാഹിപ്പിക്കണം. വഴിപിഴക്കുന്നവരുടെ തെററുകരം ചൂണ്ടിക്കാണിക്കണം" (തിത്തോ. 1/7; 1 തിമോ. 1/4; 6/3; 2 തിമോ. 6/3).

c) സഭാപിതാക്കന്മാരുടെ മാതൃക– അവർ വിജ്ഞാനസമ്പന്നരായിരുന്നു എന്നു് അവരുടെ പ്രസംഗങ്ങരം വ്യക്തമാക്കുന്നുണ്ടു്.

d) കാനൻനിയമം 1340 ആവശ്യപ്പെടുന്നു സുവിശേഷപ്രസംഗകൻ വിജ്ഞാനി ആയിരിക്കണമെന്നു്.

e) രണ്ടാംവത്തിക്കാൻ കൗൺസിൽ വൈദികപരിശീലനത്തെക്കുറിച്ചുള്ള ഡിക്രിയിൽ സെമ്മിനാരിക്കാരെ വചനശുശ്രൂഷയ്ക്കു തയ്യാറാക്കുന്നതിനെപ്പററി പ്രത്യേകം പറയുന്നുണ്ട്. ''വൈദികവിദ്യാർത്ഥികൾ വചനത്തിന്റെ ശുശ്രൂഷയ്ക്കു സന്നദ്ധരാകണം. അതായത്, ആവിഷ്കൃതമായ ദൈവവചനത്തെ പൂർണ്ണമായി ഗ്രഹിക്കുവാനും ഗ്രഹിച്ചവ ധ്യാനംവഴി ഹൃദിസ്ഥമാക്കുവാനും പ്രസംഗവും പ്രവർത്തനവുംവഴി അവയെ പുറമെ അവതരിപ്പിക്കുവാനും അവരെ പരിശീലിപ്പിക്കണം (Art 4). ''കത്തോലിക്കാസഭയുടെ തത്വങ്ങൾ വൈദികവിദ്യാർത്ഥികൾ ശ്രദ്ധാപൂർവ്വം പകർന്നെടുക്കുകയും ആഴമായി ഗ്രഹിക്കുകയും വേണം. തങ്ങളുടെ വൈദികശുശ്രൂഷയിൽ അവയെ പ്രഖ്യാപിക്കുകയും വിശദമാക്കുകയും സംരക്ഷിക്കുകയും ചെയ്യുവാൻ പ്രാപ്തരാകത്തക്കവിധത്തിൽ ആയിരിക്കണം ഈ പഠനം.'' (Art 16)

''മനുഷ്യനേയും ലോകത്തേയും ദൈവത്തേയുംകുറിച്ച് അഗാധവും സമഗ്രവുമായ അറിവു സമ്പാദിക്കുവാൻ പ്രാപ്തരാകത്തക്കവിധം വിദ്യാർത്ഥികൾക്കു തത്വശാസ്ത്രജ്ഞാനം പ്രദാനം ചെയ്യണം.'' (Art 15)

ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ അദ്ദേഹത്തിന്റെ Humani generis എന്ന തിരുവെഴുത്തിൽ പറയുന്നു: ''സുവിശേഷപ്രസംഗകനു് അറിവു് ആവശ്യമാകുന്നു. നാലാം ലാററൻ കൗൺസിൽ പഠിപ്പിച്ചിട്ടുള്ളതുപോലെ അജ്ഞത എല്ലാ തെററുകളുടേയും കാരണമാകുന്നു.''

## 2. ഭാവനാശക്തിയെ പരിപോഷിപ്പിക്കണം

സർവ്വജ്ഞനായ ദൈവത്തിന്റെ സൃഷ്ടിക്കുവാനുള്ള കഴിവിനു സമാനമായി മനുഷ്യനുള്ള കഴിവാണു ഭാവന. എല്ലാ കലാകാരന്മാർക്കും ആവശ്യമായ ഇതു പ്രസംഗകനും അവശ്യം വികസിപ്പിച്ചുകൊണ്ടുവരണം. പ്രസംഗകനെ രൂപപ്പെടുത്തുന്ന ഏററം പ്രധാന ഘടകമെന്നാണു വിജ്ഞന്മാർ ഭാവനയെപ്പററി പറഞ്ഞിട്ടുള്ളതു്. അതിന്റെ പ്രവർത്തനം ശക്തവും ചൈതന്യ

ഭരിതവുമാകുന്നു. അതു് സ്ഥലകാലങ്ങളെ നാടകീയമായി തരണം ചെയ്തുകൊണ്ടു പ്രാചീനവും അദൃശ്യവുമായ കാര്യങ്ങളെ നവീനവും സജീവവുമാക്കുന്നു.

ഭാവനാരഹിതമായ പ്രസംഗം ദൂരദർശിനിയില്ലാത്ത നിരീക്ഷണകേന്ദ്രം പോലിരിക്കും. ആത്മികവും അലൗകികവുമായ നിത്യസത്യങ്ങൾ അന്യാപദേശങ്ങളും അലങ്കാരങ്ങളും വഴി ആളുകൾക്കു ഹൃദ്യവും സ്വീകാര്യവുമാക്കുവാൻ ഭാവന കൂടിയേ തീരൂ. വിശദവും സ്ഥൂലവും വ്യക്തവും വൈയക്തികവും വസ്തുനിഷ്ഠവുമായവസ്തു മാത്രമേ കണ്ണിനോടും ചെവിയോടും ഹൃദയത്തോടും സംസാരിക്കുവാൻ സാധിക്കുകയുള്ളു. ആകയാൽ സുവിശേഷങ്ങളിലെ അന്യാപദേശങ്ങളും പ്രവാചകഗ്രന്ഥങ്ങളിലെ അലങ്കാരപ്രയോഗങ്ങളും പ്രസംഗകൻ പ്രത്യേകം പഠിക്കേണ്ടതാണ്. ബിഷപ്പ് ഷീൻ ഉപദേശിച്ചിരിക്കുന്നതുപോലെ, പ്രസംഗകൻ ദിവസവും കുറെ നല്ല പദ്യങ്ങൾ വായിക്കണം. അപ്പോൾ ഗഹനമായ ആശയങ്ങൾ കുറച്ചു വാക്കുകളിൽ സുന്ദരവും സുഗ്രഹവുമായി പ്രതിപാദിക്കാനുള്ള കഴിവുണ്ടാകും.

## 3 ഹൃദയത്തിനുള്ള ശിക്ഷണം

ഹൃദയസ്പൃക്കായവിധം ആവേശത്തോടും ആത്മാർത്ഥതയോടുംകൂടിവേണം ആശയങ്ങളവതരിപ്പിക്കുവാൻ. അതിനു പ്രസംഗകൻ വിഷയവുമായി താദാത്മ്യം പ്രാപിക്കണം, നാടകത്തിലഭിനയിക്കുന്നവൻ താനവതരിപ്പിക്കുന്ന കഥാപാത്രത്തോട് സാത്മ്യം പ്രാപിക്കുന്നതുപോലെ. ഇതിനു വിഷയത്തെപ്പററി വിശദമായി പഠിക്കുകയും ആവർത്തിച്ചു ധ്യാനിക്കുകയും ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യണം.

## 4. പ്രഭാഷണ കലയുടെ വിവിധ വശങ്ങൾ പഠിച്ചു പരിശീലിക്കണം

a) പ്രസംഗം തയ്യാറാക്കുക, പഠിക്കുക, അവതരിപ്പിക്കുക, സ്വരവും ആംഗ്യവും ശരിയായി പ്രയോഗിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം വേണ്ടവിധം പഠിക്കുകയും പരിശീലിക്കുകയും

വേണം. രണ്ടാംവത്തിക്കാൻ കൗൺസിൽ വൈദിക പരിശീലനത്തെപ്പററിയുള്ള ഡിക്രിയിൽ പറയുന്നു, ''വൈദിക ശുശ്രൂഷയോട് ബന്ധപ്പെട്ട വിഷയങ്ങളിൽ, പ്രത്യേകിച്ച് മതബോധനത്തിലും ദൈവവചനപ്രസംഗത്തിലും വിദ്യാർത്ഥികളെ ജാഗ്രതാപൂർവ്വം പരിശീലിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം'' (Art 19).

''അദ്ധ്യാപനശാസ്ത്രവും മനഃശാസ്ത്രവും സാമൂഹികശാസ്ത്രവും നൽകുന്ന സഹായം യുക്തമായ രീതിയിൽ, സഭാധികാരികളുടെ വ്യവസ്ഥകൾക്ക് അനുസരണമായി, ഉപയോഗിക്കുവാൻ അവരെ അഭ്യസിപ്പിക്കണം'' (Art 20).

b) പ്രസിദ്ധ പ്രസംഗകരുടെ കൃതികൾ വായിച്ചു പഠിക്കുക ആവശ്യമാണ്. വളരെ പുസ്തകങ്ങൾ വായിക്കുന്നതിനേക്കാൾ നല്ലതു് ഏററം നല്ലപുസ്തകങ്ങൾ തെരഞ്ഞെടുത്തു പഠിക്കുന്നതാണ്. ഇതു് പ്രസംഗത്തിനുള്ള ആശയം ശേഖരിക്കുക എന്നതിനേക്കാൾ പ്രസംഗരീതി വശമാക്കുവാനാണ്. ചില പ്രസംഗങ്ങൾ വിശകലനം ചെയ്തു് അവയുടെ വിവിധ ഭാഗങ്ങൾ മനസ്സിലാക്കണം.

c) നല്ല പ്രസംഗങ്ങൾ പലപ്പോഴും കേൾക്കണം. ഇങ്ങനെ ലഭിക്കുന്ന സാധനപാഠങ്ങൾക്കു വലിയ ശിക്ഷണപാടവമുണ്ട്. റേഡിയോ പ്രസംഗങ്ങൾ കേൾക്കുന്നതു നല്ലതാണ്.

d) ധാരാളം എഴുതിയും പറഞ്ഞും പരിശീലിക്കണം. കുറവുകൾ പരിഹരിക്കുവാനും കഴിവുകൾ പരിപോഷിപ്പിക്കുവാനുമുള്ള ഏററം പ്രായോഗിക മാർഗ്ഗമാണിതു്. കലയുടെ അഭ്യസനത്തിനു് ആവർത്തനം ആവശ്യമാണല്ലോ.

ഇപ്രകാരം പ്രസംഗകനുവേണ്ട സ്വാഭാവികവും അതിസ്വാഭാവികവുമായ ഗുണവിശേഷങ്ങൾ സമ്പാദിക്കുവാൻ വൈദിക വിദ്യാർത്ഥികൾ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

# പ്രസംഗത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

1. പ്രസംഗം സത്യസന്ധമായിരിക്കണം. കാര്യങ്ങൾ യഥാതഥം പറയണം. അബദ്ധങ്ങൾ പറഞ്ഞു പിടിപ്പിക്കരുത്, വസ്തുതകൾ വളച്ചൊടിക്കരുത്. ഐതിഹ്യങ്ങൾ ചരിത്ര സംഭവങ്ങളായി അവതരിപ്പിക്കുന്നതു ശരിയല്ല. അതിവർണ്ണന ഉണ്ടാകുകയുമരുത്. ''ഏററം വലിയ വിശുദ്ധൻ, ഏററം മുഖ്യസുകൃതം, ഏററവും പ്രയോജനകരകാര്യം'' എന്നിങ്ങനെ വൃഥാപറയരുത്.

2. സൃഷ്ടിപരമായിരിക്കണം. ആദ്ധ്യാത്മിക ജീവിതം അഭിവൃദ്ധിപ്പെടുത്തുവാൻ തക്കവിധം പ്രസംഗിക്കണം.

a നരകത്തെപ്പററി പറയുമ്പോഴും സ്വർഗ്ഗത്തിലേക്ക് എത്തിനിറുത്തണം.

b പാപത്തെപ്പററി പ്രസംഗിക്കുമ്പോൾ അതിൽനിന്നു രക്ഷപെടാനുള്ള മാർഗ്ഗങ്ങൾകൂടി പറയണം. പാപരഹിതമായി ജീവിക്കുവാനുള്ള സാദ്ധ്യതകൾ വ്യക്തമാക്കണം.

c ആളുകൾ ചെയ്തു കൂട്ടുന്ന തിന്മയെപ്പററി അധികം പറയാതെ നന്മയെപ്പററി ഊന്നിപ്പറയുക. അല്ലെങ്കിൽ ശ്രോതാക്കൾ അന്ധമായ ആത്മതൃപ്തിയിൽ എത്തിയേക്കും.

d പുണ്യാത്മാക്കളുടെ മാതൃക അനുകരിച്ചു യഥാശക്തി സുകൃതങ്ങളിൽ പുരോഗമിക്കുവാൻ പ്രോത്സാഹിപ്പിക്കണം.

3 പ്രോത്സാഹജനകമായിരിക്കണം - ഐഹിക ക്ലേശങ്ങളുടെ മദ്ധ്യത്തിൽ ഈശോയുടെ സാക്ഷാൽ സാന്നിദ്ധ്യം ഉണ്ടെന്നു ശ്രോതാക്കളെ അനുസ്മരിപ്പിക്കുക. ജീവിതത്തിൻെറ മരുഭൂമിയിൽ ദാഹജലത്തിനായി കേഴുന്ന ജനങ്ങൾക്ക് അതു് ആശാസപ്രദമായിരിക്കും. ''അദ്ധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്നവരെല്ലാം എൻെറ അടുക്കൽ വരട്ടെ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം''. ഒരമ്മ തൻെറ ഉദരഫലമായ ശിശുവി

നെ മറന്നുകളഞ്ഞാലും ഞാൻ നിങ്ങളെ മറക്കുകയില്ല എന്നു വിശുദ്ധ ഗ്രന്ഥം പറയുന്നു. ദൈവത്തിന്റെ നീതിയെപ്പററി മാത്രമല്ല അവിടുത്തെ അളവററ സ്നേഹത്തേയും കരുണയേയും പററി പ്രസംഗിക്കണം.

e ക്രിസ്തുനാഥൻ നേടിയ വിജയവും മഹത്വവും വിവരിക്കണം. അല്ലാതെ എല്ലാം നശിച്ചെന്നും തിന്മ വിജയിച്ചെന്നും പറഞ്ഞു നിറുത്തരുത്.

f ഈശോ ആവശ്യപ്പെടുന്ന ത്യാഗത്തേയും സഹനത്തേയും പററിക്കൂടി പ്രസംഗിക്കണം. ക്രൂശിതനായ ക്രിസ്തുവിന്റെ മഹത്വവും രക്തസാക്ഷികളുടെ വിജയവും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. കുരിശിന്റെ ഭോഷത്തമാണ് ക്രിസ്ത്യാനിയുടെ മഹത്വമെന്നു വ്യക്തമാക്കണം.

g എന്നാൽ, ദൈവമക്കൾ ഈ ലോകത്തിൽ കഷ്ടപ്പെട്ടു കഴിയണമെന്നും പ്രതിഫലമെല്ലാം പരലോകത്തിൽ മാത്രമാണെന്നും പറയരുത്. ''ഈ ലോകത്തിൽതന്നെ നൂറു മടങ്ങു പ്രതിഫലം നൽകുമെന്നു കർത്താവു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ''. ഐഹികജീവിതം സുഖകരമാക്കിത്തീർക്കുവാൻ അനുവദനീയമായ വിധമെല്ലാം പരിശ്രമിക്കേണ്ടതാണ്. സഭ ആധുനിക ലോകത്തിൽ എന്ന കൗൺസിൽ ഡിക്രി ഇക്കാര്യം സംബന്ധിച്ചു നല്കുന്ന ആഹ്വാനം ശ്രദ്ധേയമാണ്. (Conf. Art. 54)

4 ലളിതവും സുഗ്രഹവുമായിരിക്കണം - പ്രസംഗിക്കുന്ന കാര്യങ്ങൾ ജനങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കണം. പ്രസംഗകന്റെ പ്രശസ്തിയല്ല ശ്രോതാക്കളുടെ പ്രയോജനമാണു പ്രസംഗത്തിന്റെ ഉദ്ദേശ്യം. ആകയാൽ (a) അല്പബുദ്ധികളായ ശ്രോതാക്കൾ നൽകുന്ന വിലകുറഞ്ഞ പ്രശംസയ്ക്കുവേണ്ടി ചപലമായ പ്രതിപാദനരീതി സ്വീകരിക്കരുത്; വികൃത പദങ്ങൾ ഉപയോഗിക്കരുത്. ചിതമല്ലാത്ത ഫലിതങ്ങളും കഥകളും പറയരുത്. സുവിശേഷത്തിനു ചേരാത്ത വിപ്ലവാശയങ്ങൾ അവതരിപ്പിക്കരുത്. 1973 നവംബറിൽ കാർഡിനൽ ലൂച്ചിയാനി (ഒന്നാം ജോൺ പോൾ മാർപ്പാപ്പാ) ഒസർവത്തോരെ പത്രത്തിൽ എഴുതിയ ഒരു ലേഖനത്തിൽ വൈദികരെ ഇങ്ങനെ ഉൽ

ബോധിപ്പിച്ചു: ''നമ്മറം പ്രസംഗിക്കേണ്ടതു സുവിശേഷമാണ്. സുവിശേഷത്തിൻെറ വെളിച്ചത്തിൽ മാനുഷിക പ്രശ്നങ്ങറംക്കു നമ്മറം പരിഹാരം നിർദ്ദേശിക്കുന്നില്ലെങ്കിൽ അതു വലിയ അപരാധമായിരിക്കും.''

b ശാസ്ത്രീയമായ പ്രതിപാദനം സുവിശേഷപ്രസംഗത്തിനു പററിയതല്ല. നിർവ്വചനങ്ങളും വിഭജനങ്ങളും നൽകിക്കൊണ്ടുള്ള ഗഹനമായ രീതി സ്വീകരിക്കരുത്. സാങ്കേതിക പദങ്ങറം കഴിയുന്നത്ര ഒഴിവാക്കണം. അവശ്യം പറയേണ്ടി വന്നാൽ അവയുടെ അർത്ഥം വിവരിച്ചു കൊടുക്കണം. പ്രസംഗം ബുദ്ധിയെ എന്നതിനേക്കാറം മനസ്സിനെ സ്പർശിക്കുന്നതായിരിക്കണം.

c ഭാഷക്കെന്നതിനേക്കാറം ആശയത്തിനു പ്രാധാന്യം കല്പിക്കണം. പണ്ഡിതനായ പിററ പറഞ്ഞിട്ടുള്ളതുപോലെ ''നിൻെറ ചിന്ത വാക്കുകളെപ്പററിയാണെങ്കിൽ നിനക്കു ആശയമൊന്നും ഉണ്ടായിരിക്കുകയില്ല; എന്നാൽ, നിനക്കു ആശയങ്ങളുണ്ടെങ്കിൽ വാക്കുകറം താനേ വന്നുകൊള്ളും.'' Boy Carpenter എന്ന ഗ്രന്ഥകാരൻ ഇങ്ങനെ ഉപദേശിക്കുന്നു; ''നിങ്ങളുടെ ആശയങ്ങറം നിങ്ങളുടെ ഭാഷയെ ഭരിക്കട്ടെ; അല്ലാതെ നിങ്ങളുടെ ആശയങ്ങളെ ഭരിക്കരുതു്. പ്രതിപാദനം ഋജുവും സംഗ്രഹവുമാകണം. വിശേഷണവാക്യങ്ങറം അധികം ഉപയോഗിക്കരുതു്.

d ശ്രോതാക്കളിൽ പണ്ഡിതന്മാരുണ്ടെന്നു കരുതി സാധാരണക്കാരെ അവഗണിക്കരുതു്. സാധാരണക്കാരുടെ നിലവാരത്തിലേയ്ക്കു് ഇറങ്ങിനിന്നു സംസാരിക്കണം. അതു പണ്ഡിതപാമരഭേദമെന്യേ എല്ലാവർക്കും പ്രയോജനപ്പെടും. ''ജനങ്ങറംക്കു മനസ്സിലാകാതിരിക്കുന്നതിൽ ഭേദം വൈയാകരണന്മാരാൽ കുററപ്പെടുത്തപ്പെടുന്നതാണു്'' എന്നത്രേ ആഗ്ഗസ്റ്റീനോസിന്റെ അഭിപ്രായം.

# പ്രേരണ (Persuasion)

സകല കലകളുടേയും ഉദ്ദേശ്യം മനുഷ്യമനസ്സിനെ പ്രേരിപ്പിക്കുകയും സ്വാധീനിക്കുകയുമാകുന്നു. സുവിശേഷപ്രസംഗത്തിന്റെ സർവ്വപ്രധാന ലക്ഷ്യവും മററൊന്നല്ല. പ്രസംഗംവഴി ശ്രോതാക്കൾ അഭിനന്ദിക്കുന്നവർ മാത്രമായാൽ പോരാ അനുവർത്തിക്കുന്നവരുമാകണം. ഇങ്ങനെയാണ് പ്രസംഗോദ്ദേശ്യം സാധിക്കുക. ആകയാൽ, ദിവ്യസത്യങ്ങൾ ശ്രവിക്കുവാനും സ്വീകരിക്കുവാനും ദൈവഹിതാനുസാരം പ്രവർത്തിക്കുവാനും ജനങ്ങളെ പ്രേരിപ്പിക്കുവാൻ പര്യാപ്തമായിരിക്കണം ഓരോ പ്രസംഗവും. അപ്പോൾ പ്രസംഗത്തിനുവേണ്ടി മാത്രം പ്രസംഗിക്കുന്നതു ശരിയല്ലെന്നു വ്യക്തം. അതുപോലെതന്നെ വേണമെങ്കിൽ സ്വീകരിക്കുക ഇല്ലെങ്കിൽ വേണ്ടാ എന്ന ഉദാസീന മനസ്ഥിതിയും പ്രസംഗകൻ പാലിക്കരുതു്. എന്നാൽ ഇതു സ്വീകരിച്ചുകൊള്ളണം; അല്ലെങ്കിൽ ... .... .... എന്നു ഭീഷണിപ്പെടുത്താനും പാടില്ല. ശ്രോതാക്കളെ ഒന്നും അടിച്ചേല്പിക്കരുതു് പറയുന്ന കാര്യങ്ങളെല്ലാം ഒന്നൊഴിയാതെ സ്വീകരിക്കണമെന്നു നിർബന്ധിക്കുന്നതും ശരിയല്ല. പക്ഷേ, പ്രസംഗത്തിനു് ഒരു വിഷയമുള്ളതുപോലെ ഒരു ലക്ഷ്യവുമുണ്ടെന്ന കാര്യം അവഗണിക്കരുതു്.

## പ്രേരിപ്പിക്കാനുള്ള മാർഗങ്ങൾ

1. പ്രസംഗകൻ ശ്രോതാക്കളുമായി താദാത്മ്യം പ്രാപിക്കണം:- ശ്രോതാക്കൾക്കു മാത്രമുള്ളതെന്നവിധം ആശയങ്ങൾ വൃഥാ പറഞ്ഞുകൊടുത്താൽ പോരാ; അവ പ്രസംഗകനുവേണ്ടി കൂടിയുള്ളവയാണെന്നു വ്യക്തമാക്കണം. ബുദ്ധിയിൽനിന്നു ബുദ്ധിയിലേക്കല്ലാ ഹൃദയത്തിൽനിന്നു ഹൃദയത്തിലേക്കു പങ്കുവയ്ക്കണം. പ്രസംഗകന്റെ ബോദ്ധ്യത്തിനു മാത്രമേ ശ്രോതാക്കളെ ബോധവാന്മാരാക്കുവാൻ കഴിയൂ. എന്നെഭരിക്കുന്ന ഈ സത്യം നിങ്ങളേയും ഭരിക്കേണ്ടതാണ് എന്നവിധം അനുഭവത്തിന്റെ ഊഷ്മളതയോടെ പ്രസംഗിക്കണം. ഇതിനു പരസ്പരാഭിമുഖ്യം ആവശ്യമാണ്. പ്രസംഗകനും സദസ്യരും പരസ്പരം പങ്കുചേരണം ആശയങ്ങളിലും വികാരങ്ങളിലും ഭാവനയിലും അനുഭവങ്ങളിലും കടമകളിലും തീരുമാനങ്ങളിലും.

ആകയാൽ പ്രസംഗകൻ വിഷയത്തെപ്പററി ധ്യാനിച്ചു വേണ്ട ബോദ്ധ്യം നേടണം, ആവേശം കൊള്ളണം. ഈശോയെ പ്രതി കേംവിക്കാരെ സ്നേഹിക്കുന്നുവെന്നു വ്യക്തമാക്കാതെ അവരിൽ ഈശോയോടുള്ള സ്നേഹം ജനിപ്പിക്കുക സാദ്ധ്യമല്ല. പാപംമൂലമുണ്ടാകുന്ന നാശത്തെപ്പററി പ്രസംഗകനുള്ള ദുഃഖവും ഭീതിയുമേ പാപിയെ സ്പർശിക്കയുള്ളു. ക്ലേശിതരെ ആശ്വസിപ്പിക്കണമെങ്കിൽ അവരുടെ ദുഃഖത്തിൽ പങ്കുചേരുകതന്നെ വേണം. അപ്പോഠം പ്രസംഗകൻെറ വ്യക്തിവിലാസം ശ്രോതാക്കളെ സ്വാധീനിക്കും; സ്വരം അവരെ ദ്രവീകരിക്കും; നോട്ടം അവരെ കീഴടക്കും; ചേഷ്ടകഠം അവരെ പ്രേരിപ്പിക്കുകയും ചെയ്യും.

2 പ്രസംഗം ശ്രോതാക്കളെ നേരിട്ടു ബാധിക്കണം:_അവരുടെ ജീവൽപ്രശ്നങ്ങഠംക്കു സമാധാനം നൽകത്തക്കവണ്ണം അവരെ മുന്നിൽ കണ്ടുകൊണ്ടു വേണം പ്രസംഗം ഒരുങ്ങുവാൻ. അതിൽ അവർ പ്രതീക്ഷിക്കുന്നതു് ശാസ്ത്രീയ ചർച്ചയോ ബൈബിഠം പഠനമോ ചരിത്രപരമായ വിചിന്തനമോ അല്ല; പ്രത്യുത അവരുടെ മനസ്സിനെ അസ്വസ്ഥമാക്കുന്നതും മനസ്സാക്ഷിയെ ഭാരപ്പെടുത്തുന്നതും ജീവിതത്തെ അലട്ടുന്നതുമായ ചില പ്രധാന മാനുഷിക പ്രശ്നങ്ങഠംക്കുള്ള സമാധാനമാണു്. ജനങ്ങളിൽനിന്നു നിശബ്ദമായി വികാര സാന്ദ്രമായി നീരാവിപോലെ ഉയരുന്ന ഈ വിഷമപ്രശ്നങ്ങഠം പ്രസംഗകൻ സ്വീകരിച്ചു് ശാന്തിയുടെ വർഷമായി അവക്കു മടക്കിക്കൊടുക്കണം. അപ്പോഠം അവർ അനുവത്തന സന്നദ്ധരാകും.

3 പ്രസംഗകൻ മൂന്നു കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം:_പഠിപ്പിക്കുക പ്രീണിപ്പിക്കുക പ്രേരിപ്പിക്കുക (Teach, Please, Move) എന്നീ പ്രാചീന സംജ്ഞകങ്ങഠം എന്നും സ്വീകാര്യമാണു്. ബോദ്ധ്യം ജനിക്കത്തക്കവിധം പ്രസംഗവിഷയം വ്യക്തമാക്കിക്കൊടുക്കണം. പ്രതിപാദനം ഹൃദ്യവും രസകരവുമായിരിക്കണം; പ്രേരിപ്പിക്കുവാൻ പററുന്നവിധം ശക്തിയുക്തമായിരിക്കണം.

A പഠിപ്പിക്കുക-സത്യത്തിനു സാക്ഷ്യം വഹിക്കുന്നതിനു് അവതീണ്ണനായ ക്രിസ്തുവിൻെറ സന്ദേശം പ്രദാനം ചെയ്യു

ന്ന പ്രസംഗപീഠം സത്യത്തിൻെറ ഉറവിടമായിരിക്കണം. സത്യം ഗ്രഹിക്കുവാൻ കഴിയുക ചാരിതാർത്ഥ്യജനകമാണ്. അതിൻെറ യുക്തിയുക്തതകൂടി മനസ്സിലാക്കുമ്പോഠം കൂടുതൽ സ്വീകാര്യമായിത്തീരുന്നു. നേരെ മറിച്ച് അവ്യക്തമായ അറിവ് അസന്തുഷ്ടി ഉളവാക്കും. ആകയാൽ, (a) ആശയങ്ങഠം വ്യക്തമായും ലളിതമായും കൃത്യമായും പറയണം. ഒരാഠം ഒരിക്കൽ എന്നിങ്ങനെയല്ല ഇന്നയാഠം ഇന്ന തീയതി എന്നിങ്ങനെ സുനിശ്ചിതമായി തന്നെ വിവരിക്കേണ്ടതാണ്. അവ യുക്തിയുക്തമായി നിർവിഘ്നം നിർഗളിക്കുകയും വേണം.

b ഭാഷാശൈലി ലളിതമായിരിക്കണം. ഭാഷ അന്തരീക്ഷംപോലെയാണെന്നു പറയാം. അതു് ആശയങ്ങളെ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാക്കുന്നുണ്ടെങ്കിലും അതു് ആരുടേയും ശ്രദ്ധയിൽപ്പെടുന്നുമില്ല. സൂര്യനെ പ്രത്യേകം നോക്കാത്തവനുപോലും സൂര്യപ്രകാശം ലഭിക്കുന്നതുപോലെ പ്രസംഗം പ്രത്യേകം ശ്രദ്ധിക്കാത്തവർക്കുംകൂടി ആശയങ്ങഠം കിട്ടത്തക്കവിധം ഭാഷ ലളിതവും സുഗ്രഹവുമായിരിക്കണം.

c പ്രതിപാദനം ബോദ്ധ്യം ജനിപ്പിക്കത്തക്കവിധം ലളിതമായിരിക്കണം. പ്രസംഗിക്കുന്ന ആശയങ്ങഠംക്കു് എതിരായ അഭിപ്രായങ്ങഠം കേഠംവിക്കാരിൽനിന്നു് ഉണ്ടാകാവുന്നതിനാൽ അവയ്ക്കുള്ള സമാധാനംകൂടി ലഭിക്കത്തക്കവിധം വിഷയം പ്രതിപാദിക്കണം (Thesis, Antithesis, Synthesis).

B പ്രീണിപ്പിക്കുക-പ്രതിപാദനം ഹൃദ്യവും രസകരവുമായിരിക്കണം. ആത്മികസത്യങ്ങഠം സുന്ദരമായി അവതരിപ്പിച്ചില്ലെങ്കിൽ അവ അനുവർത്തിക്കപ്പെടുകയില്ല. ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയാത്തപ്പോഠം അതിൻെറ പാത്രമോ, ഉറയോ കൂടുതൽ മനോഹരമാക്കുക എന്ന വ്യവസായനയം പ്രസംഗത്തിനും പററിയതാണ്.

പ്രീതികരമാക്കുവാനുള്ള മാർഗ്ഗങ്ങഠം – a) കണ്ണിനു പ്രീതികരമാക്കുക. പ്രസംഗകൻെറ വസ്ത്രധാരണം, മുഖഭാവം, അംഗവിക്ഷേപം മുതലായവ സുന്ദരവും ആകർഷകവും നയനാനന്ദകരവുമായിരിക്കണം.

b) ചെവിക്കു പ്രീതികരമാകത്തക്കവിധം സ്വരം മധുരവും ഉച്ചാരണം ശുദ്ധവും ഭാഷ സുന്ദരവുമായിരിക്കണം. ആശയങ്ങൾ അനുരഞ്ജനം ചെയ്യുന്ന പദങ്ങൾ ശ്രദ്ധാപൂർവ്വം ഉപയോഗിക്കുക. വികൃത ശബ്ദങ്ങൾ കടന്നു കൂടരുതു്. സ്വരസംവിധാനം ഹൃദ്യമായിരിക്കണം. വാക്യങ്ങളും ഖണ്ഡികകളും ആകർഷകമായി വിരചിക്കണം.

c) പ്രതിപാദനം ഹൃദ്യമാക്കുക. പുതുമയുണ്ടാകത്തക്കവിധം പ്രസംഗവിഷയം വിവിധതരത്തിൽ അവതരിപ്പിക്കണം. ഒരു കഥയിലോ, ആപ്തവാക്യത്തിലോ, അന്യാപദേശത്തിലോ, സംഭവത്തിലോ, മറേറാ ഉൾക്കൊള്ളിച്ചു ശ്രോതാക്കളുടെ മനോഭാവത്തിനു പററുന്നവിധം വിഷയം സംവിധാനം ചെയ്യാം. അവർക്കു പരിചിതമായ ഉദാഹരണങ്ങൾ എടുത്തുകാണിക്കാം. ഉദാ: പത്രവാർത്ത, സിനിമാപ്രദർശനം, വിചിത്ര സംഭവം.

d) പ്രേരിപ്പിക്കുക–പ്രതിപാദനം ശക്തിയുക്തമായിരിക്കണം. ശ്രോതാക്കളെ ഭരിച്ചു നയിക്കുവാനുള്ള പ്രേരകശക്തി പ്രസംഗത്തിനുണ്ടായിരിക്കണം. പ്രസംഗകൻ അറിവു നല്കിയാൽ മാത്രം പോരാ. അറിയുക അനുവർത്തിക്കുക–ഇവ രണ്ടും രണ്ടാണു്. അറിവു് അനുവർത്തനത്തിലേക്കു് എത്തണമെങ്കിൽ അവതമ്മിലുള്ള ബന്ധം വ്യക്തമാക്കണം. അതായതു്, അനുവർത്തിക്കുന്നതുകൊണ്ടുള്ള നന്മയും ഉപേക്ഷിക്കുന്നതുകൊണ്ടുള്ള നഷ്ടവും ചൂണ്ടിക്കാണിച്ചു മനസ്സിനെ അനുഷ്ഠാനത്തിനു പ്രേരിപ്പിക്കണം. ചുരുക്കത്തിൽ, സത്യാചരണത്തിൽനിന്നു കൈവരുന്ന നന്മ ആകർഷകവും ശക്തിയുക്തവുമായി വ്യക്തമാക്കുന്നതായാൽ ശ്രോതാക്കൾ ആശങ്കയും അലസതയും വെടിഞ്ഞു പ്രവർത്തനസന്നദ്ധരാകും.

ആദ്ധ്യാത്മിക കാര്യങ്ങൾ സമ്യക്കായി വിവരിക്കുവാൻ പ്രസംഗത്തിനുള്ള പരിമിതസമയംകൊണ്ടു സാദ്ധ്യമല്ലല്ലോ. രണ്ടും രണ്ടും നാലെന്നവിധം അവ സുഗ്രഹമല്ല. ആകയാൽ, മുമ്പു പ്രസ്താവിച്ചതുപോലെ വിഷയം കഴിയുന്നത്ര ലളിതമായി വിവരിച്ചു കൊടുക്കുകയും അതിൻെറ ആസ്വാദ്യത

വ്യക്തമാക്കുകയും അതിൽ നിന്നു ലഭിക്കുന്ന നന്മ ചൂണ്ടിക്കാണിക്കുകയും ചെയ്തുകൊണ്ടാണു പ്രേരണ നല്കുക.

കാര്യങ്ങൾ വ്യക്തമാക്കികൊടുത്താൽ ആളുകൾ വിശ്വസിക്കും, സമ്മതിക്കും, സ്വീകരിക്കും. എന്നാൽ, അവ അനുവർത്തിക്കണമെങ്കിൽ അതുകൊണ്ടുള്ള ഫലംകൂടി കാണിച്ചു കൊടുക്കണം. ഈ ഫലം അവരുടെ ഏതെങ്കിലും ആഗ്രഹത്തേയോ വികാരത്തെയോ തൃപ്തിപ്പെടുത്തുന്നതായിരിക്കണം. ഉദാ: ഒരു കാര്യം ബഹുമാനകരമെന്നു് ഉറപ്പു നല്കുമ്പോൾ, അവരുടെ അഭിമാനത്തെ സ്പർശിക്കുന്നു; പ്രയോജനകരമാണെന്നു വ്യക്തമാക്കുമ്പോൾ, അവരുടെ സ്വാർത്ഥതയെ സ്പർശിക്കുന്നു; പൊതുനന്മയ്ക്കു് ആവശ്യമാണെന്നു പറയുമ്പോൾ, അവരുടെ പൗരബോധത്തെ സ്പർശിക്കുന്നു; പാവങ്ങൾക്കു് ആശ്വാസകരമെന്നു ധരിപ്പിക്കുമ്പോൾ, അവരുടെ ദീനാനുകമ്പയെ സ്പർശിക്കുന്നു. ഇങ്ങനെയാണു ശ്രോതാക്കളെ സ്വാധീനിക്കേണ്ടതു്. ചെസ്റ്റർഫീൽഡ് പ്രഭു ഉപദേശിക്കുന്നു; ''ജനങ്ങളുടെ വികാരങ്ങളെ സ്പർശിക്കുക; അവരുടെ അഭിമാനത്തേയോ സ്നേഹത്തേയോ കരുണയേയോ, ആഗ്രഹത്തേയോ ഉണർത്തുവാൻ കഴിഞ്ഞാൽ പിന്നെ അവർ നിങ്ങളുടെ പക്ഷത്തായിരിക്കും; അവരുടെ ബുദ്ധി നിങ്ങൾക്കെതിരായി എന്തെങ്കിലും ചെയ്യുമെന്നു ഭയപ്പെടേണ്ടതില്ല''.

ആകയാൽ, ശ്രോതാക്കളുടെ ഏതെങ്കിലും വികാരാഭിലാഷങ്ങളെ ഉജ്ജീവിപ്പിക്കുക. ഉണർന്നു കഴിഞ്ഞ ഈ വികാരഭിലാഷങ്ങൾക്കു്, അനുവർത്തിക്കുവാൻ ആവശ്യപ്പെടുന്ന കാര്യം വഴി ഉണ്ടാകുന്ന സംതൃപ്തി ശക്തിയുക്തം തെളിയിക്കുക, ഇവ രണ്ടും സാധിക്കുന്നതോടെ പ്രസംഗകൻ വിജയം വരിക്കുന്നു. കാരണം, അപ്പോൾ അവരുടെ അഭിലാഷം ഉദാത്തമായ ആജ്ഞാശക്തിയായി പ്രവർത്തിക്കുന്നതാണു്.

ഇതുസാധിക്കുവാനായി- a) പ്രസംഗവിഷയം ശുഷ്കമായ കേവല രൂപത്തിലല്ലാ, മാംസളമായ സ്ഥൂലരൂപത്തിലാണു് അവതരിപ്പിക്കേണ്ടതു്. ക്രിസ്തുനാഥൻെറ പ്രസംഗങ്ങൾ ഇതിനു നല്ല ഉദാഹരണങ്ങളാണു്. മടുക്കാതെ പ്രാർത്ഥിക്കണ

മെന്നകേവലസത്യം വ്യക്തമാക്കുവനായി വിധവയുടേയും നീതിയില്ലാത്ത ന്യായാധിപൻേറയും ഉപമ അവിടുന്നു സമാകർഷമായി വിവരിച്ചുകൊടുത്തു. പരസ്പരം സ്നേഹിക്കണമെന്ന തത്വം അനുവർത്തിക്കുന്നതിനു പ്രേരിപ്പിക്കുവാനായി നല്ല സമറായൻെറ ചൈതന്യംമുററിയ അന്യാപദേശം ഏററം സുന്ദരമായി അവിടുന്നു് അവതരിപ്പിച്ചു. ദൈവപരിപാലനയിൽ ആശ്രയബോധം ജനിപ്പിക്കുവാനായി വയലിലെ ലില്ലിപുഷ്പങ്ങളിലും ആകാശത്തിലെ പക്ഷികളിലും പ്രവർത്തിക്കുന്ന പരമപിതാവിൻെറ വാത്സല്യാതിരേകത്തിലേക്കു ജനങ്ങളുടെ ശ്രദ്ധഅവിടുന്നു ക്ഷണിച്ചു.

b) ഇതോടൊന്നിച്ചു്, ഹൃദയസ്പൃക്കായ അലങ്കാരങ്ങൾ പ്രയോഗിക്കാനും ശ്രദ്ധിക്കണം. ഉപമയേക്കാൾ രൂപകാലങ്കാരത്തിനു കൂടുതൽ പ്രേരകശക്തിയുണ്ടു്. ദിവ്യഗുരുവിൻെറ അലങ്കാര പ്രയോഗങ്ങൾ ഇതിനു മാതൃകയാണു്. ദൈവജനത്തോടു തനിക്കുള്ള സ്നേഹവും വാത്സല്യവും പ്രകാശിപ്പിക്കുവാൻ അവിടുന്നു പ്രസ്താവിച്ചു: ''ഞാൻ നല്ല ഇടയനാകുന്നു''. തിരുസ്സഭയുടെ സ്വഭാവം വ്യക്തമാക്കുവാൻ അവിടുന്നു പറഞ്ഞു: അതൊരു രാജ്യമാണു്; നഗരമാണു്; ഭവനമാണു്; തൊഴുത്താണു്; വൃക്ഷമാണു്. വി. പത്രോസിൻെറ പരമാധികാരത്തെപ്പററി പറഞ്ഞു: ''സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നല്കും''.

c) ഇതിനെല്ലാം അനുയോജ്യമായ പദങ്ങളും വാക്യങ്ങളും യഥോചിതം സ്വീകരിക്കേണ്ടതാണു്. പ്രേരകശക്തി ഉണ്ടാകുവാനായി ചില വാക്യങ്ങൾ ചോദ്യരൂപത്തിലും ചിലതു് ആശ്ചര്യരൂപത്തിലും ചിലതു് അപേക്ഷാഭാവത്തിലും മററുമാകാം.

4 ശ്രോതാക്കൾക്കു് ഉണ്ടാകാവുന്ന വിപരീത മനോഭാവവും പരിഗണിക്കേണ്ടതാണു്.

a ചിലർ അനാസക്തരും അലസരുമായിരിക്കും. ഇതുകണ്ടു മനസ്സു മടുക്കാതെ പ്രസംഗകൻ ഇവരോടു കൂടുതൽ താൽപര്യവും പരിഗണനയും കാണിക്കണം.

b തെററായ അഭിപ്രായങ്ങരം പാലിക്കുന്നവരെ നേരിട്ട് എതിർക്കരുത്. യുക്തിവാദത്തിനു മുതിരുകയുമരുത്. വിപരീതാഭിപ്രായങ്ങരം ഉണ്ടാകാനുള്ള കാരണങ്ങരം ചൂണ്ടിക്കാണിക്കയും ശരിയായ തത്ത്വങ്ങരം വിവരിക്കുകയും ചെയ്യണം.

c മുൻവിധിയുമായി കഴിയുന്നവരുടെ ശ്രദ്ധ ആകർഷകവും വിശിഷ്ടവുമായ കാര്യങ്ങളിലേക്കു തിരിക്കണം. അവരുടെ വികാരങ്ങളെ കൂടുതൽ സ്പർശിക്കുവാൻ ശ്രമിക്കയും വേണം.

d തികച്ചും ശത്രുമനോഭാവം പാലിക്കുന്നവരെ നേരിട്ടു കുററപ്പെടുത്താതെ, എല്ലാവരും യോജിക്കുന്ന കാര്യങ്ങരം ആദ്യം പറയുക. അവയിൽനിന്നു സ്വാഭാവികമായി ഉണ്ടാകുന്ന നിഗമനങ്ങളിലേക്കു് എത്തുക. അതോടെ എതിർപ്പു മാറാവുന്നതാണ്.

e ഒട്ടും താല്പര്യമില്ലാത്തവരുണ്ടാകാം. അവക്കും കൂടി ഹിതകരവും അഭിമാനകരവുമാകാവുന്ന വിഷയങ്ങരം ആദ്യം പറയുക. അനന്തരം ക്രൈസ്തവ ജീവിതകടമകരം, അന്യാപദേശങ്ങളും സംഭവങ്ങളും വഴി അനുസ്മരിക്കാം.

ഇവരെയെല്ലാം പ്രേരിപ്പിക്കുക അവരുടെ അന്തകരണത്തിൻെറ സ്വരം ശ്രവിക്കുവാൻ. വി. പൗലോസ് കൊറിന്തിലെ ജനങ്ങളുടെ മനസ്സാക്ഷിയെ സ്പർശിച്ച് എഴുതിയിട്ടുള്ളതു നോക്കുക (2 cor 4/ 1,2).

5 മനുഷ്യരെ മാനസാന്തരപ്പെടുത്തുക പ്രസാദവരത്തിൻെറ പ്രവൃത്തിയാണ്. പ്രസാദവരം നല്കുന്ന ഒരു ക്ഷുദ്രാശാനുകരണമാണ് (sacramental) സുവിശേഷപ്രസംഗം. മനുഷ്യരുടെ ഭാഗത്തു നിന്നുള്ളവ യഥാശക്തി നിർവ്വഹിച്ചാൽ പ്രസാദവരം നല്കപ്പെടുന്നതാണല്ലോ. ആകയാൽ, പ്രസംഗകൻ തനിക്കു വേണ്ടിയും ശ്രോതാക്കരംക്കുവേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്. (ഇതേപ്പററി മുമ്പു ദീർഘമായി പറഞ്ഞിട്ടുണ്ടല്ലോ). അപ്പസ്തോലന്മാർ ചെയ്തതുപോലെ സുവിശേഷപ്രസംഗകനും പരിശുദ്ധാത്മാവിൻെറ ശക്തിയിൽ ആശ്രയിച്ചുകൊണ്ടു ക്രിസ്തുനാഥൻെറ നാമത്തിൽ പ്രസംഗിക്കണം.

രണ്ടാം ഭാഗം

# പ്രസംഗത്തിനുള്ള ഒരുക്കം

പ്രസംഗകനു് ഉണ്ടായിരിക്കേണ്ട സ്വാഭാവികവും അതിസ്വാഭാവിവവുമായ ഗുണങ്ങളെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രസ്തുത ഗുണങ്ങരം സമ്പാദിക്കാനുള്ള ശ്രമം അകന്ന ഒരുക്കത്തിൽപെടും. പ്രസംഗകൻ വായനയിൽ ഉത്സുകനായിരിക്കണം. വൃഥാ വായിച്ചാൽ മാത്രം പോരാ, ഉപകാരപ്രദമായ കാര്യങ്ങരം കുറിച്ചു സൂക്ഷിക്കയും വേണം. ''പേന കൂടാതെ വായിക്കുന്നവൻ സ്വപ്നം കാണുകയായിരിക്കും'' എന്ന ആപ്തവാക്യം അത്ഥവത്താണു്. വായിക്കുന്നതോടൊപ്പം ഉദിക്കാവുന്ന പുതിയ ആശയങ്ങളും എഴുതിവയ്ക്കണം. വേറൊരു പ്രധാന കാര്യം കൂടി ഈ പൊതുവായ ഒരുക്കത്തിൽ പെടേണ്ടതാണു്. പ്രസംഗകൻ തന്റെ ജീവിത രംഗങ്ങളിലെല്ലാം ഒരു പ്രസംഗകന്റെ വീക്ഷണത്തോടെ (Preacher's eye) വ്യാപരിക്കണം. അപ്പോരം നമ്മുടെ ശ്രദ്ധയിൽ പെടുന്ന പല കാര്യങ്ങളും പ്രസംഗത്തിനു പററുന്നതായികാണും.

ഈ അകന്ന അഥവാ പൊതുവായ ഒരുക്കത്തിനു പുറമേ ഓരോ പ്രസംഗത്തിനും പ്രത്യേകമായി ഒരുങ്ങേണ്ടതുണ്ടു്. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ഡിസ്രേലി പറയുന്നു: ''നമ്മുടെ ചെറുപ്പക്കാരായ രാഷ്ട്രീയപ്രവർത്തകരുടെ ഒരു വലിയ പോരായ്ക പ്രസംഗം തയ്യാറാക്കുന്നതിൽ അവർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നതാണു്.'' സുവിശേഷ പ്രസംഗകന്റെ കാര്യത്തിൽ ഇതു കൂടുതൽ അന്വർത്ഥമാണു്. പൊതുവായി സമ്പാദിച്ചിട്ടുള്ള അറിവുകൊണ്ടു തൃപ്തിപ്പെടാതെ ഓരോ പ്രസം

ത്തിനും പ്രത്യേകം തയ്യാറാകണം. ഈ ഒരുക്കം നേരത്തെ ആരംഭിക്കുകയും വേണം.

1 ആദ്യമായി പ്രസംഗവിജയത്തിനായി പ്രാത്ഥിക്കുക. സുവിശേഷപ്രസംഗം ഒരു ദിവ്യകൃത്യമാകയാൽ അതു ഫലപ്രദമാകുവാൻ പ്രാർത്ഥന ആവശ്യമാണ്. അപ്പോരം, പ്രസംഗം സജീവവും ശക്തിയുക്തവും വിനീതവും തീക്ഷ്ണവും ഹൃദയാവജ്ജകവും കാര്യക്ഷമവുമാകും. പ്രസംഗവിഷയംതന്നെ പ്രതിദിന ധ്യാനത്തിനും വിഷയമാക്കാം. അതുവഴി പ്രസംഗകനു കൂടുതൽ ബോദ്ധ്യം ലഭിക്കും. അതു സ്വന്തം ജീവിതത്തിൽ തന്നെ പ്രാവർത്തികമാക്കുകയും ചെയ്യാം.

2 വിഷയം ദീർഘമായി പഠിക്കണം. പ്രസിദ്ധ വാഗ്മിയായ ഫാദർ ലക്കർഡയർ പറഞ്ഞു, ശ്രദ്ധാപൂർവ്വകമായ ഒരുക്കം കൂടാതെ പ്രസംഗിക്കുവാൻ മുതിരാതിരിക്കത്തക്കവിധം എനിക്കു ക്രിസ്തുവിൻെറ സുവിശേഷത്തേയും എൻെറ ശ്രോതാക്കളുടെ അറിവിനേയുംപററി അതിമാത്രം ബഹുമാനമുണ്ട്.''

ഞായറാഴ്ചത്തെ പ്രസംഗത്തെപ്പററി തലേദിവസം ചിന്തിച്ചാൽ പോരാ. തലേ തിങ്കളാഴ്ചതന്നെ ഒരുങ്ങുവാൻ തുടങ്ങണം. ഒരാഴ്ചത്തെ ഒരുക്കം ഒട്ടുംഅധികമല്ല. 15 മിനിട്ടു പ്രസംഗിക്കുവാൻ 15 മണിക്കൂർ ഒരുങ്ങുന്നതു കൂടുതലല്ലതന്നെ. കാരണം, പള്ളിയിൽ കൂടുന്ന 1000 പേരുടെ 15 മിനിട്ടു 250 മണിക്കൂറുകളാകുമല്ലോ. നല്ലവണ്ണം ഒരുങ്ങാത്ത പ്രസംഗംവഴി ദൈവത്തെ അപമാനിക്കുന്നു; ആത്മാക്കളുടെ രക്ഷ അപകടത്തിലാക്കുകയും ചെയ്യുന്നുവെന്നു ഓർക്കണം. 'ദൈവികകാര്യങ്ങരം അലക്ഷ്യമായി നിർവ്വഹിക്കുന്നവൻ ശപിക്കപ്പെട്ടവനാകുന്നു'' (ജറേ-48-10).

ഒരുക്കം കുറഞ്ഞു പോകുവാനുള്ള കാരണം മടിയല്ല; കൂടുതൽ ഇഷ്ടമുള്ള കാര്യത്തിനു സമയംമുഴുവൻ വിനിയോഗിക്കുന്നതാണ്. അതുകൊണ്ടു്, സുവിശേഷപ്രസംഗകൻ ശ്രോതാക്കളേയും പ്രസംഗത്തേയും ഇഷ്ടപ്പെടണം. പ്രസംഗം ഒരുങ്ങുവാനായി പ്രതിദിനം കുറേ സമയം നിശ്ചയിക്കുക. ഇങ്ങനെ

കഴിവതു ശ്രമിച്ചാൽ ബാക്കി ദൈവം സാധിച്ചു തരും. വി. ആഗ്ഗസ്റ്റിനോസ് പറയുന്നു: ''പ്രസംഗം കർത്താവിൻെറ മേശയാകുന്നു. അവിടെ വിളമ്പുന്നവർ വിരുന്നുകാരെ വഞ്ചിക്കരുതു്. വിളമ്പുന്നവരുടെ താല്പര്യം പോലിരിക്കും അതിഥികളുടെ വിശപ്പ്.''

ഈ ഒരുക്കത്തിൽ ഒന്നാമതായി, പ്രസംഗവിഷയത്തെപ്പററി സ്വന്തമായി ചിന്തിച്ചുകിട്ടുന്ന ആശയങ്ങൾ കുറിക്കുക. വേദപുസ്തകവും ദൈവശാസ്ത്രജ്ഞന്മാരും ആദ്ധ്യാത്മിക പിതാക്കന്മാരും മററും പറഞ്ഞിട്ടുള്ള കാര്യങ്ങൾ വായിച്ചു പഠിക്കണം. ഇതോടുകൂടി അനുദിനജീവിതത്തിലെ അനുഭവങ്ങളെ പ്രസംഗവിഷയത്തിൻെറ വെളിച്ചത്തിൽ നിരീക്ഷിച്ചുകൊണ്ടിരിക്കുക. പത്രവാർത്തകൾ, നാട്ടിൽ നടക്കുന്ന സംഭവങ്ങൾ സിനിമാ പ്രദർശനങ്ങൾ, കാണാനിടയാകുന്ന മററു കാര്യങ്ങൾ എന്നിവയെല്ലാം ഇപ്രകാരം പരിഗണിക്കേണ്ടതാണു്.

ഓരോകാലത്തു് ഓരോരോ വ്യക്തികൾ, അവർ എത്രവലിയവരായിരുന്നാലും തയ്യാറാക്കിയിട്ടുള്ള പ്രസംഗങ്ങൾ അതുപടി സ്വീകരിച്ചു് അവതരിപ്പിക്കുന്നതു ശരിയല്ല. അവയിൽ നിന്നു ശ്രോതാക്കളുടെ ആവശ്യങ്ങൾ മുൻനിറുത്തി മാത്രം വേണ്ട കാര്യങ്ങൾ സ്വീകരിക്കുക. സംഭരിച്ച ആശയങ്ങളെല്ലാം പ്രസംഗത്തിൽ പെടുത്താൻ മുതിരരുതു്. സാഹചര്യത്തിനും സമയത്തിനും പററുന്നവ മാത്രം സ്വീകരിക്കുക പ്രസംഗം എഴുതി തയ്യാറാകണം. പൂർണ്ണരൂപത്തിൽ തന്നെ. എഴുതുന്നതു് പ്രസംഗമായിട്ടുവേണം; ശ്രോതാക്കളെ മുമ്പിൽ കണ്ടുകൊണ്ടു എഴുതണം. ആശയങ്ങൾ മനസ്സിൽ ഉദിക്കുന്നവിധം രേഖപ്പെടുത്തുക. ഭാഷാഭംഗി നോക്കേണ്ടതില്ല. എഴുതിക്കഴിഞ്ഞു് വേണ്ടാത്തതു് വിട്ടുകളഞ്ഞു ശരിപ്പെടുത്താം. ''Write in a heat and Correct Coolly; Creation and Criticism should not be done at the same time'' (Fr. sharp).

# പ്രസംഗ സൃഷ്ടി

സംഭരിച്ചആശയങ്ങൾ രൂപപ്പെടുത്തുന്നതിനെപ്പററി ഇനി ചിന്തിക്കാം. മൂന്നുകാര്യങ്ങൾ ശ്രദ്ധിക്കണം.

1 പ്രസംഗത്തിൻെറ ഉദ്ദേശ്യം നിശ്ചയിക്കുക.

2 അതനുസരിച്ച് വിഷയസംവിധാനം ചെയ്യുക.

3 പ്രസംഗത്തിൻെറ വിവിധഭാഗങ്ങൾ വിശദീകരിക്കുക.

## 1. പ്രസംഗത്തിൻെറ ഉദ്ദേശ്യം നിശ്ചയിക്കുക.

ഇതു് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ''ഉദ്ദേശ്യരഹിതനായി ഒരിക്കലും പ്രസംഗപീഠത്തിൽ കയററരുതു്'' എന്നു് വിശുദ്ധ ഫ്രാൻസിസ് സാലേസ് ഉപദേശിച്ചിരിക്കുന്നു. കാർഡിനൽ ന്യൂമാൻെറ വാക്കുകളും ശ്രദ്ധേയമത്രേ. ''സുനിശ്ചിതത്വം പ്രസംഗത്തിൻെറ ജീവനാണ്; നിശ്ചിത ശ്രോതാക്കൾ, അല്ലാതെ ലോകം മുഴവനുമല്ല; നിശ്ചിത വിഷയം അല്ലാതെ സുവിശേഷം മുഴവനുമല്ല.'' ഈ പ്രസംഗം വഴി, ഈ ശ്രോതാക്കൾക്ക് എന്തു നന്മയാണു കൈവരുത്തേണ്ടതെന്നു വ്യക്തമായി നിശ്ചയിക്കണം. അതിനായി ഏതെല്ലാം ആശയങ്ങളാണു പ്രത്യേകം പറയേണ്ടതെന്നു കണ്ടു വയ്ക്കണം. ഇതിനു കുറെ സമയം വിനിയോഗിക്കേണ്ടതാണ്. ശ്രോതാക്കൾക്ക് ആവശ്യമുള്ളതാണു പറയേണ്ടതു്; അല്ലാതെ താല്പര്യമുള്ളതല്ല. അവരുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടു കാര്യമായപ്രയോജനമില്ല.

ശ്രോതാക്കളുടെ ആവശ്യം പലതരത്തിലായിരിക്കും. അതനുസരിച്ചു ദുശ്ശീലങ്ങളെ ജയിക്കുവാനും പരിഹാരമനുഷ്ഠിക്കാനും സുകൃതങ്ങൾ സമ്പാദിക്കുവാനും സേവനസന്നദ്ധരാകുവാനും അവരെ പ്രോത്സാഹിപ്പിക്കേണ്ടിവരും.

ശ്രോതാക്കളെ പലതായി തിരിക്കാം. അവർ ദരിദ്രരോ, സമ്പന്നരോ, ആകാം; അജ്ഞരോ വിജ്ഞാനികളോ ആകാം.

പാപികളോ, പുണ്യത്തിൽ താല്പ്യമുള്ളവരോ ആകാം; നിരാശയിൽ കഴിയുന്നവരും മതഭക്തരുമാകാം.

അവരുടെ സാഹചര്യങ്ങളും പലവിധത്തിലായിരിക്കും. അവരെ സ്വാധീനിക്കുന്ന സിനിമകൾ, പ്രസിദ്ധീകരണങ്ങൾ, മതസമ്മേളനങ്ങൾ, രാഷ്ട്രീയപാർട്ടികൾ, ഇടവകയെ പ്രത്യേകം ബാധിക്കുന്ന കാര്യങ്ങൾ, ഒരു പ്രധാന വ്യക്തി മൂലമുണ്ടായ ഇടർച്ച, പ്രബലപ്പെട്ടിരിക്കുന്ന ദുശ്ശീലങ്ങൾ ഉദാ:- മദ്യപാനം, കുടുംബകലഹങ്ങൾ, വ്യക്തി വിദ്വേഷം-എന്നിവയെല്ലാം മുമ്പിൽ കണ്ടുകൊണ്ടു പ്രസംഗത്തിന്റെ ഉദ്ദേശ്യം നിശ്ചയിക്കുക. എന്നാൽ, പ്രസംഗത്തിനിടയ്ക്കു പ്രസിദ്ധീകരണങ്ങളുടേയോ സിനിമകളുടേയോ വ്യക്തികളുടേയോ പേരുകൾ ഒരിക്കലും പറയരുത്. തെററായ ആശയങ്ങൾമാത്രം ചർച്ചചെയ്താൽ മതി.

## 2 പ്രസംഗത്തിന്റെ രൂപകൽപ്പന (Planning)

പ്രത്യേക ഉദ്ദേശ്യം സാധിക്കത്തക്കവിധം വിഷയം സംവിധാനം ചെയ്യണം. ''Planning is the heart of the speech, speech minus plan is a talk'' (Fr. Sharp).

പ്രസംഗകനു നല്ല ചിന്തകൾ ധാരാളം ഉണ്ടാകാം. എന്നാൽ, അവ ശരിയായി സംവിധാനം ചെയ്യുവാൻകൂടി കഴിയണം. അതു് അത്ര എളുപ്പമല്ല. ശരിയായി പ്രസംഗം പ്ലാൻ ചെയ്യുക പ്രസംഗ വിജയത്തിനു് ആവശ്യമാണു്. അതു ശരിയാകുന്നില്ലെങ്കിൽ പ്രസംഗം പരാജയപ്പെടും. ആകയാൽ, വേണ്ടത്ര സമയമെടുത്തു പ്ലാൻ തയ്യാറാക്കണം. ശ്രോതാക്കളുടെ ആവശ്യത്തിനെന്നപോലെ വിഷയത്തിനും അവസരത്തിനും പ്രസംഗകനും പററുന്നതായിരിക്കണം പ്ലാൻ. ആദ്യം തയ്യാറാക്കുന്ന പ്ലാൻ ഒന്നോ രണ്ടോ പ്രാവശ്യം മാറേറണ്ടിവരും. എന്നാൽ, അവസാനമില്ലാതെ മാററിമറിച്ചുകൊണ്ടുപോകരുതു്.

### വിഷയസംവിധാനം പലവിധത്തിലാകാം

a സമയക്രമമനുസരിച്ചുള്ള പ്ലാൻ (Chronological Plan) ഒരു ജീവിത ചരിത്രത്തേയോ, സംഭവപരമ്പരയേയോ ആസ്പ

ദിച്ചു പ്രസംഗിക്കാൻ ഈ പ്ലാൻ കൂടുതൽ പററുന്നതാണ്. തിരുസ്സഭാചരിത്രം ചർച്ചചെയ്യുവാനും ഈ പ്ലാനാണു നല്ലതു്.

b കാര്യകാരണ ചിന്തകൾക്ക പ്രാധാന്യം കല്പിച്ചുള്ള പ്ലാൻ (Logical or Classical Plan). ഇതു് വാദപ്രതിവാദത്തിനും ആശയസമർത്ഥനത്തിനും പററിയതാണ്. വിഷയനിവ്വചനം, വിഭാഗങ്ങൾ, തെളിവുകൾ, എതിർ വാദങ്ങൾ ഇങ്ങനെ പലതും ഈ പ്ലാനിൽപെടും. ഉപദേശങ്ങൾക്ക് ഇതു കൂടുതൽ പററും. അപഗ്രഥനരീതിയിലോ ഉപഗ്രഥന രീതിയിലോ (Analytical or Synthetjcal) വിഷയം അവതരിപ്പിക്കാം.

c ഒരു വാക്യത്തെ ആസ്പദമാക്കിയുള്ള പ്ലാൻ (Textual Plan)-വിഷയത്തിനു പററിയ ഒരു ബൈബിൾ വാക്യത്തെ ആസ്പദമാക്കി ആശയം സംവിധാനം ചെയ്യാം. ഉദാ:-''ലോകം മുഴവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തു ഫലം.''

d പ്രസംഗത്തിലെ പ്രധാന ആശയത്തെ വിവരിച്ചുകൊണ്ടുള്ള പ്ലാൻ (Topical Plan) പ്രധാന ആശയത്തിൻെറ വിവിധ ഭാഗങ്ങൾ ഓരോന്നായെടുത്തു ക്രമപ്പെടുത്തിക്കൊണ്ടു് പ്രസംഗം ആസൂത്രണം ചെയ്യുന്നു. ഉദാ:- കുമ്പസാരത്തിനു വേണ്ട കാര്യങ്ങൾ

e താരതമ്യം ചെയ്തുകൊണ്ടുള്ള പ്ലാൻ (Contrasted Plan) പ്രസംഗവിഷയത്തെ വേറൊന്നിനോട് താരതമ്യപ്പെടുത്തി വിഷയം രൂപപ്പെടുത്തുന്നു. ഇതിനു Parallel Plan എന്നും പറയാം. ഒരു വസ്തുവും അതിൻെറ പ്രതീകവും തമ്മിൽ താരതമ്യം ചെയ്തു വിഷയം അവതരിപ്പിക്കുന്നു. ഉദാ:- വി. കുർബ്ബാനയും മന്നയും, കുരിശിലെ ബലിയും അൾത്താരയിലെ ബലിയും.

f മനഃശാസ്ത്രപരമായ പ്ലാൻ (Psychological Plan) ശ്രോതാക്കളുടെ തല്ക്കാല മനോഭാവങ്ങൾക്ക പ്രാധാന്യം നൽകിക്കൊ

ണ്ടു് വിഷയം സംവിധാനം ചെയ്യുക. ഉദാ:- റോമൻ സീസറിൻെറ വധത്തെ തുടർന്നു മാർക്കു് ആൻറണി ചെയ്ത പ്രസംഗം.

g അന്യാപദേശത്തെ ആസ്പദിച്ചുള്ള പ്ലാൻ (Parabolical Plan) ഒരു ഉപമയോ ഒരു സംഭവംതന്നെയോ അവതരിപ്പിച്ചുകൊണ്ടു് അതിനെ ആസ്പദമാക്കി പ്രസംഗം ക്രമപ്പെടുത്തുക. സാധാരണ ജനങ്ങൾക്കു് ഇതു കൂടുതൽ ഉപകാരം ചെയ്യും. ഉദാ:-സുവിശേഷത്തിലെ അന്യാപദേശങ്ങൾ.

## 3 വിശദീകരണം

സംവിധാനം ചെയ്തതനുസരിച്ചു വിഷയം വിശദീകരിക്കുകയാണു് ഇനി ചെയ്യേണ്ടതു്. എന്നാൽ, ആദ്യമായി പ്രസംഗദൈർഘ്യം നിശ്ചയിക്കണം. സമയത്തിനു പററുന്നവിധം വിഷയം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യണം. പൊതുവേ പറഞ്ഞാൽ പ്രസംഗം ഹ്രസ്വവും ഹൃദ്യവുമായിരിക്കണം. ''മിതം ച സാരം ച വചോ ഹിവാഗ്മിത:'' അധികം പ്രസംഗിക്കുന്നതു് അധികം ഭക്ഷിക്കുന്നതുപോലിരിക്കും. അമിതഭക്ഷണം ഉദരത്തിനെന്നപോലെ അധികം പ്രസംഗിക്കുന്നതു് ചെവികൾക്കും ഹാനികരമാകുമെന്നു വി. ഗ്രിഗറി നസിയാൻസൻ പറയുന്നു. വി. തോമസ് അക്വീനാസിൻെറ അഭിപ്രായത്തിൽ ഹ്രസ്വമായ പ്രസംഗങ്ങളാണു നന്നായി കേൾക്കുന്നതു്. അവ നല്ലതാണെങ്കിൽ കൂടുതൽ താല്പര്യത്തോടെ സ്വീകരിക്കുന്നു. എന്നാൽ, അവ നീണ്ടതാണെങ്കിൽ അല്പം ഫലം മാത്രം ഉളവാക്കുന്നു. അഞ്ചു മിനിററുകൊണ്ടു ശ്രോതാക്കളെ സ്വാധീനിക്കാൻ കഴിയുന്നില്ലെങ്കിൽ കൂടുതൽ പറയുന്നതുകൊണ്ടു് പ്രയോജനമില്ലെന്നാണു പണ്ഡിതമതം. പ്രസംഗ സമയം നിശ്ചയിക്കുമ്പോൾ വിഷയത്തിൻെറ സ്വഭാവം, അവസരത്തിൻെറ പ്രാധാന്യം, പ്രസംഗത്തിൻെറ ഉദ്ദേശ്യം എന്നിവ കണക്കിലെടുക്കേണ്ടതുണ്ടു്.

വിശദീകരണം അനുസരിച്ചിരിക്കും പ്രസംഗവിജയം. ആശയങ്ങൾ സംഗ്രഹിക്കുകയല്ല പരത്തിപ്പറയുകയാണു് ആവശ്യം. വിഷയത്തിൻെറ നിർവ്വചനം വിവരണമായി നൽകണം. അതോടുകൂടി വിഷയത്തിൻെറ വിവിധ

ഭാഗങ്ങരം ഓരോന്നായി വിവരിക്കാം. ഉദാഹരണങ്ങരം നൽകി പ്രധാന ആശയങ്ങരം കൂടുതൽ വ്യക്തമാക്കുകയും സമത്ഥിക്കുകയും ചെയ്യാം. പ്രായോഗികവശങ്ങരം നിർദ്ദേശിക്കേണ്ടതാണ്.

വിവരണത്തിൽ വാക്കുകരം ആവർത്തിച്ചു പറഞ്ഞെന്നു വരും. വിഷയത്തിൻെറ പ്രാധാന്യം കാണിക്കുവാൻ ഇതു് ആവശ്യമാണ്. മലയിലെ പ്രസംഗത്തിൽ ''അനുഗൃഹീതർ'' എന്ന പദം ആവർത്തിക്കുന്നുണ്ടല്ലോ.

ആശയങ്ങളും ആവർത്തിച്ചു പറയേണ്ടിവരും. സുവിശേഷത്തിലെ അന്യാപദേശങ്ങരം ഇതിനു് ഉദാഹരണങ്ങളാണ്. ദൈവരാജ്യത്തെപ്പററി പ്രസംഗിച്ചപ്പോരം ക്രിസ്തുനാഥൻ അതിനെ വയലിനോടും നിധിയോടും മുത്തിനോടും പുളിമാവിനോടും കടുകുമണിയോടും ഉപമിച്ചു വിശദീകരിക്കുന്നു. ദൈവത്തിൻെറ സ്നേഹം വ്യക്തമാക്കാൻ ധൂർത്തപുത്രൻേറയും കാണാതെ പോയ ആടിൻേറയും നഷ്ടപ്പെട്ട നാണയത്തിൻേറയും ഉപമകരം പറഞ്ഞുകൊടുക്കുന്നു. ഒരു തെളിവുതന്നെ പലവിധത്തിൽ നൽകി വിഷയം സമത്ഥിക്കേണ്ടിവരും. പ്രാത്ഥനയ്ക്കുവേണ്ട ലക്ഷണങ്ങരം പഠിപ്പിക്കുവാൻ ദിവ്യഗുരു ഫരിസേയൻെറയും ചുങ്കക്കാരൻേറയും വിരുന്നുകാരനെ സൽക്കരിക്കുവാൻ അപ്പത്തിനുവന്ന സ്നേഹിതൻേറയും വിധവയുടെയും കാനാൻകാരി സ്ത്രീയുടേയും മാതൃക സുന്ദരമായി അവതരിപ്പിക്കുന്നു.

ശ്രോതാക്കളുടെ സ്ഥിതിഅനുസരിച്ചു വിശദീകരണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യണം. അറിവുള്ളവരെ അപേക്ഷിച്ചു് അജ്ഞരോടു സംസാരിക്കുമ്പോരം കൂടുതൽ വിശദീകരണം വേണ്ടിവരും. വിശദീകരിക്കുന്നതിനുള്ള കഴിവു സമ്പാദിക്കുവാൻ നല്ല വിശദീകരണങ്ങളുള്ള പുസ്തകങ്ങരം വായിച്ചു പഠിക്കണം. വേണ്ടത്ര ഭാഷാസ്വാധീനം സമ്പാദിക്കയും വേണം.

# പ്രസംഗകൻെറ ഭാഷ

പ്രസംഗകന് ആശയസമ്പത്തിനോടൊപ്പം ഭാഷാപാണ്ഡിത്യവും വേണം. ഭാഷാരീതിയാണു പ്രസംഗത്തിനു രസാനുഭൂതി പകരുന്നത്. പോഷകഗുണം കുറഞ്ഞാലും, രുചികരമായി പാകപ്പെടുത്തി, ഹൃദ്യമായി വിളമ്പുന്ന ഭക്ഷണം ആസ്വാദ്യമായിരിക്കുമല്ലോ. ഭാഷാശൈലിപ്രസംഗകൻെറ വ്യക്തിത്വത്തെ വ്യക്തമാക്കുന്നു (Style is the man). പലരും പറഞ്ഞിട്ടുള്ള ആശയം തന്നെ പ്രസംഗിക്കേണ്ടിവരും. എന്നാൽ, അതു് പുതിയൊരു ശൈലിയിൽ അവതരിപ്പിക്കണം. രീതിയിലുള്ള ഈ പ്രത്യേക പുതുമ പ്രസംഗകൻെറ കല്പനാവൈഭവത്തിൻേറയും പ്രതിഭാ വിലാസത്തിൻേറയും ഫലമാണു്.

പദങ്ങൾ -

''ഏക: ശബ്ദ സമ്യഗ്ജ്ഞാത:
സുപ്രയുക്ത: സ്വർഗ്ഗേ ലോകേ കാമ ധുഗ്
ഭവതി'' ഈ പദ്യശകലം വ്യക്തമാക്കുന്നതുപോലെ അത്ഥം ശരിയായി ഗ്രഹിച്ച് ഔചിത്യപൂർവ്വം പ്രയോഗിക്കുന്ന ഒരു വാക്കു സ്വർഗ്ഗത്തിലും ഭൂമിയിലും കാമധേനുവായി ഭവിക്കുന്നു; അങ്ങനെ പ്രസംഗകൻ സർവ്വാഭീഷ്ടങ്ങളും കൈവരുത്തുന്നു. ആകയാൽ, അദ്ദേഹത്തിനു വാക്കുകളെപ്പററി സൂക്ഷ്മബോധം വേണം.

ഒരാശയത്തെ പ്രതിനിധാനം ചെയ്യുന്ന ശബ്ദമോ ശബ്ദങ്ങളോ ആണു പദം. ചിന്തകൾക്കു ചരിക്കുവാനുള്ള ചിറകുകളാണു പദങ്ങൾ. ഒരേ അത്ഥമുള്ള രണ്ടു പദങ്ങളില്ലെന്നു പറയാം. അതായതു് ആശയപ്രകാശനത്തിനു ഏതെങ്കിലും പദം മതിയെന്നു കരുതരുതു്. പദദാരിദ്ര്യം അറിവിൻെറ ദാരിദ്ര്യമാണു കാണിക്കുന്നതു്. ''അറിയാം, പക്ഷേ, പറയാൻ അറിയില്ല'' എന്നു പറയുന്നതു മുഴുവൻ ശരിയല്ല. അറിവുണ്ടെങ്കിൽ അതു് എങ്ങനെയെങ്കിലും പ്രകാശിപ്പിക്കാം. പദസ്വാധീനം ആശയസമ്പത്തിനെ കാണിക്കുന്നു നല്ല ഗ്രന്ഥങ്ങൾ വായിച്ചു ഭാഷ പഠിക്കണം. ഉപരിപ്ലവമായ വായനകൊണ്ടു പ്രയോജനമില്ല. പലഗ്രന്ഥങ്ങൾ വായിച്ചുതീർക്കുവാൻ തത്രപ്പെടുന്നതു

ഫലശൂന്യം. പുസ്തകത്തിലെ പദപ്രയോഗങ്ങരം പ്രത്യേകം വശമാക്കണം, നല്ല പദ്യങ്ങരം മനഃപാഠമാക്കുന്നതു കൊള്ളാം. അങ്ങനെ സുന്ദര പ്രയോഗങ്ങളും അലങ്കാരങ്ങളും സ്വന്തമാക്കാം. മററു ഭാഷകളിൽനിന്നു തർജ്ജമചെയ്തു പഠിക്കുന്നതും പ്രയോജന പ്രദമാണ്. മഹാവാഗ്മിയായിരുന്ന സിസറോ അങ്ങനെ ചെയ്തിരുന്നു.

സാധാരണ സംസാരത്തിലും ശരിയായ പദങ്ങരം ഉപയോഗിക്കുക. അതു പ്രസംഗിക്കാനുള്ള നല്ല ഒരുക്കമാണ്. പദങ്ങരം ശരിയായി ഉച്ചരിക്കുവാനും ശ്രമിക്കണം. ഇല്ലെങ്കിൽ എഴുതുമ്പോഴും തെററിക്കും. അർത്ഥം നിശ്ചയമില്ലാത്തപദങ്ങരം ഒരിക്കലും ഉപയോഗിക്കരുതു്. 'പരിവട്ട'ത്തിനു് പഴന്തുണിയെന്നു് അർത്ഥമില്ല. 'ആകാംഷ', ഉൽക്കണ്ഠയല്ല. 'അധികരിക്കുക' എന്നതിനു് വർദ്ധിക്കുക എന്നും 'അതിശയിക്കുക' എന്നതിനു് അത്ഭുതപ്പെടുക എന്നുമല്ല അർത്ഥം.

പദങ്ങളുടെ ശരിയായ രൂപവും മനസ്സിലാക്കിയിരിക്കണം. ഉദാ: 'നിഷ്ഠൂരം' അല്ല നിഷ്ഠുരം; 'വിമ്മിഷ്ടം' അല്ല വിമ്മിട്ടം; 'തടസ്ഥം' അല്ല തടസ്സം. പീഢ' അല്ല പീഡ; 'ജേഷ്ടൻ' അല്ലജ്യേഷ്ഠൻ: പ്രാർത്ഥന 'ചെല്ലുക'യല്ല ചൊല്ലുകയാണു്; 'മഹൽശക്തി' അല്ല മഹച്ഛക്തി; 'മനോസുഖം' മനസ്സുഖമല്ല;

ഒരു വാക്കിനു തന്നെ പലതരത്തിലുള്ള അർത്ഥമുണ്ടാകാം. പറയുന്ന വിധത്തിൽ നിന്നും സാഹചര്യങ്ങളിൽ നിന്നുമാണു് ഈ വ്യത്യാസം ഉണ്ടാകുന്നതു്

1 യുക്തിയുക്തമായ അർത്ഥം–Rational meaning''
2 വികാരപരമായ അർത്ഥം–Emotional''
3 സന്മാർഗ്ഗപരമായ അർത്ഥം–Ethical''
4 ആലങ്കാരികമോ കലാപരമോ ആയ അർത്ഥം–Esthetical''

''കൊള്ളാം'' എന്ന പദം ഈ അർത്ഥഭേദമെല്ലാം ജനിക്കത്തക്കവിധം പറയാവുന്നതാണു്

## വാക്കുകൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ-

1 വ്യക്തത-Clarity-ആശയം പൂർണ്ണമായി വ്യക്തമാക്കുവാൻ പററുന്ന പദമായിരിക്കണം.

2 ശക്തി-(Force)-ആശയം ശക്തിപൂർവ്വം അവതരിപ്പിക്കുവാൻ പററണം. ശരിയായപദം ശരിയായസ്ഥാനത്തു വച്ചാൽ ശക്തി വർദ്ധിക്കും. എന്നാൽ, ഇതിനുവേണ്ടി സാങ്കേതിക പദങ്ങൾ ഉപയോഗിക്കരുതു്. തർജ്ജമ ചെയ്യുമ്പോൾ പദാനപദം ആകാതിരിക്കാൻ സൂക്ഷിക്കുക.

3 സൗന്ദര്യം-(Beauty)-അർത്ഥത്തിനു പററുന്ന ശബ്ദമുള്ള പദങ്ങൾ ഉപയോഗിച്ചാൽ സുന്ദരമായിരിക്കും. ഉദാ: ആശയ ഗാംഭീര്യം, സുമസുന്ദരം, താളമേളങ്ങൾ, കഠിനകഠിനം.

4 അനാർഭാടം- ആർഭാടത്തിനുവേണ്ടി, ശബ്ദഘോഷമുണ്ടാക്കാനായി മാത്രം പദങ്ങൾ ഉപയോഗിക്കരുതു്, അതു് വെറും വാചാലതയാകും. സത്യം ശാലീനമെങ്കിൽ അസത്യം ആർഭാടമയമായിരിക്കും.

5 നിരർത്ഥകപദങ്ങൾ ഉപയോഗിക്കരുതു്.

'ആ, ഈ, ഇതാ, ആയ, അതെ' മുതലായ പദങ്ങൾ അനാവശ്യമായി ഉപയോഗിക്കരുതു്.

6 ഒരേ അർത്ഥത്തിലുള്ള പദങ്ങൾ വൃഥാ ആവർത്തിക്കരുതു്. ഉദാ: നിശ്ചയമില്ല, തീർച്ചയില്ല; ഉപകാരമില്ല, പ്രയോജനമില്ല.

7 സംസ്കാരശൂന്യവും സഭ്യേതരവുമായ വാക്കുകൾ വർജ്ജിക്കണം. ''ദേശം തോറും ഭാഷ'' എന്ന തത്വം മറക്കരുതു്. ഒരു സ്ഥലത്തു സഭ്യമായതു മറെറാരു സ്ഥലത്തു് അസഭ്യമാകാം.

# വാക്യങ്ങൾ

ഒരു പൂർണ്ണമായ ആശയത്തിൻെറ വാഗ്രൂപമായ പ്രകാശനമാണു വാക്യം അഥവാ വാചകം. വാക്യങ്ങറം പല തരമുണ്ടു്.

1 ചൂർണ്ണിക (Simple Sentence)-ആശയങ്ങറം അവതരിപ്പിക്കുവാൻ ചെറിയ വാക്യങ്ങറം കൂടുതൽ പര്യാപ്തമാണു്, ഒരു വലിയ സദസ്സിൽ പ്രത്യേകിച്ചും. എന്നാൽ, ചൂർണ്ണിക മാത്രം ഉപയോഗിച്ചാൽ വിരസതയുണ്ടാകും. പ്രസംഗത്തിൻെറ ആരംഭത്തിൽ എപ്പോഴും ചൂർണ്ണികയാണു സ്വീകാര്യം.

2 മഹാവാക്യം (Compound Sentence)-അധികം ആശയങ്ങറം ഒരുമിച്ചു് അവതരിപ്പിക്കുവാൻ മഹാവാക്യം കൂടുതൽ ഉപകരിക്കും.

3 സങ്കീർണ്ണവാക്യം (Complex Sentence)-ആശയങ്ങറം ശക്തിയുക്തം അവതരിപ്പിക്കുവാൻ സങ്കീർണ്ണവാക്യങ്ങളാണു സ്വീകാര്യം.

ഈ വാക്യങ്ങളെല്ലാം ഇടകലർത്തി ഉപയോഗിക്കേണ്ടതാണു്. ശ്രോതാക്കറം അധികം അറിവുള്ളവരാണെങ്കിൽ വലിയ വാക്യങ്ങറം കൂടുതൽ ഉപയോഗിക്കാം. പക്ഷേ, നീണ്ടവാചകങ്ങറം പറയുവാനും കേട്ടു ഗ്രഹിക്കുവാനും വിഷമമുണ്ടു്. വാക്യത്തിൻെറ ഘടന തെററാം; ആദ്യം കേട്ടകാര്യങ്ങറം മറന്നു പോയെന്നും വരാം; അവയെപ്പററി സംശയവുമുണ്ടാകാം.

ചില വാക്യങ്ങറം ചോദ്യരൂപത്തിലാകാം. ഉദാ: ''പാപം തികച്ചും നികൃഷ്ടമല്ലയോ?'' ചിലതു് ആജ്ഞാരൂപത്തിലാകാം. ഉദാ: ''നിങ്ങളിങ്ങനെ ചെയ്യണം.'' ചില മുറിവാക്യങ്ങറം ശക്തി കിട്ടുവാനായി ഉപയോഗിക്കാം. ഉദാ: പാപ

ത്തിനുള്ള ശിക്ഷ വിവരിച്ചതിനുശേഷം അങ്ങനെ നശിക്കുന്നു; എത്രയൊ നിർഭാഗ്യകരം!

**വാക്യങ്ങളുടെ ഘടന–**

ഒരു വാക്യത്തിലെ പദങ്ങൾ തമ്മിൽ ദൃഢമായ ബന്ധം ഉണ്ടായിരിക്കണം. ഉപവാക്യങ്ങൾ അധികമാകരുത്. വിശേഷണ വിശേഷ്യങ്ങൾ അടുത്തു പ്രയോഗിക്കുവാൻ ശ്രദ്ധിക്കണം. ദൂരാന്വയം ഗദ്യത്തിന് ഒട്ടും പററിയതല്ല. സമസ്ത പദത്തിൽ വിശേഷണങ്ങൾ ചേർക്കരുത്. വൃഥാ ''ആയി, ആയ'' പ്രയോഗിക്കരുത്. ഉദാ: പ്രാത്ഥന വഴിയായി പ്രാത്ഥന വഴി; നല്ലതായ കാര്യം-നല്ലകാര്യം എന്നിങ്ങനെ മതി.

സമുച്ചയങ്ങൾ നീട്ടിവലിച്ച വാചകത്തിനു മുറുക്കമില്ലാത്തതാക്കരുത്. സമുച്ചയിക്കുമ്പോൾ കാലവ്യത്യാസവും രൂപ വ്യത്യാസവും നോക്കണം. ഉദാ: ഈശോ കുരിശു മരണം വരിക്കുകയും വി. കുർബ്ബാനയിൽ സദാ വസിക്കുകയും ചെയ്യുന്നു. ഈശോയുടെ കുരിശുമരണവും അവിടുന്നുപാപങ്ങൾ മോചിക്കുന്നതും തൻെറ സ്നേഹമല്ലയോ വ്യക്തമാക്കുന്നത്. കർമ്മണി പ്രയോഗം കഴിയുന്നത്ര ഒഴിവാക്കണം. ഉദാ: മിശിഹായിൽ രക്ഷപ്പെട്ടവർ-മിശിഹാ രക്ഷിച്ചവർ'' എന്ന വാചകത്തിനു ശക്തി ഉണ്ടായിരിക്കണം അതിന് പ്രധാനാശയം വാചകത്തിൻെറ പ്രധാന ഭാഗത്തു തന്നെ വരണം; ഉപവാക്യങ്ങളിൽ ആയിപ്പോകരുത്. വാക്യത്തിലെ ഓരോ വാക്കും അടുത്തവാക്കിൽ നിന്നു സ്വഭാവികമായി ഒഴുകി വരണം.

## ഖണ്ഡിക

ഒരു പുതിയ ആശയം പൂണ്ണമായോ ഭാഗികമായോ ഖണ്ഡികയിലവതരിപ്പിക്കുന്നു. ഒന്നിലധികം ആശയങ്ങൾ ഒരേ ഖണ്ഡികയിൽ കടന്നു കൂടരുത്. ഖണ്ഡികയിലെ വാക്യങ്ങൾ തമ്മിൽ ദൃഢമായ ഐക്യമുണ്ടായിരിക്കണം. അതിലെ ആശയത്തിനും ഈ ഐക്യം ആവശ്യമാണ്. ആവശ്യമില്ലാത്ത വാക്യങ്ങളും ആശയങ്ങളും ഇടയ്ക്കു വരരുത്.

ഖണ്ഡികകൾ തമ്മിൽ പരസ്പരബന്ധമുണ്ടായിരിക്കണം. മുൻപത്തെ ഖണ്ഡികയിൽനിന്ന് പിറകേവരുന്ന ഖണ്ഡിക സ്വാഭാവികമായി പുറപ്പെടണം. അപ്പോൾ പ്രസംഗ വിഷയത്തിൻെറ വിവിധഭാഗങ്ങൾ അനുക്രമം വികസിച്ചു വരും.

ഖണ്ഡികകളുടെ ഉദ്ദേശ്യമനുസരിച്ച് അവയെ ഇങ്ങനെ തിരിക്കാം.

1 ആശയം അവതരിപ്പിക്കുന്ന ഖണ്ഡിക.
2 ഒരാശയം സമർത്ഥിക്കുന്നതു്.
3 പ്രായോഗികവശം വ്യക്തമാക്കുന്നതു്.
4 വിഷയസംഗ്രഹമായുള്ളതു്.

ഈ കാര്യങ്ങൾ ഒരേ ഖണ്ഡികയിൽതന്നെ കൂട്ടിക്കുഴച്ചു പറയരുതു്. അങ്ങനെ ചെയ്താൽ, ഒന്നും വ്യക്തമാകാതെവരും. ആകയാൽ, ഖണ്ഡികയുടെ പ്രത്യേകോദ്ദേശ്യം കാണിക്കത്തക്ക വിധം അതിന്റെ ആരംഭത്തിൽതന്നെ ഒരു വാക്യമെഴുതുക. ഇതിനു സൂത്രവാക്യമെന്നു പേർ. ഈ വാക്യത്തിലെ ആശയമാണു് ഒരു ഖണ്ഡികയായി വികസിപ്പിക്കേണ്ടതു്.

## ഒരു ഖണ്ഡിക രൂപം പ്രാപിക്കുന്ന വിധം–

1 വിഷയം അവതരിപ്പിക്കുന്ന ഖണ്ഡിക ഇങ്ങനെ രൂപപ്പെടുത്താം.

a സൂത്രവാക്യം കുറിക്കുക.

b അതിന്റെ നിർവ്വചനം എഴുതുക. ഇതു് ശാസ്ത്രീയമാകരുതു്, വിവരണമായി നൽകണം.

c അതേആശയംതന്നെ ആവർത്തിച്ചു മററു വാക്കുകളിൽ പറയുക.

d വിഷയത്തിന്റെ എതിർവശം അവതരിപ്പിക്കുക. ആശയം വ്യക്തമാക്കാൻ ഇതു വളരെ ഉപകരിക്കും. എന്നാൽ, എതിർവശത്തിനു് വലിയ പ്രാധാന്യം കല്പിക്കരുതു്. കാരണം, ശ്രോതാക്കൾ വിഷയത്തിന്റെ ശരിയായ വശങ്ങൾ കാണാതെ അതിന്റെ എതിർവശത്തിനു കൂടുതൽ പ്രാധാന്യം കല്പിച്ചേക്കാം.

2 വിഷയം സമർത്ഥിക്കുന്ന ഖണ്ഡിക ഇങ്ങനെ രൂപപ്പെടുത്താം

a സാമാന്യതത്വം ആദ്യം പറയുക.

b അതുതന്നെ മററു വാക്കുകളിൽ ആവർത്തിക്കുക.

c അതിനു പററുന്ന പൊതുവായ ഉദാഹരണങ്ങൾ നല്കുക.

d പ്രത്യേകമായ ഉദാഹരണങ്ങൾ നൽകുക.

e ഒരു സാക്ഷ്യം ഉദ്ധരിക്കുക.

3 പ്രായോഗികവശം വ്യക്തമാക്കുന്ന ഖണ്ഡിക ഇങ്ങനെ രൂപപ്പെടുത്താം.

a വിഷയം സംബന്ധിച്ചും സാമാന്യമായി എന്താണു ചെയ്യേണ്ടതു്.

b എന്തു ചെയ്യരുതു്.

c സ്വന്തം ജീവിതം സംബന്ധിച്ച പ്രത്യേകമായി എന്തു ചെയ്യണം.

d അന്യരുടെ മാതൃക.

4 ഉപസംഹാരമായിട്ടുള്ള ഖണ്ഡിക ഇങ്ങനെ രൂപപ്പെടുത്താം.

a പ്രസംഗത്തിൽ ചർച്ചചെയ്ത വിഷയം സംഗ്രഹമായി അനുസ്മരിക്കുക.

b അതിൽ നിന്നു സ്വീകരിച്ചിരിക്കുന്ന തീരുമാനങ്ങൾ ഓർക്കുക.

c അവ പ്രാവർത്തികമാക്കാനുള്ള അനുഗ്രഹം അപേക്ഷിക്കുക.

ആവശ്യംപോലെ ഈ ഖണ്ഡികകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിവരും. എന്നാൽ, അവ തമ്മിൽ വ്യക്തമായ ബന്ധം ഉണ്ടായിരിക്കണം. ഈ ബന്ധം വ്യക്തമാക്കുവാൻ ഒരു പൂർണ്ണ വാക്യമോ, വാചക ഭാഗമോ, പദമോ ഉപയോഗിക്കാം.

ഉദാ: ഇത്രയും സമയം പൗരോഹിത്യത്തിൻെറ മഹാത്മ്യത്തെക്കുറിച്ച സംസാരിച്ചു; ഇനി അതിൻെറ കടമകളെപ്പററി ചിന്തിക്കാം.

ഘടകപദങ്ങൾ പലതരത്തിലുണ്ടു്.

1 സമയത്തെ ആസ്പദമാക്കി ഈ ഘടന ഉളവാക്കാം. അപ്പോൾ, അനന്തരം.

2 സ്ഥലത്തെ ആസ്പദമാക്കി-അവിടെ, ഇവിടെ.

3 വിധം വ്യക്തമാക്കിക്കൊണ്ടു്–ഇപ്രകാരം, ഇങ്ങനെ, അങ്ങനെ.

4 വ്യവസ്ഥ അവതരിപ്പിച്ചുകൊണ്ടു്-ഇങ്ങനെ ചെയ്തി ല്ലെങ്കിൽ; അങ്ങനെ പോയാൽ.

5 കാരണം ചൂണ്ടിക്കാണിച്ചുകൊണ്ടു്-തന്നിമിത്തം; അതുകൊണ്ടു്.

6 ഫലം വ്യക്തമാക്കിക്കൊണ്ടു്-തൽഫലമായി

7 താരതമ്യം ചെയ്തുകൊണ്ടു്-അതുപോലെ, ഇതുപോലെ.

8 സമുച്ചയപദങ്ങൾ ഉപയോഗിച്ചുകൊണ്ടു്-എന്നാൽ, എങ്കിൽ.

9 ഉദാഹരണം നൽകിക്കൊണ്ടു്–ഉദാഹരണമായി,

10 അപവാദം വ്യക്തമാക്കിക്കൊണ്ടു്-ഇതൊഴിച്ചു്

11 സംഗ്രഹമായി-ചുരുക്കത്തിൽ

12 സമാപനമായി-അവസാനമായി

13 വിവരണം നൽകിക്കൊണ്ടു്-മററുവാക്കുകളിൽ പറഞ്ഞാൽ പ്രകാരാന്തരേണ ചിന്തിച്ചാൽ.

14 ശക്തികാണിച്ചുകൊണ്ടു്-മാത്രമല്ല.

15 എണ്ണം പറഞ്ഞുകൊണ്ടു്-ഒന്നാമതായി, രണ്ടാമതായി, വീണ്ടും.

ഈദൃശഘടകപദങ്ങൾ ഉചിതമായവിധം ഉപയോഗിച്ചു ഖണ്ഡികകൾ തമ്മിലുള്ള ബന്ധം കാണിക്കണം.

പ്രസംഗത്തിൽ ഒരു പുതിയ ഖണ്ഡിക ആരംഭിക്കുന്നുവെന്നു കാണിക്കുവാനും മേൽപറഞ്ഞ ഘടകവാക്യങ്ങളും പദങ്ങളും ഉപകരിക്കും. ഇതിനു പററുന്ന മററുചില കാര്യങ്ങളുമുണ്ടു്.

1 സ്വരം വ്യത്യാസപ്പെടുത്തി ആരംഭിക്കുക.

2 പ്രസംഗകൻ അല്പം മുമ്പോട്ടോ, പിന്നോട്ടോ, വശങ്ങളിലേക്കോ മാറിനില്ക്കുക.

3 സംസാരം അല്പസമയത്തേയ്ക്കു നിറുത്തുക.

4 പ്രത്യേകമായ ഒരു ആംഗ്യം കാണിക്കുക.

5 വ്യത്യസ്തമായി സംബോധന ചെയ്യുക.

പ്രസംഗരചനയിൽ ഭാഷാപരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പററിയാണല്ലോ ഇത്രയും പറഞ്ഞത്. ഈ ഭാഷാസ്വാധീനം ഉപയോഗിച്ചു വിവരിക്കേണ്ട പ്രസംഗത്തിൻെറ വിവിധ ഭാഗങ്ങളെപ്പററി ഇനി പ്രതിപാദിക്കാം.

# പ്രസംഗ ഭാഗങ്ങൾ

ഗ്രന്ഥകാരന്മാർ പലവിധത്തിൽ പ്രസംഗത്തെ വിഭജിക്കുന്നു. സാധാരണ നാലുഭാഗങ്ങളാണു നിർദ്ദേശിക്കുന്നത്-പ്രാരംഭം, വിഷയവിഭാഗങ്ങൾ, പ്രായോഗികചിന്ത, ഉപസംഹാരം

## A. പ്രാരംഭം (Introduction)

പ്രാരംഭത്തിനു വലിയ പ്രാധാന്യമുണ്ട്. ഇതു പ്രസംഗത്തിലേക്കുള്ള വാതിലാണ്, ദിവസത്തിനു പ്രഭാതംപോലെ. സുന്ദരമായ പ്രഭാതം നല്ല ദിവസത്തെ കാണിക്കുന്നു. പ്രാരംഭം നന്നായാൽ പ്രസംഗം പകുതി വിജയിച്ചു എന്നു പറയാം. "Well begun is half done". പ്രാരംഭംകൊണ്ടു സദസ്യരെ പ്രസംഗകനോട് അടുപ്പിക്കുന്നു; പ്രസംഗവിഷയവും പരിചയപ്പെടുത്തിക്കൊടുക്കുന്നു. ശ്രോതാക്കളുടെ ശ്രദ്ധയാകർഷിക്കുവാൻ, അവർക്കു ജിജ്ഞാസ ജനിപ്പിക്കുവാൻ പ്രാരംഭം സഹായകമാകും. സിസറോ പറയുന്നു: "The introduction renders the hearers benevolent and docile". ആകയാൽ,ആമുഖമായി ഒന്നും പറയാതെ പ്രസംഗത്തിലേക്കു എടുത്തു ചാടരുത്.

പ്രസംഗകന്റെ രംഗത്തേക്കുള്ള വരവുതന്നെ ഒരു പ്രാരംഭമാണ്. അദ്ദേഹം ആത്മവിശ്വാസത്തോടും പ്രസന്നതയോടും പ്രാർത്ഥനാപൂർവ്വവും പ്രത്യക്ഷപ്പെടണം. ശ്രോതാക്കളെ സ്നേഹപൂർവ്വം വീക്ഷിച്ചുകൊണ്ടു നിൽക്കണം. പ്രഥമപദങ്ങൾ വ്യക്തമായി, വേണ്ടത്ര സ്വരത്തിൽ പറയുക. ആദ്യവാചകങ്ങൾ ആകർഷകങ്ങളും ജിജ്ഞാസയെ ജനിപ്പിക്കുന്നവയുമായിരിക്കണം.

## പ്രാരംഭം രണ്ടുതരത്തിലുണ്ടു്

1 പെട്ടെന്നുള്ളതു് — ഇതു് പ്രക്ഷോഭജനകമാണ്; വികാര വിജൃംഭിതവും ആവേശഭരിതവുമാണ്.

2 പ്രശാന്തഗംഭീരം — ഇതാണ് സുവിശേഷപ്രസംഗത്തിനു പററിയതു്. ശാന്തമായി എന്നാൽ, ഗൗരവസമേതം പ്രസംഗം ആരംഭിക്കുന്നു.

പ്രാരംഭം പലവിധത്തിലാകാം

1 ചിലചോദ്യങ്ങൾ ചോദിച്ചുകൊണ്ടു — ശുഷ്ക്കമായ ചോദ്യങ്ങളാകരുതു്. ജിജ്ഞാസാജനകമായിരിക്കണം. ക്രിസ്തുനാഥൻ യോഹന്നാൻ മാംദാനയെപ്പററി പ്രസംഗിച്ചഭാഗം ഇതിനു മാതൃകയാണ് (മത്താ. 11/7).

2 ഹ്രസ്വമായ ഒരു പ്രസ്താവനയായി — ശ്രോതാക്കളുടെ ആലോചനയ്ക്കു വിഷയം നൽകിക്കൊണ്ടു് ആരംഭിക്കാം. ഉദാ:— വി. പൗലോസിന്റെ ആതൻസിലെ പ്രസംഗം (ശ്ലീഹ. 17).

ബിഷപ്പു ഷീൻ സുവിശേഷഭാഗങ്ങളെപ്പററിയുള്ള പ്രസംഗം ഇങ്ങനെ ആരംഭിച്ചു. ''ഈ ലോകത്തിൽ മനുഷ്യരെല്ലാം ആഗ്രഹിക്കുന്ന ഒരു കാര്യമുണ്ടു്. കർഷകനും കച്ചവടക്കാരനും മുതലാളിയും തൊഴിലാളിയും അജ്ഞനും വിജ്ഞനും ഒരുപോലെ ആഗ്രഹിക്കുന്ന കാര്യം. പക്ഷേ, ആർക്കും അതു കിട്ടിയിട്ടില്ല. അതാണു സൗഭാഗ്യം. അതു ലോകത്തിന്റെ അതിർത്തിക്കുള്ളിൽപെടുന്നതല്ല''.

3 ഒരു കഥ അഥവാ അന്യാപദേശംകൊണ്ട്— ഇതു പ്രസംഗവിഷയത്തിനു യോജിച്ചതായിരിക്കണം. ഈശോയുടെ അന്യാപദേശങ്ങൾ നോക്കുക.

4 ഒരു സന്ദർഭത്തെ സ്പർശിച്ചുകൊണ്ടു പ്രസംഗം ആരംഭിക്കാം. ഉദാ:— മൃതസംസ്കാരം, വിവാഹം.

5 ഒരു വാക്യംകൊണ്ട്— ബൈബിൾവാക്യം അഥവാ വിശുദ്ധരുടെ പ്രസ്താവന ഉദ്ധരിച്ചുകൊണ്ടു തുടങ്ങാം.

6 അപ്പോൾ പാടിയ ഒരു ഗാനം അഥവാ ചൊല്ലിയ ഒരു പ്രാർത്ഥന അനുസ്മരിച്ചുകൊണ്ടു പ്രസ ഗം ആരംഭിക്കാം.

7 എല്ലാവരുടെയും ശ്രദ്ധയിലുള്ള ഒരു വിഷയം ആമുഖമായി അവതരിപ്പിക്കാം. ഉദാ:— സ്വാതന്ത്ര്യദിനം, ചന്ദ്രയുഗം, അന്നത്തെ പത്രത്തിലെ ഒരു വാർത്ത, നടന്നുകൊണ്ടിരിക്കുന്ന ഒരു യുദ്ധം.

8 ശ്രോതാക്കളുടെ മുമ്പിലുള്ള ഒരു കാര്യംകൊണ്ട് ഉദാ:— കത്താതെനിൽക്കുന്ന ബൾബുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു പ്രസാദവരരഹിതമായ ജീവിതത്തിലേക്കു കടക്കാം. പ്രാരംഭം പറഞ്ഞശേഷം നേരെ വിഷയത്തിലേക്കു കടക്കാം. വേറൊരു ആമുഖംകൂടി പറയരുത്. പ്രസംഗം മുഴുവൻ എഴുതിക്കഴിഞ്ഞ് ആമുഖം എഴുതിയാലുംമതി. പ്രാരംഭം വളരെ വ്യക്തമായി പഠിച്ചിരിക്കണം.

## പ്രാരംഭത്തിനുവേണ്ട ഗുണങ്ങൾ

1 ഹ്രസ്വമായിരിക്കണം:— വലിയതലയും ചെറിയ ഉടലുമാകരുത്. ശ്രോതാക്കളുടെ ഹൃദയത്തെ സ്പർശിക്കാൻ മാത്രം ദൈർഘ്യമുണ്ടായിരുന്നാൽ മതി.

2 വിനീതമായിരിക്കണം— ഔദ്ധത്യത്തോടുകൂടി ആരംഭിക്കരുത്. ആത്മപ്രശംസ കടന്നുകൂടരുത്. സദസ്യരോടുള്ള അവഗണനയും ഉണ്ടാകരുത്.

3 അപ്രസക്തമാകരുത്— വിഷയത്തോടു നേരിട്ടു ബന്ധമില്ലാത്തതായിരിക്കരുത്.

4 എല്ലായ്പ്പോഴും ഒന്നുതന്നെ ആവർത്തിക്കരുതു്; വൈവിദ്ധ്യം വേണം.

5 എല്ലാററിനും ഒരുപോലെ പററുന്ന പ്രാരംഭമായിരിക്കരുതു്— അതു് ഒന്നിനും പററുന്നതല്ല.

6 വളരെ പുറകോട്ടുപോയി ആരംഭിക്കരുതു്— ഉദാ:— ആദത്തിൻെറ അധഃപതനം മുതൽ

7 ദുർഗ്രഹമായിരിക്കരുതു്— വേഗം മനസ്സിലാക്കുവാൻ കഴിയണം.

8 അഭിപ്രായ വ്യത്യാസമുള്ള കാര്യമായിരിക്കരുതു്:— ശ്രോതാക്കളുടെ അനുഭാവം നഷ്ടപ്പെടും.

9 സുനിശ്ചിതമായിരിക്കണം— അവ്യക്തമാകരുതു്. ഇന്നസ്ഥലത്തു്, ഇന്ന തീയതി, ഇന്ന ഗ്രന്ഥകാരൻ എന്നിങ്ങനെ കൃത്യമായി പറയണം.

10 നിർജ്ജീവമായിരിക്കരുതു്— ഉണർവും ഉത്സാഹവും ഉളവാക്കണം.

11 പ്രാരംഭത്തിൽ ഒന്നിലധികം ആശയങ്ങൾ ഉൾക്കൊള്ളരുതു്. വിഷയത്തോടു നേരെ ബന്ധമുള്ളതും· വിഷയത്തിലേക്കു വേഗം എത്തുവാൻ പററുന്നതുമായ ഒരാശയം മാത്രം പറയുക.

12 ആകർഷകമായിരിക്കണം— അതു് ശ്രോതാക്കളുടെ ജിജ്ഞാസയെ ഉണർത്തുവാൻ ഉപകരിക്കണം.

## B വിഷയവിഭജനം

പ്രസംഗകനു് ആശയങ്ങൾ അനുക്രമം അവതരിപ്പിക്കുന്നതിനും ശ്രോതാക്കൾക്കു് അവ നന്നായി ഗ്രഹിക്കുന്നതിനും വിഷയവിഭജനം ആവശ്യമാണു്. വിഭജനം രണ്ടുതരം— 1. ആശയത്തെ ആസ്പദമാക്കിയതു് (Topical). 2. വാക്യത്തെ ആസ്പദമാക്കിയതു് (Textual).

1 ആശയത്തെ ആസ്പദമാക്കി വിഷയം വിഭജിക്കുക.
ഉദാ:— ''എല്ലാം പൂർത്തിയായി'' എന്ന വിഷയം ഇങ്ങനെ വിഭജിക്കാം.

a) ദൈവനീതി പൂർത്തിയായി
b) മനുഷ്യരക്ഷ പൂർത്തിയായി
c) ഈശോയുടെ സ്നേഹം പൂർത്തിയായി

''നിങ്ങൾക്കു സമാധാനം''

a) ബുദ്ധിക്കു സമാധാനം— ആശങ്കകളും സംശയങ്ങളും നീങ്ങി സമാധാനം കൈവരിച്ചിരിക്കുന്നു.

b) മനസ്സിനു സമാധാനം— അസന്തുഷ്ടമായ ലോകത്തിനു സമാധാനം.

അഥവാ

a) വ്യക്തിക്കു സമാധാനം
b) കുടുംബത്തിനു സമാധാനം
c) രാഷ്ട്രത്തിനു സമാധാനം

2 ഒരു വാക്യത്തെ ആസ്പദമാക്കി വിഷയം വിഭജിക്കുന്നു.
ഉദാ:— ''ശപിക്കപ്പെട്ടവരേ നിങ്ങൾ, എന്നിൽനിന്നകന്ന് പിശാചിനും അവൻെറ ദൂതന്മാർക്കുമായി തയ്യാറാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ''.

a) ദൈവത്തിൻെറ ശാപം— സ്നേഹസ്വരൂപനായ ദൈവം സ്നേഹശൂന്യനായ പാപിയെ ശപിക്കുന്നു. ''ശപിക്കപ്പെട്ടവരേ''

b) സ്വർഗ്ഗത്തിൻെറ നഷ്ടം— ''എന്നിൽനിന്നും അകന്നു പോകുക.''

c) പിശാചിൻെറ അടിമ— ''പിശാചിനും അവൻെറ ദൂതന്മാർക്കുമായി തയ്യാറാക്കിയിരിക്കുന്ന സ്ഥലത്തേക്കു്.''

d) അഗ്നിയുടെ പീഡനം— ''അഗ്നിയിലേക്കു പോകുവിൻ.''

e) എന്നേയ്ക്കുമുള്ള ശിക്ഷ— ''നിത്യാഗ്നി''

''അവർ സാംസനെ ബന്ധിച്ച്, അന്ധനാക്കി, മില്ലിൽ ജോലി ചെയ്യുവാനായി ഗാസായിലേക്കു കൊണ്ടുപോയി''— പാപത്തിൻെറ കാഠിന്യം വ്യക്തമാക്കുവാനായി ഈ വാക്യം ഇങ്ങനെ വിഭജിക്കാം.

a) പാപം അടിമത്തമാകുന്നു— 'സാംസനെ ബന്ധിച്ച്'.

b) പാപം അന്ധത സൃഷ്ടിക്കുന്നു— ''അന്ധനാക്കി''.

c) നികൃഷ്ടാവസ്ഥയിലേക്കു് എത്തിക്കുന്നു— ''മില്ലിൽ ജോലി'' ചെയ്യിക്കുന്നു.

## വിഭജനത്തിനുവേണ്ട ഗുണങ്ങൾ

1 വിഭജനം വ്യക്തമായിരിക്കണം— ഓരോ ഭാഗവും വേർതിരിച്ചു കാണത്തക്കവിധത്തിൽ തികച്ചും സ്പഷ്ടമായി വിഷയം വിഭജിക്കണം.

2 അനുക്രമമായിരിക്കണം— ആദ്യത്തേതിൽ നിന്നും രണ്ടാമത്തേ വിഭാഗം താനേ പുറപ്പെടണം. മുൻപു പറയേണ്ടവ മുൻപും പിറകേ പറയേണ്ടവ പിറകും വരണം.

3 വികസിച്ചുവരണം— വിഷയം അനുക്രമം പൂർണ്ണത പ്രാപിക്കത്തക്കവിധം വിഭജിക്കണം. ഒഴുകിവന്നു പൂർണ്ണത പ്രാപിക്കുന്ന ഒരു നദിപോലെ പ്രസംഗം വികസിക്കത്തക്കവിധമായിരിക്കണം വിഭജനം. അല്ലാതെ തുള്ളിതുള്ളിയായി ഇററിററുവീഴുന്ന വിധമായിരിക്കരുതു്.

4 എണ്ണം കുറഞ്ഞിരിക്കണം— വിഭാഗങ്ങൾ അധികമായാൽ ഒന്നും ഓർക്കുകയില്ല.

5 വിഭാഗങ്ങളെല്ലാം ആദ്യമേ എണ്ണിയെണ്ണി പറയരുതു്. കാരണം, അതു പ്രസംഗത്തിൻെറ ഭംഗി നഷ്ടപ്പെടുത്തും. ജിജ്ഞാസ നശിപ്പിക്കും. വിരസത ഉളവാക്കും. വിഷയം വികസിക്കുന്നതോടൊപ്പം വിഭാഗങ്ങൾ ഓരോന്നായി അവതരിപ്പിക്കുക. എന്നാൽ, പ്രസംഗകൻെറ മനസ്സിൽ വിഭാഗങ്ങളെല്ലാം വ്യക്തമായി ഉണ്ടായിരിക്കണം.

## C പ്രായോഗിക ചിന്ത

വിഷയത്തിൻെറ പ്രായോഗികവശം എല്ലാവർക്കും കിട്ടിയെന്നു വരില്ല. ആകയാൽ, അതു് പ്രത്യേകം പറഞ്ഞുകൊടുക്കണം. പ്രസംഗത്തിൻെറ ഓരോ ഭാഗവും കഴിയുമ്പോഴും പ്രായോഗികവശം നിർദ്ദേശിക്കാം. അല്ലെങ്കിൽ എല്ലാ ഭാഗങ്ങളും പറഞ്ഞശേഷം ഒടുവിൽ അതു വ്യക്തമാക്കാം. ആളുകളുടെ അറിവും ആവശ്യവുംപോലെ ഇതു ചെയ്യാം. വിഷയത്തെപ്പററി കൂടുതൽ പ്രായോഗികമായ അറിവു ലഭിക്കത്തക്കവിധമായിരിക്കണം ഈ ഭാഗം അവതരിപ്പിക്കുക. സദസ്യരെ വൃഥാ കുററം പറയുന്നവിധം ആകരുതു്. അതുപോലെ വെറും ഉദ്ബോധനവും ആകരുതു്. അതായതു്, ''ഇങ്ങനെ ചെയ്യാം, അങ്ങനെ പ്രവർത്തിക്കാം'' എന്നു പറഞ്ഞാൽ പോരാ.

പ്രസംഗത്തിൻെറ ഉദ്ദേശ്യം സാധിക്കുന്നതു് പ്രായോഗിക ചിന്തവഴിയാണു്. എന്തു്, എങ്ങനെ, എപ്പോഴും ചെയ്യണമെന്നു് നിർദ്ദേശിക്കണം. ഈ ശ്രമത്തിൽ ഉണ്ടാകാവുന്ന തടസ്സങ്ങൾ ചൂണ്ടിക്കാണിക്കുകയും അവ എങ്ങനെ തരണംചെയ്യാമെന്നു പറഞ്ഞുകൊടുക്കുകയും വേണം. അങ്ങനെ വിഷയത്തിൻെറ പ്രവർത്തനവശവും നിവർത്തനവശവും വ്യക്തമാക്കണം. അപകടസാഹചര്യങ്ങൾ വർജ്ജിക്കേണ്ട ആവശ്യകത പ്രത്യേകം അനുസ്മരിപ്പിക്കേണ്ടതാണു്. എല്ലാം പ്രായോഗികമായി അനുഭവപ്പെടത്തക്കവിധം പററുന്ന ദൃഷ്ടാന്തങ്ങൾ അവതരിപ്പിക്കുന്നതു് നല്ലതാണു്.

## D സമാപനം

പ്രസംഗത്തിൽ സമാപനത്തിനു വലിയ പ്രാധാന്യമുണ്ടു്. നല്ലവണ്ണം ആരംഭിച്ചാൽമാത്രം പോരാ അവസാനിപ്പിക്കുകയും വേണം. സമാപനം സംരംഭത്തെ മകുടമണിയിക്കുന്നു എന്നു് ആപ്തവാക്യം. പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അതു സമാപനത്തിൽ പരിഹരിക്കാം; മറന്നുപോയ കാര്യങ്ങൾ ഓർമ്മിപ്പിക്കാം; ബുദ്ധിക്കും മനസ്സിനും വേണ്ട പ്രേരണ നൽകി പ്രസംഗത്തിൻെറ ഉദ്ദേശ്യം സാധിക്കുകയും ചെയ്യാം.

## സമാപനത്തിനുവേണ്ട ലക്ഷണങ്ങൾ

1 അതു സുനിശ്ചിതമായിരിക്കണം -ഉപസംഹാരമായി പറയേണ്ട കാര്യങ്ങൾ വ്യക്തമായി പഠിച്ചിരിക്കണം.

2 കാര്യക്ഷമമായിരിക്കണം-പ്രസംഗത്തിൻെറ പരമകാഷ്ഠയിൽ ഉപസംഹരിക്കണം. ചൈതന്യമില്ലാതെ നീട്ടിക്കൊണ്ടുപോകരുതു്.

3 ഹ്രസ്വമായിരിക്കണം-ചെറിയ തലയും വലിയ വാലുമായിരിക്കരുതു്.

4 എപ്പോഴും ഒരുപോലെ ആയിരിക്കരുതു്.

5 ക്ഷമാപണരൂപത്തിലാകരുതു്. ക്ഷമാപണം പ്രസംഗത്തിൽ പറഞ്ഞതിൻെറ എല്ലാം ശക്തി നഷ്ടപ്പെടുത്തും.

6 സമാപനത്തിൽ പുതിയആശയം കടന്നുകൂടരുതു് മുൻപു പറയാത്ത കാര്യങ്ങൾ അവതരിപ്പിക്കുന്നതായാൽ അതു സമാപനമാകാതെ പോകും.

7 മുൻപു പറഞ്ഞതിനു വിരുദ്ധമായി ഒന്നും പറയരുതു്. അതു ശ്രോതാക്കളെ കുഴപ്പത്തിലാക്കും.

8 പെട്ടെന്നു് നിറുത്തരുതു്. അവസാനിപ്പിക്കുവാൻ പോകുന്നു എന്നു് നേരത്തേ സൂചിപ്പിക്കണം.

9 ഭീഷണിപ്പെടുത്തി നിറുത്തരുതു്. നരകത്തെപ്പററി പറഞ്ഞാലും സ്വർഗ്ഗത്തിലേയ്ക്കു് എത്തി അവസാനിപ്പിക്കണം. പാപത്തെപ്പററി പ്രസംഗിക്കുമ്പോൾ ദൈവകരുണയും അനുസ്മരിപ്പിക്കണം.

10 സമാപനം വളരെ ഉച്ചത്തിൽ ഉജ്ജ്വലസ്വരത്തിൽ ആണെങ്കിൽ അതേ സ്വരത്തിൽതന്നെ പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ എന്നുപറയരുതു്. ആംഗ്യം കാണിച്ചാൽ മാത്രം മതി.

## വിവിധ തരത്തിലുള്ള സമാപനങ്ങൾ

1 പ്രസംഗം വിവരണപ്രധാനമാണെങ്കിൽ സമാപനം

a വിവരിച്ച കാര്യങ്ങളുടെ സംഗ്രഹം നൽകുന്നതായിരിക്കണം.

b വിവരിച്ച കാര്യങ്ങളുടെ പ്രായോഗികവശം ചൂണ്ടിക്കാണിക്കുന്നതുമാകാം.

2 സമർത്ഥ പരമായ പ്രസംഗമാണെങ്കിൽ സമാപനം

a സമർത്ഥിച്ച കാര്യങ്ങൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടുള്ളതായിരിക്കണം.

b സമർത്ഥിച്ച കാര്യം പ്രവൃത്തിയിലാക്കാനുള്ള ഉദ്ബോധനമായിട്ടുമാകാം.

3 ഉദ്ബോധനജനകമായ പ്രസംഗമാണെങ്കിൽ സമാപനം; a ഒരു വെല്ലുവിളിയായി അവതരിപ്പിക്കാം.

b അനുവർത്തനത്തിനുള്ള ആഹ്വാനമായുമാകാം.

# പ്രസംഗ പഠനം

പ്രസംഗപഠനം പല വിധത്തിൽ നടത്താം.

1 പ്രസംഗം എഴുതി വായിക്കുക— എഴുതി തയ്യാറാക്കിയ പ്രസംഗവുമായി പ്രസംഗപീഠത്തിൽ പ്രവേശിച്ച് ആദ്യന്തം വായിക്കുന്നു. പ്രസംഗപാരായണംകൊണ്ടുള്ള പ്രയോജനം— വിഷയം ശരിയായി അവതരിപ്പിക്കാൻ കഴിയും. പറയുന്നതു കൃത്യമായിരിക്കും. വിശ്വാസസത്യങ്ങളും മററും തെററുകൂടാതെ പറയാം. ആശയപ്രകാശനം പൂർണ്ണമായിരിക്കും. ഇങ്ങനെ പ്രസംഗിക്കുക എളുപ്പമാണ്. പരാജയഭീതി ഉണ്ടാകുകയില്ല. വേണമെങ്കിൽ പുസ്തകമായി പ്രസിദ്ധം ചെയ്യുകയുമാകാം. എന്നാൽ ഈ പ്രസംഗരീതിക്കു പലേ ന്യൂനതകളുണ്ട്.

1 ബോദ്ധ്യം കുറഞ്ഞിരിക്കും—പറയുന്ന ആളിനും കേൾക്കുന്നവർക്കും ബോധ്യത്തിനു വലിയ വഴിയില്ല.

2 പ്രസംഗകൻെറ മുഖഭാവവും നോട്ടവും തടസ്സപ്പെട്ടും.

3 ശബ്ദത്തിനും തടസ്സമുണ്ടാകും. കാരണം കണ്ഠവും തൊണ്ടയും സ്വാതന്ത്ര്യമായിരിക്കുകയില്ല. ശബ്ദവീചികൾ തടഞ്ഞു പോകുകയും ചെയ്യും

4 ആംഗ്യം മിക്കവാറും ഉണ്ടാകുകയില്ല.

5 ആശയഗ്രഹണം വിഷമമാകും. കാരണം എഴുതുമ്പോൾ ആശയം സംഗ്രഹിച്ചു പറയും. കൂടുതൽ വിവരിക്കണമെന്നു തോന്നിയാലും കഴിഞ്ഞെന്നു വരില്ല. ആകയാൽ, ഈ രീതി സ്വീകരിക്കരുതു്. ജനങ്ങൾക്കു് ഇതു് ഇഷ്ടമില്ല. സുവിശേഷ പ്രസംഗത്തിനു പററിയതുമല്ല. കാർഡിനൽ ന്യൂമാൻ ആംഗ്ലിക്കൻ സഭയിലായിരുന്നപ്പോൾ ഇങ്ങനെ ചെയ്തിരുന്നുവെങ്കിലും കത്തോലിക്കനായതോടെ ആ പതിവു നിറുത്തി. അദ്ദേഹം പറയുന്നു; നല്ലവണ്ണം എഴുതി വായിച്ചുകൊണ്ടുള്ള പ്രസംഗത്തേക്കാൾഭേദം താണതരത്തിലുള്ള വാചാപ്രസംഗമാണു്. എല്ലാം അധരങ്ങളിൽ അടങ്ങിയിരിക്കുന്നു. (In oresunt omnia എന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

2 എഴുതി മനഃപാഠമാക്കി പറയുക—അതായതു് പ്രസംഗം മുഴുവനായി എഴുതിയശേഷം അതുപടി മനഃപാഠമാക്കുക. അനന്തരം പ്രസംഗിക്കുക. ഇതിനുള്ള പ്രയോജനം മുൻപു് പറഞ്ഞതുപോലെയുള്ള പ്രസംഗപാരായണത്തിൻെറ എല്ലാ ഗുണങ്ങളും ഇതിനുണ്ടു്; അതിൻെറ കുറവുകൾ ഇല്ലതാനും. എഴുത്തിയതിൽ വല്ല കുറവുമുണ്ടെങ്കിൽതന്നേയും പറയുമ്പോൾ പരിഹരിക്കാം. ഓർമ്മശക്തി വികസിക്കും. എല്ലാംഓർത്തില്ലെങ്കിലും പറയുന്നിടത്തോളം ഭംഗിയായിരിക്കും.

എഴുതേണ്ട വിധം—പ്രസംഗവിഷയത്തിൻെറ വിശകലനം തയ്യാറാക്കുക. അതിനെ ആസ്പദിച്ചു പ്രസംഗം പൂർണ്ണമായി എഴുതണം. മുമ്പു പറഞ്ഞിട്ടുള്ളതുപോലെ സദസ്യരെ മുമ്പിൽ കണ്ടുകൊണ്ടു പ്രസംഗമായി എഴുതണം. പ്രബന്ധമായിപ്പോകരുതു്. എഴുതുമ്പോൾ ആശയം സംഗ്രഹിച്ചു കളയരുതു്. ഭാഷാഭംഗിക്കുവേണ്ടി ആശയം ബലികഴിക്കരുതു്. എഴുതുന്നതോടു

കൂടി തിരുത്തുവാൻ പോകരുതു്. ആവേശപൂർവ്വം മുഴുവനും എഴുതുക; അനന്തരം തിരുത്താം.

### മനഃപാഠമാക്കേണ്ടവിധം

1 പഠനം കഴിയുന്നത്ര നേരത്തേ ആരംഭിക്കുക. കുറെ ദിവസങ്ങൾ അതിനായി കണ്ടുവയ്ക്കണം.

2 പ്രസംഗം മുഴുവൻ വായിച്ചു പൊതുരൂപം മനസ്സിൽ പതിക്കുക.

3 പഠിക്കേണ്ടതു വാചകംപ്രതിയല്ലാ പ്രസംഗം ആദ്യന്തം വായിച്ചാണു്.

4 പ്രസംഗിക്കുന്നപോലെ ഉറക്കെ വായിച്ചു പഠിക്കണം.

5 ഇങ്ങനെ വായിച്ചതിനുശേഷം ആശയത്തിനു പ്രാധാന്യം കല്പിച്ചു ചിന്തിച്ചു പറയുക്.

6 പറയുന്നതോടുകൂടി ആവേശവും ചൈതന്യവും ഉൾക്കൊള്ളണം.

7 വായനയും പഠനവും പല സമയത്തായി നടത്തുക. ഒരേ സമയത്തുതന്നെ അധികം പ്രാവശ്യം വായിച്ചതുകൊണ്ടു പ്രയോജനമില്ല. ഒന്നോ രണ്ടോ പ്രാവശ്യം മതി.

8 മനഃപാഠമാക്കാൻ ആദ്യംകാണുന്ന വിഷമത്തിൽ പരിഭ്രമിക്കേണ്ട; ക്രമേണ എളുപ്പമാകും.

9 പഠനം പുരോഗമിക്കുമ്പോൾ കടലാസ്സുനോക്കാതെ പറയുക.

### പ്രസംഗിക്കുമ്പോൾ സൂക്ഷിക്കേണ്ട കാര്യങ്ങൾ

1 ഇടയ്ക്കു വിട്ടുപോകുമോ എന്ന ആശങ്കകൂടാതെ പറയണം.

2 ഇടയ്ക്കു വിട്ടുപോയാൽതന്നെ അതു് അവഗണിക്കുക.

3 സംസാരം അതിവേഗത്തിലാകാതെ സൂക്ഷിക്കുക. വെറും പ്രസംഗകഥനമാകാതിരിക്കുക.

4 ഓർമ്മിക്കുവാൻവേണ്ടി കണ്ണുകൾ അടയ്ക്കരുത്.

5 ഓർമ്മിക്കുവാനായി വാക്കുകൾ ആവർത്തിക്കരുത്. ആരംഭിച്ച വാക്യം പൂർത്തിയാക്കാതെ ഇടയ്ക്കു നിറുത്തി വീണ്ടും തുടങ്ങരുത്; കിട്ടുന്ന വാക്കുകളിൽ പൂർത്തിയാക്കുക.

6 ആവേശവും ശക്തിയും നഷ്ടപ്പെടുത്തരുത്.

ഈ പ്രസംഗരീതി വഴി ക്രമേണ കൂടുതൽ ഭാഷാസ്വാധീനം ലഭിക്കും. ആശയങ്ങൾ ഹൃദിസ്ഥമാകും. ആകയാൽ, ആരംഭകർക്കു് ഇതു സ്വീകാര്യമാണു്.

## എഴുതാതെ പ്രസംഗിക്കുക

ഈ രീതി അനുസരിച്ചു പ്രസംഗം മുഴുവനായി എഴുതുന്നില്ല, വിഷയവിശകലനംമാത്രം ദീർഘമായി തയ്യാറാക്കുന്നു. അതുവച്ചു പ്രസംഗം പറഞ്ഞു പഠിക്കുന്നു. ഇപ്പോൾ പ്രസംഗവിഷയത്തിനാണു പ്രാധാന്യം കല്പിക്കുക: ഭാഷയുടെ കാര്യം അവഗണിക്കുന്നു. പ്രസംഗിക്കുമ്പോൾ ഉദിക്കുന്ന പദങ്ങൾ ഉപയോഗിച്ചു പറയുന്നു. ഇങ്ങനെ, പ്രസംഗിക്കുവാൻ വലിയ ഭാഷാസ്വാധീനം വേണം. അല്ലെങ്കിൽ വാക്കുമുട്ടി ഇടയ്ക്കു നിൽക്കേണ്ടിവരും. ഭാഷാപരമായ തെറ്റുകളും ഉണ്ടാകാം. തന്നിമിത്തം ആശയം വ്യക്തമാകാതെ പോകും. ആകയാൽ, ആരംഭകർ ഈ രീതി സ്വീകരിക്കരുത്.

## സങ്കരരീതി (Composite Method)

ഇതിൽ മുൻപുപറഞ്ഞ പ്രസംഗരീതികളെല്ലാം പെടും. ആദ്യമായി പ്രസംഗത്തിന്റെ ആസൂത്രണം തയ്യാറാക്കുന്നു. അനന്തരം പ്രസംഗം മുഴുവനായി എഴുതുന്നു. ആശയത്തിനു പ്രാധാന്യം കല്പിച്ചു പ്രസംഗം വായിച്ചു പഠിക്കുന്നു. പദാനുപദമുള്ള പഠനമാകരുത്.

പിന്നീടു് ആസൂത്രണത്തിന്റെ സഹായത്തോടുകൂടി പ്രസംഗം പറഞ്ഞു പഠിക്കുക. പഠനം പുരോഗമിക്കുമ്പോൾ ഒരു

പ്രാവശ്യംകൂടി പ്രസംഗം എഴുതുന്നതു കൊള്ളാം. ഇതിലും പ്രാരംഭവും ഉപസംഹാരവും പ്രത്യേകം പഠിക്കേണ്ടതാണ്. സ്ഥലപുരുഷനാമങ്ങളും തീയതികളും ശ്രദ്ധിച്ചു ഹൃദിസ്ഥമാക്കണം. ഇത്രയുമായാൽ മറന്നുപോകുമെന്നുള്ള ശങ്കകൂടാതെ സ്വാതന്ത്ര്യമായി ആവേശപൂർവ്വം പ്രസംഗിക്കുവാൻ കഴിയും.

എന്നാൽ, ഒരുക്കമൊന്നുംകൂടാതെ പതിവായി പ്രസംഗിക്കുവാൻ ആരും മുതിരാതിരിക്കട്ടെ. ഭാഷയും ആശയവുമൊന്നും ഒരുങ്ങാതെ പ്രസംഗിക്കുന്നതു ദൈവത്തിനും മനുഷ്യർക്കും എതിരായ അപരാധമാണ്; ശ്രോതാക്കൾക്ക് ഇടർച്ചയ്ക്കു കാരണമാകും. ഇങ്ങനെ പ്രസംഗിക്കുന്നവർ പല ആശയങ്ങൾ പറഞ്ഞുകൂട്ടും; ഒന്നും വികസിപ്പിക്കുകയില്ല. ആശങ്ങളും പദങ്ങളും വൃഥാ ആവർത്തിക്കും; പരസ്പരബന്ധം കാണുകയില്ല. ശ്രോതാക്കൾ ഒന്നും കാര്യമായി ഗ്രഹിക്കുകയില്ല; ഒരാശയവും അവരെ സ്പർശിക്കുകയില്ല. പ്രസംഗം പല പ്രാവശ്യം ഉപസംഹരിച്ച് ഒടുവിൽ പെട്ടെന്ന് നിറുത്തും. വലിയ പണ്ഡിതന്മാർപോലും ഈ രീതി സ്വീകരിക്കരുത്. ആകസ്മികമായുണ്ടാകാവുന്ന അവസരങ്ങൾ മുൻകൂട്ടിക്കണ്ട് അവയ്ക്കുപറ്റുന്ന പ്രസംഗങ്ങൾ നേരത്തേ തയ്യാറാക്കിക്കൊണ്ടുപോകണം. ഉദാ: വിവാഹം, മൃതസംസ്കാരം, നവപൂജാർപ്പണം.

## പ്രായോഗികവശം

സുവിശേഷപ്രസംഗകൻ കുറേക്കാലത്തേയ്ക്കു പ്രസംഗം പൂർണ്ണമായി എഴുതി മനഃപാഠമാക്കി പറയണം. പിന്നീട് ഒടുവിൽ പറഞ്ഞവിധം, പ്രസംഗം പൂർണ്ണമായി എഴുതി ആശയത്തിനു പ്രാധാന്യം കല്പിച്ചു പഠിച്ചു പറയാവുന്നതാണ്. കൂടുതൽ ഭാഷാസ്വാധീനം ലഭിച്ചു കഴിയുമ്പോൾ മൂന്നാമത്തെ രീതി സ്വീകരിക്കാം.

## പ്രസംഗവേദിയിൽ

പ്രസംഗം പറയുമ്പോൾ രണ്ടു കാര്യങ്ങളാണു പ്രത്യേകം ശ്രദ്ധിക്കേണ്ടതു്, ആംഗ്യവും സ്വരവും.

## ആംഗ്യം

ആംഗ്യം ഒന്നും കൂടാതെ പ്രസംഗിക്കുക സാദ്ധ്യമല്ല. കാരണം കൈകൊണ്ടു മാത്രമല്ല ആംഗ്യം കാണിക്കുക. പ്രസംഗകൻെറ ഓരോ ചലനവും ആംഗ്യത്തിൽപെടും.

രംഗസ്ഥരുടെ ചെവികളോടെന്നതുപോലെ കണ്ണുകളോടും സംസാരിക്കണം. ആകയാൽ, നാവുമാത്രം പ്രവർത്തിച്ചാൽ പോരാ, ആശയങ്ങൾ വ്യക്തമാക്കുന്നതിനും ശ്രോതാക്കളെ സ്വാധീനിക്കുന്നതിനും ആംഗ്യം ആവശ്യമാണ്. ഭാഷവശമില്ലാത്തവരോടും ബധിരരോടും മററും ആംഗ്യംകൊണ്ടു സംസാരിക്കാറുണ്ടല്ലോ. ആംഗ്യംവഴി പ്രസംഗകനും ശ്രോതാക്കൾക്കും കൂടുതൽ പ്രചോദനം ലഭിക്കും, ആവേശമുണ്ടാകും ആശയപ്രകാശനം എളുപ്പമാകും.

ആംഗ്യം അസാദ്ധ്യമെന്നു കരുതരുത്. കാരണം അത് സ്വാഭാവികമായി ഉണ്ടായിക്കൊള്ളും. അങ്ങനെ താനെഉണ്ടാകുന്ന അംഗ്യംമാത്രം മതി പ്രസംഗത്തിന്. അത് സുന്ദരമായിരിക്കും. പണിപ്പെട്ടു കാണിക്കുന്നവ ക്രിത്രിമവും വികൃതവുമായിരിക്കും. പ്രസംഗകൻ സ്വയം മറന്ന് തൻെറ ദൗത്യത്തിലേക്ക് ആത്മശരീരങ്ങളോടെ പ്രവേശിക്കുക. അപ്പോൾ ആവശ്യമായ ആംഗ്യം ഉണ്ടായിക്കൊള്ളും.

## ആംഗ്യത്തിനു വേണ്ട ലക്ഷണങ്ങൾ

1 മിതമായിരിക്കണം ; പ്രസംഗകൻെറ സ്വഭാവഗതിയനുസരിച്ച് ആംഗ്യങ്ങൾ അധികവും അപൂർവ്വവുമാകാം. ഇതു രണ്ടും സ്വീകാര്യമല്ല. പ്രസംഗം ആംഗ്യം കൊണ്ട് ആരംഭിക്കരുത്. പ്രസംഗശേഷം ആംഗ്യം മിച്ചം വരുകയുമരുത്. പ്രധാനാശയം വ്യക്തമാക്കുവാനാണ് ആംഗ്യം പ്രയോഗിക്കുക. പ്രസംഗത്തിനിടയ്ക്ക് വല്ലപ്പോഴും മാത്രം ഒരാംഗ്യം കാണിക്കുന്നത് വികൃതമായിരിക്കും.

2 ആംഗ്യം യഥാസമയമുണ്ടാകണം ; പറയുന്നതിനോടുകൂടി ആംഗ്യവും ഉണ്ടാകണം, അനുഗമിച്ചാൽ പോരാ, സംസാരവും ആംഗ്യവും ഒരുമിച്ചു പോകണം.

3 സമുചിതമായിരിക്കണം; ആശയത്തിനുയോജിച്ച ആംഗ്യവും ആംഗ്യത്തിനു യോജിച്ച ആശയവുമായിരിക്കണം. അനുയോജ്യമല്ലാത്ത ആംഗ്യങ്ങൾ വിപരീത ഫലമായിരിക്കും ഉളവാക്കുക.

4 വൈവിധ്യംവേണം ; ആംഗ്യം എത്ര നന്നായിരുന്നാലും എപ്പോഴും ഒരേവിധത്തിലായാൽ വിരസമാകും.

5 ആകർഷകമായിരിക്കണം; അഥവാ സുന്ദരമായിരിക്കണം.-തിടുക്കത്തിലാകരുതു്. മാംസപേശികളെല്ലാം അയഞ്ഞിരിക്കണം. ആദ്യം ആംഗ്യത്തിനു ഭംഗിപോരെന്നു വരാം, എന്നാൽ, ക്രമേണ ശരിയായി കൊള്ളും. വലിയ സദസ്സിൽ കൂടുതൽ ആംഗ്യം ആവശ്യമാണു്. വിദ്യാഭ്യാസം കുറഞ്ഞവരോടു സംസാരിക്കുമ്പോഴും അങ്ങനെതന്നെ.

# വിവിധതരം ആംഗ്യങ്ങൾ

പ്രസംഗകൻെറ പ്രസംഗരംഗത്തേക്കുള്ള പ്രവേശനംതന്നെ ആംഗ്യത്തിൽപെടും. ചിതമായി വസ്ത്രം ധരിച്ചു്, പ്രസന്നനായി, ഭക്തിപൂർവ്വം പ്രസംഗപീഠത്തിലേക്കു വരണം; തിടുക്കത്തിലാകരുതു്.

1 ശരിയായി നിൽക്കുക ; പട്ടാളക്കാരനെപോലെ ആകരുതു്. ചാഞ്ഞും ചരിഞ്ഞും കുനിഞ്ഞും ചാരിയും നില്ക്കരുതു്; ആടരുതു പ്രസംഗത്തിനിടയ്ക്കു് അല്പം മാറി മാറി നിൽക്കാം. ഒരുകാലു് അല്പം മുമ്പോട്ടുവച്ചു നില്ക്കുന്നതു കൊള്ളാം സാധാരണ നില്ക്കുമ്പോഴും ചിതമായി നിന്നു ശീലിക്കുക.

2 തലയും ഉരങ്ങളും കൊണ്ടു സംസാരിക്കാം ; അവയുടെ ചലനമനുസരിച്ചു സമ്മതവും, വിസമ്മതവും, വെറുപ്പും താല്പര്യവും പ്രകടിപ്പിക്കാവുന്നതാണു്. ചോദ്യംചെയ്യലും തീരുമാനമെടുക്കലും തലയുടെ ചലനംകൊണ്ടു സാധിക്കാം. എന്നാൽ, ഈ ചലനവേളയിൽ കണ്ണുകൾ ശ്രോതാക്കളിൽ പതിഞ്ഞിരിക്കണം. തലയുടേയും ഉരങ്ങളുടേയും ചലനം ഒന്നിച്ചുപോകേണ്ടതാണു്.

3 മുഖഭാവം ; മുഖം ആത്മാവിന്റെ ദപ്പണമാണ്. പ്രസംഗകൻ മുഖം വികൃതമാക്കരുത്. കോപമോ ഭീതിയോ മുഖത്തു പ്രതിഫലിക്കരുത്. പ്രസന്നനായി വർത്തിക്കുക. ശ്രോതാക്കളോടും പ്രസംഗത്തോടുമുള്ള താല്പര്യം അങ്ങനെ കാണിക്കണം. ആശയമനുസരിച്ച ഭാവവ്യത്യാസങ്ങൾ ഉണ്ടാകണം. അല്ലെങ്കിൽ വാക്കുകൾ നിർജ്ജീവമാകും.

അധികാരഭാവം അധികമാകരുത്. പാണ്ഡിത്യപ്രകടനത്തിനു പോകരുത്. തീക്ഷ്ണതയുടെ കൂടുതൽകൊണ്ടു് കോപം സ്ഫുരിക്കരുത്. അവഗണന കാണിക്കരുത്. എന്നാൽ, മുഖം വികാരരഹിതമായിരിക്കയുമരുത്.

4 കണ്ണുകൾ; പ്രസംഗകനു നോട്ടം വളരെപ്രധാനമാണ്. കണ്ണുകൾഅധികം വാചാലമാണു(The eloquence of the eyes). വിചാരങ്ങളുടെ തീക്ഷ്ണത നയനങ്ങൾ വ്യക്തമാക്കുന്നു. സദസ്യരെ സ്വാധീനിക്കുവാനും അവയ്ക്കു കഴിയും. ആകയാൽ പ്രസംഗകൻ കണ്ണുകൾ അടയ്ക്കരുതു്, ഭാഗികമായിപ്പോലും. കീഴോട്ടു നോക്കരുത്. പ്രസംഗകൻ സദസ്യരെ നോക്കുന്നില്ലങ്കിൽ അവർ പ്രസംഗകനേയും നോക്കുകയില്ല. അപ്പോൾ അവരുടെ ശ്രദ്ധ പതറിപ്പോകും. പ്രസംഗകൻ വല്ലയിടത്തേയ്ക്കും നോക്കരുത്. ശ്രോതാക്കളുടെ ശ്രദ്ധയും അങ്ങോട്ടു തിരിയും.

ശ്രോതാക്കളെ എല്ലാവരേയും നോക്കണം. ഒരോഭാഗത്തും മാറി മാറി നോക്കിയാൽമതി. എന്നാൽ, വേഗം ദൃഷ്ടി തിരിക്കരുത്. ആരേയും ഒററതിരിച്ചു നോക്കരുത്; തുറിച്ചു നോക്കരുത്. അതു് ഉപചാരത്തിനു് എതിരാണ്. ശ്രോതാക്കളെ നോക്കിക്കൊണ്ടിരുന്നാൽ അവരുടെ ചിന്താഗതി മനസ്സിലാക്കുവാനും അതനുസരിച്ചു പ്രസംഗം ക്രമപ്പെടുത്താനും കഴിയും.

5 അധരങ്ങൾ ; അധരങ്ങളുടെ ചലനം വികാരങ്ങളെ വ്യഞ്ജിപ്പിക്കും. ചുണ്ടുകൾ കൂട്ടിപ്പിടിച്ചാൽ നിശ്ചയദാർഢ്യം കാണിക്കാം- എന്നാൽ വപ്പു കടിക്കരുത്. പുഞ്ചിരി പ്രസംഗത്തെ സുന്ദരമാക്കും; സന്തോഷവും സംതൃപ്തിയും ജനിപ്പിക്കും.

6 കൈകൾ; നാവും കൈകളും തമ്മിൽ പ്രത്യേകബന്ധമുണ്ട്. ആശയവിനിമയത്തിനു കൈകളുടെ ചലനം വളരെ സഹായിക്കും. കൈമുദ്രകൾ അനവധിയുണ്ടെന്നു പറയുന്നു.

സാധാരണ ഗതിയിൽ ഇവയെ നാലായി തിരിക്കാം.

a വിരലുകൾ ഉയർത്തി- ഇതു് എണ്ണം കാണിക്കുവാൻ സഹായിക്കും. എന്നാൽ, ചൂണ്ടുവിരൽമാത്രം ഉയർത്തി, അദ്ധ്യാപകനെപ്പോലെ അധികാരം കാണിക്കരുതു്.

b കൈപ്പത്തികൾ ഉയർത്തി- അപ്പോൾ കൈവിരലുകൾ ചേർന്നിരിക്കണം.

c കൈചുരുട്ടി- ഇതു് പ്രസംഗപീഠത്തിൽ പററിയതല്ല.

d കൈകൾതാഴ്ത്തി- കൈകളുടെ ചലനമെല്ലാം സ്വാഭാവികമായി വരണം.

a കൈമുഴവനായി ചലിപ്പിക്കണം: മുട്ടിൽ നിന്നു മാത്രം ആകരുതു്.

b ഒരു കൈതന്നെ എപ്പോഴും എടുക്കരുതു്. രണ്ടു കൈകളും ഒരുമിച്ച് എടുക്കുക. അല്ലെങ്കിൽ ഒരോകൈമാറിമാറി എടുക്കുക. അപ്പോൾ വലതു കൈയ്ക്കു പ്രാധാന്യം കല്പിക്കണം.

c കൈകൾ സാധാരണമായി തലയ്ക്കു മുകളിൽ ഉയരരുതു്. അതുപോലെ അരയ്ക്കു താഴെയും പോകരുതു്.

d കൈകൾകൊണ്ടു മുഖം മറയ്ക്കരുതു്.

e കൈകൾ പിറകിലോ മുമ്പിലോ കെട്ടരുതു്.

f തലയിലും മററും അനാവശ്യമായി സ്പർശിക്കരുതു്.

g കൈ കൂട്ടി തിരുമ്മരുതു്.

ഒരു വലിയ കണ്ണാടിയുടെ മുമ്പിൽ നിന്നു് ആംഗ്യങ്ങളെല്ലാം നോക്കി ക്രമപ്പെടുത്താവുന്നതാണു്, അറിവുള്ളവരുടെ

നിർദ്ദേശം സ്വീകരിക്കുന്നതും കൊള്ളാം. നാടകാഭിനയവും കഥാകഥനവും നല്ല പരിശീലനമാണ്. വി. ബലിയിലും കൂദാശകളുടെ പരികർമ്മത്തിലുമുള്ള ആംഗ്യങ്ങളിലും ശ്രദ്ധിക്കുക. എങ്ങനെ പറയാമെന്നു ചിന്തിക്കാതെ, എന്ത്, ആരോട്, എന്തിനായിട്ട് പറയണമെന്ന് ചിന്തിച്ചു സംസാരിക്കുക.

## സ്വരം

''വാങ് മാധുര്യാൽ സർവ്വലോക പ്രിയത്വം,
വാക് പാരുഷ്യാൽ സർവ്വലോകാ പ്രിയത്വം;
കിംതദ് ദ്രവ്യം കോകിലേ നോപ നീതം?
കോവാലോകെ ഗർദ്ദഭസ്യാപരാധ!.?''

കുയിൽ നമുക്കു യാതൊരുപഹാരവും സമർപ്പിക്കുന്നില്ലെങ്കിലും നാം അതിനെ സ്നേഹിക്കുന്നു. കഴുതയാകട്ടെ യാതൊരപരാധവും ചെയ്യുന്നില്ലെങ്കിലും അതിനെ വെറുക്കുന്നു. രണ്ടിനും കാരണം സ്വരം തന്നെ. വാങ്മാധുര്യംകൊണ്ട് സർവ്വരുടേയും പ്രീതിയും വാക് പാരുഷ്യം കൊണ്ട് ഏവരുടേയും അപ്രീതിയും സമ്പാദിക്കാവുന്നതാണ്. ഈ സാമാന്യതത്ത്വം പ്രസംഗത്തിൽ സ്വരത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുന്നുണ്ടല്ലോ. സംസാരിക്കുന്നയാരം ശ്രോതാക്കളുടെ മുമ്പിൽ പ്രത്യക്ഷപ്പെടാതെതന്നെ സ്വരംകൊണ്ടുമാത്രം ആശയവിനിമയം ഭംഗിയായി സാധിക്കാറുണ്ടല്ലോ. ഉദാ: റേഡിയോ പ്രഭാഷണങ്ങൾ. എന്നാൽ പറയുന്നതുകേൾക്കാൻപോലും കഴിയാതെ വന്നാലോ, എല്ലാം വിഫലമാകുകതന്നെചെയ്യും.

ഹൃദ്യമായ സ്വരം പ്രസംഗകന് വലിയൊരനുഗ്രഹമാണ്. പക്ഷേ സ്വരം നല്ലതല്ലെന്നു പറഞ്ഞ് ആരും വിഷമിക്കേണ്ടതില്ല. സ്വാഭാവികമായി എല്ലാവർക്കും വേണ്ട സ്വരമുണ്ട്. അതിനെ വികൃതമാക്കാതിരുന്നാൽ മതി. എന്തെങ്കിലും കുറവുണ്ടെങ്കിൽതന്നെ പരിശീലനംവഴിപരിഹരിക്കാവുന്നതാണ്. നാവിന്റെ, താടിയുടെ, അധരങ്ങളുടെ, തൊണ്ടയുടെ തെററായ പ്രയോഗമാണു കുഴപ്പത്തിനു കാരണം.

## സ്വരം എങ്ങനെ ഉണ്ടാകുന്നു

നല്ല സ്വരം ലഭിക്കുന്നതിന്ന് സ്വരാവയവങ്ങളുടെ ശരിയായ ഉപയോഗം കൊണ്ടും പ്രകാശിപ്പിക്കേണ്ട ആശയത്തെപ്പററിയുള്ള ദൃഢബോദ്ധ്യം കൊണ്ടുമാണ്. നല്ല സ്വരം നല്ല ആരോഗ്യത്തിൻെറ ലക്ഷണമാണ്, ഫലമാണ്. മുഴങ്ങുന്ന സ്വരം പുരുഷൻെറ പ്രത്യേകതയാണല്ലോ, സ്വരം ശരിയായി ഉപയോഗിക്കാൻ പഠിക്കണം. സ്ഥിരമായി ഉത്സാഹപൂർവ്വം ഈ പരിശീലനം നടത്തേണ്ടതാണ്.

## സ്വരപരിശീലനത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

1 മാംസപേശികളെല്ലാം അയഞ്ഞിരിക്കത്തക്ക വിധം അനായാസം നില്ക്കുക.

2 വേണ്ടവിധം ശ്വാസോഛ്വാസം ചെയ്യുക.

3 സ്വരാവയവങ്ങൾ ഉണർവ്വോടെ ഉപയോഗിക്കുക. ഇവ കൂടുതൽ വിവരിക്കാം.

### 1 മാംസപേശികളെല്ലാം അയഞ്ഞിരിക്കത്തക്ക വിധം അനായാസം നില്ക്കുക

a നിവർന്ന് നേരെ നില്ക്കുക. നെഞ്ച് മുമ്പോട്ടുതള്ളിയും വയറു പിറകോട്ടുവലിഞ്ഞും ഇരിക്കട്ടെ. ഉരങ്ങൾ പിറകോട്ടു പിടിക്കുക. താടിയും നേരെ പിറകോട്ടായിരിക്കട്ടെ. എന്നാൽ ഇതെല്ലാം അനായാസമായ നിലയ്ക്കു തടസ്സമാകരുത്.

b സ്വരാവയവങ്ങളായ നാവും താടിയും അധരങ്ങളും തൊണ്ടയും അയഞ്ഞിരിക്കട്ടെ.

c ചുമലുകളും കൈകളും കഴുത്തിൻെറ പിൻ ഭാഗവും അയഞ്ഞിരിക്കണം.

### 2 വേണ്ടവിധം ശ്വാസോച്ഛ്വാസം ചെയ്യുക

സാധാരണ ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധയോടും വ്യവസ്ഥിതമായും ശ്വസിക്കണം. നല്ലവണ്ണം ശ്വസിക്കുക. അ

പ്പോഠം ചുമലുകളോ വാരിയെല്ലുകളോ ഉയർത്തരുതു്. ശ്വാസകോശങ്ങഠം പൂർണ്ണമായി വികസിക്കട്ടെ. ഈ വികസനം ഉദരഭാഗത്തേക്കാണു് ഉണ്ടാകേണ്ടതു്. അതിനു് ഡയഫ്രം കിഴോട്ടു തള്ളണം. ഇതോടെ അരക്കെട്ടും വികസിക്കും. ശ്വാസകോശങ്ങളുടെ അധോഭാഗം മുതൽ മുകഠംവരെ വായു നിറയത്തക്കവിധം കീഴ്ഭാഗത്തുള്ള വാരിയെല്ലുകളും നെഞ്ചിലെ എല്ലും പുറത്തേക്കു വികസിക്കയും ചെയ്യും. ഇതു് പരിശീലനം കൊണ്ടു് എളുപ്പമാകുന്നതാണു്. താഴെപറയുന്നവിധം പ്രാണായാമം ചെയ്യുന്നതു കൊള്ളാം.

a സാവധാനം ശ്വാസം ഉള്ളിലേക്കു വലിച്ചു് ശ്വാസകോശങ്ങഠം നല്ലവണ്ണം നിറയ്ക്കുക. അനന്തരം പെട്ടെന്നു് പുറത്തേക്കു വിടുക. ഇതിനിടയിൽ ചുമലുകഠം ഉയർത്തരുതു്.

b മുൻപു ചെയ്തതുപോലെ നല്ലവണ്ണം ശ്വാസം വലിക്കുക. അനന്തരം വായ് അല്പം മാത്രം തുറന്നു് അതിലൂടെ സാവധാനം പുറത്തേയ്ക്കു വിടുക. ഇതു പലവട്ടം ആവർത്തിക്കുക. ശ്വാസഗതി നിയന്ത്രിക്കേണ്ടതു തൊണ്ട കൊണ്ടല്ല, ശ്വാസകോശങ്ങഠം കൊണ്ടാണു്.

c ഒന്നു്, രണ്ടു്, മൂന്നു് എന്നിങ്ങനെ മനസ്സുകൊണ്ടു് എണ്ണുകയും അതോടുകൂടി വളരെ സാവധാനം ശ്വാസം ഉള്ളിലേക്കു വലിക്കുകയും ചെയ്യുക. അപ്രകാരംതന്നെ പുറത്തേക്കും വിടുക.

നമ്മുടെ സ്വരതന്ത്രികഠം (Vocal chords) ഹർമ്മോണിയത്തിൻെറ റീഡ്സ് പോലെയാണു്. അവയിൽക്കൂടി ശ്വാസം കടത്തി വിടുന്നതനുസരിച്ചു സ്വരങ്ങഠം വികാരസാന്ദ്രമായി തീരുന്നു. അതിനു നമ്മുടെ നെഞ്ചിലും തൊണ്ടയിലും തലയിലുമുള്ള ശ്വാസം സ്വരതന്ത്രികഠംവഴി അനുരണനം ചെയ്യണം.

മീ, മോ, song, sing എന്നിങ്ങനെ ആവർത്തിച്ചു നീട്ടി പറയുന്നതു് ഇതിനു പററുന്ന പരിശീലനമാണു്.

## 3 സ്വരാവയവങ്ങളുടെ ശക്തിയുക്തമായ-പ്രയോഗം

നല്ലതുപോലെ പറയുവാൻ ശാരീരികശക്തി ഉപയോഗിക്കേണ്ടതില്ല; ബലപ്രയോഗമല്ല കാര്യം. വായ് നല്ലതുപോലെ തുറന്നു്, ചുണ്ടു്, നാവു്, താടി എന്നിവ നന്നായി ചലിപ്പിച്ചു സംസാരിക്കുക. അപ്പോഠം ഉച്ചാരണം വ്യക്തമാകും. ശരിയായി ഉച്ചരിക്കുന്നില്ലെങ്കിൽ മുൻപുപറഞ്ഞ നിർദ്ദേശങ്ങഠം വിഫലമാകുന്നതാണു്. പല ദുശ്ശീലങ്ങളും ഇക്കാര്യത്തിൽ കടന്നു കൂടാം.

a വായ് ശരിയായി തുറക്കാതിരിക്കുക.

b തൊണ്ട ഇറുക്കിപിടിക്കുക.

c താടി ശരിയായി ചലിപ്പിക്കാതിരിക്കുക.

d നാവിൻെറ അഗ്രം ശരിയായി ഉപയോഗിക്കാതിരിക്കുക.

e അണ്ണാക്കിനെ നിയന്ത്രിക്കാൻ കഴിയാതെ വരുക.

f ചുണ്ടുകഠം നന്നായി ചലിപ്പിക്കാതിരിക്കുക. ഇവയെല്ലാം സ്വരത്തെ വികൃതമാക്കും.

## പരിശീലനം

1 നാവു നീട്ടി അധരങ്ങളെ ഒരററം മുതൽ വൃത്താകൃതിയിൽ സ്പർശിക്കുക. വശം തിരിച്ചും സ്പർശനം ആവർത്തിക്കുക.

2 പ്രസംഗത്തിനു മുമ്പു നാസാരന്ധ്രങ്ങഠം തുറന്നിരിക്കുന്നുവോ എന്നു നോക്കണം. ഇതിനു നാസാരന്ധ്രങ്ങഠം ഓരോന്നായി അടച്ചു പിടിച്ചുകൊണ്ടു ശ്വസിക്കുക.

3 സംസാരിക്കുന്നതിനു മുമ്പു നല്ലവണ്ണം ശ്വസിച്ചു ശ്വാസകോശങ്ങഠം നിറക്കുക.

# ഉച്ചാരണശുദ്ധി

അക്ഷരങ്ങളുടെ ഉച്ചാരണം ശരിക്കു പഠിക്കണം. ''മ്ലേഛ അവ്യക്ത ശബ്ദേ:'', മ്ലേഛ: അവ്യക്തായാം വാചി'' എന്ന പണ്ഡിതമതം അവഗണിക്കരുതു്, വികൃതമായി ഉച്ചരിക്കുക സംസ്കാര ശൂന്യതയാണു്. ആകയാൽ, ഭാഷാലിപികളുടെ ഉച്ചാരണം ശരിയായി പരിശീലിക്കണം.

മലയാളത്തിലെ അക്ഷരങ്ങളെ ഉച്ചരിക്കുന്നതിനുള്ള തടസ്സത്തെ ആസ്പദമാക്കി സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നു് രണ്ടായി തിരിച്ചിരിക്കുന്നു. തടസ്സമുള്ളവ വ്യഞ്ജനങ്ങൾ; തടസ്സമില്ലാത്തവ സ്വരങ്ങൾ. സ്വരങ്ങൾ ഹ്രസ്വങ്ങളും ദീർഘങ്ങളുമുണ്ടു്. ഉദാ: അ, ആ; ഇ, ഈ

ഉച്ചാരണത്തിൽ കണ്ഠം, താലു (അണ്ണാക്കു്) മുതലായ വാഗിന്ദ്രിയങ്ങളോടു നാവിനുണ്ടാകുന്ന സമ്പർക്കമനുസരിച്ചു വ്യഞ്ജനങ്ങളെ സ്പർശങ്ങൾ, ഊഷ്മാക്കൾ, മദ്ധ്യമങ്ങൾ എന്നു മൂന്നായി തിരിക്കാം.

## 1 സ്പർശങ്ങൾ

ഉച്ചാരണത്തിൽ നാവു വാഗിന്ദ്രിയങ്ങളെ പൂർണ്ണമായി സ്പർശിച്ചു ധ്വനിക്കു തടസ്സമുണ്ടാക്കുന്ന വർണ്ണങ്ങൾക്കു സ്പർശങ്ങളെന്നു പേർ. 'ക' കാരം മുതൽ 'മ' കാരം വരെയുള്ള 25 അക്ഷരങ്ങൾ സ്പർശങ്ങളാകുന്നു. ഇക്കൂട്ടത്തിൽ 'ങ' കാരവും പെടും

## 2 ഊഷ്മാക്കൾ

അർദ്ധസ്പർശങ്ങളായ ലിപികളാണു്. അവ ഉച്ചരിക്കുവാൻ നാവു പകുതി മാത്രം സ്പർശിക്കുന്നു. ഉദാ: ശ, ഷ, സ, ഹ,

## 3 മദ്ധ്യമങ്ങൾ

അല്പ സ്പർശങ്ങളായ ലിപികൾ ഇവ ഉച്ചാരണത്തിൽ അല്പം മാത്രം തടസ്സമുണ്ടാക്കുന്നു. ഇവ സ്പർശങ്ങളുടേയും ഊഷ്മാ

ക്കളുടേയും ഇടയ്ക്കു വരുന്നതു നിമിത്തം മദ്ധ്യമങ്ങൾ എന്ന പേരു ണ്ടായി. ഉദാ: യ, ര, ല, വ, ള, ഴ, റ.

സ്പർശങ്ങളെ അവ ഉച്ചരിക്കുന്നതിനുള്ള പ്രയത്നമനുസരി ച്ച താഴെ പറയുന്നവിധം തരംതിരിക്കാം.

1 ഖരം- ക, ച, ട, ത, പ.

2 അതിഖരം- ഖരത്തോടു 'ഹ' കാരം ചേർത്തു് ഉച്ചരി ക്കുന്നതു്. ക് + ഹ = ഖ, ച് + ഹ — ഛ, ട് + ഹ — ഠ, ത് + ഹ — ഥ, പ് + ഹ — ഫ.

## 3 മൃദുക്കൾ

ഗ, ജ, ഡ, ദ, ബ.

## 4 ഘോഷം

മൃദുക്കളോടു് 'ഹ' കാരം ചേർന്നു് ഘോഷങ്ങളുണ്ടാകുന്നു. ഗ് + ഹ — ഘ, ജ് + ഹ — ഝ; ഡ + ഹ — ഢ; ദ് + ഹ — ധ; ബ് + ഹ — ഭ.

## 5 അനുനാസികം

ങ, ഞ, ണ, ന, മ,. ഉച്ചാരണത്തിൽ നാവു സ്പർശിക്കുന്ന സ്ഥാനമനുസരിച്ചും അക്ഷരങ്ങളെ തരം തിരിക്കുന്നു.

a കണ്ഠ്യം (Guttural) അ, ആ, ക, ഖ, ഗ, ഘ, ങ, ഹ.

b താലവ്യം (Palatal) ഇ, ഈ, എ, ഏ, ഐ, ച, ഛ, ജ, ഝ, ഞ, യ, ശ.

c മൂർദ്ധന്യം (Cerebral) ഋ, ൠ, ഌ, ട, ഠ, ഡ, ഢ, ണ, ഷ, സ, ള, ഴ.

b ദന്ത്യം (Dental) ത, ഥ, ദ, ധ, ന, സ

e ഓഷ്ഠ്യം (Labial) ഉ, ഊ, ഒ, ഓ, ഔ, വ, പ, ഫ, ബ, ഭ, മ.

f വർത്സ്യം– ര, ല, റ, ന.

## സ്വരങ്ങൾ

സംവൃതം, വിവൃതം എന്നിങ്ങനെ രണ്ടുതരം.

## സംവൃതം

ഉറുവലിവോടെ ഉച്ചരിക്കുന്ന സ്വരം സംവൃതം.

## വിവൃതം

തുറന്നുച്ചരിക്കുന്നതു് വിവൃതം. ഉദാ: കൊയ്തു മെതിച്ചു് അളന്നു. ഇതിൽ 'കൊയ്തു്' 'മെതിച്ചു്' ഇവയുടെ 'ഉ'കാരം സംവൃതം. 'അളന്നു' എന്നതിലെ അന്ത്യമായ 'ഉ'കാരം വിവൃതവും.

ചില അക്ഷരങ്ങൾ 'എ' കാരഛായയോടെ ഉച്ചരിക്കുന്നു. ഉദാ: ഗ (ഗണം), ജ (ജനം), ദ (ദയ), ബ (ബലം), ല (ലജ്ജ) ഡ (ഡംഭ്) യ (യമി) ര (രവി).

സാധാരണയായി തെററിച്ചു് ഉച്ചരിക്കുന്ന ചില പദങ്ങൾ

| തെററ് | | ശരി |
|---|---|---|
| നിഷ്ഠൂരം | — | നിഷ്ഠുരം |
| തടസ്ഥം | — | തടസ്സം |
| വിമ്മിഷ്ടം | — | വിമ്മിട്ടം |
| കാരാഗ്രഹം | — | കാരഗൃഹം |
| സൂര്യഗൃഹം | — | സൂര്യഗ്രഹം |
| കുഡുംബം | — | കുടുംബം |
| പ്രദിക്ഷണം | — | പ്രദക്ഷിണം |
| വിജാരിക്കുക | — | വിചാരിക്കുക |
| പ്രാത്ഥന ചെല്ലണം | — | ചൊല്ലണം |
| ജേഷ്ഠൻ | — | ജ്യേഷ്ഠൻ |
| അനുഗ്രഹീതൻ | — | അനുഗൃഹീതൻ |
| കുല (ഹനനം) | — | കൊല |
| ക്ഷണനം | — | ക്ഷണം |
| തിഷ്ണത | — | തീക്ഷ്ണ |

| | | |
|---|---|---|
| മാവ്റ്റിടം | — | മാറിടം |
| വൃണം | — | വ്രണം |
| വൃതം | — | വ്രതം |
| ഹൃസ്വം | — | ഹ്രസ്വം |
| വൈദീകൻ | — | വൈദികൻ |
| ലൗകീകം | — | ലൗകികം or ലൗകീയം |
| ആവലാധി | — | ആവലാതി |
| പിഠാ(ഢ)നുഭവം | — | പീഡാനുഭവം |
| വിഷഞ്ഞൻ | — | വിഷണ്ണൻ |
| വേഗത | — | വേഗം |
| ഐക്യത | — | ഐക്യം |
| സൃഷ്ടാവ് | — | സ്രഷ്ടാവ് |
| മജ്ഞരി | — | മഞ്ജരി |
| ഉഷർകാലം | — | ഉഷഃകാലം |
| അനുരജ്ജനം | — | അനുരഞ്ജനം |
| അടിമത്വം | — | അടിമത്തം |
| വിഢിത്വം | — | വിഡ്ഢിത്തം |
| വിശ്വസ്ഥൻ | — | വിശ്വസ്തൻ |
| സംശയഗ്രസ്ഥൻ | — | സംശയഗ്രസ്തൻ |
| അവുധി | — | അവധി |
| ത്രീത്വം | — | ത്രിത്വം |
| അഥിതി | — | അതിഥി |
| അഭ്യസ്ഥവിദ്യർ | — | അഭ്യസ്തവിദ്യർ |
| അവിശ്യം | — | ആവശ്യം |
| ആസ്വാദ്യകരം | — | ആസ്വാദ്യം |
| പ്രാശ്ചിത്തം | — | പ്രായശ്ചിത്തം |
| ഹൃദിസ്തം | — | ഹൃദിസ്ഥം |
| വ്യത്യസ്ഥം | — | വ്യത്യസ്തം |
| സമാദാനം | — | സമാധാനം |
| ഘടകവിരുദ്ധം | — | കടകവിരുദ്ധം |

ഘോഷത്തിനും അതിഖരത്തിനും മുമ്പുവരുന്ന മൃദു ഘോഷമായി ശബ്ദിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഉദാ: വിദ്യാഭ്യാസം, ബോധവാൻ

## സ്വരസംവിധാനം

വാക്കുകൾ ഭംഗിയായി ഉച്ചരിച്ചാലും ആവശ്യംപോലെ സ്വരഭേദം വരുത്തുന്നില്ലെങ്കിൽ പ്രസംഗം വിരസമാകും. സ്വരത്തിന്റെ ഉയർച്ചയും വേഗവും നിറുത്തും (Pich, Pace Pause) യഥാവിധി, കലാപരമായി ക്രമപ്പെടുത്തുന്നതിലാണ സ്വരസംവിധാനം അടങ്ങിയിരിക്കുന്നതു്.

## സ്വരത്തിന്റെ ഉയർച്ച

വളരെ ഉയർന്നസ്വരത്തിലോ വളരെ താഴ്ന്നസ്വരത്തിലോ പ്രസംഗിക്കരുതു്. മദ്ധ്യസ്വരമാണ സ്വീകാര്യം. എന്നാൽ, ആശയത്തിന്റെ സ്വഭാവമനുസരിച്ച ശ്രുതി മാററിക്കൊണ്ടിരിക്കണം. അതായതു് —

a വികാര വ്യത്യാസമനുസരിച്ച സ്വരം മാററണം.

ഉദാ:— അത്ഭുതത്തിൽനിന്നു ശോകത്തിലേയ്ക്കോ, നിരാശയിലേയ്ക്കോ.

b വിഷയം മാറിവരുമ്പോൾ- ഒരു കാര്യം പറഞ്ഞശേഷം വേറൊന്നിലേക്കു കടക്കുമ്പോൾ സ്വരം താഴ്ത്തുന്നു.

c ഒരു ഗർഭിതവാക്യം (Parenthesis) പറയുമ്പോൾ സ്വരം താഴ്ത്തി വേഗംകൂട്ടുന്നു. ഉദാ: യൂദാസ്, സ്കറിയോത്തയല്ല.

## വേഗം

സംസാരിക്കുന്ന വേഗത്തിൽനിന്നു പ്രസംഗകന്റെ സ്വഭാവം വ്യക്തമാകും. ചിലർ സ്വാഭാവികമായിത്തന്നെ കൂടുതൽ വേഗത്തിൽ സംസാരിക്കുന്നു. വിഷയം വേണ്ടവിധം തയ്യാറായിട്ടില്ലെങ്കിൽ വേഗം കൂടുന്നതാണു്. പ്രസംഗിച്ചു പരിചയമില്ലാത്തവർ കൂടുതൽ വേഗത്തിൽ പറയുന്നു. ആത്മവിശ്വാസത്തിന്റേയും അവധാനതയുടേയും കുറവാണു് ഇതിനു കാരണം. അവർ കൂടുതൽ നിറുത്തിയും ചിന്തിച്ചും സംസാരിക്കേണ്ടതാണു്. അങ്ങനെ ശ്രോതാക്കൾക്കു കാ

ര്യം ഗ്രഹിക്കുവാനും ആലോചിച്ച് സ്വീകരിക്കുവാനും സമയം കൊടുക്കണം.

സ്വാഭാവികമായി വേഗം പറയുന്നവർ മനഃപൂർവ്വം സാവധാനം പറയുവാൻ ശ്രമിക്കണം. വളരെ സാവധാനം പറയുന്നവർ നന്നായി ഒരുങ്ങി പ്രസംഗിക്കണം. അപ്പോൾ വേഗം പറയുവാൻ സാധിക്കും.

മലയാളത്തിൽ സംസാരിക്കുമ്പോൾ അക്ഷരങ്ങൾ ഒന്നും വിഴുങ്ങരുത്. (മററു ഭാഷകളിൽ പല അക്ഷരങ്ങളും ഉച്ചരിച്ചില്ലെന്നു വരാം). എല്ലാ അക്ഷരങ്ങളും പൂർണ്ണമായി ഉച്ചരിക്കണം. ഏററം ഒടുവിലിരിക്കുന്നവർക്കുകൂടി കേൾക്കുവാൻ തക്കവണ്ണം സ്ഫുടമായി പറയണം. വാക്കുകൾ കൂട്ടിക്കലർത്തി പറയരുത്. വാക്കുകളുടേയും വാക്യങ്ങളുടേയും ഇടയ്ക്കുവേണ്ട സമയമെടുക്കുക. പൂർണ്ണവിരാമം, അർദ്ധവിരാമം അങ്കുശം തുടങ്ങിയവ സ്വരംകൊണ്ടു കാണിക്കണം. വാചികപ്രാർത്ഥനകൾ ശരിയായി ചൊല്ലി പരിശീലിക്കുന്നതു പ്രസംഗത്തിനു സഹായകമാണ്.

പ്രസംഗത്തിൻെറ ആരംഭത്തിൽ നിറുത്തിപറയുക. പിന്നീട് വിഷയത്തിൻെറ ഗതിയനുസരിച്ച് വേഗം കൂട്ടാം. ആവേശപൂർവ്വം പറയുന്നതു് അല്പം വേഗത്തിലായിരിക്കണം. ധ്യാനരൂപത്തിലാണെങ്കിൽ സാവധാനം പറയണം. Start low, go slow rise higher, catch fire, sit down in a storm എന്നു ചുരുക്കത്തിൽ പറയാം.

## നിറുത്തു്

പ്രസംഗത്തിൽ അല്പം നിറുത്തേണ്ട ചില സന്ദർഭങ്ങളുണ്ട്.

1 ചോദ്യം ചോദിക്കുമ്പോൾ; അല്ലെങ്കിൽ, ചോദ്യം ചോദിച്ചശേഷം. ഉദാ: നിങ്ങൾക്കെന്തു തോന്നുന്നു ?

2 ശ്രോതാക്കളുടെ ശ്രദ്ധക്ഷണിക്കാനായി.

3 വാക്കുകളുടെ അർത്ഥം വ്യക്തമാക്കുവാനായി.

4 ഗൗരവാവഹമായ ഒരു കാര്യത്തെപ്പററി ചിന്തിക്കുവാനായി.

5 ഒരു തെരഞ്ഞെടുപ്പ് നടത്തുവാനായി,

6 ക്ഷോഭകരമായ ഒരു വിഷയത്തിൽ നിന്നു മറെറാന്നിലേക്കു കടക്കുവാനായി.

7 പ്രസംഗത്തിനിടക്കുണ്ടാകുന്ന തടസ്സം നീക്കുവാനായി. (എന്നാൽ ഇതുമൂലം ആർക്കും പ്രത്യേക വിഷമത്തിനിടയാകരുത്).

8 ഒരു പ്രധാന ആശയത്തിനു മുൻപും പിൻപും.

9 വേദപുസ്തക വാക്യങ്ങരം ഉദ്ധരിക്കുമ്പോരം. (ഇതു് ഭക്തിക്കുവേണ്ടിയാണു്).

എന്നാൽ ഇങ്ങനെ നിറുത്തുന്ന സമയം ദീർഘമാകരുതു്, നാടകത്തിൽ നിറുത്തുന്നതുപോലെ. കാരണം, നാടകത്തിൽ അപ്പോരം പലതും അഭിനയിക്കാനുണ്ടാകും.

## വിശിഷ്ടോച്ചാരണം (Emphasis)

ഒരു പ്രധാന ആശയത്തിനു്, പ്രധാനവാക്കിനു് പ്രാധാന്യം കല്പിച്ചു് ഊന്നിപ്പറയേണ്ടിവരും. ആശയവിനിമയത്തിനു് ഇതു വളരെ ആവശ്യമാണു്. ഒരേവാക്യത്തിൽ ചില പദങ്ങരംക്കു കൂടുതൽ ശക്തികൊടുക്കണം. ഉദാ: അവൻ പിന്നെയും വന്നു; ക്രിസ്തു വീണ്ടും വരും

a ഒരു പ്രത്യേകാശയം വ്യക്തമാക്കുവാൻ— ഉദാ: ക്രിസ്തു രോഗശാന്തി മാത്രമല്ല പാപശാന്തിയും നൽകി.

b സാമ്യം അഥവാ വ്യത്യാസം കാണിക്കുവാൻ—ഉദാ: പ്രസംഗിച്ചാൽ മാത്രം പോരാ, പ്രവർത്തിക്കുകകൂടി വേണം

c ആശയപരമ്പരയുടെ ആരോഹണം കാണിക്കുവാൻ— ഉദാ: ഞാൻ വന്നു, ഞാൻ കണ്ടു, ഞാൻ പിടിച്ചടക്കി.

ആവശ്യംപോലെ വാചകഭാഗങ്ങാം ചേർത്തും വേർതിരിച്ചു പറയണം. ഉദാ: പിടിച്ചുകെട്ടി- പിടിക്കുകയും കെട്ടുകയും ചെയ്തു. വാചകത്തിലെ ഒടുവിലത്തെ വാക്കു് കൂടുതൽ സ്പഷ്ടമായി ഉച്ചരിക്കണം. സ്വരം വാക്യത്തിൻെറ ഒടുവുവരെ നീണ്ടു നിൽക്കണം. ഉച്ചത്തിൽ പറഞ്ഞല്ല ആവേശം ജനിപ്പിക്കുക; അതു പ്രസംഗകൻെറ ബോദ്ധ്യത്തിൽ നിന്നുണ്ടാകണം. സാധാരണ സംസാരിക്കുമ്പോാം ഭംഗിയായി പറഞ്ഞു ശീലിക്കുക. അപ്പോാം എല്ലാം സ്വാഭാവികമായി വന്നുകൊള്ളും.

ഒരു ദിവസംതന്നെ പല പ്രാവശ്യം പ്രസംഗിക്കുവാനുണ്ടെങ്കിൽ സ്വരം നില നിറുത്തുവാൻ പററുന്ന മരുന്നുകാം ഉപയോഗിക്കുന്നതു കൊള്ളാം.

## ചില മരുന്നുകൾ

a Remids, Dequadin, Strepsils മുതലായ ടാബ്‌ലററുകാം.

b വായുഗുളിക ജീരക വെള്ളത്തിൽ അലിയിച്ചു കുടിക്കുക.

c ചെറുനാരങ്ങനീരു് കൽക്കണ്ടം ചേർത്തു സേവിക്കുക.

d ചൂടുള്ള പാൽ കുറച്ചു കുടിക്കുക.

e ഉറങ്ങാൻ പോകുമ്പോാം കഴുത്തു ഫ്ലാനൽകൊണ്ടു് ചുററിക്കെട്ടി കിടക്കുക.

ശബ്ദം പോയാൽ പരിപൂർണ്ണമൗനം പാലിക്കുന്നതാണു് നല്ല പ്രതിവിധി. പ്രാണായാമം വളരെ നല്ലതാണു് സ്വരം സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും.

## ഉച്ചഭാഷിണി

പള്ളിയിൽ വേണോ വേണ്ടയോ എന്നു് ഒരു Sound Engineer റെക്കൊണ്ടു പരിശോധിപ്പിച്ചു തീരുമാനിക്കണം, ഏതുതരം മൈക്കാണു് വേണ്ടതെന്നു്. അല്ലാതെ കമ്പനിക്കാരെ ഏല്പിക്കരുതു്.

പലതരം മൈക്കുണ്ടു്

1 Pressure Mic

2 Bi- directional Velocity Mic· It has a ribbon inside the grill work which vibrates in harmony with the velocity of speech· എവിടെ നിന്നു പറഞ്ഞാലും ശബ്ദം പിടിക്കു വാൻ കഴിയും. സാധാരണമായി സ്റ്റേജിനാണു് ഇതുപയോ ഗിക്കുക

3 Cardioil- Microphone. So called because its aerial sensitivity is heart shaped·

## 4 Pressure type

Is also called dynamic or Carbon or Crystal diaphram type· It uses a fixed diaphram inside the grillworK.

### മൈക്കു് ഉപയോഗിക്കേണ്ട വിധം

മൈക്കു് തലയുടെ മുകളിൽ സ്ഥാപിക്കുന്നതാണു നല്ലതു്. സ്റ്റാൻഡു് സ്വീകാര്യമല്ല. സ്റ്റാണ്ടിൽ വയ്ക്കുകയാണെങ്കിൽ ആ ളിൻെറ പൊക്കമനുസരിച്ച ക്രമപ്പെടുത്തണം.

മൈക്കിൻെറ അടുത്തു പററിപ്പിടിച്ച നില്ക്കരുതു്. Cardioil type ആണെങ്കിൽ ഒരു അടി അകലെ നിന്നു പറയാം. കൂടുതൽ ശക്തിയായിട്ടാണു പറയുന്നതെങ്കിൽ കുറച്ചുകൂടി അകന്നു നിൽ ക്കുക. ധ്യാനപൂർവ്വമാണു സംസാരിക്കുന്നതെങ്കിൽ അടുത്തു നില്ക്കണം.

Pressure type ആണെങ്കിൽ അടുത്തുനിന്നു പറയണം. അപ്പോഠം മാററി മാററി നിന്നു പ്രസംഗിക്കുവാൻ പററുകയില്ല. മൈക്കിൻെറ കീ നേരത്തെ ശരിയാക്കണം. കീ ക്രമപ്പെടുത്തി ക്കൊണ്ടിരിക്കുവാൻ ഒരാളെ ഏർപ്പെടുത്തുന്നതു കൊള്ളാം. കഴി യുന്നത്ര മൈക്കു കൂടാതെ പറയുന്നതാണു നല്ലതു്.

# പ്രസംഗരംഗത്തു സൂക്ഷിക്കേണ്ട കാര്യങ്ങൾ

1 പ്രസംഗസ്ഥലത്തിൻെറ പ്രത്യേകത നോക്കണം. ചില സ്ഥലത്തു വലിയ പ്രതിധ്വനിയുണ്ടാകും. ഇങ്ങനെയുള്ള സ്ഥലത്തു നിറുത്തി, ശബ്ദം കുറച്ചു പറയണം.

2 എട്ടുപട്ടമോ, ഡോമോ ഉള്ള പള്ളികളിൽ നടുവിലേക്കു ഇറങ്ങി നിന്നു പറയണം. അല്ലെങ്കിൽ സ്വരം ഡോമിനകത്തു ചുററിക്കറങ്ങി അവസാനിക്കും.

3 തുറന്ന സ്ഥലത്തു സംസാരിക്കുമ്പോൾ കാററിനെതിരായി നില്ക്കരുതു്. പള്ളിയുടെ വാതിലിൽക്കൂടി അകത്തേയ്ക്കു് ശക്തിയായി കാററു പ്രവഹിക്കുമ്പോഴും ഇതു സൂക്ഷിക്കണം. വാതിൽ അടക്കുകയാണു വേണ്ടതു്.

തുറന്ന സ്ഥലത്തു സ്വരം നീട്ടി നീട്ടി, നിറുത്തി പറയണം. ഉച്ചത്തിൽ ആരംഭിക്കുക. പിന്നീടു ക്രമേണ സ്വരം താഴ്ത്തിക്കൊണ്ടു വരാം. ശക്തിപൂർവ്വം പ്രസംഗിച്ചു നിറുത്തുമ്പോൾ "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ എന്നു് അതേ സ്വരത്തിൽ പറയരുതു്, മനസ്സു കൊണ്ടു പറഞ്ഞു് ആംഗ്യം കാണിച്ചാൽ മതി.

# സഭാകമ്പം

ദൈവവചനം ഫലപ്രദമായി പ്രസംഗിക്കുക നിസ്സാരകാര്യമല്ല. അനവധിയാളുകൾ കൂടിയിരിക്കുന്ന സദസ്സിൽ പരസ്യമായിട്ടാണു് അതു നിർവ്വഹിക്കുക. വളരെ പ്രധാനവിഷയങ്ങളാണു കൈകാര്യം ചെയ്യേണ്ടതു്. ആകയാൽ, ഏതൊരു പ്രസംഗകനും അല്പമായെങ്കിലും സഭാകമ്പം ഉണ്ടാകുക സ്വാഭാവികമാണു്. യുവവൈദികരെയാണു് ഇതു് കൂടുതൽ ബാധിക്കുക. തൽഫലമായി മനസ്സു ശൂന്യമാകയും അധരങ്ങൾവിറയ്ക്കുകയും തൊണ്ടയുംനാവും വരണ്ടുപോകുകയും സ്വരം പതറുകയും ചെയ്യേക്കാം.

## സഭാകമ്പം ഉണ്ടാകാനുള്ള കാരണങ്ങൾ പലതാണു്.

1 ചിലർക്കു സ്വാഭാവികമായിത്തന്നെ ഒരപകർഷ ബോധമുണ്ടാകാം. അവർ വളർന്നുവന്ന സാഹചര്യങ്ങളുടെ ഫലമായിരിക്കാമതു്.

2 മററുചിലർ വികാരഭരിതരും ദുർബലമനസ്സരുമായിരിക്കും. അവർ എല്ലാ കാര്യങ്ങളും ഭീതിയോടെ വീക്ഷിക്കുകയും വൃഥാ അസ്വസ്ഥരാകുകയും ചെയ്യുന്നു.

ഈ രണ്ടു കൂട്ടരും കഴിയുന്നത്ര പ്രസംഗിക്കുന്നതിൽ നിന്നു് ഒഴിഞ്ഞു മാറുവാൻ ശ്രമിക്കുന്നു. ഗത്യന്തരമില്ലാതെ പ്രസംഗിക്കേണ്ടിവന്നാൽ അവർ ചിലപ്പോൾ തികഞ്ഞ അലംഭാവം കാണിക്കുകയും ശ്രോതാക്കളുമായി ഒരു ബന്ധവും പാലിക്കാതെ, ആരെയും നോക്കാതെ, നിർജ്ജീവവും വിരസവുമായി സംസാരിച്ചവസാനിപ്പിക്കുകയും ചെയ്യുന്നു. മററു ചിലപ്പോൾ വളരെ ഉച്ചത്തിലും വേഗത്തിലും പറയുകയും ജനങ്ങളെ കഠിനമായി പഴിക്കുകയും ചെയ്തേക്കാം.

ചില പ്രസംഗകർ പലതരം വികലചേഷ്ടകൾ തുടർച്ചയായി കാണിക്കുകയും ഒരേപദംതന്നെ എണ്ണമററവിധം ആവർത്തിച്ചു പറയുകയും ചെയ്യുന്നു.

## സഭാകമ്പം പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ.

1 സഭാകമ്പം പരിഹരിക്കുവാൻ കഴിയുമെന്ന ബോധം പാലിക്കണം. ''ഞാനെന്നും ഇങ്ങനെ തന്നെയായിരിക്കും; ഒരു നല്ല പ്രസംഗകനാകുക അസാദ്ധ്യം'' എന്നു നിരാശപ്പെടരുതു്.

2 ഏതൊരു പ്രധാന കൃത്യം ആരംഭിക്കുമ്പോഴും ആർക്കും അല്പമെങ്കിലും ഭീതിയും ആശങ്കയും ഉണ്ടാകുന്നതാണെന്ന സാമാന്യസത്യം മറക്കരുതു്. കലാതാരങ്ങളും കായികവിദഗ്ദ്ധരുമെല്ലാം ഇക്കൂട്ടത്തിൽ പെടുന്നു. എന്നാൽ, അവർ നഷ്ടധൈര്യരാകാതെ, സകല ശക്തിയും പ്രയോഗിച്ചു പൊരുതുകയും ഒടുവിൽ വിജയം വരിക്കുകയും ചെയ്യുന്നു. ഇതു തന്നെയാണു പ്ര

സംഗകനും ചെയ്യേണ്ടതു്. കൂടുതൽ കൃത്യബോധത്തോടും തീക്ഷ്ണതയോടുംകൂടി തൻെറ പ്രവാചകധർമ്മം നിർവ്വഹിക്കുവാൻ അദ്ദേഹം സന്നദ്ധനായാൽ മതി: വിജയം നിശ്ചയം.

3 പ്രസംഗകൻ വൃഥാ ഭയചകിതനാകേണ്ടതില്ല. കാരണം സുവിശേഷപ്രസംഗം അത്രയേറെ വിഷമകരമല്ല. പൊതുസമ്മേളനങ്ങളിൽ പ്രസംഗിക്കുന്ന ഏതൊരു വ്യക്തിയേക്കാ‍ൾ ഭദ്രമാണു സുവിശേഷപ്രസംഗകൻെറ സ്ഥിതി. എന്തുകൊണ്ടെന്നാൽ:

a അദ്ദേഹത്തിൻെറ ശ്രോതാക്കൾ പ്രസംഗകൻെറ അധികാരത്തെ അംഗീകരിക്കുന്നവരാണു്.

b അവക്കു ഭക്തകാര്യങ്ങൾ കേൾക്കുവാൻ താല്പര്യമുണ്ടു്.

c പ്രസംഗകൻ തൻെറ ശ്രോതാക്കളെക്കാൾ പലേതരത്തിൽ കൂടുതൽ അറിവുള്ളവനാണു്.

d സനാതനസത്യങ്ങളാണു തനിക്കു പറയുവാനുള്ളതെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടു്. അതു് ആത്മധൈര്യം പാലിക്കുവാൻ സഹായിക്കും.

e വിശ്വാസികളുടെ നേതാവും ഗുരുനാഥനുമെന്നനിലയിൽ തികച്ചും ഉന്നതമായ ഒരു സ്ഥാനത്തുനിന്നു് അദ്ദേഹം പ്രസംഗിക്കുന്നു. അദ്ദേഹത്തെ കാണാനും കേൾക്കാനും എല്ലാവക്കും സൗകര്യമുണ്ടു്.

f ഒരു പ്രസംഗത്തിൽ എന്തെങ്കിലും കുറവുണ്ടായാൽത്തന്നെ അതു പരിഹരിച്ചു ശ്രോതാക്കളുടെ അഭിപ്രായം ശരിപ്പെടുത്തുവാൻ അടുത്തുതന്നെ പറയുന്ന പ്രസംഗത്തിൽ അദ്ദേഹത്തിനു് അവസരം ലഭിക്കുന്നതാണു്. ഇതു പരാജയഭീതിയിൽനിന്നു രക്ഷനേടുവാൻ ഉപകരിക്കും.

g പ്രസംഗകനു കൂടുതൽ പ്രിയംകരവും സുകരവുമായ വിഷയങ്ങൾ യഥേഷ്ടം സ്വീകരിക്കാവുന്നതിനാൽ ആശങ്കകൂടാതെ സംസാരിക്കാവുന്നതാണു്.

4 മുൻപുപ്രസ്താവിച്ചതുപോലെ വ്യക്തിപരമായി എന്തെങ്കിലും കുറവുകളുണ്ടെങ്കിൽതന്നെ വ്യവസ്ഥിതമായ പരിശ്രമം വഴി അവ പരിഹരിക്കാവുന്നതാണ്. സുവിശേഷപ്രസംഗത്തിന്റെ ആവശ്യകതയേയും പ്രാധാന്യത്തേയുംപററി അദ്ദേഹത്തിനുള്ള അവബോധം അതിനു സഹായകമാകും. ആകയാൽ, പ്രസംഗിക്കുവാൻ ലഭിക്കുന്ന അവസരങ്ങളൊന്നും അദ്ദേഹം ഉപേക്ഷിക്കരുത്. ആളുകളുമായി പരിചയപ്പെടുകയും സ്വാതന്ത്ര്യമായി ഇടപ്പെടുകയും വേണം. ചർച്ചകളിൽ പങ്കെടുക്കുവാനും സ്വന്തം അഭിപ്രായങ്ങൾ തുറന്നു പറയുവാനും അദ്ദേഹം മടിക്കരുത്. ഇങ്ങനെ അപകർഷബോധം, ലജ്ജാഭാവം തുടങ്ങിയ വൈകല്യങ്ങൾ പരിഹൃതമാകുന്നതാണ്.

ഈ ശ്രമം നിരന്തരം തുടരണം. മഹാകവി ഷെയ്ക്സ്പീയർ പറഞ്ഞിട്ടുള്ളതുപോലെ ഇല്ലാത്ത ഒരു ഗുണം ഉണ്ടെന്നവിധം പ്രവർത്തിക്കുക. അപ്പോൾ, പ്രസ്തുത ഗുണം ക്രമേണ കരഗതമാകും. ഏതൊരു കലയും അഭ്യസിക്കുന്നത് അങ്ങനെയാണല്ലോ. വിക്കനും ഭീരുവും വികലാംഗനുമായിരുന്ന ഡെമോസ്റ്റനസ് ഈ കുറവുകളെല്ലാം പരിഹരിച്ചുകൊണ്ടു ജഗൽപ്രസിദ്ധ വാഗ്മിയായിതീർന്നതിന്റെ രഹസ്യവും ഇതുതന്നെ. ആകയാൽ, ഓരോ പ്രസംഗവും ഓരോ വെല്ലുവിളിയായി പ്രസംഗകൻ സ്വീകരിക്കണം; സ്വയം ഭരിക്കാനും ശ്രോതാക്കളെ ഭരിക്കാനുമുള്ള വെല്ലുവിളി. ഭയമാണു നമ്മൾ ഭയപ്പെടേണ്ട ഏററം വലിയശത്രു. ഭയപ്പെടുന്ന കാര്യം നിർവ്വഹിക്കുവാൻ സധൈര്യം മുതിരുക; അപ്പോൾ ഭയമില്ലാതാകും.

5 തന്നെപ്പററിയുള്ള ചിന്തയാണു പ്രസംഗകനെ ഭീരുവാക്കുന്നത്. ഈ ചിന്ത ഉപേക്ഷിച്ചിട്ടു പ്രസംഗവിഷയത്തേയും ശ്രോതാക്കളുടെ നന്മയേയുംപററി ചിന്തിക്കുക. അന്യരെപ്പററിയാണ് അദ്ദേഹം ഉൽക്കണ്ഠാഭരിതനാകേണ്ടതു്; അവനവനെപ്പററിയല്ല. തികഞ്ഞ നിസ്വാർത്ഥതയും നിസ്സംഗതയും പാലിച്ചുകൊണ്ടു പ്രസംഗിക്കണം. കേൾവിക്കാരുടെ ഇടയിൽ കാണുന്ന ഒരു പാവപ്പെട്ട മനുഷ്യനെ ശ്രദ്ധിക്കുക. അയാൾ ദൈവവചനം കേൾക്കുവാനും അനുഗ്രഹം പ്രാപിക്കുവാനും ദാഹിച്ചു കഴിയുന്നു. ആ സാധുവിനെ സഹായിക്കാൻ ബദ്ധപ്പെടുക; അ

തൊഴിച്ചുള്ളതെല്ലാം വിസ്മരിക്കുക. അപ്പോൾ ഭീതിയില്ലാതാകും.; ആശയങ്ങളും വാക്കുകളും താനെ ഉദിക്കുകയും ചെയ്യും.

6. പ്രസംഗകൻ തൻെറ പ്രവാചകധർമ്മത്തെപ്പററി ബോധവാനായിരിക്കണം. അദ്ദേഹത്തിൻെറ പ്രസംഗത്തിലെ ഒരു വാക്കായിരിക്കാം അത്ഭുതംചെയ്യാൻപോകുന്നതു്. ഒരു പക്ഷേ, അദ്ദേഹം പറയുന്ന ഒടുവിലത്തെ പ്രസംഗമായിരിക്കാമതു്; ജനങ്ങളിലൊരാൾ കേൾക്കുന്ന അവസാനത്തെ പ്രസംഗവും. അങ്ങനെയെങ്കിൽ, മരണാസന്നനായ ഒരാൾ മരണാസന്നനായ ഒരാളോടു പറയുന്നതുപോലെ പ്രസംഗിക്കുക. അപ്പോൾ ആ പ്രസംഗം ഏററം ആവശ്യമായ ഒരു കാര്യംതന്നെയാണെന്നു കാണാം.

7. പ്രസംഗവിഷയത്തെപ്പററി ശരിയായ ബോദ്ധ്യം ഉണ്ടായിരിക്കണം. വേണ്ടത്ര പഠിച്ചും പ്രാത്ഥിച്ചും ഒരുങ്ങി ചെയ്യുന്ന പ്രസംഗം ജീവിതദൗത്യംതന്നെയാകും. അതോടെ സഭാകമ്പത്തിനുപകരം ആവേശവും തീക്ഷ്ണതയും ആത്മാത്ഥതയും അനുഭവപ്പെടും.

8. സുവിശേഷപ്രസംഗകൻ ക്രിസ്തുനാഥൻെറ പ്രതിനിധിയാണെന്ന ബോധത്തോടെ പ്രസംഗമാരംഭിക്കുക. ദൈവനാമത്തിൽ ദൈവികമായ കൃത്യം നിർവ്വഹിക്കുമ്പോൾ ദൈവസഹായമുണ്ടാകുന്നതാണു്. ''ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കും.'' ആത്മാക്കളുടെ രക്ഷയ്ക്കു് ആവശ്യമായ പ്രസാദവരം പ്രസംഗകൻെറ വാക്കുകളിലൂടെ ദൈവം വർഷിക്കും. ദിവ്യകാരുണ്യഈശോ പ്രസംഗകൻെറ പിന്നിലുണ്ടു്; വിശ്വാസമുള്ള ജനങ്ങൾ അദ്ദേഹത്തിൻെറ മുമ്പിലും.

ജെറമിയാസിനോടു ദൈവം കല്പിച്ചു: ''ആകയാൽ, നീ എഴുന്നേററു് അരമുറുക്കി, ഞാൻ നിന്നോടു കല്പിക്കുന്നവയെല്ലാം അവരോടു പറയുക. അവരുടെ മുമ്പിൽ നീ ഭയപ്പെടേണ്ട. അവരുടെ മുഖം കണ്ടു നീ ഭയപ്പെടാതിരിക്കുവാൻ ഞാൻ ഇടയാക്കും'' (1-17). വേണ്ട ഒരുക്കമെല്ലാം ചെയ്തിട്ടും പ്രസംഗകൻ പരാജയമടയുവാൻ ദൈവം അനുവദിക്കുന്നുവെങ്കിൽ അതു് ഒരു ഉജ്ജ്വല പ്രസംഗത്തെക്കാൾ അദ്ദേഹത്തിനും ജനങ്ങൾക്കും അനുഗ്ര

ഹപ്രദമാകുന്നുവെന്നു കരുതാം. ആ പരാജയം ഒരു പ്രായശ്ചിത്തമായി സമർപ്പിക്കുക; സ്വന്തം സംതൃപ്തി ആഗ്രഹിക്കരുതു്.

പ്രസംഗകൻെറ വിചാരങ്ങളെയും അഭിലാഷങ്ങളെയും വാക്കുകളെയും പവിത്രീകരിക്കുവാനായി നെററിയിലും നെഞ്ചിലും അധരങ്ങളിലും കുരിശുവരച്ചു പ്രാത്ഥിക്കണം. അതുവഴി പരാജയഭീതിയും വ്യർത്ഥാഭിമാനവും ഇല്ലാതാകും. വി. ക്രിസസ്റ്റം പറയുന്നു: ''ഈശോയുടെ തിരുരക്തത്താൽ അരുണവർണ്ണമാർന്ന അധരങ്ങൾ പിശാചിനെ പരാജയപ്പെടുത്തുവാൻ തികച്ചും ശക്തിയുക്തമാണു്.''

9 പ്രസംഗത്തിനു തൊട്ടുമുമ്പായി പ്രാരംഭവാക്യങ്ങൾ ഓർമ്മിക്കുക; വിഷയവിഭാഗങ്ങളും അവയു പരസ്പരമുള്ള ബന്ധവും അനുസ്മരിക്കണം. അതുപോലെ പ്രസംഗത്തിൻെറ സമാപനഭാഗവും.

10 മുമ്പു വിവരിച്ചിട്ടുള്ളതുപോലെ, പ്രസംഗരംഗത്തേക്കു തിരക്കുകൂട്ടാതെ, ശാന്തമായി, തൻെറ ദിവ്യദൗത്യത്തെപ്പററിയുള്ള ചിന്തയോടെ പ്രസംഗകൻ വരണം. അനായാസം നില്ക്കണം; സംസാരിക്കുവാനാരംഭിക്കുന്നതിനു മുമ്പായി നല്ലവണ്ണം ശ്വസിക്കണം.

11. പ്രസംഗാനന്തരം ദോഷൈക ദൃക്കായി സ്വയം വിധിക്കരുതു്. ബുദ്ധിപൂർവ്വകമായ ഒരു പരിശോധന നടത്തി വിജയപരാജയങ്ങൾ നിശ്ചയിക്കുക. നേട്ടങ്ങൾക്കു ദൈവത്തിനു നന്ദി പറയണം; കോട്ടങ്ങളെപ്പററി നിരാശപ്പെടാതെ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുക. അടുത്തുതന്നെ വീണ്ടും പ്രസംഗിക്കേണ്ടതുണ്ടെങ്കിൽ ഒട്ടും മടിക്കാതെ, പേടിക്കാതെ അതു നിർവ്വഹിക്കുക.

അടിസ്ഥാനരഹിതമായ കുററാരോപണങ്ങളെ മൗനമായി കടത്തിവിടണം. പ്രശംസലഭിക്കാനായി കാത്തിരിക്കേണ്ടതില്ല; സൃഷ്ടിപരമായ നിരൂപണത്തിനും ഹൃദയപൂർവ്വകമായ അഭിനന്ദനത്തിനും കൃതജ്ഞനായിരിക്കുകയും വേണം.

മൂന്നാം ഭാഗം

# സുവിശേഷ പ്രസംഗ വിഷയം

സുവിശേഷപ്രസംഗത്തിൻെറ വിഷയത്തെപ്പററിയാണ് ഇനി ചിന്തിക്കേണ്ടതു്. പ്രസംഗവിഷയം ദൈവവചനമാണെന്നു ചുരുക്കിപ്പറയാം. ഇതിനുള്ള തെളിവുകൾ:—

1 പഴയനിയമത്തിലെ പ്രമുഖപ്രസംഗകരായിരുന്ന ദീഘദർശികൾ, ''കർത്താവു് അരുൾചെയ്യുന്നു''വെന്നു് ആവത്തിച്ചു് ഉദ്ഘോഷിച്ചുകൊണ്ടു തങ്ങൾ അറിയിക്കുന്നതു ദൈവത്തിൻെറ വചനമാണെന്നു ജനങ്ങളെ നിരന്തരം അനുസ്മരിപ്പിക്കുന്നു.

2 ദിവ്യരക്ഷകനും വ്യക്തമാക്കി, തന്നിലൂടെ ദൈവം സംസാരിക്കുന്നുവെന്നു്: ''അങ്ങു് എനിക്കു തന്ന വചനങ്ങൾ ഞാൻ അവർക്കുകൊടുത്തു'' (യോഹ. 17:8). ''ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല. പിതാവു് എന്നിൽ വസിച്ചുകൊണ്ടു തൻെറ പ്രവൃത്തികൾ ചെയ്യുകയാണു്'' (യോഹ. 14:10). വിതക്കാരൻെറ ഉപമയിൽ ക്രിസ്തു പറഞ്ഞു: ''വിത്തു ദൈവവചനമാകുന്നു'' അവിടത്തെ പ്രതിനിധിയായ പ്രസംഗകനും അവിടുന്നു പറഞ്ഞ കാര്യങ്ങൾ തന്നെ പറയണമല്ലോ.

3 അപ്പസ്തോലന്മാരും അങ്ങനെതന്നെ ചെയ്തു. ''ദൈവവചനത്തോടു മായം ചേർത്തു വില്ക്കുന്ന പലരേയുംപോലെയല്ല ഞങ്ങൾ'' (2 കൊറി. 2:17). താൻ ജനങ്ങളെ അറിയിച്ചു, ''ജീവിക്കുകയും നിലനില്ക്കുകയും ചെയ്യുന്ന ദൈവവചനം വഴി''

അവർ വീണ്ടും ജനിച്ചിരിക്കുന്നുവെന്ന് വി. പത്രോസ് എഴുതിയിരിക്കുന്നു (I പത്രോ. 1 : 23 - 25).

4 തിരുസ്സഭയുടെ പഠനവും അതുതന്നെയാണ്. പതിനഞ്ചാം ബനഡിക്ട് പാപ്പാ 1918-ലെ നോമ്പുകാലപ്രസംഗകർക്ക് നൽകിയ ഉദ്ബോധനം നോക്കുക; "The divine Master gave the sacred minister this command to preach the Gospel; and these words of Jesus, perfect in themselves and standing in no need of completion by others, signified that the good preacher would be he who proclaimed in the proper manner the whole Gospel and nothing but the 'Gospel' (Humari Generis).

## ക്രിസ്തു—പ്രസംഗവിഷയം

സുവിശേഷപ്രസംഗത്തിന്റെ വിഷയമായ ഈ ദൈവവചനം അവതാരംചെയ്ത വചനമായ ക്രിസ്തുനാഥനത്രേ. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; ദൈവമായിരുന്നു ഈ വചനം" (യോഹ. 1:1). "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ. 1:4). ആകയാൽ ക്രിസ്തുവാണു ദൈവവചനം. അവിടുത്തെ പഠനങ്ങൾ ദൈവവചനമാണ്. എന്തുകൊണ്ടെന്നാൽ അവിടുന്നു നമ്മെ പഠിപ്പിച്ചതു വാക്കുകൾകൊണ്ടു മാത്രമല്ല പ്രവൃത്തികൾ കൊണ്ടു കൂടിയുമാണ്. അങ്ങനെ പ്രധാനവിഷയങ്ങളുടെയെല്ലാം സംഗ്രഹമാണു ക്രിസ്തുനാഥൻ. വി. പൗലോസ് ഇതേറ്റുപറയുന്നു: "ഞങ്ങൾ ക്രൂശിതനായ ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (I കൊറി. 1 : 2 3).

2 വിശുദ്ധ ഗ്രന്ഥവും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. വേദപുസ്തകം മുഴുവൻ ക്രിസ്തു നിറഞ്ഞു നില്ക്കുന്നു. പഴയ നിയമം അവിടുത്തെ ആഗമനത്തെപ്പററിയുള്ള പ്രഖ്യാപനങ്ങൾകൊണ്ടു മുഖരിതമാണ്; അതിനുള്ള ഒരുക്കവുമത്രേ. അവിടുത്തെ പ്രതീകങ്ങൾ അതിൽ ഉടനീളം കാണാം. പുതിയനിയമമാണെങ്കിൽ അവിടുത്തെ ജീവചരിത്രവും. അവിടുന്ന് പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തതെല്ലാം അതിൽ സംഗ്രഹി

ച്ചിരിക്കുന്നു. അതുകൊണ്ടാണ് വി. ആഗുസ്തീനോസ് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നത്: ''മിശിഹായോടു ബന്ധിക്കുവാൻ കഴിയാത്തതായി എന്തെങ്കിലും വി. ഗ്രന്ഥത്തിൽ കാണുന്നുവെങ്കിൽ നിങ്ങൾ ശരിയായി പഠിച്ചിട്ടില്ലെന്നു മനസ്സിലാക്കിയാൽ മതി. സുവിശേഷത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയത്രെ.

3 ദൈവശാസ്ത്രം വ്യക്തമാക്കുന്നതും ഇതുതന്നെ. വിശ്വാസസത്യങ്ങളെല്ലാം ക്രിസ്തുവിൽ അധിഷ്ഠിതമാണ്. ആദിമുതലുള്ള ദൈവമായ വചനം പരി. ത്രിത്വത്തിലേക്കും സൃഷ്ടികർമ്മത്തിലേക്കും നമ്മെ എത്തിക്കുന്നു; മനുഷ്യാവതാരം ആദ്യപാപവും ലോകരക്ഷയും തിരുസ്സഭയും മററും നമ്മുടെ പഠനത്തിനു വിഷയമാകുന്നു.

4 സാന്മാർഗ്ഗശാസ്ത്രത്തിന്റെ തികഞ്ഞ പ്രായോഗിക രൂപമാണ് ക്രിസ്തുവിന്റെ ജീവിതം. അവിടുന്ന് ഏററം പൂർണ്ണമായ സാന്മാർഗ്ഗിക നിയമസംഹിത നമുക്കു നൽകിയിരിക്കുന്നു. അവിടുത്തെ പീഡാനുഭവവും മരണവും പാപത്തിന്റെ കാഠിന്യവും നിത്യരക്ഷയുടെ പ്രാധാന്യവും വ്യക്തമാക്കുന്നു.

5 ആദ്ധ്യാത്മിക ശാസ്ത്രത്തിനു ആധാരവും ക്രിസ്തുവാണ്. മനുഷ്യർ അവിടുത്തെ പൂർണ്ണതയിലേക്കാണ് എത്തേണ്ടതു്: ''നിങ്ങൾ എന്നെ കണ്ടു പഠിക്കുവിൻ.'' ക്രിസ്തീയപരിപൂർണ്ണത പ്രാപിക്കാനുള്ള ജീവിതനിയമമാണ് മലയിലെ പ്രസംഗത്തിലും ഊട്ടുശാലയിലെ പ്രഭാഷണത്തിലും അടങ്ങിയിരിക്കുന്നതു്.

6 ലിററർജിയുടെ കേന്ദ്രമാണ് ക്രിസ്തു. വി. കുർബാനയെന്ന ബലിയിലും കൂദാശയിലുംകൂടി അവിടുന്നു സമുദ്ധാരണകൃത്യം തുടരുന്നു. അവിടുത്തെ ജീവിതത്തിന്റെ വിവിധഘട്ടങ്ങളെയാണ് തിരുക്കർമ്മവത്സരത്തിലെ കാലങ്ങൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ആകയാൽ, 12-ാം പീയൂസ് പറയുന്നു: ''തിരുസ്സഭ ഭക്തിപൂർവ്വം പരിപോഷിപ്പിക്കുകയും അനുഗമിക്കുകയും ചെയ്തുവരുന്ന തിരുക്കർമ്മവത്സരം ഭൂതകാലസംഭവങ്ങളുടെ ഒരു മരവിച്ച നിർജ്ജീവ പ്രകടനമോ പൂർവ്വകാല

ത്തിൻെറ കേവലവും തുച്ഛവുമായ ഒരനുസ്മരണമോ അല്ല. പിന്നെയോ, അതു് തൻെറ സഭയിൽ നിരന്തരം ജീവിക്കുന്ന ക്രിസ്തുതന്നെയാകുന്നു'' (Mediator Dei).

7 സഭാചരിത്രം ക്രിസ്തുവിൻെറ ജീവിതത്തിൻെറ തന്നെ ചരിത്രമാണ്. കാരണം സഭ അവിടുത്തെ ജീവിതത്തിൻെറ തുടർച്ചയാണ്; അവിടുന്നു സഭയിൽ ജീവിക്കുന്നു.

8 വിശുദ്ധരുടെ ജീവിതം ക്രിസ്തുവിൻെറ ജീവിതത്തിൻെറ പുന:പ്രദർശനമാണ്. അവിടുന്നാണ് അവരുടെ ജീവിതത്തിൻെറ മാതൃകയും നിമിത്തകാരണവും.

9 പ്രപഞ്ചത്തിൻെറ കേന്ദ്രബിന്ദുവും ക്രിസ്തുവാണ്. അവിടുന്നുവഴി എല്ലാം സൃഷ്ടിക്കപ്പെട്ടു; സമുദ്ധരിക്കപ്പെട്ടു. അവിടുത്തെ പൂർണ്ണതയിലേക്കു എല്ലാം പുരോഗമിച്ചുകൊണ്ടുമിരിക്കുന്നു.

10 പരിശുദ്ധാത്മാവു സാക്ഷ്യം വഹിക്കുന്നതും ക്രിസ്തുവിനുതന്നെ. ''ആശ്വാസപ്രദൻ വരുമ്പോൾ, ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളകാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തും-'' (യോഹ. 14:26). പരി. ആത്മാവു് ''എന്നെ മഹത്വപ്പെടുത്തും. എന്തെന്നാൽ അവിടുന്നു എനിക്കുള്ളതിൽനിന്നു സ്വീകരിച്ചു നിങ്ങളോടു പ്രഖ്യാപിക്കും'' (യോഹ. 16:14).

11 പരമ പിതാവു് അനുസ്മരിപ്പിക്കുന്നതും ഇതുതന്നെയാണ്: ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവനെ നിങ്ങൾ ശ്രവിക്കുവിൻ'' (മത്താ. 17;5).

ഇപ്രകാരം ക്രിസ്തുമതം മുഴുവൻ ഈശോമിശിഹായിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, ക്രിസ്തുവിനെ പ്രസംഗിക്കുക എന്നുപറഞ്ഞാൽ ക്രിസ്തുമതം മുഴുവൻ പ്രസംഗിക്കുക എന്നർത്ഥം. അതുകൊണ്ടു സുവിശേഷപ്രസംഗത്തിൻെറ മുഖ്യവിഷയം ക്രിസ്തുവാകുന്നു.

## ക്രിസ്തുവിനെപ്പററി എങ്ങനെ പ്രസംഗിക്കണം –

### 1 യഥാർത്ഥ ക്രിസ്തുവിനെ പ്രസംഗിക്കുക –

a. ക്രിസ്തു ഒരു ചരിത്ര പുരുഷനാകുന്നു. സങ്കല്പവ്യക്തിയല്ല. ലോകചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ച ലൗകികൈക നേതാവാണ്. ക്രിസ്ത്വബ്ദം അതു വ്യക്തമാക്കുന്നു. ക്രിസ്തുവിൻെറ ജീവിതരംഗങ്ങൾ സംശയരഹിതമായി പലസ്തീനായിൽ സ്ഥിതിചെയ്യുന്നു.

b. ക്രിസ്തു നമ്മുടെ കാലത്തോടു കൂടുതൽ അടുത്തുനില്ക്കുന്നു. അവിടുന്നു ജനിച്ചിട്ട് ഇനിയും 2000 കൊല്ലമായിട്ടില്ല.

c. ക്രിസ്തു യുഗങ്ങളുടെ പ്രതീക്ഷാവിഷയമായിരുന്നു. അവിടുന്നു വരുവാൻവേണ്ടി ലോകം കാത്തിരുന്നു. യഹൂദരുടേയും റോമാക്കാരുടേയും ചരിത്രത്തിൽ ഈ കാത്തിരിപ്പു രേഖപ്പെടുത്തിയിട്ടുണ്ട്.

d. ക്രിസ്തുവിൻെറ ചരിത്രം അവിടുന്നു ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നതിനു നൂററാണ്ടുകൾമുമ്പു രേഖപ്പെടുത്തപ്പെട്ടു. പഴയനിയമത്തിലെ ദീർഘദർശനങ്ങൾ നോക്കുക.

e അക്രൈസ്തവരുടെ ക്രിസ്തു — ഗാന്ധിജി തുടങ്ങിയ മഹാന്മാർ ക്രിസ്തുവിനു നൽകിയിരിക്കുന്ന മഹനീയസ്ഥാനവും അനുസ്മരിക്കേണ്ടതാണ്.

### 2 ക്രിസ്തുവിനെ പൂർണ്ണമായി പ്രസംഗിക്കുക

a. അവിടുന്നു മനുഷ്യൻ മാത്രമല്ല ദൈവംകൂടിയാണ്.

b. അവിടുന്നു ലോകരക്ഷകനാണ്.

c. ജഗദ്ഗുരുവാണ്.

d. ഏററം വലിയ വിപ്ലവകാരിയാണ്.

e. ഏററം സ്നേഹസമ്പന്നനായ നേതാവാണ്: അനുയായികൾക്കുവേണ്ടി ജീവൻ ഹോമിച്ചവനാണ്.

3 ചിരഞ്ജീവിയായ ക്രിസ്തുവിനെ പ്രസംഗിക്കുക—

a. അവിടുന്നു നാമാവശേഷനായിട്ടില്ല. ഇന്നും ലോകത്തിൽ ജീവിക്കുന്നു.

b. ക്രിസ്തുവിൻെറ വിവിധതരത്തിലുള്ള സാന്നിദ്ധ്യം — കുർബ്ബാനയിൽ, തിരുസ്സഭയിൽ, വി. ഗ്രന്ഥത്തിൽ, ക്രൈസ്തവജീവിതത്തിൽ.

4 ക്രിസ്തുവിനെപ്പററി താത്വികമായിമാത്രം പറഞ്ഞാൽ പോരാ; തികച്ചും പ്രായോഗികമായി പ്രസംഗിക്കണം. അവിടുത്തെ അനുകരിക്കുകയും അവിടുത്തെ പഠനം അനുവത്തിക്കുകയും ചെയ്യുക ജീവിതവിജയത്തിനു് അവശ്യാവശ്യമാണെന്നു വ്യക്തമാക്കണം. ''എന്നെകണ്ടു പഠിക്കുവിൻ''; ''ഞാൻ വഴിയും സത്യവും ജീവനുമാകുന്നു.''

5 ക്രിസ്തുവിൻെറ പഠനത്തിൽ യാതൊരു വ്യത്യാസവും വരുത്തരുതു്. അധഃപതിച്ച മനുഷ്യർ അവരുടെ ഇഷ്ടംപോലെ ക്രിസ്തുവിനെ രൂപപ്പെടുത്തി സ്വന്തമാക്കുവാൻ ശ്രമിക്കുന്നുണ്ടു്.

a. ദൈവത്തേയും ദൈവമക്കളേയും സ്നേഹിക്കണം.

b. സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും നൽകണം.

c. ആദ്യമായി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കണം.

d. സ്വയം ത്യജിക്കുകയും സ്വന്തം കുരിശു് അനുദിനം വഹിക്കുകയും വേണം — എന്നിങ്ങനെയുള്ള ക്രൈസ്തവാദർശങ്ങൾ മാററിമറിക്കയോ ലാഘവപ്പെടുത്തുകയോ അരുതു്.

6 ക്രിസ്തുവിനെ നിരന്തരം പ്രസംഗിക്കണം: ഞായറാഴ്ചകളിലും തിരുനാളുകളിലും മാത്രം പോരാ, എല്ലാ ദിവസവും തന്നെ അങ്ങനെ ചെയ്യണം. വിശുദ്ധരുടെ തിരുനാളുകളിലും,



ST. ANTONY'S MONASTERY
Phone : 3140
ALWAYE-1

അവരുടെ വിജയത്തിനും മഹത്വത്തിനും ഹേതുവായ ക്രിസ്തുവിനെ യഥാർഹം അനുസ്മരിക്കേണ്ടതാണ്.

ചുരുക്കത്തിൽ, ഏതുതരത്തിലുള്ള പ്രസംഗമായാലും അതു ക്രിസ്തുനാഥൻെറ ജീവിതത്തിൻേറയും പഠനത്തിൻേറയും ചൈതന്യംകൊണ്ടു സജീവമായിരിക്കണം.

## പ്രസംഗ വിഷയത്തിൻെറ ഉറവിടങ്ങൾ

ദൈവവചനത്തിൻെറ ഉറവിടങ്ങളെപ്പററിയാണ് ഇനി ചിന്തിക്കുക. അവയെ പൊതുവിൽ രണ്ടായിതിരിക്കാം; പ്രധാനങ്ങളും അപ്രധാനങ്ങളും.

### പ്രധാന ഉറവിടങ്ങൾ

രണ്ടാംവത്തിക്കാൻ കൗൺസിൽ ദൈവാവിഷ്ക്കരണത്തെപ്പററിയുള്ള ഡിക്രിയിൽ പറയുന്നു: ''സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവവചനത്തിൻെറ ഏക കലവറയാണു വി. പാരമ്പര്യവും വി. ലിഖിതങ്ങളും'' (Art. 10). പ്രവാചകന്മാർ വഴി വാഗ്ദാനം ചെയ്യപ്പെട്ടതും ക്രിസ്തുവിൽ സാക്ഷാൽക്കരിക്കപ്പെട്ടതും അവിടുന്നു സ്വന്തം അധരങ്ങളാൽ പ്രഖ്യാപിച്ചതുമായ ദൈവവചനം എല്ലാ മനുഷ്യരേയും അറിയിക്കുവാനായി അപ്പസ്തോലന്മാർ നിയുക്തരായി. ദിവ്യരക്ഷകൻ നൽകിയ ഈ ദൗത്യമനുസരിച്ച് അവർ ക്രിസ്തുവിൻെറ വാക്കുകളിൽ നിന്നോ പ്രവൃത്തികളിൽ നിന്നോ സമ്പർക്കത്തിൽ നിന്നോ പരി. ആത്മാവിൻെറ നിവേശനത്തിൽ നിന്നോ ലഭിച്ചതെല്ലാം മററുള്ളവർക്കു കൈമാറി. ഇതേ കൃത്യം തന്നെയാണു പരി. ആത്മാവിൻെറ നിവേശനത്തിൽ രക്ഷയുടെ സന്ദേശം രേഖപ്പെടുത്തിയ വി. ഗ്രന്ഥകാരന്മാരും ചെയ്തതു് (I bid Arti. 7). ഇപ്രകാരം വാഗ്രൂപത്തിലോ ലിഖിതരൂപത്തിലോ ലഭിച്ച പാരമ്പര്യമെല്ലാം (2 തെസ. 2;/5) തിരുസ്സഭ വിശ്വസ്തതാപൂർവ്വം കാത്തു സൂക്ഷിച്ചുവരുന്നു. മാത്രമല്ല, ഈ വിശുദ്ധ പാരമ്പര്യം പരി. ആത്മാവിൻെറ സഹായത്താൽ സഭയിൽ വളർന്നു

കൊണ്ടുമിരിക്കുന്നു. തിരുസ്സഭയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങളും അനുഷ്ഠാനങ്ങളും ദൈവ ശാസ്ത്രജ്ഞന്മാരുടെ അംഗീകൃത പഠനങ്ങളും വഴി ഈ വളർച്ച വ്യക്തമായ രൂപം പ്രാപിക്കുന്നു. അതെല്ലാം ജനങ്ങൾ അറിഞ്ഞ് അനുഭവിക്കുവാൻ സഹായിക്കേണ്ടതു സുവിശേഷപ്രസംഗകരുടെ കടമയാണ്. ആകയാൽ, അവർ തങ്ങളുടെ പ്രസംഗങ്ങളുടെ പ്രധാന സ്രോതസ്സുകളായി വി. ഗ്രന്ഥവും ലിററർജിയും മാർപ്പാപ്പാമാരുടേയും പൊതു സൂനഹദോസുകളുടേയും അദ്ധ്യാപനവും സഭാപിതാക്കന്മാരുടേയും ദൈവശാസ്ത്രജ്ഞന്മാരുടേയും പഠനവും തിരുസ്സഭയുടെ അത്ഭുതകരമായ ചരിത്രവും സ്വീകരിക്കേണ്ടതാണ്. ഇതെങ്ങനെ സാധിക്കണമെന്നു തുടർന്നു പര്യാലോചിക്കാം.

## വേദപുസ്തകം-പ്രസംഗവിഷയത്തിൻെറ ഉറവിടം

1 ''നിങ്ങളുടെ വിശ്വാസത്തിൻെറമേൽ ഞങ്ങൾ ആധിപത്യം ചെലുത്തുന്നില്ല'' (2 കൊറി. 1:24) എന്നു വി. പൗലോസ് എഴുതിയിട്ടുള്ളതുപോലെ സുവിശേഷപ്രസംഗകൻ സ്വന്തം അധികാരമനുസരിച്ചല്ല സംസാരിക്കുന്നത്, പിന്നെയോ ദൈവിക വെളിപാടിൻെറ അടിസ്ഥാനത്തിലാണ്. ആകയാൽ, പ്രസംഗത്തിൻെറ പ്രധാന ഉറവിടം വി. ഗ്രന്ഥമാകുന്നുവെന്ന് വി. പത്താംപീയൂസ് ചൂണ്ടിക്കാണിച്ചിരിക്കുന്നു.

2 സുവിശേഷ പ്രസംഗകനു ദൈവിക കാര്യങ്ങളാണല്ലോ പറയാനുള്ളത്. അവ ദൈവം തന്നെ വെളിപ്പെടുത്തിത്തരണം. ദൈവനിവേശിത ഗ്രന്ഥമായ വേദപുസ്തകം ഇതു തന്നെയാണു ചെയ്യുന്നത്.

3 ദിവ്യപ്രഭാഷണത്തിൻെറ മുഖ്യമായ ഉദ്ദേശ്യം ആത്മാക്കളുടെ രക്ഷയാണ്. അതുതന്നെയാണു വി. ഗ്രന്ഥം സാധിക്കുന്നതും. ''നിങ്ങൾ തിരുലിഖിതങ്ങൾ പഠിക്കുന്നു. കാരണം അവയിൽ നിത്യജീവനുണ്ടെന്നു നിങ്ങൾ കരുതുന്നു. അവ തന്നെയാണു എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നത്'' (യോഹ. 5:39). വി. അപ്പസ്തോലൻ എഴുതുന്നു: ''വി. ലിഖിതങ്ങളെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തി

നും ശാസനത്തിനും തെററുതിരുത്തലിനും ധാർമ്മികതയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത പ്രാപിക്കുകയും എല്ലാ സൽകൃത്യങ്ങളും ചെയ്യുന്നതിനു പര്യാപ്തനാകുകയും ചെയ്യുന്നു'' (2 തിമോ. 3: 16,17).

4 വി. ഗ്രന്ഥം എല്ലാകാലത്തും പ്രസംഗവിഷയമായിരുന്നുവെന്നു പാരമ്പര്യം സാക്ഷിക്കുന്നു. ക്രിസ്തുനാഥൻതന്നെ പഴയനിയമവാക്യങ്ങൾ ധാരാളമായി ഉദ്ധരിച്ചു പ്രസംഗിച്ചിരുന്നു. വി. പൗലോസും അങ്ങനെതന്നെ ചെയ്യുകയുണ്ടായി. സഭാപിതാക്കന്മാരുടെ പ്രസംഗങ്ങൾ വലിയപങ്കും വേദപുസ്തക വ്യാഖ്യാനമായിരുന്നു.

5 തിരുസ്സഭ എല്ലാകാലത്തും ആവശ്യപ്പെട്ടിരുന്നതും ഇതുതന്നെ. രണ്ടാംവത്തിക്കാൻ കൗൺസിൽ ദൈവാവിഷ്ക്കരണത്തെക്കുറിച്ചുള്ള ഡിക്രിയിൽ പറയുന്നു; ''ദൈവത്തിൻെറ വചനവും ക്രിസ്തുവിൻെറ ശരീരവുമാകുന്ന അൾത്താരയിൽ നിന്നു സഭ അനുസ്യൂതം ജീവൻെറ അപ്പം സ്വീകരിക്കുകയും വിശ്വാസികൾക്കു കൊടുക്കുകയും ചെയ്യുന്നു, പ്രത്യേകിച്ചും വി. ബലിയിൽ'' (Art 2). ലിററർജിയെപ്പററിയുള്ള ഡിക്രിയിൽ വ്യക്തമായി നിർദ്ദേശിക്കുന്നു, സുവിശേഷപ്രസംഗങ്ങൾ വേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്നു് (Art. 35/52).

6 സുവിശേഷപ്രസംഗകൻ ക്രിസ്തുവിൻെറ പ്രതിനിധിയാണെങ്കിൽ അതു വ്യക്തമാകുന്നതു ദൈവവചനം പ്രസംഗിക്കുമ്പോഴാണു്. വി. ആഗസ്റ്റീനോസ് പറയുന്നു; ''ഒരുവനെ മാനസാന്തരപ്പെടുത്തുവാൻ, 'ഞാൻ ഇങ്ങനെ പറയുന്നു', 'നീ ഇങ്ങനെ പറയുന്നു', 'അവൻ ഇങ്ങനെ പറയുന്നു' എന്നു പ്രസ്താവിക്കുന്നതുകൊണ്ടു പ്രയോജനമില്ല; 'കർത്താവു് ഇങ്ങനെ പറയുന്നു' എന്നു പ്രസ്താവിക്കണം''. ഇപ്രകാരമായിരുന്നല്ലോ ദീർഘദർശികൾ ജനങ്ങളെ ഉൽബോധിപ്പിച്ചിരുന്നതു്. കാരണം ''ദൈവത്തിൻെറ വചനം സജീവവും പ്രവർത്തനനിരതവുമാകുന്നു. അതു് ഇരുമുനവാളിനേക്കാൾ മൂർച്ചയുള്ളതും പ്രാണനും

ആത്മാവും സന്ധിബന്ധങ്ങളും മജ്ജയും തുളച്ചു കയറുന്നതുമാകുന്നു'' (എബ്രാ 4.12).

7 വേദപുസ്തകത്തെ ആസ്പദിച്ചു പ്രസംഗിക്കുക ഇന്നത്തെ വലിയ ആവശ്യമാകുന്നു. ആദിമ ക്രിസ്ത്യാനികൾ വേദപുസ്തകപഠനത്തിലും ധ്യാനത്തിലും അതീവ തല്പരരായിരുന്നു. എന്നാൽ അതെല്ലാം ക്രമേണ ക്ഷയിച്ചു പോയി. ആകയാൽ രണ്ടാംവത്തിക്കാൻ കൗൺസിൽ ദൈവവചനം ജനങ്ങൾക്കു പകർന്നു കൊടുക്കുവാൻ പല മാർഗ്ഗങ്ങളും നിർദ്ദേശിച്ചിരിക്കുന്നു. അവയിൽ മുഖ്യമായതാണു വി. ബലിയിലെ സുവിശേഷപ്രസംഗം. ദൈവശുശ്രൂഷയ്ക്കായി പരിശീലിപ്പിക്കപ്പെടുന്നവർ വി. ഗ്രന്ഥം ഉത്സാഹപൂർവ്വം വായിച്ചു സസൂക്ഷ്മം പഠിക്കുക വലിയ ആവശ്യമാകുന്നു. ഇങ്ങനെ ചെയ്യാത്തവർ അന്തസ്സാരശൂന്യരായ പ്രസംഗകരായിതീരുന്നു. ദൈവവചനത്തിലെ അമൂല്യസമ്പത്തു വിശ്വാസികൾക്കു പകർന്നു കൊടുക്കുവാൻ അവർ കടപ്പെട്ടവരാണ്(ദൈവാവിഷ്ക്കരണം 25).

8 വി. ലിഖിതങ്ങളിൽ ഉൾക്കൊള്ളുന്ന വിജ്ഞാനസമ്പത്തു ഏതൊരു പ്രസംഗകനും പ്രയോജനപ്പെടുത്തേണ്ടതാണ്.

a മുമ്പു പറഞ്ഞതുപോലെ ക്രിസ്തുനാഥനെപ്പററി പഠിക്കുവാൻ ഒന്നാമതു തിരിയേണ്ടതു വേദപുസ്തകത്തിലേക്കാണ്. അതുകൊണ്ടാണു വി. ആഗസ്തീനോസ് പ്രസ്താവിച്ചതു് ''വേദപുസ്തകത്തെപ്പററിയുള്ള അജ്ഞത ക്രിസ്തുവിനെപ്പററിയുള്ള അജ്ഞത തന്നെയാകുന്നു'' എന്നു്.

b തിരുസ്സഭയെപ്പററിയുള്ള പഠനത്തിനും വേദപുസ്തകത്തെ ആശ്രയിക്കണം. പഴയനിയമത്തിൽ സഭയുടെ പ്രതീകങ്ങൾ ധാരാളമുണ്ട്. സിനഗോഗും, നോഹിൻെറ പേടകവും ഇസ്രായേൽജനവും ഓർശ്ലേംദേവാലയവും ഉത്തമഗീതത്തിലെ വധുവും ഏശയ്യാ വിവരിച്ചിട്ടുള്ള മിശിഹായുടെ രാജ്യവുമെല്ലാം തിരുസ്സഭയുടെ പ്രതിരൂപങ്ങളാണല്ലോ. പുതിയ നിയമമാണെങ്കിൽ തിരുസഭയുടെ ചരിത്രം തന്നെയാണ്.

c ''ദൈവശാസ്ത്രത്തിൻെറ ആധാരം, വി, പാരമ്പര്യങ്ങളോട്ട ചേർന്നു അക്ഷയമായ ഒരടിസ്ഥാനമെന്ന നിലയിൽ വത്തിക്കുന്ന ലിഖിതമായ ദൈവവചനമാകുന്നു. ''ആകയാൽ, ദൈവശാസ്ത്രത്തിൻെറ ജീവൻ വി. ഗ്രന്ഥപഠനമായിരിക്കട്ടെ'' (vat. 11 Revel.26). സാധാരണജനങ്ങൾക്കുവേണ്ടിയുള്ള ദൈവശാസ്ത്രഗ്രന്ഥമായ വേദപുസ്തകം സുവിശേഷപ്രസംഗകനു വിശ്വാസസത്യങ്ങൾ ചർച്ചചെയ്യുവാൻ വളരെ സഹായകമാണ്.

d സന്മാർഗ്ഗശാസ്ത്രപഠനത്തിനും അടിസ്ഥാനം വി. ഗ്രന്ഥം തന്നെ. ദൈവം ഓരോ കാലത്തു നൽകിയ സാന്മാർഗ്ഗികനിയമങ്ങൾ ബൈബിളിലെ എല്ലാ പുസ്തകങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാവരിലും സന്നിഹിതനായി, എല്ലാററിനേയും നേരിട്ട ഭരിക്കുന്ന അവിടുത്തെ വിധിയിൽ പെടാതിരിക്കുവാൻ ഒരുത്തർക്കും സാദ്ധ്യമല്ല.

വ്യക്തികളുടെ അനുദിനകൃത്യങ്ങളെ നിയന്ത്രിക്കുന്ന പലേ നിയമങ്ങളും ദൈവം നല്കുകയുണ്ടായി. അവയെ അലങ്കാരപ്രയോഗങ്ങളും അന്യാപദേശങ്ങളുംകൊണ്ടു വ്യാഖ്യാനിച്ച് ഏവർക്കും സുഗ്രഹമാക്കിയിരിക്കുന്നു. ദീർഘദർശികളെ അയച്ചു ചില വ്യക്തികളെ ദൈവം ശാസിക്കുകയും തിരുത്തുകയും ചെയ്തു. സാമൂഹ്യനിയമങ്ങളും വേദപുസ്തകത്തിലുണ്ട്. ഇസ്രായേലിന്റെ ഭരണത്തിൽ ദൈവം നേരിട്ട് ഇടപെട്ടു; രാജാക്കന്മാരെ നിയമിക്കുകയും നീക്കുകയും ചെയ്തു. ''സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും നല്കുക'' എന്നു് അവിടുന്നു കല്പിക്കുകയും ചെയ്തു. എന്നും നിലനിൽക്കുന്ന സാമൂഹ്യ നിയമങ്ങളാണവ.

e ആദ്ധ്യാത്മികജീവിതം സംബന്ധിച്ച വേദപുസ്തകത്തിൽ വ്യവസ്ഥാപിതമായ പഠനം ഇല്ലായിരിക്കാം. എങ്കിലും ആത്മീയതയുടെയെല്ലാം ഉറവിടം ബൈബിൾതന്നെ. സ്വർഗ്ഗീയപ്രകാശംപരത്തുന്ന പലേ വിശുദ്ധരേയും അവിടെ നമ്മൾ കാണുന്നുണ്ട്. ഉദാ: ഹേനോക്ക്, റൂത്ത്, യൗസേപ്പ് തുടങ്ങിയവർ. സങ്കീർത്തനങ്ങൾ പോലുള്ള ആത്മീയചൈത

ന്യം നിറഞ്ഞ പ്രാർത്ഥനകളുണ്ടു്. അനർഘതതോപദേശങ്ങറം സമൃദ്ധമാണ ബൈബിളിൽ. പ്രാത്ഥനയുടേയും പ്രായശ്ചിത്തത്തിൻേറയും പ്രാധാന്യവും ആവശ്യകതയും ചരിത്രസംഭവങ്ങറംവഴി വ്യക്തമാക്കുന്നുണ്ടു്. ഉദാ: നിനിവേക്കാരുടെ മാനസാന്തരം. ദിവ്യരക്ഷകൻ സുകൃതജീവിതനിയമങ്ങറം ഉപദേശിച്ചിട്ടുണ്ടു്, മലയിലെ പ്രസംഗത്തിലും അന്ത്യപ്രഭാഷണത്തിലും. ''നിങ്ങറം എന്നെ കണ്ടുപഠിക്കുവിൻ'' എന്നു് ആത്മാത്ഥമായി ആഹ്വാനം ചെയ്യുവാൻ പററുന്നവിധം അവിടുത്തെ ഐഹികജീവിതത്തിൻെറ വിവിധഘട്ടങ്ങറം പുണ്യപൂർണ്ണതയുടെ തികഞ്ഞ മാതൃക നമുക്കു പ്രദാനം ചെയ്തിരിക്കുന്നു. പരമപിതാവും ഇതിനു സാക്ഷ്യംവഹിക്കുകയുണ്ടായി. ''നിങ്ങറം ഇവനെ ശ്രവിക്കുവിൻ'' എന്നു്.

f ചരിത്രം എപ്പോഴും പ്രസംഗകനു ധാരാളം ആശയങ്ങളും മാതൃകകളും പ്രദാനം ചെയ്യുമല്ലോ. വേദപുസ്തകത്തിൽ ദൈവജനത്തിൻെറ മതപരമായ ചരിത്രം അടങ്ങിയിരിക്കുന്നു. വിശ്വാസസത്യങ്ങളേയും മതാനുഷ്ഠാനങ്ങളേയുംപററി പഠിപ്പിക്കുവാൻ ബൈബിളിൻെറ ചരിത്രപരമായ ഭാഗം വളരെ സഹായകമാണു്. അവിടെ തെളിഞ്ഞുകാണുന്ന പലവിധ ജീവിതമാതൃകകറം ചൈതന്യമേറിയ പ്രതിപാദനവിഷയങ്ങളാണു്. അതിശക്തവും വിപുലവുമായ ആക്രമണങ്ങളെ ജയിച്ചുകൊണ്ടുള്ള സഭയുടെ മുന്നേററം ദൈവത്തിൻെറ അത്ഭുതകര പരിപാലനത്തെ വിളിച്ചറിയിക്കുന്നു.

ഇപ്രകാരം എല്ലാ ആത്മീക വിജ്ഞാനശാഖകളും ഉറംക്കൊള്ളുന്ന വേദപുസ്തകം സുവിശേഷപ്രസംഗകനു് അറിവിന്റെ അക്ഷയപാത്രം തന്നെയാണു്.

# വിശുദ്ധഗ്രന്ഥ വ്യാഖ്യാനം

ബൈബിറം വാക്യങ്ങറം വ്യാഖ്യാനിക്കുവാൻ പഠിച്ചിട്ടുള്ളവനായിരിക്കണം സുവിശേഷപ്രസംഗകൻ. രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, വി. ലിഖിതങ്ങളിൽ ദൈവം മനുഷ്യർവഴി മാനുഷികമായ രീതിയിലാണു സംസാരിക്കുന്നതു്. തന്മൂലം ദൈവം നമ്മോടു് സംസാരിക്കുവാൻ ഉദ്ദേശിക്കുന്നതു് എന്താണെന്നു മനസ്സിലാക്കുവാൻ പ്രസം

ഗകനു കഴിയണം. അതിനായി വി. ഗ്രന്ഥകാരന്മാർ കല്പിക്കു ന്ന അത്ഥം എന്താണെന്നും അവരുടെ വാക്കുകാംവഴി ദൈവം പ്രകാശിപ്പിക്കുവാൻ തിരുമനസ്സാകുന്നതു് എന്തെന്നും പരിശോധിക്കേണ്ടതുണ്ടു്.

വി. ഗ്രന്ഥകാരന്മാരുടെ ഉദ്ദേശ്യം മനസ്സിലാക്കുവാൻ അവർ സ്വീകരിച്ചിരിക്കുന്ന സാഹിത്യരൂപം ഏതെന്നു നോക്കണം. അതു ചരിത്രവിവരണം, അന്യാപദേശം, പ്രവചനം, പ്രാർത്ഥന എന്നിങ്ങനെ ഏതെങ്കിലുമാകാം. അതുതന്നെ ഗദ്യത്തിലോ പദ്യത്തിലോ ആകാം (ദൈവാവിഷ്ക്കരണം 12, 13).

ഇങ്ങനെ സാധിക്കുന്നതു ദൈവത്തിൻെറ ആവിഷ്ക്കരണമാണെന്നു് ഓർമ്മിക്കണം. ആകയാൽ, അവ നല്കുന്ന സന്ദേശത്തിനാണു പ്രാധാന്യം. വി. ഗ്രന്ഥങ്ങളിലെ വാക്കുകളേയും വാചകങ്ങളേയും ശരീരത്തോടും അവയിൽ അന്തർഹിതമായിരിക്കുന്ന അത്ഥത്തെ ആത്മാവിനോടും ഉപമിക്കാം. പ്രാധാന്യം കല്പിക്കേണ്ടതു് അത്ഥത്തിനാണെന്നു വ്യക്തം. അർത്ഥം സ്വീകരിക്കുന്നതു സാഹിത്യരൂപമനുസരിച്ചു പലവിധത്തിലാകാം.

1 വാച്യാർത്ഥം– ഇതു വാക്കുകളിൽനിന്നും നേരിട്ടുകിട്ടുന്ന അത്ഥമാണു്. ഉദാ: ''ഇതു് എൻെറ ശരീരമാകുന്നു''.

2 പൂർത്തീകരിക്കുന്ന അർത്ഥം– വാച്യാത്ഥത്തേക്കാം പ്രാധാന്യമുള്ള വേറൊരർത്ഥംകൂടി ബൈബിം വ്യാഖ്യാനങ്ങാംക്കുണ്ടാകാം– പൂർത്തീകരിക്കുന്ന അത്ഥം. ഇതു മാനുഷികഗ്രന്ഥകാരന്മാർ ഉദ്ദേശിച്ചില്ലെന്നു വരാം. അതുകൊണ്ടാണു പുതിയ നിയമഗ്രന്ഥകാരന്മാർ അവക്കു ലഭിച്ച നിവേശനമനുസരിച്ചു പഴയനിയമദീർഘദർശനങ്ങാംക്കു വാച്യാത്ഥത്തിൽനിന്നു വ്യത്യസ്തമായ വ്യാഖ്യാനങ്ങാം നല്കിയിട്ടുള്ളതു്. ഉദാ: ഏശയ്യാ 7. 14-ൽ ''കന്യക ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും'' എന്നുപറയുന്ന പ്രവചനം പരി. കന്യകാമറിയത്തിൽ പൂത്തിയായതായി വി. മത്തായി രേഖപ്പെടുത്തുന്നു (1; 22, 23).

3 പ്രതിരൂപാൎത്ഥം (Typical Sense); ഇവിടെ വാക്കുകളേക്കാരം പ്രാധാന്യം പ്രതിരൂപങ്ങരംക്കാണ്. ഈ പ്രതിരൂപങ്ങരം ആളുകളോ, സാധനങ്ങളോ, സ്ഥാപനങ്ങളോ, സംഭവങ്ങളോ ആയിരിക്കാം. ഉദാ: ഇസഹാക്കു ക്രിസ്തുവിൻെറ പ്രതീകം; മന്നാവി. കുർബ്ബാനയുടേതു്; നോഹിൻെറ പേടകം തിരുസ്സഭയുടേതു്; ഇസ്രായേലിൻെറ മോചനം മനുഷ്യരക്ഷയുടേതു്.

4 കല്പിതാൎത്ഥം (Accomodated Sense); ഇതു യഥാർത്ഥത്തിൽ വേദവാക്യത്തിൻെറ അർത്ഥമല്ല. സാമ്യത്തെ ആസ്പദമാക്കി വേദവാക്യങ്ങരം മററു വ്യക്തികരംക്കോ വസ്തുക്കരംക്കോവേണ്ടി പ്രയോഗിക്കുകയാണ്. ഉദാ: ''ദൈവത്തിനും മനുഷ്യൎക്കും പ്രിയംകരൻ'' എന്നു മോശയെപ്പററി ദൈവം അരുളിച്ചെയ്തതു് ഒരു വിശുദ്ധനെപ്പററി പറയുക.

## ഈ വ്യാഖ്യാനങ്ങൾ ഉപയോഗിക്കേണ്ട വിധം–

1 വാച്യാർത്ഥമാണു വസ്തുതകരം സ്ഥാപിക്കാൻ കൂടുതൽ പ്രയോജനകരം. അതു കണ്ടുപിടിച്ചു പ്രയോഗിക്കുവാൻ പ്രസംഗകൻ പ്രത്യേകം ശ്രദ്ധിക്കണം.

2 ഇതുപോലെ പൂർത്തീകരിക്കുന്ന അർത്ഥവും വിശ്വാസസത്യങ്ങരംക്കു തെളിവായി നൽകാവുന്നതാണ്.

3 സ്പഷ്ടമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രതിരൂപങ്ങളാണെങ്കിൽ പ്രതിരൂപാർത്ഥം ആശയസമൎത്ഥനത്തിനായി സ്വീകരിക്കാം. എന്നാൽ, ഇപ്രകാരം പ്രതിരൂപാൎത്ഥത്തെമാത്രം അടിസ്ഥാനമാക്കി സ്വീകരിച്ചിട്ടുള്ളതായി യാതൊരു വിശ്വാസസത്യവും സഭയിലില്ല. സാധർമ്മ്യം ഇത്രമാത്രം വ്യക്തമല്ലെങ്കിലും പ്രതിരൂപാർത്ഥം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ, അതു ശ്രോതാക്കളുടെ ഭക്തിതീക്ഷ്ണത വർദ്ധിപ്പിക്കുവാൻവേണ്ടി മാത്രമായിരിക്കണം. അവ പാരമ്പര്യത്തിലോ ലിററർജിയിലോ ഉപയോഗിച്ചിട്ടുള്ളതുമായിരിക്കണം.

4 ഇതുപോലെ മററു പ്രതിരൂപങ്ങളും പ്രസംഗകൻെറ കഴിവുപോലെ ഉപോൽബലകങ്ങളായി ഉപയോഗപ്പെടുത്താം, എങ്കിലും യാതൊരു അടിസ്ഥാനമില്ലാത്തവയും പ്രാമാണിക

ന്മാരായ ഗ്രന്ഥകാരന്മാരും സ്വീകരിച്ചിട്ടില്ലാത്തവയുമായ പ്ര തിരൂപങ്ങരം പ്രസംഗത്തിൽ പെടുത്തരുതു്.

5 കല്പിതാൎത്ഥം പരി. ആത്മാവിൻെറ ഉദ്ദേശ്യത്തിൽ പെ ടാത്തതാണെങ്കിലും വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താ വുന്നതാണു്. എന്നാൽ, കല്പിതാൎത്ഥം വാച്യാർത്ഥമായി ന ല്കരുതു്; വിശ്വാസസത്യങ്ങരംക്കുള്ള തെളിവായി പറയരുതു്; അതു വാച്യാർത്ഥത്തിനു വിരുദ്ധമാകരുതു്; സ്വന്തം അഭിപ്രാ യം സ്ഥാപിക്കുവാനായി വേദവാക്യത്തെ യഥേഷ്ടം മാററി മ റിക്കരുതു്.

പ്രസംഗകരും എഴുത്തുകാരും വേദവാക്യങ്ങളെ തെററായി വ്യാഖ്യാനിച്ചു പോകാറുണ്ടു്. കാരണം, അന്യരുടെ വ്യാഖ്യാ നങ്ങരം ശരിയോ തെറേറാ എന്നു നോക്കാതെ കണ്ണുമടച്ചു് സ്വീ കരിക്കുന്നു; വേദവാക്യംതന്നെ തെററിച്ചുവായിക്കുന്നു. പഠന ത്തിൻെറ കുറവുമൂലം തെററായ വ്യാഖ്യാനം നൽകുന്നു; വി. ഗ്ര ന്ഥങ്ങളിലെ സാഹിത്യരൂപങ്ങളുടെ പ്രത്യേകതകരം പരിഗ ണിക്കുന്നില്ല.

6 വിശുദ്ധ ഗ്രന്ഥകാരന്മാരുടേയും അവർ സ്വീകരിച്ചിരി ക്കുന്ന സാഹിത്യരൂപങ്ങളുടേയും രചനാകാലത്തിൻേറയും പ്ര ത്യേകതകരം പഠിക്കുന്നതോടൊപ്പം ഇന്നത്തെ ശ്രോതാക്കളുടെ ജീവിതസാഹചര്യങ്ങരംകൂടി പരിഗണിച്ചുവേണം പ്രസംഗ കൻ വേദവാക്യങ്ങരം വ്യാഖ്യാനിക്കുവാൻ എങ്കിലേ അതു തി കച്ചും ജീവിതസ്പർശിയായിരിക്കയുള്ളു.

7 ചുരുക്കത്തിൽ, തിരുസ്സഭയുടെ പ്രബോധനമനുസരിച്ചു വേണം വേദവാക്യങ്ങരം വ്യാഖ്യാനിച്ചുകൊടുക്കുവാൻ. സഭമു ഴുവനിലുമുള്ള സജീവപാരമ്പര്യവും വിശ്വാസസത്യങ്ങരം ത മ്മിലുള്ള പൊരുത്തവും പരിഗണിക്കണം (ദൈവാവിഷ്ക്കര ണം 12). സൂനഹദോസ് അനുസ്മരിപ്പിക്കുന്ന ഈ പാരമ്പര്യ ത്തിൽ സഭാപിതാക്കന്മാർ വേദവാക്യങ്ങരംക്കു നൽകിയിട്ടുള്ള സൈദ്ധാന്തിക വ്യാഖ്യാനത്തിനു വലിയ പ്രാധാന്യമുണ്ടു്.

## പ്രസംഗത്തിൽ ബൈബിൾ ഉപയോഗിക്കേണ്ടവിധം

1 ബൈബിളിൻെറ ഒരു ഭാഗം ഒരു പ്രസംഗത്തിൻെറ മുഴവൻ വിഷയമായി സ്വീകരിക്കുക—ഇതാണ ഹോമിലിയിൽ ചെയ്യുന്നതു്. ഇതേപ്പററി പിന്നീട്ട ചിന്തിക്കുന്നതാണു്.

2 പ്രസംഗത്തിൽ പ്രതിപാദിക്കുന്നവിഷയം വിവരിക്കുവാനോ, സമത്ഥിക്കുവാനോവേണ്ടി പലേ വേദവാക്യങ്ങൾ ഉദ്ധരിക്കുക. ഇതു രണ്ടുതരത്തിലാകാം വാക്യങ്ങൾ പദാനപദം ഉദ്ധരിക്കുക; അഥവാ അവ ഉദ്ധരിക്കുന്നതോടുക്കൂടി എവിടെനിന്നെടുത്തു എന്നുകൂടി പറയുക.

ഇങ്ങനെ ബൈബിൾ വാക്യങ്ങൾ ഉദ്ധരിക്കുമ്പോൾ

a വളരെയേറെ വാക്യങ്ങൾ ഉദ്ധരിക്കരുതു്. വാക്യങ്ങൾ അധികമായാൽ ആശയങ്ങൾ അവ്യക്തമാകും; അവയുടെ പരസ്പര ബന്ധം ശിഥിലമാകുകയും ചെയ്യും.

b വിഷയത്തിനു് ഏററംപററുന്നവതന്നെ തിരഞ്ഞെടുക്കുക. എങ്കിലേ പ്രതിപാദനം സുഗ്രഹമാകയുള്ളു.

c ഹ്റസ്വവും അത്ഥസമ്പുഷ്ടവുമായ വാക്യങ്ങൾ സ്വീകരിക്കുക; സുദീർഘമായി ഉദ്ധരിക്കുന്നതായാൽ പ്രസംഗം വിരസമാകും.

d ഉദ്ധരിക്കുന്ന വാക്യങ്ങളുടെ അർത്ഥം വിവരിച്ചു കൊടുക്കണം; ആവശ്യമെങ്കിൽ അവയുടെ സന്ദർഭങ്ങൾക്കൂടി വ്യക്തമാക്കാം. ലക്കോർഡയർ പറഞ്ഞിട്ടുള്ളതുപോലെ വേദവാക്യം, പലഹാരത്തിൽ ചേക്കുന്ന 'എസ്സൻസു'പോലെ പ്രസംഗം മുഴവൻ ആസ്വാദ്യമാക്കണം.

e സദസ്യക്കു ബൈബിൾ വാക്യത്തിൻെറ മൂലഭാഷ അറിയാമെങ്കിൽ അതിൽതന്നെ ഉദ്ധരിക്കുന്നതാണു് കൂടുതൽ ഫലപ്രദം. എന്നാൽ, അവർക്കു് അറിയുകയില്ലെങ്കിൽ അവരുടെ ഭാഷയിൽ മാത്രം പറഞ്ഞാൽ മതി. മാത്രമല്ല സഭാപിതാക്കന്മാർ മൂലഭാഷകളിൽ ഉദ്ധരിച്ചിരുന്നുമില്ല. എന്നാൽ,

ഇതിൽ എതിരഭിപ്രായമുള്ളവരുമുണ്ട്. കൂടുതൽ ആധികാരികമായി പറയുവാൻ മൂലഭാഷയിൽതന്നെ ഉദ്ധരിക്കുന്നതു സഹായകമാണെന്നാണ് ഇക്കൂട്ടരുടെ അഭിപ്രായം. ഇങ്ങനെ പറയുന്നെങ്കിൽ, വളരെകുറച്ചു വാക്യങ്ങൾ മാത്രംമതി; വിവിധ ഭാഷാപാണ്ഡിത്യ പ്രകടനമാകാതെ സൂക്ഷിക്കണം; അർത്ഥം നേരത്തേ വിവരിച്ചശേഷം മാത്രം വാക്യം പറയുക.

## പ്രാരംഭവാക്യം

പ്രസംഗത്തിനു പ്രാരംഭമായി ഒരു ബൈബിൾ വാക്യം ഉദ്ധരിക്കുക പണ്ടേയുള്ള പതിവാണ്. സിനഗോഗുകളിൽ നിന്നാണ് ഈ പാരമ്പര്യം സഭയിൽ വന്നതു്. ബൈബിൾ വായിച്ചു വ്യാഖ്യാനിക്കുന്ന സിനഗോഗ്‌രീതി ക്രിസ്തുനാഥനും അപ്പസ്തോലന്മാരും സ്വീകരിച്ചു. സഭയുടെ ആദ്യകാലത്തു ഒരാൾ വി. ഗ്രന്ഥം വായിക്കുകയും തുടർന്നു മെത്രാനോ അദ്ദേഹത്താൽ നിയുക്തനായ വൈദികനോ അതു വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. ഈ പതിവു ചുരുങ്ങിയെങ്കിലും ഒരു വാക്യമായി ഇന്നും തുടരുന്നു. ഇങ്ങനെ വേദവാക്യം ഉദ്ധരിക്കുന്നതുകൊണ്ട്, പഴയ പാരമ്പര്യം നിലനിറുത്താനും ദൈവവചനമാണു പ്രസംഗിക്കുവാൻ പോകുന്നതു എന്നബോദ്ധ്യം ജനിപ്പിക്കുവാനും പ്രസംഗവിഷയത്തെപ്പററി പൊതുവായ ഒരു ധാരണ നൽകാനും കഴിയുന്നതാണ്.

## ബൈബിൾ വാക്യം തിരഞ്ഞെടുക്കുമ്പോൾ

a അതു പ്രധാനാശയം ഉൾക്കൊള്ളുന്നതായിരിക്കണം. അതിന്റെ വിഭാഗങ്ങൾക്കൂടി കാണിക്കുന്നതായാൽ വളരെ നല്ലതു്.

b ഈ വാക്യം ബൈബിളിൽ നിന്നു തന്നെയുള്ളതാകണം. പററിയവാക്യം കിട്ടുന്നില്ലെങ്കിൽ പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്നോ ലിററർജിയിൽ നിന്നോ സ്വീകരിക്കാം.

c പ്രസംഗം തയ്യാറാകുന്നതിനു മുമ്പോ അതിനു ശേഷമോ ഈ വാക്യം സ്വീകരിക്കാവുന്നതാണ്.

d അതിനു കൃത്രിമമായ വ്യാഖ്യാനം നൽകരുതു്.

e പല ഭാഗങ്ങളിൽ നിന്നും എടുത്തു കൂട്ടിച്ചേർത്തു യഥേഷ്ടം വാക്യമുണ്ടാക്കരുതു്.

f വല്ലതും ഉദ്ധരിക്കുന്നതിനേക്കാൾ നല്ലതു് ഒന്നും ഉദ്ധരിക്കാതിരിക്കുകയാണു്.

## ബൈബിൾ പഠനം

സുവിശേഷപ്രസംഗത്തിൻെറ പ്രധാന ഉറവിടമായ വി. ഗ്രന്ഥം നന്നായി പഠിക്കുക പ്രസംഗകനു് അത്യാവശ്യമാകുന്നു. ഈ പഠനം നടത്തേണ്ടവിധത്തെപ്പററി രണ്ടാംവത്തിക്കാൻ സൂനഹദോസ് പറയുന്നു: ''എല്ലാവരും ഓർക്കേണ്ട ഒരു സംഗതിയുണ്ടു്; വി. ഗ്രന്ഥപാരായണത്തോടൊപ്പം പ്രാത്ഥിക്കണം. അതുവഴിയത്രെ ദൈവമനുഷ്യസംഭാഷണം നടക്കുക. പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു് നാം സംസാരിക്കുന്നു. വായിക്കുമ്പോൾ ദൈവത്തെ നാം ശ്രവിക്കുന്നു'' (ദൈവാവിഷ്ക്കരണം 28). ആകയാൽ, വി. ഗ്രന്ഥപഠനം ഭക്തിപൂർവ്വവും പ്രാത്ഥനാസമന്വിതവും സവിനയവും നടത്തണം.

വളരെ ശാസ്ത്രീയമായ പഠനം വേണമെന്നില്ല. അതേസമയം ബൈബിളിലെ അനർഘനിക്ഷേപങ്ങൾ ഒന്നും വിട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കണം. കുറച്ചു വായിക്കുക, കൂടുതൽ ധ്യാനിക്കുക. വായിക്കുമ്പോൾ നോട്ടു് എഴുതിയെടുക്കുന്നതു് നല്ലതാണു്. ധ്യാനഫലമായി ഉദിക്കുന്ന ആശയങ്ങളും കുറിച്ചു വയ്ക്കാം. ഈ നോട്ടു വിഷയക്രമമനുസരിച്ചു സൂക്ഷിക്കുന്നതായിരിക്കും കൂടുതൽ പ്രയോജനകരം.

a വി. ഗ്രന്ഥം മുഴവൻ തുടർച്ചയായി ഒരു പ്രാവശ്യം വായിച്ചുതീർക്കണം. അപ്പോൾ ഒരു പൊതുരൂപം ലഭിക്കും.

b അതോടുകൂടി ബൈബിളിനുള്ള പൊതുവായ ആമുഖവും വായിക്കണം.

c അനന്തരം ഓരോ പുസ്തകത്തിനും പ്രത്യേകമായിട്ടുള്ള ആമുഖം വായിക്കുക. അങ്ങനെ അവയുടെ പ്രത്യേകതകളും ചരിത്രപരമായ പശ്ചാത്തലങ്ങളും മനസ്സിലാക്കാം.

d ആവശ്യംപോലെ പ്രത്യേകവാക്യങ്ങളുടെ വ്യാഖ്യാനവുംപഠിക്കേണ്ടതാണ്. ഈ പഠനത്തിൽ പുതിയനിയമഗ്രന്ഥങ്ങൾക്കാണ കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടതു്. പഴയനിയമ ഗ്രന്ഥങ്ങൾക്കുള്ള പ്രാധാന്യത്തെപ്പററിയും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

## 11 പരിശുദ്ധ സൂനഹദോസുകളുടെയും മാർപാപ്പമാരുടെയും പഠനം

ദൈവിക പാരമ്പര്യംവഴി നമുക്ക ലഭിച്ചിരിക്കുന്ന വി. ഗ്രന്ഥങ്ങൾപോലെ പൊതുസൂനഹദോസുകളുടെ ഡിക്രികളും മാർപാപ്പാമാരുടെ പഠനവും പ്രസംഗവിഷയത്തിൻെറ ഉറവിടമാകുന്നു. അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർ സമ്മേളിച്ചു്, ക്രിസ്തുനാഥൻെറ പ്രതിപുരുഷനായ മാർപാപ്പയുടെ അംഗീകാരത്തോടെ സ്വീകരിക്കുന്ന തീരുമാനങ്ങൾ പഠിച്ചു് അനുവർത്തിക്കുക വിശ്വാസികളുടെ ജീവിതവിജയത്തിനു് ആവശ്യമാണ്. അവർ അദ്ധ്യവസാനം ചെയ്തു പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾ എല്ലാവരും സ്വീകരിക്കണം. നമ്മുടെ കാലത്തു ലഭിച്ചിരിക്കുന്ന വലിയ അനുഗ്രഹമാണല്ലോ രണ്ടാംവത്തിക്കാൻ കൗൺസിലിൻെറ ഡിക്രികൾ. ഇരുളടഞ്ഞ ഈ ഘട്ടത്തിൽ അവ ലോകത്തിനു പ്രകാശധാരയായി ഭവിച്ചിരിക്കുന്നു.

ഇതുപോലെ തന്നെ മാപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങളും പ്രസംഗങ്ങളും തിരുസംഘങ്ങൾ വഴി നൽകുന്ന നിർദ്ദേശങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നുണ്ടു്. ഇവയിൽ അടങ്ങുന്ന കാര്യങ്ങളെല്ലാം വിശ്വാസസത്യങ്ങളായി സ്വീകരിക്കേണ്ടവയല്ലെങ്കിലും തിരുസ്സഭയുടെ അദ്ധ്യാപനാധികാരത്തെ ആസ്പദമാക്കി അവയൊക്കെ ജീവിതനിയമമായി നമ്മൾ അനുവർത്തിക്കേണ്ടതാണ്. മാത്രമല്ല പ്രസ്തുത പഠനങ്ങളിൽ അടങ്ങിയിരിക്കാവുന്ന വിശ്വാസസത്യങ്ങൾ അതുപടി സ്വീകരിക്കുകയും വേണം.

## ഇവ പ്രസംഗകൻ ഉപയോഗപ്പെടുത്തേണ്ട വിധം

a സൂനഹദോസുകളുടേയും മാർപ്പാപ്പാമാരുടേയും അദ്ധ്യാപനങ്ങൾ പ്രസംഗകൻ ശരിയായി പഠിക്കുകയും അവയനുസരിച്ചു ജീവിക്കുകയും പ്രസംഗിച്ചു പ്രചരിപ്പിക്കുകയും വേണം.

b ഇവ സൂക്ഷ്മമായി വ്യാഖ്യാനിച്ചുകൊടുത്തുകൊണ്ടു ജനങ്ങൾക്കു അവയെപ്പററി ബഹുമാനം ഉളവാക്കണം.

c വിശ്വാസസത്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളവയും അല്ലാത്തവയും വേർതിരിച്ചു കാണിച്ചു കൊടുക്കേണ്ടതാണു്.

ഇപ്രകാരം ഇന്നത്തെ വിഷമപ്രശ്നങ്ങൾക്കു സമാധാനം കണ്ടെത്തുവാനും ക്രൈസ്തവവിശ്വാസത്തിൽ വളരുവാനും ജനങ്ങളെ സഹായിക്കണം.

സുവിശേഷപ്രസംഗകൻ അവശ്യം പഠിച്ചിരിക്കേണ്ട ചില ചാക്രികലേഖനങ്ങളുണ്ടു്. ഉദാ:-

Humani generis- Pope Benedict XV
Providentissimus Deus (Bible Study) Leo XIII)
Rerum Novarum ''
Divinum illud munus (The holy Spirit) ''
Mater et Magistra- Pope John XXIII
Pacem in terris ''
Ad catholici sacerdotii- Puis XI
Vigilanti Cura (motion pictures) ''
Casti Connubii ''
Quadragessimo Anno ''
Divini illius magistri (Christian education ''
Non abbiamo bisogno (Catholic action) ''
Divini redemptoris (Communism) ''

| | |
|---|---|
| Progressio populorum | Paul VI |
| Justitia et pax | '' |
| Misterium fidei (Holy Eucharist) | '' |
| Ecclesiam suam (Renewal) | '' |
| Humaniae vitae (Priestly Celebacy) | '' |
| sacra virginitas | Pius XII |
| Mediator Dei (Liturgy) | '' |
| Menti nostrae (Priesthood) | '' |
| Haurietis aquas (Sacred Heart) | '' |
| Mistici Corporis | '' |
| Miserentissimus Redemptor (Reparation) | '' |

ഇവയോടുകൂടി തിരുസ്സഭയുടെ കാനൻനിയമങ്ങളും തിരുസംഘങ്ങളുടെ പ്രഖ്യാപനങ്ങളും പ്രസംഗകൻ പലപ്പോഴും പ്രതിപാദിക്കേണ്ടിവരും.

## 111 സഭാപിതാക്കന്മാരുടെ പഠനം

പ്രസംഗവിഷയത്തിൻെറ മുഖ്യമായ ഉറവിടങ്ങളിൽ ഒന്നാണ് സഭാപിതാക്കന്മാരുടെ പഠനം. അപ്പസ്തോലന്മാരുടെ കാലംമുതലുള്ള വിശുദ്ധപാരമ്പര്യത്തിനു സാക്ഷ്യം വഹിക്കുന്നവരാണ് അവർ. ഈ പ്രാചീനത്വത്തോടുകൂടി പിതാക്കന്മാരുടെ അന്യാദൃശമായ പുണ്യവും പാണ്ഡിത്യവും കൂടി ചേരുമ്പോൾ അവരുടെ പഠനത്തിനുള്ള പ്രാധാന്യം ഉപരി വർദ്ധിക്കുന്നു. ആകയാൽ, വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ചുള്ള അവരുടെ പഠനം പ്രസംഗകനു വലിയ സഹായകമാണ്.

1 എല്ലാപിതാക്കന്മാരും ഏകകണ്ഠമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ അതുപടി സ്വീകരിക്കാം. 2 കുറെ പേർ ഐകകണ്ഠ്യേന പറയുന്നതിൽ നിന്നു മററുള്ളവരുടെ അഭിപ്രായവും അതുതന്നെയെന്ന് അനുമാനിക്കാമെങ്കിൽ ആ പഠനവും പ്രസം

ഗ വിഷയമാക്കാം. എന്നാൽ ഏതെങ്കിലും പിതാവ് എതിരായി പറഞ്ഞിട്ടുണ്ടെങ്കിൽ, കുറെപ്പേരുടെ മാത്രമായ അഭിപ്രായം സ്വീകാര്യമാകയില്ല. 3 കുറച്ചുപേരെ പറയുന്നുള്ളുവെങ്കിലും, സാഹചര്യങ്ങൾമൂലം അവർ സഭ മുഴുവൻെറയും പ്രാതിനിദ്ധ്യം വഹിക്കുന്നുവെങ്കിൽ ആ പഠനം സ്വീകരിക്കാം. 4. ചില പിതാക്കന്മാർ ഒന്നും മററു ചിലർ വേറൊന്നും പഠിപ്പിക്കു മ്പോൾ ഒന്നും സുനിശ്ചിതമല്ല; അതു ശരിയോതെറേറാ ആകാം. 5) പ്രാചീനത്വം, പുണ്യസമ്പത്ത്, പാണ്ഡിത്യം എന്നിവയുടെ ആധിക്യത്തെ ആസ്പദമാക്കി ഒരു പിതാവിൻെറ പഠനത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കാവുന്നതാണ്. എന്നാൽ, അത് അനിഷേദ്ധ്യമായി സ്വീകരിക്കേണ്ടതില്ല. 6) ലൗകികമാത്രമായ കാര്യങ്ങളെപ്പററിയുള്ള പിതാക്കന്മാരുടെ സാക്ഷ്യത്തിനു പ്രത്യേക പ്രാധാന്യമില്ല; ഉപോൽബലകമായ തെളിവുകളായി മാത്രം സ്വീകരിച്ചാൽ മതി.

## പിതാക്കന്മാരുടെ പഠനം പ്രയോജനപ്പെടുത്തേണ്ട വിധം

1 വിശ്വാസസത്യങ്ങൾ സ്ഥാപിക്കാൻ അവരുടെ പഠനം ഉപയോഗപ്പെടുത്താം.

2 വേദപുസ്തക വാക്യങ്ങൾ വ്യാഖ്യാനിക്കുവാനായി അതു പ്രയോജനപ്പെടുത്താം. എന്തുകൊണ്ടെന്നാൽ അവരുടെ ഗ്രന്ഥങ്ങൾ മിക്കവാറും വിശുദ്ധ ഗ്രന്ഥ പഠനങ്ങളാണ്.

3 വിശ്വാസ വിരുദ്ധമായ പഠനങ്ങൾക്കെതിരായി പിതാക്കന്മാരുടെ പഠനം പ്രയോജനപ്പെടുത്താം. കാരണം, ആദിമ കാലത്തെ പല പാഷണ്ഡതകളേയും അവർ എതിർത്തു പരാജയപ്പെടുത്തിയിട്ടുണ്ട്. അതിനുവേണ്ടി, ആ അബദ്ധസിദ്ധാന്തങ്ങളെപ്പററി, സാധാരണ ജനങ്ങൾക്കു മനസ്സിലാകത്തക്ക വിധം അവർ ധാരാളം എഴുതുകയും പ്രസംഗിക്കുകയുമുണ്ടായി.

4 അവരുടെ പ്രസംഗങ്ങളെ അനുകരിച്ചു നമുക്കും വിശ്വാസസത്യങ്ങൾ പ്രതിപാദിക്കാം. അതോടൊപ്പം അവരുടെ ആദ്ധ്യാത്മിക തീക്ഷ്ണത സ്വന്തമാക്കുകയും ചെയ്യാം.

ആകയാൽ, സഭാപിതാക്കന്മാരുടെ പഠനം സുവിശേഷ പ്രസംഗകർ ഉപയോഗപ്പെടുത്തണമെന്നു തിരുസ്സഭ ഔദ്യോഗികമായി ഉദ്ബോധിപ്പിച്ചിരിക്കുന്നു (1917-ലെ New Regulations No. 45 നോക്കുക).

എല്ലാ പിതാക്കന്മാരേയും പററി പഠിക്കുവാൻ സാധിച്ചെന്നു വരികയില്ല. ആകയാൽ, പ്രമുഖരായ ചിലരെ തിരഞ്ഞെടുത്തു് അവരുടെ കൃതികൾ പഠിക്കണം. പാശ്ചാത്യ പിതാക്കന്മാരിൽ വി. അഗസ്റ്റിൻ, വി. അംബ്രോസ്, വി. ഗ്രിഗറി, പൗരസ്ത്യ പിതാക്കന്മാരിൽ വി. ക്രിസസ്റ്റം, വി. ബേസിൽ, വി. ഗ്രിഗറി നസിയാൻസൻ, വി. അപ്രേം, നീസായിലെ വി. ഗ്രിഗറി, എന്നിവർക്കു മുൻഗണന നൽകാം. ഇവരിൽതന്നെ പ്രമുഖർ വി. അഗസ്റ്റിനും ക്രിസസ്റ്റമുമാണ്.

## പിതാക്കൻമാരേപ്പററി പഠിക്കേണ്ട വിധം -

അവരുടെ മൂലകൃതികൾതന്നെ പഠിക്കണം. മററുള്ളവരുടെ ഗ്രന്ഥങ്ങളിൽനിന്നുമായാൽപ്പോരാ. ആദ്യം അവരുടെ ജീവചരിത്രം മനസ്സിലാക്കേണ്ടതാണ്. കാലത്തിൻെറ പ്രത്യേകതകളെ ആസ്പദിച്ച് അവരുടെ ചിന്താഗതികളെ ഗ്രഹിക്കുവാൻ ഇതു് സഹായകമാകും. അവരുടെ കൃതികളെപ്പററിയുള്ള ആമുഖങ്ങൾ വായിക്കണം. ''The Ancient Christian Writers'' എന്ന ഗ്രന്ഥപരമ്പര ഈ പഠനത്തിനു വളരെ ഉപകരിക്കുന്നതാണ്.

## IV ദൈവശാസ്ത്രജ്ഞൻമാരുടെ ഗ്രന്ഥങ്ങൾ

നിത്യരക്ഷപ്രാപിക്കുവാനായി വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്യേണ്ട കാര്യങ്ങളാണല്ലോ പ്രസംഗകൻ ജനങ്ങളെ പഠിപ്പിക്കേണ്ടതു്. ഇതുതന്നെയാണ് ദൈവശാസ്ത്രജ്ഞന്മാരും അവരുടെ ഗ്രന്ഥങ്ങൾവഴി സാധിക്കുന്നതു്. അവയിൽ വിശ്വാസസത്യങ്ങളെപ്പററി ഏററം വ്യവസ്ഥിതമായി പ്രതിപാദിച്ചിരിക്കുന്നു (Conf Revel: 23). സാമാന്യജനങ്ങളുടെ ദൈവശാസ്ത്രജ്ഞനാണ് സുവിശേഷ പ്രസംഗകൻ. ആകയാൽ

അദ്ദേഹം ദൈവശാസ്ത്രഗ്രന്ഥങ്ങഠം ശ്രദ്ധാപൂർവ്വം പഠിക്കണം: ഇന്നു വളർന്നുവരുന്ന ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള അജ്ഞത പരിഹരിക്കത്തക്കവിധം പ്രസംഗിക്കണം. സാധാരണക്കാർക്കു പ്രയോജനപ്പെടുന്നതിനായി വളരെ ലളിതവും ഹൃദ്യവുമായ പ്രതിപാദനരീതിയാണു സ്വീകരിക്കേണ്ടതു്.

## ദൈവശാസ്ത്രപഠനം ഉപയോഗപ്പെടുത്തേണ്ട വിധം

1 ദൈവശാസ്ത്രജ്ഞന്മാരുടെ ഏകകണ്ഠമായ പഠനം സുനിശ്ചിതമായി സ്വീകരിക്കാവുന്നതാണു്.

2 അവരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങഠം പ്രസംഗിക്കരുതു്; സാധാരണക്കാർക്കു ഗ്രഹിക്കുവാൻ വിഷമമുള്ള തത്ത്വങ്ങളും പ്രതിപാദിക്കരുതു്. ഉദാ: ദൈവത്തിന്റെ മുന്നറിവും വിധിയും.

3 ദൈവാസ്തിക്യം, മനുഷ്യാവതാരം, നിത്യരക്ഷ, തിരുസ്സഭ, വി. ബലി, കൂദാശകഠം, ദൈവപ്രമാണങ്ങഠം ദൈവവിളി എന്നിങ്ങനെ അനുദിനജീവിതത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങളാണു് പ്രധാനമായി പറയേണ്ടതു്. ഇവയുടെ താത്ത്വികവും പ്രായോഗികവുമായ വശങ്ങഠം ലളിതമായി വിശദീകരിച്ചുകൊടുക്കണം.

## V ലിററർജി–

ദൈവ വചനത്തിന്റെ അനർഘഭാഗങ്ങഠം വി. ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ബൈബിളിലെ സുന്ദരഭാഗങ്ങഠം ലിററർജിയിൽ ചേർന്നിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ, സുവിശേഷപ്രസംഗം തിരുക്കർമ്മവത്സരത്തിലെ വിവിധകാലങ്ങളുടെ പാശ്ചാത്തലത്തിൽ നടത്തണം. ആകയാൽ ലിററർജിയിൽനിന്നു' അറിവും ചൈതന്യവും ഉഠംക്കൊള്ളുവാൻ പ്രസംഗകൻ ശ്രദ്ധിക്കണം.

ലിററർജിയിൽ ക്രിസ്തുനാഥന്റെ ജീവിതവും പഠനങ്ങളും അനുക്രമം അവതരിപ്പിക്കുന്നുണ്ടു്. അങ്ങനെ ദൈവശാസ്ത്രത്തി

ലെ പ്രധാന സത്യങ്ങഠം അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ സഹായിക്കുന്നു. (Liturgy is theology made life and action) സുവിശേഷപ്രസംഗകൻ ചെയ്യേണ്ടതും ഇതു തന്നെയാണു്.

### ലിററർജി പ്രസംഗവിഷയമാക്കേണ്ട വിധം–

1 ലിററർജിയുടെ സ്വഭാവവും പ്രാധാന്യവും വിവരിച്ചു കൊടുക്കാം.

2 ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളും അവയുടെ ചൈതന്യവും ചർച്ചചെയ്യാം.

3 ലിററർജിയിലെ സാദൃശ്യങ്ങളും അനുഷ്ഠാനങ്ങളും വ്യാഖ്യാനിച്ചു് അവയിൽ അടങ്ങിയിരിക്കുന്ന വിശ്വാസസത്യങ്ങഠം വ്യക്തമാക്കാം.

4 യഥാകാലം ലിററർജിയിൽ വന്നുകൊണ്ടിരിക്കുന്ന പുരോഗതി ചൂണ്ടിക്കാണിക്കാം.

## VI ആദ്ധ്യാത്മികശാസ്ത്രം (Ascetics)

ആദ്ധ്യാത്മിക ജീവിതപുരോഗതി സാധിക്കുകയാണു് സുവിശേഷപ്രസംഗത്തിൻെറ ഉദ്ദേശ്യം. അതിനുവേണ്ട തത്വങ്ങളും മാർഗ്ഗങ്ങളുമാണു് ആദ്ധ്യാത്മികശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്നതു്. വിശ്വാസികഠം പാപരഹിതമായി ജീവിച്ചാൽമാത്രംപോരാ പുണ്യത്തിൽ അഭിവൃദ്ധിപ്പെടുകയും വേണം. അതിനായി ഭക്താഭ്യാസങ്ങഠം പരിശീലിപ്പിക്കുകയും പുണ്യജീവിതത്തിൽ ഉണ്ടാകുന്ന പ്രലോഭനങ്ങളെപ്പററി മുൻകൂട്ടി അറിവുനല്കുകയും ആവശ്യമാണു്. ഈദൃശവിഷയങ്ങളുടെ ഉറവിടം ആദ്ധ്യാത്മിക ശാസ്ത്രമാകുന്നു.

പ്രായോഗികവശം— ആദ്ധ്യാത്മിക വിജ്ഞാനീയത്തിൽ തിരുസ്സഭ തികച്ചും സമ്പന്നയാണു്. വി. വലിയത്രേസ്യാ, കുരിശിൻെറ വി. യോഹന്നാൻ, വി. ഫ്രാൻസീസ് സാലസ്, വി. ഷന്താഠം, സീയെന്നായിലെ വി. കത്രീന തുടങ്ങിയ വിശു

ദ്ധരുടേയും മററനേകം ആദ്ധ്യാത്മിക ഗ്രന്ഥകാരന്മാരുടെയും കൃതികഠം ഇന്നു സുലഭമാണ്. അവയിൽനിന്നു്, ശ്രോതാക്കളുടെ ജീവിതാവസ്ഥയ്ക്കും സാഹചര്യങ്ങഠംക്കും പററിയ കാര്യങ്ങഠം സ്വീകരിച്ചു വിവരിച്ചുകൊടുക്കാവുന്നതാണ്.

## VII തിരുസ്സഭാചരിത്രം

ദൈവികകാര്യങ്ങഠം താത്ത്വികമായി മാത്രം പ്രസംഗിച്ചാൽപോരാ അവയുടെ പ്രായോഗികവശങ്ങഠംകൂടി ദൃഷ്ടാന്തസഹിതം അവതരിപ്പിക്കണം. ഇതിനാവശ്യമായ കാര്യങ്ങളുടെ ഉറവിടമാണു സഭാചരിത്രം.

ചരിത്രപഠനംവഴി, ഭൂതകാലസംഭവങ്ങളുടെ വെളിച്ചത്തിൽ പുതിയനിഗമനങ്ങഠം സ്വീകരിച്ചു പ്രവർത്തനപരിപാടികഠം ക്രമപ്പെടുത്തുവാൻ കഴിയും. മാത്രമല്ല ചരിത്രപുരുഷന്മാരുടെ ഉത്തമമാതൃകകഠം ചൂണ്ടിക്കാണിച്ച് അവരെ അനുകരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യാം.

ചരിത്രപഠനത്തിൽനിന്നു പൊതുവായുണ്ടാകുന്ന ഈ പ്രയോജനങ്ങഠംക്കുപുറമേ, തിരുസ്സഭാചരിത്രത്തിനു അതിൻേറതായ പ്രത്യേക ഫലദായകത്വമുണ്ടു്. കാരണം, അതു വേദപുസ്തകത്തിൻെറ തുടർച്ചയും പുതിയ ദൈവജനത്തിൻെറ ചരിത്രവുമാണു്; വിശിഷ്യാ അതു നമ്മുടെ സ്വന്തം കുടുംബത്തിൻെറ ചരിത്രംകൂടിയാണ്. ദൈവത്തിൻെറ പ്രത്യേക പരിപാലന അതിൽ തെളിഞ്ഞു കാണുവാൻ കഴിയും. സഭയുടെ അത്ഭുതകരമായ പ്രചാരം, കഠിനപീഡനങ്ങളുടെ മദ്ധ്യേയുള്ള വിജയകരമായ നിലനില്പ് മുതലായവ എല്ലാവരുടെയും ശ്രദ്ധയെ ആകഷിക്കുന്നതാണ്.

### ചരിത്രപഠനം പ്രയോജനപ്പെടുത്തേണ്ട വിധം

1 വിശ്വാസസത്യങ്ങഠംക്കുള്ള തെളിവായി സഭാചരിത്രം അവതരിപ്പിക്കാം. വിശ്വാസസംഹിതയുടെ വികസനം, സഭാശത്രുക്കളുടെ എതിർപ്പ്, തന്മൂലം ഉണ്ടാകുന്ന സൂനഹദോസ് തീരുമാനങ്ങഠം എന്നിവ വിവരിക്കുവാൻ ചരിത്രം സഹായകമാകും.

2 അബദ്ധപഠനങ്ങളെ ഖണ്ഡിക്കുവാൻ കഴിയും. പഴയ അബദ്ധപഠനങ്ങൾതന്നെയാണ് ഓരോകാലത്തു് പുതിയരൂപത്തിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നു ചരിത്രത്തിൽനിന്നു സ്ഥാപിക്കാവുന്നതാണ്. ചരിത്രസംഭവങ്ങൾ വളച്ചൊടിച്ചു തിരുസ്സഭയെ എതിർക്കുന്നവരുണ്ട്. അവർക്കുള്ള മറുപടി യഥാർത്ഥചരിത്രംതന്നെയാണ്.

3 മതാനുഷ്ഠാനങ്ങളിൽ നിരന്തരമുണ്ടാകുന്ന വളർച്ച വ്യക്തമാക്കുവാനും അവയെപ്പററി സഭാവിരോധികൾ പറയുന്ന ആക്ഷേപങ്ങൾക്കു് മറുപടി നൽകുവാനും ചരിത്രം ഉപകരിക്കും.

4 തിരുസ്സഭയുടെ ദൈവികസ്വഭാവത്തിനു ശരിയായ തെളിവാണു സഭയുടെ അത്ഭുതകരമായ നിലനില്പ്. ശക്തരായ ശത്രുക്കളെ പരാജയപ്പെടുത്തിയും ലൗകായതികത്വത്തിനു കടകവിരുദ്ധമായ വിശ്വാസസത്യങ്ങളും അനുഷ്ഠാനങ്ങളും മുറുകെപ്പിടിച്ചുകൊണ്ടു തിരുസ്സഭ എന്നും മുന്നേറുന്നതായി ചരിത്രത്തിൽക്കാണാം.

5 സഭയുടെ വിശുദ്ധീകരണശക്തിക്കു ശരിയായ തെളിവാണ് അവളുടെ വീരസന്താനങ്ങളായ വിശുദ്ധാത്മാക്കൾ.

## VIII വിശുദ്ധരുടെ ചരിത്രം

വ്യക്തികളുടെ ജീവിതത്തിൽ രൂപംകൊള്ളുന്ന സുവിശേഷവും ദൈവശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവുമൊക്കെയാണ് വിശുദ്ധരുടെ ജീവചരിത്രം. ഇവർ ക്രിസ്തുവിൻെറ പ്രതിഛായകളാണ്; പുണ്യജീവിതത്തിനുള്ള സജീവപ്രേരണകളാണ്; പരലോകജീവിതത്തിനുള്ള ശക്തവും വ്യക്തവുമായ സാക്ഷ്യങ്ങളാണ്.

## വിശുദ്ധരുടെ ചരിത്രം ഉപയോഗപ്പെടുത്തേണ്ട വിധം

ഒരു വിശുദ്ധൻെറ ജീവിതം ഒരു പ്രസംഗത്തിൻെറ മുഴുവൻ വിഷയമാക്കാം. ഉദാ: തിരുനാൾ പ്രസംഗം. ഏതു പ്രസംഗത്തിലും അവരുടെ ജീവിതസംഭവങ്ങളും ഉപദേശങ്ങളും പരാ

മർശിക്കേണ്ടിവരും. ചരിപുത്രരുഷന്മാരായ അവരുടെ അനുഭവസാക്ഷ്യങ്ങൾക്ക് വലിയവിലയുണ്ട്. കടംകഥകളായി തള്ളിക്കളയാവുന്നതല്ല അവരുടെ ജീവിതസംഭവങ്ങൾ. എന്നാൽ ചരിത്രവസ്തുതകളും ഐതിഹ്യങ്ങളും കൂട്ടിക്കുഴയ്ക്കരുത്. വിശുദ്ധരെപ്പററി പറയുന്നവയെല്ലാം ക്രിസ്തുവിലേക്ക് എത്തിനില്ക്കുകയും വേണം.

# പ്രസംഗവിഷയത്തിൻെറ അപ്രധാന ഉറവിടങ്ങൾ

## I തത്വശാസ്ത്രം

സുവിശേഷപ്രസംഗത്തിൻെറ അപ്രധാന ഉറവിടങ്ങളെപ്പററി ഇനി ചിന്തിക്കാം. അവയിൽ മുഖ്യമായതു് തത്വശാസ്ത്രമാണു്. പ്രസംഗകൻ ഒരു ദാർശനികൻ കൂടിയായിരിക്കണമെന്നാണു് പണ്ഡിതമതം. തത്വശാസ്ത്രം പ്രസംഗകനെ രൂപപ്പെടുത്തുന്നു. കാര്യകാരണസഹിതം ചിന്തിക്കാനും വിഷയങ്ങൾ സൂക്ഷ്മമായി ഗ്രഹിച്ചു് പറയുവാനും തത്വശാസ്ത്രപഠനം ആവശ്യമാണു്. അങ്ങനെ ശ്രോതാക്കളുടെ മാനസികനിലയും വികാരതീവ്രതയും കണക്കിലെടുത്തു പ്രസംഗിക്കുവാനും കഴിയും. തന്മൂലം പ്രസംഗത്തിനു വലിയ പ്രേരകശക്തി ഉണ്ടാകും. വീണ്ടും, ദൈവികമായവ യുക്തിയുക്തമായി കൈകാര്യംചെയ്യുവാൻ തത്വശാസ്ത്രം സഹായിക്കും. ദിവ്യസത്യങ്ങൾ ശാസ്ത്രീയമായി അവതരിപ്പിച്ചുകൊണ്ടു് വിശ്വാസവിരുദ്ധരുടെ ആക്ഷേപങ്ങൾ അനായാസം ഖണ്ഡിക്കാവുന്നതാണു്.

## II പ്രകൃതിശാസ്ത്രം (Natural Science)

മതവും ശാസ്ത്രവുംതമ്മിൽ പൊരുത്തമില്ല എന്ന നാസ്തികരുടെ വാദത്തിനു് അർത്ഥമില്ല. എന്തുകൊണ്ടെന്നാൽ ഒരു സത്യം വേറൊരുസത്യത്തിനു്വിരുദ്ധമാകയില്ലല്ലോ. മതത്തിന്റെയും ശാസ്ത്രത്തിൻെറയും ഉറവിടം ചിൽസ്വരൂപനായ ദൈവംതന്നെയാണു്; അവ പരസ്പരപൂരകങ്ങളുമാണു്. ഡോക്ടർ രാധാകൃഷ്ണൻ ഒരിക്കൽ പറഞ്ഞു; ''ശാസ്ത്രം സത്യമന്വേഷി

ക്കുന്നു; മതം അതു പ്രദാനം ചെയ്യുന്നു''. ഇന്ത്യയുടെ പ്രസിഡൻറ് സഞ്ജീവറെഡ്ഡി 1978 മെയ് 13-ാംതീയതി Museum Complex-ൻെറ ശിലാസ്ഥാപനവേളയിൽ പ്രസ്താവിച്ചു: ''കുഴപ്പങ്ങൾകൊണ്ടുനിറഞ്ഞ ലോകത്തിനു് ആവശ്യം ആദ്ധ്യാത്മികതയുടെയും ശാസ്ത്രത്തിൻെറയും സംയോജനമാണ്. ആത്മാവില്ലാത്ത ശാസ്ത്രവും ശാസ്ത്രമില്ലാത്ത മതവും മനുഷ്യസമൂഹത്തിനു് അപകടകരമാണ്. സത്യത്തിനുവേണ്ടിയുള്ള നിരന്തരമായ അന്വേഷണമാണ് ശാസ്ത്രം നടത്തുന്നതു്. മതവും ശാസ്ത്രവും തമ്മിൽ യാതൊരു സംഘട്ടനവുമില്ല.''

നമ്മുടെ ശ്രദ്ധയിലും അനുഭവത്തിലും പെടുന്ന കാര്യങ്ങളുടെ സ്വഭാവം കണ്ടുപിടിക്കുവാൻ നിരീക്ഷണ പരീക്ഷണങ്ങൾ വഴി ശാസ്ത്രം ശ്രമിക്കുന്നു. അവയുടെ മൂലകാരണവും പരമാന്ത്യവും എന്തെന്നു് തത്വശാസ്ത്രം കാണിച്ചുതരുന്നു. മൂലകാരണത്തിൻെറയും പരമാന്ത്യത്തിൻെറയും ഗുണവിശേഷങ്ങൾ കൂടുതൽ വ്യക്തമാക്കുന്നു ദൈവശാസ്ത്രം. ദൈവത്തിൻെറ സ്വഭാവങ്ങളും വ്യാപാരങ്ങളും ദൈവംതന്നെ പറഞ്ഞുതരണമല്ലൊ. ഇതാണു വെളിപാടു്. അതിൽനിന്നും ദൈവശാസ്ത്രം രൂപംപ്രാപിക്കുന്നു. ഈ തത്വങ്ങളെ ആസ്പദമാക്കിവേണം സുവിശേഷപ്രസംഗകൻ ചിന്തിക്കുവാനും പ്രസംഗിക്കുവാനും. ശാസ്ത്രത്തിലുള്ള അവഗാഹം അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾക്ക് പ്രാമാണികത്വവും പ്രാധാന്യവും പ്രദാനംചെയ്യും; ദുർഗ്രഹമായ ആത്മീകസത്യങ്ങൾ പ്രകൃതിയിലെ രഹസ്യങ്ങളെ ആസ്പദമാക്കികൂടുതൽ ലളിതമായി വിവരിക്കുവാനും കഴിയും.

## ശാസ്ത്രീയവിജ്ഞാനം പ്രയോജനപ്പെടുത്തേണ്ട വിധം

1 പ്രപഞ്ചത്തിൽനിന്നു പ്രപഞ്ചകർത്താവിലേക്കു ശ്രോതാക്കളുടെ ശ്രദ്ധയെ തിരിക്കത്തക്കവിധം വിഷയം അവതരിപ്പിക്കാം. ഈശോയുടെ അന്യാപദേശങ്ങൾ നോക്കുക. ഉദാ. വയലിലെ പുഷ്പങ്ങളെയും ആകാശത്തിലെ പക്ഷികളേയും പോററുന്ന ദൈവത്തിൻെറ പരിപാലന, കടുകുമണികളുടെ ഉപമ.

2 അണുക്കൾമുതൽ ആകാശഗോളങ്ങൾവരെയുള്ള സൃഷ്ടികളിൽ നടക്കുന്ന അത്ഭുതപ്രവർത്തനങ്ങളിൽനിന്നു് സ്രഷ്ടാവിൻെറ വിജ്ഞാനവും ശക്തിയും സ്നേഹവും തെളിയിക്കാം. അങ്ങനെ സ്രഷ്ടാവിനെ അറിയുവാനും സ്നേഹിക്കുവാനും സേവിക്കുവാനുമുള്ള ഉപാധികളായി സൃഷ്ടികളെ ചൂണ്ടിക്കാണിക്കാം.

3 പ്രകൃതിനിയമങ്ങൾ പാലിച്ചാലുണ്ടാകുന്ന നന്മയും അവ ലംഘിച്ചാലുണ്ടാകുന്ന നാശങ്ങളും, ദൈവകല്പനകൾ അനുസരിക്കേണ്ട ആവശ്യകത വ്യക്തമാക്കുവാനായി അനുസ്മരിപ്പിക്കാം.

ശരീരശാസ്ത്രവും സുവിശേഷപ്രസംഗകനു പ്രയോജനപ്പെടുത്താവുന്നതാണു്. ഈ ലോകത്തിൽ കാണുന്ന അത്ഭുതകരമായ കാര്യങ്ങളുടെ ഒരു സംഗ്രഹരൂപമാണു് മനുഷ്യൻ. മനുഷ്യൻെറ ജനനം, വളർച്ച, അവൻെറ ശരീരത്തിൻെറയും മനസ്സിൻെറയും വിസ്മയകരവ്യാപാരങ്ങൾ എന്നിവയെപ്പററി പ്രസംഗകനു് അറിവുണ്ടായിരിക്കണം.

''നിൻെറ ഒരു മുടിപോലും വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു കഴിവില്ല'' (Mt 5/36). ''വ്യഗ്രതമൂലം ആയുസ്സു് അല്പംകൂടിയെങ്കിലും നീട്ടാൻ നിങ്ങളിൽ ആർക്കുകഴിയും'' (Mt 6/27) എന്നിങ്ങനെ നമ്മെ പഠിപ്പിച്ചുകൊണ്ടു് ക്രിസ്തുനാഥൻ ശാരീരികാനുഭവങ്ങളെ ആസ്പദമാക്കി നമ്മുടെ ശ്രദ്ധ ദൈവത്തിൻെറപക്കലേക്കു തിരിക്കുന്നു. ഇങ്ങനെതന്നെ സുവിശേഷപ്രസംഗകനും ചെയ്യാം. നമ്മൾ അറിയാതെയും ഒന്നും പ്രത്യേകം ചെയ്യാതെയും സ്രഷ്ടാവിൻെറ വ്യവസ്ഥയനുസരിച്ചു നമ്മുടെ ശരീരത്തിൽ സദാ നടന്നുകൊണ്ടിരിക്കുന്ന ആന്തരിക വ്യാപാരങ്ങളുടെ സങ്കീർണ്ണതയെപ്പററി വിവരിച്ചുകൊണ്ടു ദൈവിക സഹായത്തിലും സംരക്ഷണയിലും പൂർണ്ണമായി ആശ്രയിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കാവുന്നതാണു്.

## III സാമൂഹ്യശാസ്ത്രം

സാമൂഹ്യജീവിയായ മനുഷ്യനെ ബാധിക്കുന്ന പലേ സാമൂഹ്യപ്രശ്നങ്ങളുമുണ്ടു്. അവയ്ക്കു സമാധാനംകിട്ടുവാൻ ആളു

കരം ആഗ്രഹിക്കുന്നു. ആകയാൽ സുവിശേഷപ്രസംഗകൻ സാമൂഹ്യവിഷയങ്ങരം ശരിയായി പഠിച്ചു ചർച്ചചെയ്യേണ്ടിയിരിക്കുന്നു.

സോഷ്യലിസം പലർ മാറിമാറി ധരിക്കുന്നതുമൂലം ആകൃതിനഷ്ടപ്പെട്ട ഒരു തൊപ്പിയാണ്. രാഷ്ട്രീയക്കാർ അവരുടെ ഇഷ്ടംപോലെ അതിനെ വ്യാഖ്യാനിക്കുന്നു. ആകയാൽ സുവിശേഷപ്രസംഗകൻ അതിൻെറ അടിസ്ഥാനതത്വങ്ങരം വ്യക്തമായി ജനങ്ങളെ ധരിപ്പിക്കണം. സോഷ്യലിസം കമ്മ്യൂണിസമല്ല. കാരണം, കമ്മ്യൂണിസത്തിലെ ഏകാധിപത്യം, ഭൗതികമാത്രമായ ആദർശം, അക്രമം, മാർഗ്ഗശുദ്ധിയില്ലായ്മ മുതലായവയൊന്നും സോഷ്യലിസത്തിനു സ്വീകാര്യമല്ല. അതു കുത്തക മുതലാളിത്തവുമല്ല. എന്നാൽ സമ്പൂർണ്ണ ദേശസാൽക്കരണം ആവശ്യപ്പെടുന്നില്ല. ഒരതിർത്തിവരെയുള്ള ദേശസാൽക്കരണവും സാമൂഹ്യനിയന്ത്രണവുംമതി. ഭൗതികത്വമല്ല അതിൻെറ അടിസ്ഥാനം. അതു് ആത്മീയമൂല്യങ്ങളെ മാനിക്കുന്നുണ്ടു്. മനുഷ്യൻ അപ്പത്തിനുവേണ്ടി മാത്രമല്ല ജീവിക്കുന്നതു്; എന്നാൽ അവനു് അപ്പവുംവേണം.

ജനാധിപത്യ സോഷ്യലിസത്തിൻെറ അടിസ്ഥാനതത്വങ്ങളായ മെച്ചപ്പെട്ട മാർഗ്ഗങ്ങളും കാര്യക്ഷമമായ പ്രവർത്തനങ്ങളുംവഴി ഉല്പാദനംവർദ്ധിപ്പിക്കുക, അതു നീതിപൂർവ്വം വിതരണം ചെയ്യുക, സ്ഥലത്തിൻെറ കേന്ദ്രീകരണം തടയുക, ധനികനിൽനിന്നു കൂടുതൽ നികുതി പിരിച്ചു ദരിദ്രർക്കുകൊടുക്കുക, അവസരസമത്വവും സാമൂഹ്യജീവിതഭദ്രതയും കൈവരുത്തുക എന്നിവയെപ്പററി പ്രസംഗകൻ ബോധവാനായിരിക്കണം.

## സാമൂഹ്യശാസ്ത്രവിജ്ഞാനം പ്രയോജനപ്പെടുത്തേണ്ട വിധം

1 അടിസ്ഥാനതത്വങ്ങളെ ആസ്പദിച്ചുവേണം ഈ വിഷയം പ്രതിപാദിക്കുവാൻ. എല്ലാവരും ഒരേ പിതാവിൻെറ മക്കളും ഒരേ അന്ത്യം പ്രാപിക്കേണ്ടവരുമാണെന്ന സനാതനസ

ത്യം പാലിച്ചാൽമാത്രമേ സാക്ഷാത്തായ സമത്വവും സ്വാത ന്ത്ര്യവും സാഹോദര്യവും കൈവരുകയുള്ളുവെന്നു വ്യക്തമാക്കണം.

2 വ്യക്തികളുടെ അവകാശങ്ങളോടൊപ്പം അവരുടെ ക ടമകളുംകൂടി പരിഗണിക്കണം.

3. കക്ഷി രാഷ്ട്രീയത്തിനും സ്ഥാപിതതാൽപര്യങ്ങൾ ക്കും അടിമയാകാതെ നീതിയും ഉപവിയും ആവശ്യപ്പെടുന്നകാ ര്യങ്ങൾ പ്രസംഗിക്കണം.

4 സമകാലികപ്രശ്നങ്ങളെപ്പററിയുള്ള തിരുസ്സഭയുടെ ഔദ്യോഗികപഠനങ്ങളെ മുറുകെപിടിക്കണം. ശ്രോതാക്കളെപ്രീ ണിപ്പിക്കാനായി വൃഥാ വിപ്ലവകരമായി ഒന്നും പറയരുതു്. സർവ്വപ്രധാനമായി ആത്മീയനന്മയെ ലക്ഷ്യമാക്കി സംസാരി ക്കണം.

## IV അക്രൈസ്തവ ഗ്രന്ഥകാരന്മാർ

ഇവരുടെ സ്വീകാര്യമായ അഭിപ്രായങ്ങൾ പ്രസംഗത്തിൽ അവതരിപ്പിക്കാവുന്നതാണു്. എന്നാൽ ജീവിച്ചിരിക്കുന്നവരു ടെ അഭിപ്രായങ്ങൾക്കു് അധികം പ്രാധാന്യംകൊടുക്കേണ്ടതി ല്ല. കാരണം പിന്നീടു് അവർ മാററിപ്പറഞ്ഞേക്കാം. പരേ തരായ മഹാന്മാരുടെ ചിന്തകളെപ്പററി തിരുസ്സഭ ഇപ്രകാരം നിർദ്ദേശിക്കുന്നു: അക്രൈസ്തവരുടെ അഭിപ്രായങ്ങൾ അധി കം സ്വീകരിക്കേണ്ടതില്ല. അകത്തോലിക്കരുടേതും അങ്ങനെ തന്നെ. ജീവിച്ചിരിക്കുന്നവരുടെ അഭിപ്രായങ്ങൾ ഒരിക്കലും പള്ളിയിൽ പറയേണ്ട. കവിവാക്യങ്ങൾ ഉദ്ധരിക്കുമ്പോൾ അക്രൈസ്തവ നാമങ്ങൾ പറയാതിരിക്കയാണു് നല്ലതു്. (Conf. New regulations 1917)

പ്രസംഗവിഷയത്തിന്റെ ഉറവിടങ്ങളെപ്പററിയുള്ള പഠന ത്തിൽനിന്നു് ഒരു കാര്യം വ്യക്തമാണു്. ഒന്നും പറയാനില്ല ല്ലോ എന്നു വിഷമിക്കേണ്ടതില്ല സുവിശേഷപ്രസംഗകൻ. തന്റെമുമ്പിലുള്ള അതിവിപുലവും വിവിധവുമായ ആശയ ശ്രോതസ്സുകളെ അദ്ദേഹം വ്യവസ്ഥിതമായി ഉപയോഗപ്പെടു ത്തിയാൽമാത്രം മതി.

നാലാം ഭാഗം

# പലതരം പ്രസംഗങ്ങൾ

മതപരമായ പ്രസംഗങ്ങരം പലതരമുണ്ട്. ആരാധനക്രമത്തിൽപെടുന്ന പ്രസംഗങ്ങരം (Liturgical sermons), ജീവിതനവീകരണംസാധിക്കുവാനുള്ള ധ്യാനപ്രസംഗങ്ങരം, വിശ്വാസസത്യങ്ങരം വിശദീകരിച്ചും സമർത്ഥിച്ചുംകൊണ്ടുള്ള സൈദ്ധാന്തിക പ്രസംഗങ്ങരം, പുണ്യപുരോഗതിക്കുവേണ്ടിയുള്ള ഉപദേശങ്ങരം എന്നിവ പ്രധാനപ്പെട്ടവയാകുന്നു. ഇവക്കു പല വിഭാഗങ്ങളും ഉപവിഭാഗങ്ങളുമുണ്ട്. അവയെപ്പററി ഇനി ചിന്തിക്കാം.

## ആരാധനക്രമത്തിൽപെട്ട പ്രസംഗങ്ങൾ

വി. ബലി, ക്ലൂദാശകരം, തിരുനാരം, മൃതസംസ്കാരം എന്നിങ്ങനെയുള്ള തിരുക്കർമ്മങ്ങരം അനുഷ്ഠിക്കുമ്പോരം പറയുവാൻ ആരാധനക്രമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രസംഗങ്ങളാണ് ഈ ഗണത്തിൽപെടുക. അവയിൽ ഏററം മുഖ്യമായതു വി. ബലിയിലുള്ള ഹോമിലിയാണ്.

## ഹോമിലി

ഇതു് വി. ബലിയുടെ ഒരു പ്രധാന ഭാഗമാണ്, 1 ബലിസമർപ്പണത്തിനിടയ്ക്കുതന്നെയാണ് ഈ പ്രസംഗം ചെയ്യേണ്ടതു്. 2 ബലിയുടെ കാർമ്മികൻതന്നെയാണു പ്രസംഗിക്കേണ്ടതു്. അപ്പം വിഭജിക്കുന്ന ആരംതന്നെ വചനവും വിഭ

ജിക്കണം. ബലി അർപ്പിക്കുന്ന കാർമ്മികനിൽ ക്രിസ്തുനാഥൻ പ്രത്യേകവിധം സന്നിഹിതനാണല്ലോ. അദ്ദേഹത്തിനു കഴി യാതെ വന്നാൽ അപ്പത്തിൻേറയും വചനത്തിൻേറയും അടുത്ത ശുശ്രൂഷിയായ ഡീക്കൻ പ്രസംഗിക്കുന്നു. 3 ബലിയിൽ ഭാ ഗഭാക്കാകുന്ന വിശ്വാസികളോടാണു പ്രസംഗിക്കുക. 4 ദൈ വത്തിൻെറ രക്ഷാകരകൃത്യമാണു പ്രസംഗവിഷയം; വി. ഗ്രന്ഥ ത്തിൽ അടങ്ങിയിരിക്കുന്നതും ലിററർജിയിൽ പ്രതിബിംബി ക്കുന്നതുമായ ക്രിസ്തുരഹസ്യം (ലിററർജി. 35). 5 ദൈവവ ചനത്തെ മനുഷ്യരുടെ വ്യക്തിപരമായ ജീവിതത്തോടു ബന്ധി ക്കുവാനുള്ള മാനുഷികയത്നമാണു ഹോമിലി, വേദപുസ്തക പാ രായണംവഴി ശ്രവിച്ച ദൈവവചനവും വി. കുർബാനയിൽ അർപ്പിക്കപ്പെടുന്ന ദൈവവചനവും തമ്മിൽ ബന്ധിക്കുന്ന ശൃം ഖലയാണതു്. ഈ ബന്ധിക്കൽ സാധിക്കുന്നതു തിരുക്കർമ്മ വത്സരത്തിലെ പ്രത്യേകകാലത്തിനു് അനുയോജ്യമായിട്ടും ശ്രോതാക്കളുടെ ബഹുവിധാവശ്യങ്ങൾക്കു പ്രയോജനപ്പെടുന്ന വിധത്തിലുമായിരിക്കും.

## ഹോമിലിയുടെ ദൈവശാസ്ത്രവശം

1 ഹോമിലി സ്വസന്താനങ്ങളോടു സംസാരിക്കുന്ന ദൈ വത്തിൻെറ സ്വരമാണു്. അതു പ്രസംഗകനിലൂടെയാണു ശ്രാ വ്യമാകുന്നതു്. അതായതു ദൈവവചനം മനുഷ്യവചനങ്ങളി ലൂടെ. ''ദൈവം ഞങ്ങൾവഴി നിങ്ങളോടു് അഭ്യർത്ഥിക്കുന്നു'' 2 കോറി. 5:20). ''മനുഷ്യരുടെ വചനമായിട്ടല്ല യഥാർത്ഥ ദൈവത്തിൻെറ വചനമായിട്ടാണു വിശ്വാസികൾ അതു സ്വീ കരിക്കുന്നതു്'' (2 തെസ. 2:13).

2 അതു് ക്രിസ്തുവിൻെറ സന്ദേശമാണു്. ''നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു'' (ലൂക്കാ. 10:16). ആക യാൽ ദിവ്യഇടയൻ തൻെറ ആടുകളോടു നടത്തുന്ന സംഭാഷണ മാകുന്നു.

3 ഈ സന്ദേശം മിശിഹായുടെ തുടർച്ചയായസഭ വൈ ദികൻവഴി നടത്തുന്ന വചനപ്രഘോഷണത്തിൽ തുടർന്നുകൊ

ണ്ടിരിക്കുന്നു. കാരണം, ''മിശിഹായുടെ സുവിശേഷപ്രഘോഷണത്തിൽ ദൈവത്തിൻെറ ശുശ്രൂഷക''നാണു വൈദികൻ (1 തെസ. 3:2). സഭയുടെ വൈദികനിലാകട്ടെ, ക്രിസ്തു പ്രത്യേകവിധം സന്നിഹിതനായിരിക്കുന്നുണ്ട്. വൈദികൻ വി. കർബാനയും സുവിശേഷപ്രസംഗവുംവഴി ദൈവികരഹസ്യങ്ങൾ വിശ്വാസികൾക്കു പ്രദാനം ചെയ്യുന്നു (1കൊറി. 4:1).

4 ദൈവരക്ഷകൻെറ ആഗമനത്തിനുമുമ്പു ജനങ്ങളെ ഒരുക്കുവാനായി ദീർഘനാളെത്തേക്കുണ്ടായിരുന്ന പ്രസംഗങ്ങളുടെ സ്ഥാനത്താണ് ഇന്നു വി. കർബാനയിലെ പ്രസംഗം. സുവിശേഷപ്രസംഗം ഒരു കൂദാശാനുകരണമാണ്. അതു് ജനങ്ങളെ വിശ്വാസത്തിലേക്കു ക്ഷണിക്കുകയും വിശ്വസിക്കാനുള്ള പ്രസാദവരം നല്കുകയും ചെയ്യുന്നു.

5 കൂദാശകളിൽ കൂദാശസാധനവും കൂദാശവചനവുമുണ്ടല്ലോ. കൂദാശസാധനംകൊണ്ടു വ്യഞ്ജിപ്പിക്കുന്ന കാര്യം കൂദാശവചനംവഴി സാധിക്കുന്നു. എന്നാൽ, ഈ കൂദാശവചനത്തിൻെറ വികസിത രൂപവും കൂദാശ സ്വീകരണത്തിനുള്ള ഒരുക്കവുമായി വചനപ്രസംഗത്തെ പരിഗണിക്കാം. കാരണം, കൂദാശകളെല്ലാം വിശ്വാസത്തിൽ അധിഷ്ഠിതമാണ്. വിശ്വാസം ജനിപ്പിക്കുന്നതും വളരുന്നതും വചനം വഴിയത്രേ Confr. Priests 4).

6 വി. ബലിയും വചനശുശ്രൂഷയും തമ്മിൽ ദൃഢബന്ധമുണ്ടു്. എന്തുകൊണ്ടെന്നാൽ, വി. ബലിയിൽ ദിവ്യകുഞ്ഞാടിൻെറ രക്തംകൊണ്ടു പുതിയ ഉടമ്പടിക്കു മുദ്രവയ്ക്കുന്നു. എന്നാൽ അതിനുമുമ്പായി ക്രിസ്തുവിൻെറ രക്ഷാകരരഹസ്യങ്ങൾ ദൈവജനത്തെ പഠിപ്പിക്കുകയും അവർ അതു് സ്വീകരിക്കുകയും ചെയ്യണം. ഇതാണ് കർബാനയിലെ വചനശുശ്രൂഷയുടെ ഉദ്ദേശ്യം. പഴയനിയമകാലത്തും ഇങ്ങനെതന്നെ ചെയ്തു. മോശ സീനായിൽവച്ചു ജനങ്ങളെ നിയമം വായിച്ചുകേൾപ്പിക്കുകയും അവർ ''ആമ്മേൻ'' എന്നു് ഏററു പറഞ്ഞു് അതു് അംഗീകരിക്കുകയും ചെയ്തു. അനന്തരം ബലിയായി അർപ്പിച്ച മൃഗത്തിൻെറ രക്തത്തിൽ ആ ഉടമ്പടിക്കു മുദ്രവച്ചു. ഇപ്രകാരം ദിവ്യരക്ഷകനും ആദ്യം വചനം പ്രസംഗിക്കുകയും അതിനുശേ

ഷം തന്റെ വചനം സ്വീകരിച്ച ജനങ്ങൾക്ക് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചുകൊടുക്കുകയുംചെയ്തു. ഒടുവിലത്തേ അത്താഴത്തിലും അവിടുന്ന ശിഷ്യന്മാരോടു പ്രസംഗിച്ചശേഷം അപ്പം ആശീർവദിച്ചു വിഭജിച്ചുകൊടുത്തു. തന്റെ ഉത്ഥാനത്തിനുശേഷം ഈശോ, എമ്മാവൂസിലേക്കുപോയ രണ്ടു ശിഷ്യന്മാരോടു വഴിയിൽവച്ചു ദീർഘമായി സംസാരിക്കയും ഒടുവിൽ അവരോടൊന്നിച്ചു ഭവനത്തിൽ പ്രവേശിച്ച് അവക്കു അപ്പം മുറിച്ചു കൊടുക്കുകയുമുണ്ടായി.

ആദിമസഭയും ഈ പതിവുതന്നെ പാലിച്ചു. ദൈവവചനം കേൾക്കുവാനായി വിശ്വാസികൾ ഒരുമിച്ചുകൂടുകയും അപ്പത്തിന്റെ വിഭജനത്തിൽ പങ്കുചേരുകയും ചെയ്തു പോന്നു. ഇന്നു് വി. കുർബാനയിൽ നടക്കുന്നതും ഇതുതന്നെ. ആകയാൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: ദിവ്യബലിയിൽ ''കർത്താവിന്റെ മരണത്തേയും ഉത്ഥാനത്തേയും പററിയുള്ള പ്രഖ്യാപനവും അതു ശ്രവിക്കുന്ന ജനങ്ങളുടെ പ്രതിവചനവും, സ്വരക്തംകൊണ്ടു ക്രിസ്തു പുതിയ ഉടമ്പടിയെ സ്ഥിരപ്പെടുത്തിയ ബലിസമർപ്പണത്തോടു് അവിഭാജ്യമായവിധം ബന്ധപ്പെട്ടിരിക്കുന്നു (priest 4).

7 വി. ലിഖിതം പ്രസംഗംവഴിയാണു ഫലപ്രദമാകുക. ''ആരെങ്കിലും വ്യാഖ്യാനിച്ചുതരാനില്ലാതെ എനിക്കെങ്ങനെ മനസ്സിലാക്കാനാവും'' (ശ്ലീഹ: 8 31) എന്നുള്ള എത്യോപ്യന്റെ വാക്കുകൾ എന്നും പ്രസക്തമാണ്. മാത്രമല്ല അജ്ഞരും വിശ്വാസസ്ഥിരതയില്ലാത്തവരും തങ്ങളുടെതന്നെ നാശത്തിനായി തിരുവെഴുത്തുകൾ വളച്ചൊടിക്കുമെന്നു വി. പത്രോസ് ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു് (2 പത്രോ. 3:6). വീണ്ടും, ദൈവവചനത്തിൽ പ്രതിദ്ധ്വനിക്കുന്ന ദൈവികാഹ്വാനത്തിനു ശരിയായി ഉത്തരം നല്കുവാൻ വിശ്വാസികൾക്കു കഴിയണം. ഈ ഉത്തരം അവരുടെ ജീവിതസാഹചര്യങ്ങളിൽ അനുവർത്തിക്കുവാൻ അവർ പ്രാപ്തരാകുകയും വേണം. എങ്കിൽമാത്രമേ, ദൈവവചനം സജീവവും, സമാശ്വാസകരവും, ജീവദായകവുമായി എല്ലായിടത്തും എന്നും അനുഭവപ്പെടുകയുള്ളൂ. ഇതിനൊക്കെ വേണ്ട ശിക്ഷണവും അനുഗ്രഹവും ലഭിക്കുവാൻ സുവിശേഷപ്രസംഗം ആവശ്യമാകുന്നു.

## ഹോമിലിയുടെ ചരിത്രം

ഹോമിലിയുടെ ആരംഭം യഹൂദസിനഗോഗുകളിലാണ്. അവിടെ വി. ഗ്രന്ഥം വായിച്ചു വ്യാഖ്യാനിക്കുക പതിവായിരുന്നു. ക്രിസ്തുവും ഇങ്ങനെ ചെയ്തതായി വി. ലൂക്കാ പറയുന്നുണ്ട് (4:16). അപ്പസ്തോലന്മാരും ഈ പതിവുതുടർന്നു. അവർ പുതിയനിയമഗ്രന്ഥങ്ങൾക്ക പ്രാധാന്യം കൊടുത്തെന്നു മാത്രം. ആദിമസഭയിൽ ഡീക്കൻ വേദപുസ്തകം വായിക്കുകയും മെത്രാനോ, അദ്ദേഹം നിയോഗിക്കുന്ന വൈദികനോ അതു വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. പാശ്ചാത്യപൗരസ്ത്യ വ്യത്യാസമില്ലാതെ എല്ലാ സഭാപിതാക്കന്മാരും സുവിശേഷപ്രഘോഷകരായിരുന്നുവെന്ന് അവരുടെ ഗ്രന്ഥങ്ങളിൽനിന്നു വ്യക്തമാണ്. മാത്രമല്ല ഹോമിലിയുടെ സുവർണ്ണദശയായിരുന്നു അവരുടെ കാലം.

മദ്ധ്യശതകങ്ങൾമുതലുള്ള കാലത്തു വൈദികർ സ്വന്തമായി ഹോമിലി തയ്യാറാക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. അവർ സഭാപിതാക്കന്മാരുടെ പ്രസംഗങ്ങൾ പള്ളിയിൽ വായിക്കുകയായിരുന്നു പതിവ്. തന്നിമിത്തം ചാർലിമെയിൻ ചക്രവർത്തി വിദഗ്ദ്ധന്മാരെക്കൊണ്ട് പ്രസംഗങ്ങൾ തയ്യാറാക്കിച്ചു വൈദികർക്കു നല്കിയിരുന്നു. മാർട്ടിൻലൂതറുടെ കാലയളവിൽ ഹോമിലി മിക്കവാറും അവഗണിക്കപ്പെട്ടിരുന്നുവെന്നു പറയാം. ആരാധനഭാഷ പൊതുവേ അജ്ഞാതവുമായിരുന്നു. തന്നിമിത്തം ബലിയിലും കൂദാശകളിലുമുള്ള ഭാഗഭാഗിത്വം തികച്ചും നിർജ്ജീവവും യാന്ത്രികവുമായിതീർന്നു. ലൂതറാകട്ടെ എല്ലാവിധ പ്രാധാന്യവും ബൈബിളിനു നല്കിക്കൊണ്ടു തിരുക്കർമ്മാനുഷ്ഠാനങ്ങളെ അപ്രധാനങ്ങളായി തള്ളിക്കളഞ്ഞു. തൽഫലമായി ബലിപീഠത്തിനേക്കാൾ പ്രസംഗപീഠത്തിനും തിരുവോസ്തിയേക്കാൾ ബൈബിളിനും പ്രാമുഖ്യം കല്പിച്ചു.

ഈ ദുഃസ്ഥിതിക്കു പരിഹാരമായി ട്രെൻറ്, രണ്ടാംവത്തിക്കാൻ എന്നീ കൗൺസിലുകളും വിവിധ മാർപ്പാപ്പമാരും നടപ്പിലാക്കിയ നവീകരണപദ്ധതികളെപ്പററി ഒന്നാംഭാഗത്തു പ്രസ്താ

വിച്ചിട്ടുണ്ടല്ലോ. അങ്ങനെ ബൈബിളിനും ഹോമിലിക്കും യഥാർഹമായ പ്രാധാന്യം ഇന്നു നല്കിയിട്ടുണ്ട്.

## വിവിധതരം ഹോമിലികൾ-

1 വ്യാഖ്യാനപ്രധാനമായ പ്രസംഗം (Exegetical)- പ്രസംഗവിഷയമായ ബൈബിൾഭാഗത്തിലെ ഓരോ വാക്യവും ഓരോ വാക്കും തിരിച്ചെടുത്തു വ്യാഖ്യാനിക്കുന്നു. സഭാപിതാക്കന്മാർ പലപ്പോഴും ഈ രീതിയാണു സ്വീകരിച്ചിരുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ വിതക്കാരൻെറ ഉപമ ഇപ്രകാരം വ്യാഖ്യാനിച്ചുകൊടുത്തിട്ടുണ്ടല്ലോ. ഇങ്ങനെ പ്രസംഗിക്കുമ്പോൾ ഒരേ ബൈബിൾഭാഗത്തുതന്നെ ഒന്നിലധികം പ്രധാനവിഷയങ്ങൾ ഉണ്ടായെന്നുവരാം; അവതമ്മിൽ വ്യക്തമായ ബന്ധം ഉണ്ടായിരിക്കുകയുമില്ല. ആകയാൽ, ആരാധനക്രമവത്സരത്തിലെ കാലത്തിൻെറ അടിസ്ഥാനത്തിലും വി. കുർബാനയോടുബന്ധിച്ചും ഈ വിഷയങ്ങൾ പൊരുത്തപ്പെടുത്തേണ്ടതാണ്.

2 വിഷയപ്രധാനമായ പ്രസംഗം (Thematic) ബൈബിൾ ഭാഗം ഒരാശയത്തിൽ സംഗ്രഹിച്ചുകൊണ്ട് അതിനെ സൈദ്ധാന്തികമായി പ്രതിപാദിക്കുക. ഈ പ്രതിപാദനത്തിനു സഹായകമായി സ്വീകരിക്കുന്നതും പ്രസ്തുത വേദപുസ്തകഭാഗത്തിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളായിരിക്കും. ഉദാ:- നല്ല ഇടയൻെറ ഉപമയെപ്പററിയുള്ള പ്രസംഗത്തിൽ ആമുഖമായി പലസ്തീനായിലെ ഒരാട്ടിടയൻെറ ജീവിതരീതി വിവരിക്കുന്നു. അതേ തുടർന്ന്, ഇടയൻെറ ഗുണവിശേഷങ്ങൾ പ്രതിപാദിക്കുന്നു. ഇതിനായി പ്രസ്തുതഭാഗത്തെ വേദവാക്യങ്ങൾ ഓരോന്നായി എടുത്തു വ്യാഖ്യാനിക്കുന്നു. a ഇടയനു് ആടുകളെ അറിയാം. b ആടുകളെ മേച്ചിൽ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നു. c ചെന്നായിൽനിന്നും ആടുകളെ സംരക്ഷിക്കുന്നു. d കാണാതെപോയ ആടിനെ അന്വേഷിക്കുന്നു. ഒടുവിൽ പ്രായോഗികചിന്തകളോടുകൂടി പ്രസംഗം അവസാനിപ്പിക്കുന്നു.

3 സങ്കരരീതി (Mixed)- വായിച്ച ബൈബിൾഭാഗത്തിനു ഹ്രസ്വമായ വ്യാഖ്യാനങ്ങൾ നല്കിക്കൊണ്ടു പ്രധാനാശയത്തിലേക്കു് എത്തുന്നു. ഈ ആശയം ആ വായിച്ച ഭാഗത്തുള്ള കാര്യങ്ങൾ ഉപയോഗിച്ചു വികസിപ്പിക്കുന്നു. ഉദാ:- പൗരസ്ത്യപണ്ഡിതന്മാരുടെ ആഗമനത്തെപ്പററിയുള്ള പ്രസംഗത്തിൽ അവർക്കു നക്ഷത്രംവഴി ലഭിച്ച ദിവ്യാഹ്വാനവും അതനുസരിച്ചു് അവർ നടത്തിയ യാത്രയും ഹേറോദേശിൻെറ കൊട്ടാരത്തിലെ അനുഭവങ്ങളും വേദവാക്യങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടു വിവരിക്കുന്നു. അനന്തരം അവർ ഈശോയെ ആരാധിച്ചു കാഴ്ചകൾ സമർപ്പിക്കുന്നതിലേക്കു് എത്തുകയും അവിടുത്തെ രാജത്വത്തെ പ്രധാനവിഷയമായി വിവരിക്കുകയും ചെയ്യുന്നു.

4 ഹോമിലിയല്ലാത്ത ഹോമിലി-വായിച്ച ബൈബിൾ ഭാഗത്തുനിന്നു് ഏതെങ്കിലും ഒരു വാക്യമെടുത്തു് അതേപ്പററി പ്രസംഗിക്കുന്നു. വിശദീകരണത്തിനുള്ള ആശയങ്ങൾ യഥേഷ്ടം എവിടെ നിന്നും സ്വീകരിക്കുന്നു. തന്നിമിത്തം വായിച്ച ഭാഗത്തെപ്പററി ശ്രോതാക്കൾക്കു കാര്യമായ അറിവൊന്നും ലഭിക്കുന്നില്ല. ആകയാൽ, ഇതു ശരിയായ ഹോമിലിയല്ല.

## ഹോമിലിയുടെ ഭാഗങ്ങൾ–

1 ആമുഖം- സുവിശേഷത്തിൻെറ സന്ദർഭമോ, സംഭവത്തിൻെറ രംഗമോ വിവരിച്ചുകൊണ്ടു പ്രസംഗവിഷയത്തിലേക്കു കടക്കാം. ഉദാ:- കേസറിയാ ഫിലിപ്പിയിൽവച്ചു് മനുഷ്യപുത്രൻ ആരാണെന്നുള്ള ചോദ്യം (മത്താ. 16:16), ആ സ്ഥലം ഏതെന്നും എവിടെയെന്നും ആമുഖമായി പറയാം. അല്ലെങ്കിൽ ജറൂസലം യാത്രയിൽ ഈശോ നല്കുവാൻ പോകുന്ന പീഡാനുഭവവിവരണങ്ങൾക്കു പ്രാരംഭമായി ശിഷ്യന്മാർക്കുതന്നെപ്പററി ശരിയായ അറിവുനല്കുന്ന സന്ദർഭമായി അവതരിപ്പിക്കാം. ഇതിനു പ്രസ്തുത ബൈബിൾ ഭാഗത്തിൻെറ മുമ്പും പിമ്പുമുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതാണു്.

2 വിവരണം - വേദവാക്യങ്ങളുടെ വിവിധങ്ങളായ അർത്ഥങ്ങൾ പരിഗണിച്ചു വിവരിക്കുക. മുമ്പുപറഞ്ഞതുപോലെ

ഹോമിലിയുടെ സ്വഭാവമനുസരിച്ച് ഇതു് വ്യത്യാസപ്പെട്ടിരിക്കും.

3 പ്രായോഗികചിന്ത- ശ്രോതാക്കളുടെ ജീവിതപ്രശ്നങ്ങൾക്ക പററുന്നവിധം ഇതു സാധിക്കണം.

4 ഉപസംഹാരം വി. ബലിയിലേക്കോ ആരാധനവത്സരത്തിൻെറ കാലത്തിലേക്കോ എത്തിക്കൊണ്ടു പ്രസംഗം അവസാനിപ്പിക്കാം.

## ഹോമിലിയിലെ മാനുഷിക സമീപനം-

സഭ ആധുനികലോകത്തിൽ എന്ന കൗൺസിൽഡിക്രിയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ''ഭൂമിയെ പ്രസാദപൂരിതമാക്കുന്ന ദൈവാത്മപിയാണു തങ്ങളെ നയിക്കുന്നതെന്നു് ദൈവജനം വിശ്വസിക്കുന്നു. ഈ വിശ്വാസത്താൽ പ്രേരിതരായി മററു മനുഷ്യരോടൊപ്പം തങ്ങൾക്കും അനുഭവപ്പെടുന്ന അനുദിനസംഭവങ്ങൾ, ജീവിതാവശ്യങ്ങൾ, അഭിലാഷങ്ങൾ, എന്നിവയിൽ ദൈവസാന്നിദ്ധ്യത്തിൻേറയും ഉദ്ദേശത്തിൻെറയും ആധികാരികമായ അടയാളങ്ങൾ വിശദമാക്കാൻ അവർ പ്രയത്നിക്കുന്നുണ്ടു്'' (Art 11). ആകയാൽ, കാലത്തിൻെറ സൂചനകൾ പരിഗണിച്ചും ശ്രോതാക്കളുടെ വിഷമതകൾ മനസ്സിലാക്കിയുംകൊണ്ടു ഹോമിലിയിൽ മാനുഷിക സമീപനരീതി സ്വീകരിക്കണം. അതിനായി-

1 ബൈബിൾ ഭാഗത്തോടു ബന്ധമുള്ള ഒരു യഥാർത്ഥജീവിതാനുഭവം വിവരിച്ചുകൊണ്ടു പ്രസംഗം ആരംഭിക്കുന്നു. ഇതു് ഒരു സംഭവമോ ഒരു ഗണനീയവ്യക്തിയുടെ അഭിപ്രായമോ, ഒരു ഗ്രന്ഥത്തിൽനിന്നുള്ള വാക്യമോ ആകാം. അതിൽ, വേദവാക്യങ്ങളിൽ ഉൾക്കൊള്ളുന്ന മാനുഷികമൂല്യങ്ങൾ പ്രതിഫലിച്ചിരിക്കണം

2 ഒരു സംഭവം അതുപടി എല്ലാകേൾവിക്കാരെയും സ്പർശിച്ചെന്നുവരില്ല. അതുകൊണ്ടു് ആ സംഭവം വ്യക്തമാക്കുന്ന സാമാന്യസത്യം എല്ലാമനുഷ്യരേയും ഏതെങ്കിലും തരത്തിൽ

ബാധിക്കുന്നതാണെന്നു പ്രസംഗകൻ വ്യക്തമാക്കണം. അ പ്പോഠം സദസ്യർ ആ പ്രശ്നത്തിൽ ശ്രദ്ധാലുക്കളാകും. പ്രസംഗ ത്തിൽ ഈ ഭാഗം ഒരിക്കലും ഉപേക്ഷിക്കരുതു്.

3 ഇനി, വായിച്ചുകഴിഞ്ഞ വേദവാക്യങ്ങളുടെ വെളിച്ച ത്തിൽ ഈ മാനുഷികമൂല്യങ്ങളെ വിവരിക്കാം. അതോടുകൂടി തിരുസ്സഭയുടേയും സഭാപിതാക്കന്മാരുടേയും വിശുദ്ധരുടേയും ലിററർജിയിലേയും മററും പഠനങ്ങളും ചേർക്കാവുന്നതാണു്. ഇപ്രകാരം അടിസ്ഥാനപരമായ ഒരു സത്യം ഓരോ ഹോമിലി യിലും പ്രതിപാദിക്കണം. അല്ലാതെ, ''ഇങ്ങനെ ചെയ്യാം; അങ്ങനെ ചെയ്യാതിരിക്കാം.'' എന്നിങ്ങനെ വൃഥാ ഉപദേശി ച്ചാൽ പോരാ.

4 ദൈവത്തിൻെറ ഈ വെളിപാടിനെ ജനങ്ങളുടെ ജീ വിതസാഹചര്യങ്ങളോടു ബന്ധിക്കുകയാണു അടുത്തപടി. ക്രിസ്തുനാഥൻ അവരിൽനിന്നാവശ്യപ്പെടുന്ന മറുപടിയെപ്പററി വ്യക്തമായി പറഞ്ഞുകൊടുക്കണം. അങ്ങനെ, ശ്രോതാക്കഠം ജീവിതനവീകരണത്തിനുള്ള നിശ്ചയങ്ങളിലേക്കു് എത്തുന്ന താണു്.

5 ഹോമിലിയുടെ അടുത്തലക്ഷ്യം വി. ബലിയിൽ കൂടു തൽ സജീവമായി പങ്കുചേരുവാൻ സഹായിക്കുകയാണു്. ആ കയാൽ, പ്രസംഗം വി. കുർബ്ബാനയിലേക്കു് എത്തി അവസാ നിക്കണം. അങ്ങനെ, ജനങ്ങഠം ബലിയിൽനിന്നു ചൈതന്യം സ്വീകരിച്ചുകൊണ്ടു പ്രസംഗത്തിൽ വ്യക്തമാക്കിയ പ്രത്യേക കാര്യങ്ങളിൽ ബലിയുടെജീവിതം തുടരുവാൻ പ്രാപ്തരാകുന്ന താണു്.

## ഹോമിലിക്കുവേണ്ട ഗുണങ്ങൾ

1 ഹോമിലി ഒരു പൈതൃകസംഭാഷണമാകയാൽ ആർ ഭാടരഹിതവും ഹൃദ്യവും ലളിതവുമായിരിക്കണം.

2 അതു പ്രായോഗികമായിരിക്കണം. താത്ത്വിക പഠന മല്ല വേണ്ടതു്; ജീവിതസ്പർശിയായി അനുഭവപ്പെടണം.

3 സുഗ്രാഹ്യമായിരിക്കണം. ശാസ്ത്രീയപ്രതിപാദനം ഉദ്ദേശിക്കുന്നില്ല. സാമാന്യജനങ്ങൾക്കുപോലും പററുന്ന ശൈലി സ്വീകരിക്കേണ്ടതാണ്.

4 ഹോമിലി സാധാരണമായി ഹ്രസ്വമായിരിക്കണം. അസാധാരണാവസരങ്ങളിൽ കുറച്ചു ദീർഘമാകാമെങ്കിലും സുദീർഘമായ തിരുക്കർമ്മങ്ങളോടു പൊരുത്തപ്പെടത്തക്കവിധം ദൈർഘ്യം കുറയ്ക്കണം.

## അന്യാപദേശങ്ങളെപ്പററിയുള്ള പ്രസംഗം

ഹോമിലിക്കുള്ളവിഷയം പലപ്പോഴും ക്രിസ്തുനാഥൻെറ അന്യാപദേശങ്ങളായിരിക്കും. അവയ്ക്കുള്ള ഇംഗ്ലീഷുവാക്ക് പാരബിൾ, പാരബോളേ (Parabole) എന്ന ഗ്രീക്കു പദത്തിൽ നിന്നുണ്ടായതാണ്; താരതമ്യപ്പെടുത്തൽ എന്നർത്ഥം. സാദൃശ്യകഥനം, അന്യാപദേശം എന്നീപദങ്ങൾ പരാബോളയുടെ ഭാഷാന്തരങ്ങളായി സ്വീകരിക്കാവുന്നതാണ്. ഇവയിൽ ഉപമകളും രൂപകങ്ങളും ലക്ഷണകഥകളും (Allegory) പെടും.

പണ്ഡിതപാമര വ്യത്യാസംകൂടാതെ ജനങ്ങളെ ഉന്നതമായ ആദ്ധ്യാത്മിക സത്യങ്ങൾ പഠിപ്പിക്കുവാൻ അന്യാപദേശങ്ങൾ ഉപയോഗിക്കുന്ന പതിവു പഴയ നിയമംമുതൽ കാണാവുന്നതാണ് (Conf. Judges 9:7– 5). ഇതേ അദ്ധ്യാപനരീതി ക്രിസ്തുവിൻെറകാലത്തെ റബ്ബിമാരും സ്വീകരിച്ചിരുന്നു. ദിവ്യരക്ഷകൻ ഏററം ഫലപ്രദമായി അന്യാപദേശങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നുവെന്നു സുവിശേഷങ്ങളിൽനിന്നു കാണാം. ''ഈശോ ഇവയെല്ലാം ജനക്കൂട്ടത്തോട് അന്യാപദേശങ്ങളിലൂടെ സംസാരിച്ചു. അന്യാപദേശങ്ങൾ വഴിയല്ലാതെ അവിടുന്നു യാതൊന്നും അവരോട് അരുളിച്ചെയ്തിരുന്നില്ല'' (മത്താ 13:34).

ക്രിസ്തു അന്യാപദേശരീതി സ്വീകരിച്ചതു തൻെറ പുതിയസന്ദേശം ലോകത്തിനു നല്കുവാനാണ്; അതായതു ദൈവരാജ്യത്തിൻെറ രഹസ്യം. അതിൻെറ വിശദാംശങ്ങളും അവിടുന്ന് ഉപമകൾവഴി വ്യക്തമാക്കി. ദൈവരാജ്യം സമാഗത

മായിരിക്കുന്നു (മണവാളൻേറയും സ്നേഹിതരുടേയും ഉപമ). അതു സ്വന്തമാക്കുകയാണു സർവ്വപ്രധാനമായ കാര്യം (മുത്തിൻേറയും വയലിൻേറയും ഉപമകൾ). ദൈവരാജ്യം അനുസ്യൂതം വളർന്നുകൊണ്ടേയിരിക്കുന്നു (വിത്തിൻേറയും കടുകുമണിയുടേയും ഉപമകൾ). അനർഹരായി ഗണിക്കപ്പെടുന്നവർക്കും ദൈവം തൻേറ രാജ്യം ദാനമായി നല്കുന്നതിൽ അസൂയപ്പെടേണ്ടതില്ല (തോട്ടത്തിലേ വേലക്കാരുടെ ഉപമ), എന്നാൽ, നിഷ്ക്രിയരാകുന്നവർക്ക് എല്ലാം നഷ്ടമാകും (തലേന്തുകളുടെ ഉപമ). ദൈവരാജ്യത്തിലേ അംഗങ്ങൾ സദാജാഗരൂകരായിരിക്കണം (കന്യകമാരുടെ ഉപമ). ദൈവരാജ്യാംഗങ്ങളിൽ ശിഷ്ടരും ദുഷ്ടരും ഉണ്ടാകാം. എന്നാൽ, ഒടുവിൽ അവർ വേർതിരിക്കപ്പെടും (കോതമ്പിൻേറയും കളകളുടേയും ഉപമ). ദൈവരാജ്യത്തിനുള്ള വ്യക്തമായ ക്ഷണം സ്വീകരിക്കാത്തവരും ശിക്ഷിക്കപ്പെടും (വിരുന്നിൻേറ ഉപമ). മാനസാന്തരപ്പെടുന്ന പാപികളും രാജ്യത്തിൻേറ അവകാശികളാകും (ധൂർത്തൻേറ ഉപമ).

## അന്യാപദേശങ്ങളുടെ വ്യാഖ്യാനം-

1 മുകളിൽ വിവരിച്ച അടിസ്ഥാനതത്ത്വം ആസ്പദമാക്കിവേണം അന്യാപദേശങ്ങൾ വ്യാഖ്യാനിക്കുവാൻ ക്രിസ്തു ചില സാന്മാർഗ്ഗികോപദേശങ്ങൾ നല്കുവാൻ മാത്രമേ ഉദ്ദേശിച്ചുള്ളൂ എന്ന അഭിപ്രായം സ്വീകാര്യമല്ല.

2 അന്യാപദേശങ്ങളെല്ലാം ലക്ഷണകഥകൾ (Allegory) ആണെന്നവിധം അവയുടെ ഓരോഭാഗവും തിരിച്ചുവ്യാഖ്യാനിക്കുകയായിരുന്നു സഭാപിതാക്കന്മാരുടെ പതിവ്. സുവിശേഷങ്ങളിൽതന്നെ കൊടുത്തിട്ടുള്ള വ്യാഖ്യാനങ്ങൾ ഇതിനു പ്രേരകമായിരിക്കണം. ഉദാ: വിതക്കാരൻേറയും കളകളുടേയും ഉപമകൾ. എന്നാൽ, ഈ വ്യാഖ്യാനംവഴി പൊന്തിവരുന്ന വിഷയങ്ങളുടെ ആധിക്യത്തിൽ പ്രധാനസത്യം അവഗണിക്കപ്പെട്ടുപോകുന്നു. ആകയാൽ, ബൈബിൾ വിജ്ഞാനീയം വളർന്നുവന്നതോടുകൂടി ഈ ലാക്ഷണികവ്യാഖ്യാനരീതി ഇന്നു പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

3 അന്യാപദേശത്തിൻെറ വാച്യാർത്ഥം അതിൻെറ ആന്തരിക സത്യത്തെ എത്രമാത്രം വ്യക്തമാക്കുന്നുവെന്നു പ്രത്യേകം നോക്കേണ്ടതാണ്. കാരണം, വിശിഷ്ടമായ ഒരാശയം വിശദമാക്കാനുള്ള ഉപാധിമാത്രമാണ് അന്യാപദേശം. യുക്തിയുക്തമല്ലെന്നു തോന്നാവുന്ന പലതും അതിൽ കണ്ടേക്കാം. ഉദാ: മുന്തിരിത്തോട്ടത്തിൽ കൂടുതൽ സമയം അദ്ധ്വാനിച്ചവർക്ക് എന്തുകൊണ്ടു കൂടുതൽ കൂലികൊടുത്തില്ല? കടക്കാരുടെ കണക്കുകൾ തിരുത്തിഎഴുതിയിച്ചു കാപട്യം കാണിച്ച കാര്യസ്ഥനെ എന്തുകൊണ്ടു യജമാനൻ പ്രശംസിച്ചു? ഈ ചോദ്യങ്ങൾ അന്യാപദേശങ്ങളെ സംബന്ധിച്ചു പ്രസക്തമല്ല; അവയുടെ ലക്ഷ്യത്തിൽ പെടുന്നുമില്ല.

4 അന്യാപദേശങ്ങളുടെ പശ്ചാത്തലമായി നില്ക്കുന്ന യഹൂദ ജീവിതരീതികളും ആചാരമര്യാദകളും സൂക്ഷ്മമായി പരിഗണിക്കണം. ഉദാ:– കല്യാണാഘോഷത്തിൻെറവിധം; കൃഷിസ്ഥലത്തിൻെറ സ്വഭാവം; ആട്ടിടയന്മാരുടെ കടമ. എന്നാൽ മൂലഭാഷയായ അരമായയിൽനിന്നു ഗ്രീക്കിലേക്കു തർജ്ജമ ചെയ്തപ്പോൾ ചില യവനജീവിതക്രമങ്ങളും അന്യാപദേശങ്ങളിൽ കടന്നുകൂടിയിട്ടുണ്ടെന്ന് വി. ഗ്രന്ഥവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഉദാ:- ലൂക്ക. 14: 35-ൽ ഉപ്പ് നിലത്തിനോ വളത്തിനോ ഉപകരിക്കുകയില്ല എന്നു പറഞ്ഞിട്ടുള്ളതു പലസ്തീനായിലെ പതിവനുസരിച്ചല്ല. കാരണം, അവിടെ ഉപ്പു വളമായി ഉപയോഗിച്ചിരുന്നു എന്നതിനു തെളിവില്ല. രാത്രി നാലുയാമങ്ങളായി തിരിച്ചും (മാക്കു് 13: 35) മൂന്നു ഭാഗങ്ങളായി തിരിച്ചും (ലൂക്ക 12: 35) പറഞ്ഞിരിക്കുന്നതു യഥാക്രമം റോമാക്കാരുടേയും യഹൂദന്മാരുടേയും രീതിയനുസരിച്ചാണ്.

5 ഇന്നത്തെ മനുഷ്യനു് അന്യാപദേശം നല്കുന്ന സന്ദേശം ചൂണ്ടിക്കാണിക്കുവാൻ പ്രസംഗകൻ ശ്രദ്ധിക്കണം. അതിനു് അന്യാപദേശത്തിൽനിന്നു പ്രസക്തമായ സന്ദേശം സ്വീകരിക്കുകയും ശ്രോതാക്കളുടെ ജീവിതസാഹചര്യങ്ങൾക്കു യോജിച്ചവിധം വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്യുക. അപ്പോൾ, ആധുനിക ധൂർത്തപുത്രന്മാരേയും കാര്യസ്ഥന്മാരേയും ഫരിസേയരേ

യ്യും ചുങ്കക്കാരനേയും നല്ല സമരിയാക്കാരനേയും മററും അവ തരിപ്പിച്ച് ആശയഗ്രഹണം സുകരമാക്കാം.

6 പ്രസംഗവിഷയങ്ങൾ സമർത്ഥിക്കുവാനോ വിശദമാക്കുവാനോ അന്യാപദേശങ്ങൾ ഉപയോഗിക്കുമ്പോഴും മേല്പറഞ്ഞ കാര്യങ്ങൾ അനുവർത്തിക്കേണ്ടതാണ്.

7 ദിവ്യരക്ഷകൻ അന്യാപദേശങ്ങൾ വാക്കുകൾകൊണ്ടു മാത്രമല്ല, പ്രവൃത്തികൾകൊണ്ടുകൂടി അവതരിപ്പിക്കുയുണ്ടായി. ഉദാ:- അവിടുന്നു പരസ്യപാപികളോടുകൂടി ഭക്ഷണം കഴിച്ചതും പാപിനിക്കു മോചനംനൽകിയതും ദരിദ്രക്കു സുവിശേഷംപ്രസംഗിച്ചതും പലവിധഅത്ഭുതങ്ങൾ പ്രവർത്തിച്ചതും ഓർശ്ലേത്തേക്കു രാജകീയമായവിധം എഴുന്നള്ളിയതും ദൈവാലയം ശുദ്ധീകരിച്ചതുംമററും അന്യാപദേശപരമായ പ്രവൃത്തികളാണ്; കാരണം, അവ ദൈവരാജ്യത്തിൻെറ സ്വഭാവം ഓരോവിധം വ്യഞ്ജിപ്പിക്കുന്നു. അന്യാപദേശങ്ങൾ വ്യാഖ്യാനിക്കുമ്പോൾ ഈ പ്രവൃത്തികളും അനുസ്മരിപ്പിക്കുന്നതു പ്രയോജനകരമായിരിക്കും.

ലേഖനങ്ങളെ അധികരിച്ചുള്ള പ്രസംഗം— ഹോമിലിയുടെ മുഖ്യവിഷയങ്ങളിൽപെടുന്ന ലേഖനങ്ങൾ. പരിശുദ്ധാത്മാവിൻെറ നിവേശനത്താൽ അപ്പസ്തോലന്മാർ നൽകിയ ഉപദേശങ്ങളാണവ; സുവിശേഷത്തിൻെറ പ്രായോഗിക വ്യാഖ്യാനങ്ങളാണ് അവയെന്നു പറയാം. ഓരോ സഭയുടേയും പ്രത്യേകാവശ്യങ്ങൾ പരിഗണിച്ചാണ് അപ്പസ്തോലന്മാർ ലേഖനങ്ങൾ എഴുതിയതു്. അതുകൊണ്ടു്, അവയിൽ അടങ്ങിയിരിക്കുന്ന സൂചനകൾ മനസ്സിലാക്കുക ഇന്നു് എളുപ്പമല്ല. വി. പൗലോസിൻെറ ലിഖിതങ്ങൾ ജോലിത്തിരക്കിനിടയിൽ എഴുതിയതാണ്. അദ്ദേഹംതന്നെ അവ വായിച്ചുനോക്കി ചില കുറിപ്പുകൾ മാർജിനിൽ ചേർത്തിരിക്കാം. പിന്നീടു ലേഖനങ്ങൾ പകർത്തിയവർ പ്രസ്തുത കുറിപ്പുകൾ ലേഖനങ്ങളിൽത്തന്നെ ചേർത്തെഴുതി. അങ്ങനെ വാചകഘടന സങ്കീർണ്ണവും ആശയങ്ങൾ ദുർഗ്രഹവുമായിത്തീർന്നു.

ലേഖനങ്ങരം ഏകപക്ഷീയമായ സംഭാഷണങ്ങളുടെ രൂപത്തിലാണ് എഴുതിയതു്. തന്നിമിത്തം അവയെ ശരിക്കു വ്യാഖ്യാനിക്കണമെങ്കിൽ അവ എഴുതുവാനിടയായ സാഹചര്യങ്ങരം വിശദമായി പഠിക്കണം. ഭാഷാപരമായ പ്രത്യേകതകളും. ഇപ്പോരം കിട്ടിയ ഒരു കത്തെന്നവിധം ലേഖനം മുഴുവൻ ഒരേയിരുപ്പിലിരുന്നു വായിച്ചശേഷമേ വ്യാഖ്യാനിക്കാൻ തുടങ്ങാവൂ. അതിലെ പ്രധാനവിഷയങ്ങരം മനസ്സിലാക്കണം. ആവർത്തിച്ചു വായിച്ചു വാചകങ്ങളുടെ ഘടനയും ആശയങ്ങളുടെ ആഴവും ഗ്രഹിക്കുകയും വേണം. ഓരോ ലേഖനത്തിനുമുള്ള ആമുഖങ്ങരം ഈ പഠനത്തിനു സഹായകമാണു്.

## ലിററർജിയെപ്പററിയുള്ള പ്രസംഗം-

ക്രിസ്തുനാഥനെ അനുഗമിക്കുകയും അനുകരിക്കുകയും ചെയ്തുകൊണ്ടു് ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും സാധിക്കുക ഓരോ ക്രിസ്ത്യാനിയുടേയും കടമയാണല്ലോ. ഇതിനുള്ള സ്പഷ്ടവും പ്രായോഗികവുമായ മാർഗ്ഗമാണു ലിററർജി നമുക്കു് തുറന്നു തരുന്നതു്. തിരുക്കർമ്മവത്സരത്തിലെ വിവിധ കാലങ്ങരം ദിവ്യരക്ഷകൻെറ ജീവിതഘട്ടങ്ങളെ നമ്മുടെ മുമ്പിൽ അനുക്രമം അവതരിപ്പിക്കുന്നു. അങ്ങനെ അവിടുത്തോടുകൂടി ഓരോ വർഷവും പുതുതായി ജീവിക്കുവാനും മരിക്കുവാനും ഉയിക്കുവാനും നമുക്കു് അവസരവും അനുഗ്രഹവും നൽകിക്കൊണ്ടു് ദൈവികജീവനിൽ കൂടുതൽ സജീവമായി പങ്കുകൊള്ളുവാൻ ഇടയാക്കുകയും ചെയ്യുന്നു. കാരണം, ആരാധനക്രമത്തിലെ ഓരോ തിരുക്കർമ്മവും പുരോഹിതനായ ക്രിസ്തുവിൻേറയും തൻെറ ശരീരമായ സഭയുടേയും പ്രവൃത്തിതന്നെയാണു് (ലിററർജി 7 ).

തന്നിമിത്തം കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു: ''അജപാലകന്മാർ ആരാധനക്രമങ്ങരം അനുഷ്ഠിക്കുമ്പോരം അവ സാധുവും നിയമാനുസൃതവുമായി പരികർമ്മം ചെയ്താൽമാത്രം പോരാ, വിശ്വാസികരം അവയിൽ ബുദ്ധിപൂർവ്വകമായും ക്രിയാത്മകമായും ഫലപ്രദമായും ഭാഗഭാക്കാകുവാൻ പര്യാപ്തമായ മാർഗ്ഗങ്ങരം സ്വീകരിക്കാനും അവർക്കു കടമയുണ്ടു്'' (ലിററർജി 11). ഇക്കാര്യത്തിൽ ജനങ്ങരംക്കുള്ള വലിയ അജ്ഞതകൂടി കണക്കി

ലെടുക്കുമ്പോഠം ലിററർജിയെപ്പററി പ്രസംഗിക്കേണ്ട ആവശ്യ കത ദ്വിഗുണീഭവിക്കുന്നു. ആകയാൽ:.

1 ആരാധനക്രമവത്സരത്തിലെ വിവിധ കാലങ്ങളും അവയുടെ പ്രത്യേക ചൈതന്യവും തദനുസാരം ജീവിക്കേണ്ട ആവശ്യകതയും ശരിയായി പഠിപ്പിക്കണം.

2 ഓരോ കാലവും ആഗമിക്കുമ്പോഠം ഈ കാര്യങ്ങഠം ആവർത്തിച്ച് ഓർമ്മിപ്പിക്കുകയും ഓരോ ഹോമിലിയിലും ലിററർജി സംബന്ധിച്ചുള്ള പ്രായോഗികാനുഷ്ഠനങ്ങഠം നിർദ്ദേശിക്കുകയും വേണം.

3 ലിററർജിയിലെ ഓരോ തിരുക്കർമ്മത്തേയുംപററി താത്ത്വികവും പ്രായോഗികവുമായ കാര്യങ്ങഠം യഥാവസരം പ്രസംഗിക്കേണ്ടതാണ്.

വിശുദ്ധബലി — ഇതാണു ലിററർജിയുടെ കേന്ദ്രബിന്ദു. ഇതു് ക്രിസ്തുവിൻെറ ഐഹിക ജീവിതത്തിൻെറ തുടർച്ചയാണ്. a) ബലിയുടെ വിവിധഭാഗങ്ങളും പ്രത്യേക ഫലങ്ങളും ഉദ്ദേശ്യങ്ങളും, b) ബലിയിലെ അനുഷ്ഠാനങ്ങളുടേയും പ്രാർത്ഥനകളുടേയും അർത്ഥം, c) ബലിയിൽ കഴിയുന്നത്ര സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യേണ്ട ആവശ്യകത, d) ബലിയിൽ കാര്യക്ഷമമായി പങ്കെടുക്കുവാൻ ചെയ്യേണ്ട കാര്യങ്ങഠം, e) ബലിയുടെജീവിതം നയിക്കേണ്ടവിധം, f) ബലിയുടെ സാമൂഹ്യവശം — സാഹോദര്യം പാലിക്കുവാനുള്ള ആഹ്വാനം എന്നിവയെല്ലാം പ്രസംഗവിഷയമാകേണ്ടതാണ്.

കൂദാശകഠം — ലിററർജിയുടെ പ്രമുഖഭാഗത്തിൽപെടുന്ന കൂദാശകളെപ്പററി പ്രസംഗിക്കണമെന്ന കാര്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. a) ഓരോ കൂദാശയിലും ക്രിസ്തു സന്നിഹിതനായി പ്രവർത്തിക്കുന്നു എന്ന സത്യം വൈദികനും വിശ്വാസികളും അനുസ്മരിക്കണം (ലിററർജി 7). b) കൂദാശകളുടെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളെപ്പററി പലപ്പോഴും പ്രസംഗിക്കേണ്ടതാണ്. c) ആത്മീയജീവിതാഭി

വൃദ്ധിക്ക് കൂദാശകളുടെ സ്വീകരണം അവശ്യാവശ്യമാണെന്നു വിശദമാക്കണം. d) ഓരോ കൂദാശയുടെ സാമൂഹ്യസ്വഭാവം വിവരിച്ചുകൊണ്ട് പരസ്നേഹത്തിൽ വളർന്നുവരുവാൻ പ്രോത്സാഹിപ്പിക്കണം.

കൂദാശാനുകരണങ്ങൾ — കൂദാശകളോട് സാധർമ്മ്യമുള്ള സംപൂജ്യ പ്രതീകങ്ങളായ കൂദാശാനുകരണങ്ങൾ അന്ധവിശ്വാസങ്ങളല്ലെന്ന് ജനങ്ങൾക്കു ബോധ്യമാക്കണം. അവ കൂദാശകളുടെ പ്രധാനഫലം സ്വീകരിക്കുവാൻ വേണ്ടവിധം മനുഷ്യഹൃദയങ്ങളെ തയ്യാറാക്കുകയും നമ്മുടെ ജീവിതത്തിലെ വിവിധ സന്ദർഭങ്ങളെ പവിത്രീകരിക്കുകയും ചെയ്യുന്നുവെന്നും ധരിപ്പിക്കണം (ലിററർജി 60). ഓരോ കൂദാശാനുകരണവും വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ വ്യവസ്ഥകൾ പറഞ്ഞുകൊടുക്കേണ്ടതാണ്.

## തിരുനാൾ പ്രസംഗം

സ്വർഗ്ഗഭാഗ്യംപ്രാപിച്ച വിശുദ്ധരുടെ തിരുനാളുകളിൽ ചെയ്യുന്ന പ്രസംഗമാണിത്. ദൈവം തൻെറ വിശ്വസ്തസ്നേഹിതരായ വിശുദ്ധർക്ക് നൽകിയ മഹത്ത്വം ഏററുപറയുകയും അവരുടെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും അവരെ അനുകരിക്കാനുള്ള അനുഗ്രഹം സമ്പാദിക്കുകയും ചെയ്യുവാൻ തിരുനാൾ പ്രസംഗങ്ങൾ സഹായകമാകും.

വിശുദ്ധരുടെ ജീവിതപഠനംവഴി ക്രൈസ്തവജീവിതത്തിൻെറ മഹനീയ മാതൃകകളുമായി നാം പരിചയപ്പെടുന്നു. സുവിശേഷം സൂക്ഷ്മമായി ജീവിതത്തിൽ പകർത്തിയവരാണല്ലൊ അവർ. ദൈവത്തിനും സ്വർഗ്ഗത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. ക്രിസ്തുനാഥൻെറ കുരിശുമരണത്തിൻെറ വിജയം അവർ പ്രഘോഷിക്കുന്നു. ഐഹികജീവിതപ്രശ്നങ്ങൾക്ക് അവർ തങ്ങളുടെ ജീവിതംകൊണ്ട് ഉത്തരം നൽകുകയും ചെയ്യുന്നു.

## തിരുനാൾപ്രസംഗത്തിൽ പെടുത്തേണ്ട കാര്യങ്ങൾ-

1 വിശുദ്ധർ പാലിച്ച ലോകോത്തരമായ ആദർശങ്ങളം, അതിനുവേണ്ടി അവർ അനുഷ്ഠിച്ച വീരോചിതമായ ത്യാഗങ്ങളം, അതോടുകൂടി നിർവ്വഹിച്ച നിസ്വാർത്ഥവും മഹനീയവുമായ സേവനങ്ങളം എന്നിവ വിവരിച്ചുകൊണ്ട്, അവരെ ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കണം. പുണ്യാത്മാക്കളോടുള്ളഭക്തി വിശ്വാസവിരുദ്ധമോ വിഗ്രഹാരാധനയോ അല്ലെന്ന്, അകത്തോലിക്കർ അധികമുള്ളഅവസരങ്ങളിൽ ചൂണ്ടിക്കാണിക്കേണ്ടതാണ്.

2 വിശുദ്ധർ ചെയ്തതായി തിരുസ്സഭ അംഗീകരിച്ചിട്ടുള്ള അത്ഭുതങ്ങൾ നിഷ്കൃഷ്ടമായി പരിശോധിച്ചു സ്ഥാപിച്ചിട്ടുള്ള ചരിത്രസംഭവങ്ങളാണെന്നു ചൂണ്ടിക്കാണിക്കണം.

3 വിശുദ്ധരെ അഭിനന്ദിച്ചാൽ മാത്രം പോരാ, അനുകരിക്കുകകൂടി വേണമെന്ന് അനുസ്മരിപ്പിക്കണം. വി. പൗലോസിനെപ്പോലെ അവരും നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഞാൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നേയും അനുകരിക്കുവിൻ (1 കോറി 4: 16). അവർ വിശുദ്ധരായി ജനിച്ചവരല്ല. നമുക്കെന്നപോലെ ക്ലേശങ്ങളും പ്രലോഭനങ്ങളും അവക്കുമുണ്ടായിരുന്നു. തിന്മയെ എതിർക്കുവാനും നന്മചെയ്യുവാനും അവർ കാണിച്ച സ്ഥൈര്യം നമ്മളും പാലിക്കണം. അതിനായി അത്ഭുതങ്ങൾ പ്രവർത്തിക്കുകയോ, കഠിനതപശ്ചര്യകൾ അനുഷ്ഠിക്കുകയോ ആവശ്യമില്ല. ഒരു ആദ്ധ്യാത്മികനിയന്താവിന്റെ നിർദ്ദേശമനുസരിച്ചു ജീവിക്കുകയും അനുദിനകടമകൾ ശരിയായി നിർവ്വഹിക്കുകയും ചെയ്താൽമതി (Conf. Church-50).

4 വിശുദ്ധരുടെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കണം. ''ദൈവം തന്റെ വിശുദ്ധാത്മാക്കളിൽ അത്ഭുതപ്രവർത്തകനാകുന്നു''വെന്ന് അനുസ്മരിപ്പിക്കുക. ''സ്വർഗ്ഗത്തിലെ എന്റെ സമയം ഭൂമിയിൽ നന്മചെയ്യുവാനായി ഞാൻ വിനിയോഗിക്കും'' എന്ന് വി. കൊച്ചുത്രേസ്യാ പറഞ്ഞിട്ടുള്ളതുപോലെ, വിശുദ്ധർ നമ്മെ സഹായിക്കുവാൻ തല്പരരാണ്. ലൗകിക

വും ശാരീരികവുമായ നന്മകൾക്കുവേണ്ടി മാത്രമാകാതെ ആദ്ധ്യാത്മികനേട്ടങ്ങൾക്കുവേണ്ടിക്കൂടി അപേക്ഷിക്കുവാൻ ഉപദേശിക്കണം.

## പ്രതിപാദനരീതി

1 പ്രതിവർഷം പറയേണ്ട പ്രസംഗമാകയാൽ വിരസമായ ആവർത്തനം ഒഴിവാക്കുവാനായി പലകൊല്ലങ്ങൾ മുമ്പിൽ കണ്ടുകൊണ്ട് ഒരു പ്ലാൻ തയ്യാറാക്കണം. അതിൽ വിശുദ്ധൻെറ ജീവിതത്തിൻെറ പ്രത്യേക വശങ്ങൾ വേർതിരിച്ചു ക്രമപ്പെടുത്തേണ്ടതാണ്. ഉദാ: വിശുദ്ധൻെറ പ്രാർത്ഥ ാജീവിതം, പാപത്തോടുള്ള വെറുപ്പ്, പരിഹാരന ന്നദ്ധത, സേവനതല്പരത, വിശ്വാസദാർഢ്യം, പ്രേഷിത തീക്ഷ്ണത, വിനയം എന്നിങ്ങനെ പ്രസംഗത്തിൻെറ ആരംഭത്തിൽ വിശുദ്ധൻെറ ജീവിതം സംഗ്രഹമായി പറയാം.

2 തിരുനാൾ ആഘോഷങ്ങൾക്കു സഹജമായവിധം ജനങ്ങൾ പാലിക്കുന്ന ആഹ്ളാദമനോഭാവത്തിനു് അനുയോജ്യമായിരിക്കണം പ്രസംഗരീതി. അവരുടെ വിശ്വാസാധിക്യത്തേയും ഭക്തിതീക്ഷ്ണതയേയും അഭിനന്ദിക്കണം. കർശനമായ ജീവിതനിരൂപണത്തിനും, സന്മാർഗ്ഗോപദേശത്തിനും മുതിരരുത്.

3 മാനസാന്തരപ്പെട്ടവർ, അന്യരെ മാനസാന്തരപ്പെടുത്തിയവർ, എന്നിങ്ങനെ രണ്ടുതരം വിശുദ്ധരുണ്ടല്ലോ. മാനസാന്തരപ്പെട്ടവരെപ്പററി പ്രസംഗിക്കുമ്പോൾ അവരുടെ തെററുകൾ എണ്ണിയെണ്ണി വിവരിക്കരുത്. തിന്മവെടിയുവാനും, നന്മ ചെയ്യുവാനും അവർ നടത്തിയ സമരത്തിനു പ്രാധാന്യം കല്പിക്കണം. പാപാവസ്ഥയിൽ അവർക്കനുഭവപ്പെട്ട അസന്തുഷ്ടിയും ആകുലതയും, മാനസാന്തരത്തോടെ കൈവന്ന ശാന്തിയും സമാധാനവും എടുത്തുകാണിക്കാം.

4 അവരുടെ പരാജയങ്ങളുടെ കാരണങ്ങൾ അനുസ്മരിപ്പിക്കാവുന്നതാണ്. പാപസാഹചര്യങ്ങളിൽപെടാതെ സൂക്ഷിക്കുവാൻ അതു് ഉപകരിക്കും.

5 വിശുദ്ധർക്ക ഐഹികജീവിതത്തിൽതന്നെ ഉണ്ടായ നേട്ടങ്ങരം വിവരിച്ചുകൊണ്ടു് എല്ലാഭാഗ്യവും സ്വർഗ്ഗത്തിൽ മാത്രമാണെന്ന ചിന്താഗതി തിരുത്തണം.

6 സമസൃഷ്ടികരംക്ക നിസ്വാർത്ഥസേവനമനുഷ്ഠിച്ച ചില വിശുദ്ധർ അഭിമുഖീകരിക്കേണ്ടിവന്ന പരാജയങ്ങളും എതിർപ്പുകളും ആശാഭംഗങ്ങളും വിവരിക്കുന്നതു്, നിരാശയിലും നിഷ്ക്രിയത്വത്തിലുംപെടാതെ പ്രവർത്തിക്കുവാൻ ശ്രോതാക്കളെ പ്രേരിപ്പിക്കുന്നതായിരിക്കും.

7 സന്യാസജീവിതം നയിച്ച പരിപൂർണ്ണത പ്രാപിച്ച വിശുദ്ധരെപ്പററി അൽമായരോടു പ്രസംഗിക്കുമ്പോരം പ്രത്യേകം ഓർമ്മിപ്പിക്കണം, സന്യാസികരം മാത്രമല്ല അല്മായരും പരിപൂർണ്ണതപ്രാപിക്കുവാൻ പരിശ്രമിക്കണമെന്നും എങ്കിലേ നിത്യഭാഗ്യത്തിലേക്കു് എത്തുകയുള്ളവെന്നും. ഇതോടുകൂടി, വിശുദ്ധപദം പ്രാപിച്ചിരിക്കുന്ന ഹങ്കറിയിലെ എലിസബത്തു്, സീത്ത, ഇസിദോർ തുടങ്ങിയ അല്മായരുടെ മാതൃക അനുസ്മരിപ്പിക്കയും ചെയ്യാം.

8 വിശുദ്ധരുടെ ജീവിതത്തിൽ കാണുന്ന രസാവഹമായ കാര്യങ്ങരം യഥോചിതം പറയുന്നതു നല്ലതാണു്. അങ്ങനെ, പ്രസംഗം കൂടുതൽ ഹൃദ്യവും ആകർഷകവുമാക്കാൻ കഴിയും.

9 തിരുനാരംപ്രസംഗം ക്രിസ്തുകേന്ദ്രീകൃതമായിരിക്കണം. ക്രിസ്തുനാഥൻെറ മൗതികശരീരത്തിലെ വിശിഷ്ടാവയവങ്ങരം മാത്രമാണു വിശുദ്ധർ; അവക്കുള്ള മേന്മയെല്ലാം ശിരസ്സായ ക്രിസ്തുവിൽ നിന്നാണു് ലഭിച്ചിട്ടുള്ളതു്; അതിനുള്ള കൃതജ്ഞതാസ്തോത്രങ്ങരം ദൈവത്തിനു സമർപ്പിക്കുകയാണു് തിരുനാളിലെ ആഘോഷമായ വി. ബലി വഴി—എന്നീ സത്യങ്ങരം പ്രസംഗത്തിൽ സ്പർശിക്കണം.

10 വഴിക്കവലയിലാണു് പ്രസംഗിക്കുന്നതെങ്കിൽ അക്രൈസ്തവർക്കുകൂടി പററുന്നവിധം സാമാന്യ മതതത്ത്വങ്ങരം പറയണം; ഭാഷാശൈലിയും അവക്കു സുഗ്രഹമായിരിക്കണം.

# വിവാഹപ്രസംഗം

വിവാഹത്തെ ലൗകികമായ ഒരു സാമൂഹ്യചടങ്ങായി മാത്രം പരിഗണിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്ന ഇക്കാലത്തു വിവാഹപ്രസംഗത്തിനു കൂടുതൽ പ്രാധാന്യമുണ്ട്. വിവാഹകർമ്മക്രമത്തിൽ തന്നെ ഒരു പ്രസംഗം ചെയ്യണമെന്ന നിർദ്ദേശവുമുണ്ട്. പലമതസ്ഥരും നാസ്തികരും നിർമ്മതസ്ഥരും കൂടിയും വിവാഹാഘോഷത്തിൽ സന്നിഹിതരാകുക പതിവാകയാൽ പ്രസംഗത്തിൻെറ ആവശ്യകത ഉപരി വർദ്ധിക്കുന്നു. ആകയാൽ വിവാഹപ്രസംഗത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കണം.

വധൂവരന്മാരെ പ്രത്യേകം സംബോധന ചെയ്യണമെങ്കിലും മററുള്ളവരെ അവഗണിക്കുവാൻ പാടില്ല. ശുദ്ധഭാഷയിൽ ഗൗരവസമേതം പറയണം. എല്ലാവൎക്കും ഗ്രഹിക്കുവാൻ പററുന്നതായിരിക്കണം പ്രതിപാദനരീതി.

1 ആമുഖമായി, വിവാഹം എല്ലാജനങ്ങൾക്കും എല്ലാ നാടുകളിലും സന്തോഷകരമാണ് എന്ന കാര്യം അനുസ്മരിപ്പിക്കാം. വധൂവരന്മാരും അവരുടെ മാതാപിതാക്കന്മാരും ബന്ധുജനങ്ങളും സുഹൃത്തുക്കളും സന്തോഷപൂൎവ്വം സമ്മേളിച്ചിരിക്കുന്നു. എന്നാൽ, ഇതിലേറെ സന്തോഷത്തോടെയാണ് സ്നേഹപിതാവായ ദൈവം ഈ രംഗത്തെ കടാക്ഷിക്കുന്നതു്. അവിടുന്നു സൃഷ്ടിച്ചു വളർത്തികൊണ്ടുവന്ന മക്കളെ ഇപ്പോൾ ഒരുത്തരവാദിത്വം ഏല്പിക്കുന്നു; ഒരു കുടുംബത്തിൻെറ ചുമതലകൾ. ഇതാണ് വിവാഹത്തിലേക്കുള്ള ദൈവവിളി (സഭ ആധുനിക ലോകത്തിൽ 47).

2 വിവാഹത്തിൻെറ പാവനത- ലോകചരിത്രത്തിൻെറ ആരംഭത്തിൽ തന്നെ ഇതു കാണാം. ദൈവം ആദിമാതാപിതാക്കന്മാരെ കുടുംബജീവിതത്തിലേക്ക് ആനയിച്ചു; അതിനു വേണ്ടതെല്ലാം അവിടുന്നുതന്നെ നിർവ്വഹിച്ചു. അങ്ങനെ, പാപം പ്രവേശിക്കാത്ത ലോകത്തിൽ, സൗഭാഗ്യസമ്പൂൎണ്ണമായ സാഹചര്യങ്ങളിൽ ദൈവദൂതസദൃശ്യരായ ആദ്യദമ്പതികൾ വിവാഹിതരായി.

ക്രിസ്തുനാഥൻ ഒരു കുടുംബത്തിലെ അംഗമായി ജനിക്കുകയും ജീവിക്കുകയും ചെയ്തുകൊണ്ട് കുടുംബത്തെ പവിത്രീകരിച്ചു. അവിടുന്നു കാനായിലെ വിവാഹവിരുന്നിൽ ചെയ്ത അത്ഭുതത്തോടെ വിവാഹത്തെ ഒരു കൂദാശയായി ഉയർത്തി. ''ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർതിരിക്കരുതു്''- അവിടുന്നു നിർദ്ദേശിച്ചു.

4 ദാമ്പത്യസ്നേഹം- ഈശോയുടെ രക്ഷാകരസ്നേഹത്തിൻെറ തുടർച്ചയാണതു് (എഫേ. 5:21-33). അതു നിർമ്മലവും നിസ്വാർത്ഥവുമായിരിക്കണം. ധനം, മാനം, സുഖം, സൗന്ദര്യം എന്നിങ്ങനെയുള്ള ഐഹികകാര്യങ്ങളെ മാത്രം ആസ്പദമാക്കിയുള്ളതാകരുതു്. പരസ്പരസമർപ്പണത്തിൽ വളർന്നു വരണം. അതു സൃഷ്ടിയിലും സമുദ്ധാരണത്തിലും ദൈവത്തോടു സഹകരിക്കുവാൻ സന്നദ്ധമായിരിക്കണം.

5 കുടുംബത്തെ ബാധിക്കുന്ന വിപത്തുകൾ- ദൈവികമൂല്യങ്ങളെ നിഷേധിച്ചും ഭൗതികമാത്രമായ ആദർശങ്ങൾ പാലിച്ചുംകൊണ്ടു ജീവിക്കുന്ന ആളുകൾ വിവാഹബന്ധത്തേയും കുടുംബജീവിതത്തേയും അപകടത്തിലാക്കുന്നുണ്ടു്. വിവാഹമോചനം, കുററകരമായ വിധത്തിലുള്ള ജനനനിരോധനം, ഭ്രൂണഹത്യ എന്നിവ നിഷിദ്ധവും മാനവവംശത്തിൻെറ സുസ്ഥിതിക്കു ഹാനികരവുമാണെന്നു് ഇന്നത്തേ ദാരുണാനുഭവങ്ങൾ തെളിയിക്കുന്നു (സഭ ആധുനികലോകത്തിൽ 47).

6 പ്രതിവിധികൾ- ഈ ആപത്തുകൾക്കുള്ള പ്രതിവിധികൾ തിരുസ്സഭാ മാതാവു യഥാവസരം നിർദ്ദേശിച്ചുകൊണ്ടിരിക്കുന്നു. അവ പഠിച്ചു് അനുവർത്തിക്കുവാനും മററുള്ളവരെ പഠിപ്പിക്കുവാനും സഭാസന്താനങ്ങൾ ശ്രദ്ധാലുക്കളായിരിക്കണം.

ദൈവത്തേയും സ്വർഗ്ഗത്തേയും പററിയുള്ള നിത്യസത്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടു ജീവിച്ചാൽ സകലവിധ ക്ലേശങ്ങളും വിജയകരമായി തരണം ചെയ്യുവാൻ സാധിക്കും. അതിനുവേണ്ട ദൈവാനുഗ്രഹങ്ങൾ വി. ഗ്രന്ഥത്തിലും, വി. ബലിയിലും കൂദാശകളിലും അനുദിന പ്രാർത്ഥനയിലും നിന്നു ലഭിക്കു

ന്നതാണ്. അപ്പോഠ വിവാഹമെന്ന വി. കൂദാശവഴി വർഷി ക്കപ്പെടുന്ന ദിവ്യവരങ്ങഠ വർദ്ധിച്ചുകൊണ്ടിരിക്കും.

7 ജീവിതായോധനത്തിനു സന്നദ്ധരായിരിക്കുന്ന നവദ മ്പതികളെ അഭിനന്ദിക്കുന്നു; അനുഗ്രഹങ്ങഠ നേരുന്നു; വിജയ ങ്ങഠ ആശംസിക്കുന്നു. എല്ലാവരും ഈ വി. ബലിയിൽ സം ബന്ധിച്ച് പ്രാർത്ഥിക്കണം. അതാണ് ഏററം വിശിഷ്ടപാ രിതോഷികം.

# മൃതസംസ്കാരപ്രസംഗം

പണ്ടുകാലംമുതൽതന്നെ മൃതസംസ്കാരപ്രസംഗം പതിവായിരി ക്കയാണ്, പരേതൻ ഉന്നതസ്ഥാനിയനാണെങ്കിൽ ഒന്നിലധി കം പ്രസംഗങ്ങഠ ഉണ്ടായെന്നു വരാം. നമ്മുടെ നാട്ടിൽ ഇ പ്പോഠ മൃതസംസ്കാരപ്രസംഗങ്ങഠ വളരെ സാധാരണമാണ ല്ലോ. സംസ്കാരകർമ്മത്തിൽ അതിനുള്ള സന്ദർഭവും നിർദ്ദേശി ച്ചിട്ടുണ്ട്.

മരണംതന്നെ ഒരു പ്രസംഗമാണ്. മൃതസംസ്കാരകർമ്മ ങ്ങഠ അതിനെ കൂടുതൽ ഉജ്ജ്വലമാക്കുന്നുണ്ട്, ഇപ്രകാരം ഉ ളവാകുന്ന രക്ഷാകരഫലങ്ങഠ പരിപോഷിപ്പിക്കുവാൻ തക്ക വിധം ചരമപ്രസംഗം നന്നായി പറയണം. അതു ഗൗരവാവ ഹമായ ഒരു കർമ്മമായി പരിഗണിക്കേണ്ടതാണ്.

## പ്രതിപാദിക്കേണ്ട വിഷയങ്ങൾ-

1 മൃതസംസ്കാരവേള നിത്യസത്യങ്ങഠ അനുസ്മരിപ്പിക്കു വാൻ പററിയ അവസരമാണ്. ഐഹികജീവിതത്തിൻെറ ക്ഷണികത, മരണത്തോടുകൂടിയുള്ള വിധി, പരലോകത്തിലെ നിത്യജീവിതം. ഇവയെല്ലാം പ്രസംഗത്തിൽ സ്പർശിക്കാം.

2 മരണത്തിൽ പെസഹാരഹസ്യം എങ്ങനെ അന്വർത്ഥ മാകുന്നുവെന്നു വ്യക്തമാക്കാം. മനുഷ്യർ ഈ ലോകത്തിൽ തീ ർത്ഥാടകരാണ്. ഈജിപ്തിൽനിന്നു വാഗ്ദാനദേശത്തേക്കു് ഇസ്രാ

യേൽജനം കടന്നുപോയതുപോലെ ഈ ലോകത്തിൽനിന്നു സ്വർഗ്ഗരാജ്യത്തിലേക്കു് ഓരോമനുഷ്യനും കടന്നു പോകുന്നു.

3 അന്നത്തേപോലെ ഇന്നും ആട്ടിൻകുട്ടിയുടെ രക്തമാണു രക്ഷയുടെ ആധാരം. എല്ലാം പൂർത്തിയാക്കിക്കൊണ്ടു ക്രിസ്തുനാഥൻ പിതാവിൻെറ കൈകളിൽ സ്വയം സമർപ്പിച്ചു. അവിടുത്തെ തിരുമരണം മരണത്തെജയിച്ചു; അതിനെ അനുഗ്രഹപ്രദവുമാക്കി.

4 ആകയാൽ, പുണ്യാത്മാക്കൾ മരണത്തെ വെല്ലുവിളിക്കുകയും സസന്തോഷം സ്വാഗതം ചെയ്യുകയും ചെയ്തു, ''മരണമേ, നിൻെറ വിജയമെവിടെ; മരണമേ, നിൻെറ ദംശനമെവിടെ'' (കോറി. 15–55) ''എനിക്കു മരണം ലാഭമാകുന്നു'' (പീലി 1:21).

5 പരേതൻെറ ജീവിതത്തെ സംബന്ധിച്ചു് ചില നല്ല കാര്യങ്ങൾ പറയേണ്ടതാണു്. അവ അനുകരണാർഹവും അനുഗ്രഹപ്രദവുമായിരിക്കണം; അതിശയോക്തിയാകയുമരുതു്.

6 പരേതൻെറ പ്രിയജനങ്ങളോടുള്ള അനുശോചനം പ്രകടിപ്പിക്കണം. അതോടുകൂടി അവരെ ആശ്വസിപ്പിക്കുകയും വേണം. ''പ്രത്യാശയില്ലാത്ത മററു മനുഷ്യരെപ്പോലെ നിങ്ങൾ ദുഃഖിക്കാതിരിക്കുവാൻ മരിച്ചവരെപ്പററി നിങ്ങൾ അറിവുള്ളവരായിരിക്കണം'' (തെസ 4:13). പരലോകത്തിൽ എല്ലാവരും ഒരുമിച്ചുകൂടുമെന്നു് ഓർമ്മിപ്പിക്കുക. മാത്രമല്ല മരണമടഞ്ഞവർ നമുക്കുവേണ്ടി പ്രാർത്ഥിക്കുമെന്ന കാര്യവും പ്രസ്താവിക്കാം. വിശ്വാസപ്രമാണത്തിൽ ഏററുപറയുന്നുണ്ടല്ലോ വിശുദ്ധരുടെ അന്യോന്യ ഗുണാനുഭവത്തെപ്പററി. മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതുപോലെ അവരോടു പ്രാത്ഥിക്കുന്നതും ഫലപ്രദമാണു്. (conf, Church 51).

7 മരിച്ചയാളിൻെറ ആത്മശാന്തിക്കായി പ്രാർത്ഥിക്കേണ്ട കാര്യം ഓർമ്മിപ്പിക്കണം. തനിക്കുവേണ്ടിതന്നെ ഒന്നും ചെയ്യുവാൻ അയാൾക്കിനി സാദ്ധ്യമല്ലല്ലോ.

പ്രസംഗരീതി-

മൃതസംസ്കാരക്രമത്തിലെ വായനയിൽനിന്നോ, കീർത്തനങ്ങളിൽ നിന്നോ പ്രസംഗം ആരംഭിക്കാം; അഥവാ പരേതൻെറ മരണസാഹചര്യങ്ങൾ അനുസ്മരിച്ചുകൊണ്ടുമാകാം. പ്രസംഗം ഹ്രസ്വമായിരിക്കണം. അനാവശ്യമായി വലിച്ചു നീട്ടരുതു്. ഗൗരവപൂർവ്വം സംസാരിക്കണം. ശോകരസം ആദ്യന്തം നിലനില്ക്കേണ്ടതാണു്. വേർപാടിൻെറ വ്യഥയിൽ പ്രസംഗകനും പങ്കുകൊള്ളണം.

# ധ്യാനപ്രസംഗങ്ങൾ

മനുഷ്യരുടെ മാനസാന്തരത്തിനും ജീവിതനവീകരണത്തിനുമായി പ്രത്യേകം നടത്തുന്ന പ്രസംഗങ്ങളാണിവ. വിശ്വാസം ക്ഷയിക്കുകയും ലൗകായതികത്വം വളരുകയും പാപബോധം ഇല്ലാതാവുകയും, മന്ദജീവിതത്തിലധഃപതിക്കുകയും, ദുരാശകൾക്കു് അധീനരായിത്തീരുകയും ചെയ്യുമ്പോൾ, ഇവയ്ക്കെല്ലാം പ്രതിവിധിയായി ധ്യാനയോഗങ്ങൾ നടത്തുന്നു. പുണ്യപുരോഗതി പ്രാപിക്കുവാനും ഈ പരിപാടി ആവശ്യമാണു്.

പഴയനിയമത്തിൽ പലപ്പോഴും ദൈവജനം ധാർമ്മികമായി അധഃപതിച്ച അവസരങ്ങളിൽ ദൈവം ദീർഘദർശികളെ അയച്ചു് അവരെ ശാസിക്കുകയും തിരുത്തുകയും ചെയ്തിരുന്നു. ഉദാ: യൗനാനെ നിനിവേയിലേക്കും നാത്താനെ ദാവീദിൻെറ പക്കലേക്കും അയച്ചു.

പുതിയനിയമത്തിൽ യോഹന്നാൻമാംദാന യഹൂദജനങ്ങളെ കുററപ്പെടുത്തുകയും തിരുത്തുകയും ചെയ്തതായി കാണാം. അദ്ദേഹം ജനങ്ങളെ മനസ്താപത്തിനും പ്രായശ്ചിത്തത്തിനും ക്ഷണിച്ചു. അനന്തരകാലത്തു് അപ്പസ്തോലന്മാർ പ്രസംഗങ്ങളും ലേഖനങ്ങളുംവഴി വിശ്വാസികളെ പാപമാർഗ്ഗങ്ങളിൽനിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായി.

ഇതുപോലെ സന്മാർഗ്ഗികാധഃപതനം ഉണ്ടായ ഓരോകാലത്തും പുണ്യപുരുഷന്മാർ പ്രത്യക്ഷപ്പെടുകയും വിജയകരമായി

പ്രസംഗപര്യടനം നടത്തുകയും ചെയ്തിട്ടുണ്ട്. വി. അഗസ്റ്റിൻ വി. അംബ്രോസ്, വി. ക്രിസോസ്റ്റം തുടങ്ങിയ പിതാക്കന്മാർ ആദിമകാലത്തു് രംഗപ്രവേശംചെയ്ത പ്രഭാഷകന്മാരായിരുന്നു. അനന്തരം വി. ഡൊമിനിക്കും അദ്ദേഹത്തിൻെറ സഭാംഗങ്ങളും ഇപ്രകാരം ധ്യാനപ്രസംഗങ്ങൾ നടത്തുകയുണ്ടായി. വി. ബ ർണ്ണാർദ്, വി. ഫ്രാൻസീസ് അസ്സീസി, അവരുടെ അനുയായി കൾ, വി. വിൻസെൻറ് ഫെറർ തുടങ്ങിയവർ ഇതേവിധം പ്ര സംഗംവഴി ആദ്ധ്യാത്മികനവീകരണം സാധിച്ചിട്ടുണ്ട്. പ്രോ ട്ടസ്റ്റൻറ് വിപ്ലവത്തെത്തുടർന്നു് ഈശോസഭക്കാരും അതിനുശേ ഷം വി. വിൻസെൻറ് ഡി പോളും അദ്ദേഹത്തിൻെറ മിഷൻ വൈദികരും, വി. ഫ്രാൻസിസ് സാലസും ഏററവും ഫലപ്രദ മായി ധ്യാനപ്രസംഗങ്ങൾ നടത്തിയിരുന്നു. 19-ാംനൂററാ ണ്ടിൽ ദിവ്യരക്ഷകസഭക്കാരും ദൈവവചനസഭാംഗങ്ങളും ക്ലരീ ഷ്യൻ വൈദികരും ധ്യാനിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചി രുന്നു.

നമ്മുടെ നാട്ടിൽ കർമ്മലസഭാംഗങ്ങളായ വൈദികരാണു കഴിഞ്ഞ നൂററാണ്ടിൽ പ്രധാനമായി ധ്യാനപ്രസംഗങ്ങൾ നട ത്തിയിരുന്നതു്. കപ്പൂച്ചിൻ വൈദികരും മററു സന്യാസസഭാം ഗങ്ങളും ഇടവകവൈദികരും ഇന്നു് ഈ രംഗത്തു് നല്ല സേവ നം ചെയ്യുന്നുണ്ട്. മാത്രമല്ല കുറെക്കാലമായി സന്യാസിനിക ളും അത്മായരുംകൂടി ചില സ്ഥലങ്ങളിൽ ധ്യാനിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

## ഇടവകവൈദികരും ധ്യാനപ്രസംഗവും

1930-ൽ അമേരിക്കൻ Ecclesiastical Review-ൻെറ ഒക്ടോ ബർ, നവംബർ ലക്കങ്ങളിൽ Shall the diocesan clergy preach the retreat എന്ന വിഷയം ചർച്ചചെയ്യുകയുണ്ടായി. ഇതു് സ ഭാധികാരികളുടെ ശ്രദ്ധയ്ക്കു് പ്രത്യേകം വിഷയമായി. പരിശു ദ്ധ പിതാവും ഇതിൽ താല്പര്യംകാണിച്ചു. അതോടെ ഇടവക വൈദികരും ധ്യാനപ്രസംഗങ്ങൾ നടത്തണമെന്ന അഭിപ്രായം പ്രബലപ്പെട്ടു. തൽഫലമായി രൂപതാതലത്തിൽ ഇടവകവൈ ദികരായ ധ്യാനപ്രസംഗകരുടെ സംഘങ്ങൾ അമേരിക്കയിൽ

പല സ്ഥലങ്ങളിലും രൂപംപ്രാപിച്ചു. പതിനൊന്നാം പീയൂസ് പാപ്പാ ഈ പരിപാടിയെ പ്രത്യേകം പ്രോത്സാഹിപ്പിക്കുയും ചെയ്തു.

1970 സെപ്റ്റംബർ 15 മുതൽ 20 വരെ ബാംഗ്ളൂരിൽ വച്ചു നടത്തിയ National Consultation of the retreat Preachers എന്ന സമ്മേളനത്തിൽ 130 വൈദികർ സംബന്ധിച്ചു. ഇവരിൽ 24 പേർ ഇടവകവൈദികരായിരുന്നു. ഈ സമ്മേളനവും ധ്യാനപ്രസംഗങ്ങൾക്ക് ഇടവകവൈദികർ മുമ്പോട്ടു വരണമെന്ന് നിർദ്ദേശിച്ചു. മാത്രമല്ല ധ്യാനിപ്പിക്കുവാനായി അത്മായരെയും കന്യാസ്ത്രീകളെയുംകൂടി നിയോഗിക്കണമെന്നും അഭിപ്രായപ്പെട്ടു. വൈദികവിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ വേണ്ടപരിശീലനം നൽകണമെന്നും ധ്യാനഗുരുക്കന്മാർ പലപ്പോഴും ഒരുമിച്ചുകൂടി ധ്യാനരീതികളെപ്പററി ചർച്ചചെയ്യണമെന്നും ധ്യാനിപ്പിക്കുവാനുള്ള പരിശീലനം നൽകുവാൻ ഒരു കേന്ദ്രം സ്ഥാപിക്കണമെന്ന് അധികാരികളോട് അപേക്ഷിക്കണമെന്നും അവർ തീരുമാനിച്ചു.

1972 ഏപ്രിൽ 3 മുതൽ 7 വരെ തീയതികളിൽ ആലുവാ സെമിനാരിയിൽ വച്ചു നടത്തിയ Preacher's Consultation – നിൽ 174 വൈദികർ പങ്കെടുത്തു. അവർ വിവിധ ധ്യാനരീതികളെപ്പററി ചർച്ച ചെയ്യുകയുണ്ടായി. ധ്യാനപ്രസംഗകർക്ക് പ്രത്യേകം പരിശീലനം നൽകണമെന്നും വർഷംതോറും അവരുടെ സമ്മേളനം നടത്തണമെന്നും തീരുമാനിച്ചു. ആളൂർ Better life centre – ൽ Kerala retreat preacher's association സ്ഥാപിച്ചിട്ടുണ്ട്. അതിൻെറ അംഗങ്ങൾ പലപ്പോഴും സമ്മേളിച്ച് ചർച്ചകൾ നടത്തുകയും ധ്യാനപദ്ധതികൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. രൂപതാതലത്തിലും ഇങ്ങനെയുള്ള സെമിനാറുകൾ ചില സ്ഥലങ്ങളിൽ നടത്തുന്നുണ്ട്.

## ധ്യാനഗുരുവിൻെറ ദൗത്യം

ദൈവത്താൽ നിയുക്തനായ വ്യക്തിയാണു ധ്യാനഗുരു. പഴയ നിയമത്തിലെ ദീർഘദർശികളുടെ സ്ഥാനത്ത് ധ്യാന

ഗുരുക്കന്മാർ ഇന്നു് പ്രവർത്തിക്കുന്നു. ദീർഘദർശികളെ ദൈവം പ്രത്യേകം തിരഞ്ഞെടുത്തു ശിക്ഷണം നൽകി അയച്ചിരുന്നു. അങ്ങനെ, ദൈവത്തിൻെറ പ്രത്യേകദൗത്യവുമായി ഏശയ്യാ, എസക്കിയേൽ, ജെറമിയാസ് തുടങ്ങിയ പല ദീർഘദർശികളും ജനമദ്ധ്യത്തിലേക്കു് കടന്നുവന്നു. പഴയനിയമത്തിലെ പുരോഹിതന്മാർ ഒരേ വംശത്തിൽനിന്നുതന്നെ പാരമ്പര്യമായി വന്നവരാണെങ്കിൽ, ദീർഘദർശികൾ ഓരോകാലത്തു് പ്രത്യേകം നിയുക്തരായവരാണു്. ദൈവത്തിൻെറ പ്രതിനിധികളായി അവർ പ്രവർത്തിച്ചിരുന്നു. വൈദികരും രാജാക്കന്മാരും വഴിതെററിയ അവസരങ്ങളിൽ അവരെ തിരുത്തുവാൻ ദീർഘദർശികളാണു നിയുക്തരായതു്. അങ്ങനെ, അവരുടെ ദൗത്യം ദൈവത്തിൻെറ ദൗത്യമായി ഇസ്രായേൽജനം സ്വീകരിച്ചിരുന്നു. ഇതേകൃത്യം തന്നെയാണു് ഇന്നു ധ്യാനഗുരുക്കന്മാരും നിർവ്വഹിക്കേണ്ടതു്. അവക്കു് ദൈവത്തിൻെറ ഒരു പ്രത്യേക ദൗത്യം വഹിക്കുവാനുണ്ടെന്നുള്ള **ബോദ്ധ്യംവേണം.**

## ധ്യാനഗുരുക്കന്മാർക്കുവേണ്ട ശിക്ഷണം.

വൈദികനായതുകൊണ്ടുമാത്രം ധ്യാനിപ്പിക്കാനുള്ള കഴിവുണ്ടാകണമെന്നില്ല. കാലത്തിൻെറ ചുവരെഴുത്തു് മനസ്സിലാക്കി ക്രിസ്തുവിൻെറ ദൗത്യം യഥോചിതം വഹിക്കുവാനുള്ള ശിക്ഷണം ധ്യാനഗുരുവിനു ലഭിക്കേണ്ടതാണു്. നിത്യസത്യങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾക്കു യോജിച്ചവിധം അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിയണം.

ധ്യാനഗുരുവിനു സനാതനമൂല്യങ്ങളെപ്പററി ശരിയായ ബോദ്ധ്യം ഉണ്ടായിരിക്കണം. ആവത്തിച്ചുനടത്തുന്ന കഥാപ്രസംഗം പോലെയല്ല ധ്യാനപ്രസംഗം. പ്രത്യുത, ഓരോ ധ്യാനത്തിനും പ്രത്യേകമായ ഒരുക്കംവേണം. നന്നായി പ്രാത്ഥിച്ചും പഠിച്ചുമാണു് ഒരുങ്ങേണ്ടതു്. ധ്യാനിക്കുന്നവക്കു് ആവശ്യമായ അനുഗ്രഹങ്ങൾ പ്രാപിച്ചുകൊടുക്കുവാനുള്ള ഭക്തിതീക്ഷ്ണത ധ്യാനഗുരുവിനു് ഉണ്ടായിരിക്കണം.

രോഗികളെ പരിചരിക്കുന്ന ഡോക്ടർതന്നെ രോഗാധീനനാകാതിരിക്കുവാൻ സൂക്ഷിക്കണമല്ലോ. പലവിധ ജീവിത

പരാജയങ്ങരം കൈകാര്യം ചെയ്യേണ്ടിവരുന്ന ധ്യാനഗുരു കടുത്ത പ്രലോഭനങ്ങളിൽപെടുവാൻ സാധ്യതയുണ്ട്. പലതരത്തിൽ പെട്ട ആളുകളുമായി അവശ്യം അടുത്തു് ഇടപെടുന്നതിൻെറ ഫലമായി ദുരാശകരം കൂടുതൽ ഉണ്ടാകാവുന്നതാണ്. അതോടു കൂടി നമ്മയെ വെറുക്കുന്ന പിശാചിൻെറ ആക്രമണവും അനുഭവപ്പെടാം. വി. പൗലോസ് പറയുന്ന ''മററുള്ളവരോട് പ്രസംഗിച്ച ഞാൻ തിരസ്കൃതനാകാതിരിക്കേണ്ടതിനു് എൻെറ ശരീരത്തെ പീഡിപ്പിച്ചു് കീഴടക്കുന്നു'' (കൊറി. 9/37). ഈ സത്യം ധ്യാനഗുരുക്കന്മാരെല്ലാം പ്രത്യേകം ഓർമ്മിക്കണം.

ധ്യാനഗുരുവിൻെറ ജീവിതവും എല്ലാ വ്യാപാരങ്ങളും ഏററം സ്വീകാര്യമായിരിക്കണം. പലരും അദ്ദേഹത്തിൻെറ ജീവിതരീതി നിരീക്ഷിക്കുന്നതാണ്. സുഖലോലുപതവും ലൗകികതാല്പര്യങ്ങളും അദ്ദേഹത്തെ ബാധിക്കരുതു്. ഭക്ഷണം വിശ്രമം, ഉല്ലാസം തുടങ്ങിയവയിലെല്ലാം മിതത്വവും സംയമനവും പാലിക്കണം. ''ഈശോയുടെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷപ്പെടുന്നതിനുവേണ്ടി അവിടുത്തെ മരണം ഞങ്ങളുടെ ശരീരത്തിൽ സദാ വഹിക്കുന്നു'' (2 കൊറി. 4 10).

ധ്യാനഗുരു വിനീതനും ശാന്തനുമായിരിക്കണം. സമാധാനത്തിൻെറ ദൗത്യമാണ് അദ്ദേഹം വഹിക്കുക. ആളുകരം അദ്ദേഹത്തിൻെറ ക്ഷമ പരീക്ഷിച്ചുവെന്നുവരാം. സ്ഥലത്തെ വികാരിയെ കവച്ചുവച്ചു ധ്യാനഗുരു ഒന്നും പറയരുതു്, പ്രവർത്തിക്കരുതു്. പരാതികളുമായി പലരും വന്നേക്കാം; അതെല്ലാം ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യണം.

ദ്രവ്യാശയും ധ്യാനഗുരുവിനെ ബാധിക്കരുതു്. ധ്യാനിപ്പിക്കൽ ഒരു ധനാഗമമാർഗ്ഗമാകാൻ പാടില്ല.

## ധ്യാനവിഷയങ്ങൾ അവതരിപ്പിക്കേണ്ടവിധം

1) ധ്യാനഗുരുവിനെ പരാജയബോധം ബാധിക്കരുതു്. ''ഈ ജനങ്ങളോടു് പറഞ്ഞിട്ടു് ഫലമില്ല; പുതുതായി ഒന്നും പറയുവാനില്ല''— ഈ ചിന്തകരം വെടിയണം. പുതിയ കാര്യങ്ങരം പഠിപ്പിക്കുക എന്നതിനേക്കാരം നിത്യസത്യങ്ങളെപ്പററി പുതിയൊരു ബോദ്ധ്യം ജനിപ്പിക്കുകയാണ് ആവശ്യം.

''ഞാൻ നിങ്ങളോടുകൂടി എല്ലാദിവസവും, ലോകാവസാനം വരെയും ഉണ്ടായിരിക്കും.'' (മത്താ. 28: 20) എന്നുള്ള ഈശോയുടെ വാഗ്ദാനത്തിൽ ആശ്രയിക്കണം.

2) ധ്യാനഗുരു ധ്യാനിക്കുന്നവരെ സ്നേഹിക്കുക, അവരുടെ വിഷമതകളെപ്പററി ബോധവാനായിരിക്കുക, അവരെ സഹായിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുക, അവരോട് ആദരവും അനുകമ്പയും കാണിക്കുക, ധ്യാനഗുരുവിന് ഇഷ്ടമുള്ള ചില കാര്യങ്ങൾ പറഞ്ഞാൽപോരാ; പ്രത്യുത, ധ്യാനിക്കുന്നവർക്ക് ആവശ്യമായ കാര്യങ്ങൾ പറയണം. ഇതിനായി ധ്യാനം കഴിക്കുന്നവരെ നല്ലവണ്ണം പഠിപ്പിക്കണം. അവരുടെ ആത്മികവും ലൗകികവുമായ ജീവിതസാഹചര്യങ്ങൾ സാമാന്യമായെങ്കിലും മനസ്സിലാക്കണം. ഉദാ: വിദ്യാഭ്യാസം, ധനസ്ഥിതി, തൊഴിൽ, സംസ്ക്കാരം, മററു മതസ്ഥരോടുള്ള സമ്പർക്കം, രാഷ്ട്രീയ മനോഭാവം, പ്രബലപ്പെട്ടിട്ടുള്ള ദുശ്ശീലങ്ങൾ, (മദ്യപാനം, കുടുംബകലഹം, അന്ധവിശ്വാസങ്ങൾ, ക്ഷുദ്രപ്രയോഗം ജനനനിയന്ത്രണം, വ്യക്തിവിരോധം, ദ്രവ്യാശ, വൈദിക വിദ്വേഷം) അവരുടെ ഇടയിൽ പ്രചരിക്കുന്ന പ്രസിദ്ധീകരണങ്ങൾ, ഉണ്ടായിട്ടുള്ള ഇടർച്ചകൾ — പ്രത്യേകിച്ച് വൈദികരിൽനിന്നും സന്യാസികളിൽനിന്നും. ഇവയ്ക്കുള്ള പ്രതിവിധികൾ പൊതുവായിട്ടെങ്കിലും നേരത്തെ കണ്ടുവയ്ക്കുക.

3) ഓരോ ധ്യാനവും ഓരോ പ്രത്യേകാശയത്തിനു പ്രാധാന്യം കല്പിച്ചു പ്ലാൻ ചെയ്യാവുന്നതാണ്. ഉദാ: ചില ദുശ്ശീലങ്ങൾ പരിഹരിക്കുക, സുകൃതാഭ്യാസത്തിന് പ്രേരിപ്പിക്കുക' കുടുംബജീവിതത്തെ വിശുദ്ധീകരിക്കുക, ദൈവവിളി വർദ്ധിപ്പിക്കുക. ധ്യാനപ്രസംഗങ്ങൾതമ്മിൽ ദൃഢബന്ധമുണ്ടായിരിക്കണം. ധ്യാനദിവസങ്ങളുടെ എണ്ണം, പ്രസംഗങ്ങളുടെ എണ്ണം എന്നിവയനുസരിച്ച് ഓരോ പ്രസംഗവും ക്രമപ്പെടുത്തണം. ഇങ്ങനെ, നിശ്ചയിക്കുന്ന പ്രസംഗങ്ങൾ ഓരോന്നും പ്രത്യേകം ഒരുങ്ങണം. ഒരു പ്രസംഗത്തിൽ ഒരു വിഷയത്തിനുമാത്രം പ്രാധാന്യം കല്പിക്കുക, പലേ വിഷയങ്ങൾ കൂട്ടികലർത്തി പറയരുത്.

4) ധ്യാനവിഷയങ്ങരം ഈശോയെ കേന്ദ്രമാക്കി അവതരിപ്പിക്കുക. പ്രസക്ത വേദപുസ്തകവാക്യങ്ങരം ഉദ്ധരിച്ച് വ്യാഖ്യാനിക്കണം. ശ്രോതാക്കളുടെ ജീവിതത്തോടു കൂടുതൽ അടുത്തുനില്ക്കുന്ന വിശുദ്ധരുടെ മാതൃകകരം ചൂണ്ടിക്കാണിക്കുന്നതു പ്രയോജനകരമാണ്. നമ്മുടെ ഇടയിൽതന്നെ ഉത്തമ ജീവിതം നയിച്ചിട്ടുള്ളവരെയും യഥോചിതം അനുസ്മരിക്കാം.

5) ജനങ്ങളുടെമദ്ധ്യത്തിൽ നടക്കുന്ന അനുദിനസംഭവങ്ങരം ധ്യാനത്തിൽ പെടുത്തണം. ധ്യാനഗുരു ഒരു കയ്യിൽ വേദപുസ്തകവും മറേറ കയ്യിൽ വത്തമാനപത്രവുമായി പ്രസംഗിക്കണമെന്നു പറയുന്നു. അപ്പോരം ജീവിത പ്രശ്നങ്ങരംക്കു് ഏററം പ്രായോഗികമായ ഉത്തരം ലഭിക്കും.

6) ആളുകളുടെ ആവശ്യംപോലെ നിത്യസത്യങ്ങരം വിവരിച്ചു കൊടുക്കണം. അബദ്ധധാരണകരം തിരുത്തണം. ജീവിതമൂല്യങ്ങളെപ്പററി ശരിയായബോധ്യം ലഭിക്കത്തക്കവിധം പ്രാത്ഥിക്കുവാനും സ്വയംചിന്തിക്കുവാനും അഭ്യസിപ്പിക്കയും വേണം.

7) ധ്യാനിക്കുന്നവരുടെ വ്യക്തിപരമായചിന്താഗതികരം മനസ്സിലാക്കുവാനും കുറവുകരം പരിഹരിക്കുവാനുമായി ഒരു ചോദ്യപ്പെട്ടി വയ്ക്കേണ്ടതാണ്. അങ്ങനെ കിട്ടുന്ന ചോദ്യങ്ങളെല്ലാം ധ്യാനവേളയിൽ വായിച്ചു കേരംപ്പിക്കുവാൻ ഒരുമ്പെടരുത്. അവയ്ക്കുള്ള മറുപടി ധ്യാനപ്രസംഗത്തിനിടയ്ക്കു് നല്കിക്കൊണ്ടിരുന്നാൽമതി. ഇടയ്ക്കു് ഇപ്രകാരം പറയാം ''ചിലക്കു് ഇങ്ങനെ സംശയമുണ്ടാകാം''. തുടന്നു് ഉത്തരം നൽകുക. ചിതമെന്നു തോന്നുന്ന ചില ചോദ്യങ്ങരം വേണമെങ്കിൽ വായിച്ചു കേരംപ്പിക്കാവുന്നതാണ്. നേരിട്ടു് സംസാരിക്കാനും ധ്യാനിക്കുന്നവർക്കു് സൗകര്യം കൊടുക്കേണ്ടതാണ്.

8) വിപ്ലവകരവും അഭിപ്രായവ്യത്യാസമുള്ളതുമായ കാര്യങ്ങരം ധ്യാനത്തിൽ അവതരിപ്പിക്കരുത്,

ധ്യാനപ്രസംഗത്തിനു് വലിയ വാഗ്മിത്വമൊന്നും ആവശ്യമില്ല. ലളിതഭാഷയിൽ ആശയങ്ങരം വ്യക്തമായി വിവ

രിച്ചു പറഞ്ഞാൽ മതി. സംഭാഷണരീതിയാണു പ്രയോജനകരം. കേൾക്കാൻ മാത്രം സ്വരത്തിൽ പറയണം; അധികം ഉച്ചത്തിൽ പറഞ്ഞു ബഹളം കൂട്ടിയിട്ടു കാര്യമില്ല.

## ജീവിതപരിശോധന

ജീവിതപരിശോധനയ്ക്കു് ധ്യാനപ്രസംഗത്തിൽ വലിയ പ്രാധാന്യമുണ്ടു്. നിത്യസത്യങ്ങൾ പറഞ്ഞുകൊടുത്താൽ മാത്രം പോരാ, അവയുടെ വെളിച്ചത്തിൽ സ്വന്തം ജീവിതം പരിശോധിക്കുവാൻ ശ്രോതാക്കളെ സഹായിക്കുകയും വേണം. അങ്ങനെ, ധ്യാനം അവരുടെ ജീവിതം പ്രതിഫലിക്കുന്ന ഒരു ദർപ്പണമായി അനുഭവപ്പെടണം. അപ്പോൾ, "ഞാൻതന്നെ അല്ലേ അതു്; എന്റെ കാര്യം തന്നെയല്ലേ ആ പറഞ്ഞതു്" എന്നു ചിന്തിക്കുവാൻ ശ്രോതാക്കൾ പ്രേരിതരാകും. ദൈവപ്രമാണങ്ങളേയും തിരുസ്സഭയുടെ കല്പനകളേയും ജീവിതാവസ്ഥയുടെ കടമകളെയും പററിയുള്ള വിചിന്തനം ഇതിനു സഹായകമാണു്. പൊതുമുതൽ നശിപ്പിക്കുക, സർക്കാർനിയമപ്രകാരമുള്ള നികുതികളും ഫീസുകളും കൊടുക്കാതിരിക്കുക; കൈക്കൂലി വാങ്ങുക, പണം ധൂർത്തടിക്കുക, പാവങ്ങളെ നിർദ്ദയം സഹായിക്കാതിരിക്കുക തുടങ്ങിയ തെററുകൾ പ്രത്യേകം ചൂണ്ടിക്കാണിക്കണം.

എന്നാൽ, ഈ പരിശോധന വിനീതമായി അനുഭാവപൂർവ്വമാണു നടത്തേണ്ടതു്. അവജ്ഞയും നിന്ദയും സ്ഫുരിക്കരുതു്; ആരുടേയും വികാരങ്ങളെ വ്രണപ്പെടുത്തരുതു്. മറിച്ചു് ധ്യാനഗുരു അവരെ സ്നേഹിക്കുന്നുവെന്നും അവരുടെ ജീവിതനവീകരണം ആഗ്രഹിക്കുന്നുവെന്നും അതിനാണു് ഇതെല്ലാം ഓർമ്മിപ്പിക്കുന്നതെന്നും അവർക്കു ബോധ്യമാവണം. അതോടുകൂടി ബലഹീനതയും അജ്ഞതയും മൂലം തെററുകൾ ഉണ്ടാകാമെന്നും എന്നാൽ അവ തിരുത്തേണ്ടതാണെന്നും അതിനുള്ള അനുഗ്രഹം ദൈവം തരുമെന്നും ഈ ധ്യാനംതന്നെ അതിനുവേണ്ടിയാണെന്നും നമ്മുടെ കഴിവുപോലെ പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്താൽ മതിയെന്നും ശ്രോതാക്കളെ ധരിപ്പിക്കണം.

മനുഷ്യരുടെ പരാജയങ്ങളെപ്പററി അധികം വിവരിക്കരുതു്. ലോകം മുഴുവൻ തിന്മനിറഞ്ഞിരിക്കുന്നുവെന്നു പറയുന്നതും നല്ലതല്ല. അതു് നല്ലയാളുകൾക്കു് ഇടർച്ചയുണ്ടാക്കും; മന്ദജീവിതം നയിക്കുന്നവരെ അന്ധമായ സ്വയംതൃപ്തിയിൽ പെടുത്തുകയും ചെയ്യും. ആകയാൽ, സുകൃതജീവിതം നയിച്ചവരുടെ, നയിക്കുന്നവരുടെ മാതൃക കൂടുതലായി പറഞ്ഞുകൊടുക്കുക.

തെററുകൾ ചൂണ്ടിക്കാണിക്കുന്ന കൂട്ടത്തിൽ അവയ്ക്കുള്ള പ്രായോഗിക പ്രതിവിധികളും നിർദ്ദേശിക്കണം. പാപജീവിതം വെടിഞ്ഞു മാനസാന്തരപ്പെട്ട പുണ്യാത്മാക്കളുടെ ചരിത്രം സാധനപാഠമായി അവതരിപ്പിക്കണം.

## ധ്യാനത്തിൽ പാലിക്കേണ്ട പ്രാർത്ഥനാ ചൈതന്യം

ധ്യാനം നിരന്തരമായ പ്രാത്ഥനയുടെ അവസരമാണു്, അല്ലാതെ പഠനത്തിനും ചർച്ചകൾക്കുമുള്ള സന്ദർഭമല്ല എന്നു് ആറാം പൗലോസ് മാർപാപ്പാ പ്രസ്താവിച്ചിരിക്കുന്നു. ധ്യാനത്തിനു് ഒരുക്കമായി പള്ളിയിലും വീടുകളിലും നൊവേന പ്രാത്ഥനകൾ നടത്തുന്നതു നല്ലതാണു്. ധ്യാനദിവസങ്ങളിൽ പ്രാത്ഥനാചൈതന്യം വളർന്നുവരണം. വഴിനീളെ പ്രാർത്ഥിച്ചുകൊണ്ടു് ജാഥയായി ധ്യാനത്തിനു വരുവാൻ ഏർപ്പാടു ചെയ്യുന്നതു കൊള്ളാം. ധ്യാനസ്ഥലത്തു് കഴിയുന്നത്ര എപ്പോഴും മൗനം പാലിക്കുവാൻ പ്രോത്സാഹിപ്പിക്കണം. ധ്യാനപ്രസംഗങ്ങളുടെ ആരംഭത്തിലും അവസാനത്തിലും അവയുടെ ഇടയ്ക്കുതന്നെയും അവസരോചിതമായി പ്രാത്ഥിപ്പിക്കണം.

ധ്യാനത്തോടനുബന്ധിച്ചു് വിശുദ്ധ ബലി അർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വൈകുന്നേരം മാത്രം ധ്യാനിക്കാൻ വരുന്നവർക്കുവേണ്ടിയും ഒരു കുർബാന ചൊല്ലണം; വി. ബലിയിൽ കാര്യക്ഷമമായി പങ്കെടുക്കുവാൻ സഹായിക്കുകയും വേണം.

ധ്യാനദിവസങ്ങളിൽ ജനങ്ങൾ തനിച്ചും രഹസ്യമായും പ്രാർത്ഥിക്കുവാൻ പ്രോത്സാഹിപ്പിക്കണം. ദിവ്യകാരുണ്യാരാധന, വിയാസാക്ര, ജപമാല, ദൈവവചനശുശ്രൂഷ, വി

സീത്ത മുതലായ ഭക്തകൃത്യങ്ങളും ധ്യാനത്തോടുകൂടി സൗകര്യം പോലെ നടത്തേണ്ടതാണ്. കർത്താവു വിതയ്ക്കുന്ന നല്ല വിത്തുകഠം നശിപ്പിക്കുവാൻ പിശാചു ശ്രമിക്കുമെന്നും ആകയാൽ, എല്ലാവരും ഉണർന്നിരുന്നു പ്രാർത്ഥിക്കണമെന്നും ജനങ്ങളെ ഓർമ്മിപ്പിക്കണം.

വി. ഗ്രന്ഥത്തോടു് പ്രത്യേകം ഭക്തിജനിപ്പിക്കണം. ഇതിനായി ധ്യാനസ്ഥലത്തു വേദപുസ്തകം പൂജ്യമായി പ്രതിഷ്ഠിക്കുക. പ്രസംഗത്തിനു പ്രാരംഭമായി വേദപുസ്തകത്തിൽനിന്നു് പ്രസക്തഭാഗങ്ങഠം വായിക്കാം; തനിച്ചു വായിക്കുവാനായി ചില ബൈബിഠംഭാഗങ്ങഠം നിർദ്ദേശിക്കുകയും ചെയ്യാം. ഇതോടുകൂടി ലിററർജിക്കൽ സീസൺ അനുസരിച്ചുള്ള പരിശീലനവും നൽകേണ്ടതാണ്.

## ധ്യാനക്കുമ്പസാരം

ധ്യാനത്തിൽ ഒരു പൂർണ്ണകുമ്പസാരം നടത്തുവാൻ ജനങ്ങളെ ഒരുക്കണം. അതിനായി, പഴയകുമ്പസാരങ്ങളിൽ എന്തെങ്കിലും പോരായ്കയുണ്ടോ എന്നു പരിശോധിക്കുവാൻ സഹായിക്കേണ്ടതാണ്. കുമ്പസാരത്തിൻെറ രക്ഷാകരഫലങ്ങഠം വിശദമായി പറഞ്ഞുകൊടുക്കണം. കുമ്പസാരക്കാരൻ ഓരോ വ്യക്തിക്കും വേണ്ട എല്ലാ സഹായങ്ങളും നൽകുമെന്നുള്ള ബോദ്ധ്യം ജനിപ്പിക്കണം. കർത്താവിൻെറ കരുണയെപ്പററി ദീർഘമായി പ്രതിപാദിക്കുവാൻ മറക്കരുതു്. അവിടുന്നു് പാപികളുടെ മരണമല്ല, മാനസാന്തരമാണ് ആഗ്രഹിക്കുന്നതു് എന്ന സത്യം എല്ലാവരും ഗ്രഹിക്കണം.

കുമ്പസാരിക്കാൻവേണ്ട എല്ലാ സൗകര്യങ്ങളും നൽകണം. ആവശ്യംപോലെ കുമ്പസാരക്കാരെ വരുത്തിക്കൊടുക്കേണ്ടതാണ്. ഇല്ലെങ്കിൽ ആളുകഠം കുമ്പസാരിക്കാതെ പോകും. അങ്ങനെ ധ്യാനം നിഷ്ഫലമാവുകയും ചെയ്യും. ധ്യാനിപ്പിക്കാൻ പോകുമ്പോഠം പ്രത്യേകകുമ്പസാരക്കാരെ കൊണ്ടുപോകണമെന്നു് വി. വിൻസെൻറ് ഡി പോഠം നിർദ്ദേശിച്ചിട്ടുണ്ട്. ധ്യാനക്കുമ്പസാരം കേഠംക്കുന്ന വൈദികർ വേണ്ട അറി

വും വിവേകവും ക്ഷമയും കരുണയും ഉള്ളവരായിരിക്കണം. വിഷമപ്രശ്നങ്ങൾക്ക ശരിയായ പ്രതിവിധികൾ നിർദ്ദേശിക്കവാൻ അവർക്ക കഴിയണം

## ധ്യാനപ്രസംഗവിഷയങ്ങൾ

ജനങ്ങളുടെ ജീവിതനവീകരണമാണ ധ്യാനംകൊണ്ടുദ്ദേശിക്കുക. ജീവിതവൈകല്യങ്ങൾ പരിഹരിക്കാനും പുണ്യ പുരോഗതി സാധിക്കാനും പററുന്ന കാര്യങ്ങൾ ധ്യാനപ്രസംഗങ്ങളിൽ പ്രതിപാദിക്കണം.

1) തൻെറ ഏകജാതനെത്തന്നെ നമുക്കു രക്ഷകനായി നൽകിയ ദൈവത്തിൻെറ സ്നേഹപൂർവ്വമായ ക്ഷണവും അതിനു് മനുഷ്യൻ അവശ്യം നൽകേണ്ട മറുപടിയുമാണു് ഏതു ധ്യാനത്തിൻെറയും അടിസ്ഥാനവിഷയം- നമ്മുടെ ആരംഭവും അന്ത്യവുമായ ദൈവം സൃഷ്ടിയും സമുദ്ധാരണവും വിശുദ്ധീകരണവും വഴി സ്നേഹപൂർവ്വം നൽകിയിട്ടുള്ളതും നൽകിക്കൊണ്ടിരിക്കുന്നതുമായ നന്മകൾ- ഈ വിളിക്കു് യഥാവിധി മറുപടി നൽകുവാനുള്ള മനുഷ്യൻെറ കടമയും ആവശ്യകതയും— ദൈവത്തെ അറിയുക, സ്നേഹിക്കുക, സേവിക്കുക.

2 ദൈവത്തിൻെറ വിളിക്കു് മറുപടി നൽകുന്നതിൽ ആദ്യമനുഷ്യനുണ്ടായ പരാജയം—ഉത്ഭവപാപം— എല്ലാ തിന്മകളുടെയും ആരംഭം.

3 ക്രിസ്തുനാഥൻ തൻെറ മനുഷ്യാവതാരവും ജീവിതബലിയും വഴി ദൈവത്തിനു നൽകിയ മറുപടി— അങ്ങനെ സാധിച്ച സമുദ്ധാരണം— ക്രിസ്തു നമുക്കു നൽകിയിരിക്കുന്ന ജീവിതമാതൃക. ഇവിടെ സുവിശേഷത്തിലെ, ചരിത്രപുരുഷനായ ക്രിസ്തുവിനെ അവതരിപ്പിക്കുക.

4 തിരുസ്സഭ, ക്രിസ്തുവിൻെറ ശ്ലീഹാ— സഭയുടെ അംഗങ്ങളാകേണ്ടതിൻെറ ആവശ്യകത— സഭവഴി ക്രിസ്തുവിനു നൽകേണ്ട സാക്ഷ്യം— ഇതിനുള്ള മാർഗ്ഗം, ദൈവവിളി— വിവിധ ജീവിതാവസ്ഥകൾ— ദൈവവിളി സ്വീകരിക്കാനുള്ള കടമ.

5 ശാസ്ത്രത്തിൻെറ പുരോഗതിമൂലം ഉണ്ടായിട്ടുള്ള ഭൗതിക ചിന്താഗതി— രാഷ്ട്രീയതയുടെ പേരിൽ മതാനുഷ്ഠാനങ്ങളിലുള്ള അവജ്ഞ— മതകാര്യങ്ങളിലുള്ള അജ്ഞത. ഇവിടെ ഒന്നും രണ്ടും മൂന്നും കല്പനകൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ വിവരിക്കുക.

6 ദൈവസ്നേഹം ആവശ്യപ്പെടുന്ന പരസ്നേഹം— പരസ്നേഹത്തെ സംബന്ധിച്ചുള്ള കല്പനകൾ— ധനം, മാനം, ആരോഗ്യം, നിത്യരക്ഷ ഇവ സംബന്ധിച്ച് മനുഷ്യർക്കു പരസ്പരമുള്ള കടമകൾ— അവയുടെ നിവർത്തനപ്രവർത്തനവശങ്ങൾ സാമൂഹ്യനീതി ആവശ്യപ്പെടുന്ന കാര്യങ്ങൾ.

7 കുടുംബജീവിതം — അതിൻെറ പാവനതയും പ്രാധാന്യവും— അതിൻെറ ദൈവികമായ ഉദ്ദേശ്യങ്ങൾ— വിവാഹമോചനം, തെററായ ജനനനിയന്ത്രണം, ഭ്രൂണഹത്യ-ലൈംഗികതയുടെ പാവനതയും ഉദ്ദേശ്യവും— ആറും ഒൻപതും പ്രമാണങ്ങൾ.

8 കുമ്പസാരം— ഈ കൂദാശയുടെ ദൈവികവും മാനുഷികവുമായ വശങ്ങൾ— കുമ്പസാരത്തെപ്പററിയുള്ള തെററായധാരണകൾ— ശരിയായി കുമ്പസാരിക്കേണ്ടവിധം.

9 ഓരോ ക്രിസ്ത്യാനിക്കും ഓരോ പ്രേഷിതൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ സ്വവിശേഷപ്രഘോഷണത്തിനുള്ള കടമ— ജീവിതമാതൃക, പ്രാർത്ഥനയും പ്രവർത്തനങ്ങളും.

10 ധ്യാനാനന്തരജീവിതം— പരിപൂർണ്ണത പ്രാപിക്കുവാൻ ഏതൊരുവനുമുള്ള കടമ— അതിനുവേണ്ട പ്രതിജ്ഞകൾ എടുക്കേണ്ട ആവശ്യം — അവ അനുവർത്തിക്കേണ്ട വിധം— ഭക്തസഖ്യങ്ങൾവഴി ലഭിക്കുന്ന അനുഗ്രഹങ്ങൾ —പ്രതിദിന ഭക്തകൃത്യങ്ങൾ.

ഈ ധ്യാനവിഷയങ്ങൾ ധ്യാനം കഴിക്കുന്നവർക്ക് പററുന്ന വിധം അവതരിപ്പിക്കേണ്ടതാണ്.

# വിവിധതരം ധ്യാനങ്ങൾ

1 പൊതുധ്യാനം- (Full Parish mission)

ഈ ധ്യാനം ഒരാഴ്ച മുഴുവൻ നീണ്ടുനില്ക്കുന്നു. പല കൊല്ലങ്ങൾ കൂടിയാണു് ഇതു നടത്തുക. ജനങ്ങൾക്കു് ഏററം സൗകര്യമുള്ള സമയം മുൻകൂട്ടി നിശ്ചയിക്കും. ജോലികളെല്ലാം ഒതുക്കി ആളുകൾ ധ്യാനത്തിനു് ഒരുങ്ങുന്നു. അടുത്തുള്ള പല ഇടവകക്കാർ ഒരേ ധ്യാനത്തിൽതന്നെ സംബന്ധിക്കാറുണ്ടു്. ധ്യാനത്തിനിടയ്ക്കു കേയ്സുകളും, കുടുംബകലഹങ്ങളും തീർക്കുകയും ഭക്തസഖ്യങ്ങൾ ആരംഭിക്കുകയും നിലവിലുള്ളവയെ ഉജ്ജീവിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ, ഇടവകയിൽ പൂർണ്ണമായ ഒരു നവീകരണംതന്നെ ഉണ്ടാകും. ഈ പരിപാടിയനുസരിച്ചാണു മുൻകാലത്തു കർമ്മലീത്താവൈദികർ ധ്യാനിപ്പിച്ചിരുന്നതു്.

ഇന്നു് കപ്പൂച്ചിൻ വൈദികരും വിൻസെൻഷ്യൻ സഭക്കാരും കാലോചിതമായ ചില വ്യത്യാസങ്ങളോടെ ഈ ധ്യാനം നടത്തിവരുന്നു. ''കപ്പൂച്യൻ മിഷൻ'', ''പോപ്പുലർ മിഷൻ'' എന്നാണു് ഈ ധ്യാനം ഇപ്പോൾ അറിയപ്പെടുന്നതു്. ധ്യാനദിവസങ്ങളുടെ എണ്ണം പലപ്പോഴും കുറക്കേണ്ടിവരുന്നുണ്ടു്. ജനങ്ങളുടെ സൗകര്യംപോലെ ഇടവകയുടെ പല ഭാഗങ്ങളിൽ വച്ചായിരിക്കും ധ്യാനപ്രസംഗങ്ങൾ നടത്തുക. നോട്ടീസുകളും ഭിത്തിപ്പരസ്യങ്ങളും വഴി ധ്യാനത്തിനുവേണ്ട പ്രചാരം നൽകുന്നു. സ്ഥലത്തെ ആവശ്യമനുസരിച്ചു പല വൈദികർ ചേർന്നാണു് ഈ ധ്യാനം പ്രസംഗിക്കുക. ധ്യാനം ആരംഭിക്കുന്നതു മുഖ്യധ്യാനകേന്ദ്രത്തിൽവച്ചായിരിക്കും. അവസാനവും അവിടെവെച്ചുതന്നെ. ആളുകൾ സംഘംചേർന്നു്, ഭക്തഗാനങ്ങൾ ആലപിച്ചുകൊണ്ടു് ഓരോ ധ്യാനസ്ഥലത്തും സമ്മേളിക്കും. ധ്യാനാവസാനം എല്ലാവരുംകൂടി കുരിശുകൾ പിടിച്ചുകൊണ്ടു് ഒരു പരിഹാരപ്രദക്ഷിണം നടത്താറുണ്ടു്.

## 2 വാർഷികധ്യാനം (Annual Retreat)

ഇതു പ്രതിവർഷം നടത്തുന്നു. മൂന്നോ നാലോ ദിവസത്തേക്കു മാത്രമുള്ള ധ്യാനമാണിതു്. കുട്ടികൾ ഒഴിച്ചുള്ള എല്ലാവരും ഇതിൽ സംബന്ധിക്കുന്നു. ഈ ധ്യാനവും മുമ്പു പറഞ്ഞതുപോലെ ഇടവകയുടെ പല ഭാഗങ്ങളിൽവച്ചു നടത്താറുണ്ടു്.

### ധ്യാനത്തിൻെറ പരിപാടി

ഓരോ ദിവസവും ഉച്ചയ്ക്കു മുമ്പും പിമ്പുമായി രണ്ടു പ്രസംഗം വീതം ഉണ്ടാകും. സൗകര്യത്തെപ്രതി രാവിലെ ഉള്ള ധ്യാനത്തിനു് പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചുവരുന്നു. ഉച്ചകഴിഞ്ഞു്, ആദ്യം സ്ത്രീകൾക്കും വൈകുന്നേരം പുരുഷന്മാർക്കുമായി തിരിച്ചു ധ്യാനം നടത്തുന്നു. ഈ പരിപാടിതന്നെ അല്പം വ്യത്യാസപ്പെടുത്തി, രാവിലെയുള്ള ധ്യാനം സ്ത്രീകൾക്കു മാത്രമായും വൈകിട്ടത്തേതു പുരുഷന്മാർക്കു മാത്രമായും നടത്താറുണ്ടു്. ഇതനുസരിച്ചു് കാലത്തും വൈകിട്ടും മൂന്നു പ്രസംഗം വീതം ഉണ്ടാകും. അപ്പോൾ ഒന്നിലധികം ധ്യാനഗുരുക്കന്മാർ വേണ്ടിവന്നേക്കാം. ആളുകളുടെ ആവശ്യമനുസരിച്ചു് ധ്യാനവിഷയങ്ങൾ ക്രമപ്പെടുത്തണം. ഒരു മാതൃക താഴെ കൊടുക്കുന്നു.

ഒന്നാം ദിവസം

1 ദൈവം, നമ്മുടെ പിതാവു്
2 ആദ്യത്തെ മൂന്നു പ്രമാണങ്ങൾ
3 രക്ഷകനായ ഈശോ– നിത്യരക്ഷ, സർവ്വപ്രധാനകാര്യം
4 രക്ഷയുടെ മാർഗ്ഗം- ദൈവവിളി; കുടുംബജീവിതം

രണ്ടാം ദിവസം

1 പാപം, ഏററവും വലിയ വിപത്തു്
2 മരണവും വിധിയും
3 ആറും ഒൻപതും പ്രമാണങ്ങൾ
4 പാപം ദൈവസമക്ഷം - സ്നേഹശൂന്യത

മൂന്നാം ദിവസം

1 തിരുസ്സഭ- സമൂഹജീവിതം, പരസ്നേഹം
2 അഞ്ചും ഏഴും എട്ടും പത്തും പ്രമാണങ്ങൾ
3 കമ്പസാരം
4 ഈശോയുടെ പീഡാനുഭവവും പരിഹാരബലിയും.

നാലാം ദിവസം

1 ഭാര്യാഭർത്തൃബന്ധം
2 മാതാപിതാക്കന്മാരുടെ കടമകൾ
3 ധ്യാനാനന്തര ജീവിതം - ധ്യാനപ്രതിജ്ഞകൾ, അനുദിന ഭക്തകൃത്യങ്ങൾ
4 പ്രേഷിതജീവിതം

അവസാനദിവസം _ വി. കുർബാന, സ്വർഗ്ഗീയ ഭക്ഷണം

ഈ വിഷയസംവിധാനംതന്നെ അല്പം വ്യത്യാസപ്പെടുത്തി, ഉച്ചയ്ക്കും വൈകിട്ടുമായി വേർതിരിച്ചു നടത്തുന്ന ധ്യാനത്തിനും സ്വീകരിക്കാവുന്നതാണ്.

3 ഏകാന്തധ്യാനം (Closed Retreat)

ഇതിൽ സംബന്ധിക്കുന്നവരുടെ ഭക്ഷണവും താമസവുമെല്ലാം ധ്യാനസ്ഥലത്തുതന്നെ ആയിരിക്കും. ഇതിനു് അപവാദമൊന്നും അനുവദിക്കരുതു്. താമസത്തിനുവേണ്ട സജ്ജീകരണങ്ങൾ നേരത്തെ ചെയ്യണം. ശയ്യോപകരണങ്ങൾ ധ്യാനിക്കുന്നവർ കൊണ്ടുവരേണ്ടതാണ്. ഈ ധ്യാനം മൂന്നു പൂർണ്ണദിവസത്തേയ്ക്കു നീണ്ടുനിൽക്കുന്നു. തലേദിവസം വൈകിട്ടു ധ്യാനം ആരംഭിച്ച്, നാലാംദിവസം രാവിലെ അവസാനിപ്പിക്കുന്നു. ധ്യാനദിവസങ്ങളിൽ കഴിയുന്നത്ര മൗനം പാലിക്കണം. അതിനു സഹായകമായവിധം സന്ദർശകരെ ഒഴിവാക്കണം; ധ്യാനപ്രവർത്തകരും പരിസരങ്ങളിൽ ബഹളം കൂട്ടരുതു്.

ഏകാന്തധ്യാനം ചില പ്രത്യേകാവസരങ്ങളിലാണു സാധാരണ നടത്തുക. ഉദാ. വിശുദ്ധവാരം, ക്രിസ്മസ്സ്. എ

ന്നാൽ, സൗകര്യംപോലെ മററവസരങ്ങളിലും നടത്താവുന്നതാണ്. ഒരേ ഇടവകയ്ക്കുവേണ്ടിതന്നെ തിരിച്ച് ഈ ധ്യാനം ഏർപ്പാടു ചെയ്യുന്നതു കൊള്ളാം. പത്രത്തിൽ ധ്യാനവിവരം പരസ്യം ചെയ്യുന്ന ഒരു പതിവുണ്ട്. ഒരു ഇടവകയ്ക്കുവേണ്ടി മാത്രമുള്ളതാണെങ്കിൽ, പള്ളിയിൽ ആദ്യം അറിയിക്കുക; തുടർന്ന് ആളുകളെ സമീപിച്ച് പേരുകൾ നേരത്തെ രജിസ്ററർ ചെയ്യുക.

ധ്യാനം ഇടവകയിലെ ഏതെങ്കിലും ഭക്തസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ നടത്തുന്നതുകൊള്ളാം. എന്നാൽ, സഖ്യാംഗങ്ങൾ, ആവശ്യത്തിലധികംപേർ പ്രവത്തകരായി വരുന്നതു ശരിയല്ല. ധ്യാനം സബന്ധിച്ചുണ്ടാകുന്ന ചെലവുകൾ ധ്യാനിക്കുന്നവർതന്നെ വഹിക്കണം. ദരിദ്രരെ സംബന്ധിച്ചു വേണ്ട സൗജന്യം നൽകേണ്ടതാണ്.

ധ്യാനരംഗത്ത് ഒരു ഓഫീസ് തുറക്കണം. പേരു രജിസ്റ്റർ ചെയ്യ് പണം വാങ്ങാനും വായിക്കുവാനുള്ള പുസ്തകങ്ങൾ നൽകുവാനും വേണ്ടിയാണിതു്. അത്യാവശ്യമുള്ള സാധനങ്ങൾ (ഉദാ. നോട്ടുപുസ്തകം, പെൻസിൽ, തിരി, തീപ്പെട്ടി, മുറുക്കാൻ, ബീഡി, സിഗരററ്, എണ്ണ) ഇവിടെ നിന്നും വില്ക്കാവുന്നതാണ്. നല്ല പുസ്തകങ്ങളുടെ വില്പനയും ഇക്കൂട്ടത്തിൽ നടത്താം. ഇടവകയ്ക്കു മാത്രമുള്ള ധ്യാനമാണെങ്കിൽ, ഭക്ഷണം കഴിക്കാനുള്ള പാത്രങ്ങൾ ധ്യാനിക്കുന്നവർതന്നെ കൊണ്ടുവരുവാൻ ഏർപ്പാടു ചെയ്യാം.

ധ്യാനിക്കുന്ന സ്ത്രീകൾ ആഭരണങ്ങൾ ധരിച്ചു വരാതിരിക്കുകയാണു നല്ലതു്. അധികം പണം കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതു് ആഫീസിൽ ഏല്പിക്കണം. മോഷ്ടാക്കളുടെ ശല്യം ഉണ്ടായെന്നുവരാം.

ധ്യാനത്തിനു് ഒരു പരിപാടി വേണം. അതു് ഒരു ബോർഡിൽ എഴുതിയിട്ടാൽ മതി; കടലാസ്സിൽ എഴുതി പലയിടത്തും പററിച്ചുവയ്ക്കുകയും ചെയ്യാം. അതു് ഏതാണ്ടിപ്രകാരമായിരിക്കും.

## ഏകാന്തധ്യാന പരിപാടി

തലേദിവസം വൈകുന്നേരം

| | |
|---|---|
| 6.00 | പേർ രജിസ്റ്റർ ചെയ്യുക, കുളി |
| 8.00 | കൊന്തജപം |
| 8.30 | അത്താഴം, ഉല്ലാസം |
| 9.30 | പ്രാരംഭപ്രസംഗം, ആത്മശോധന, രാത്രിജപങ്ങൾ, ഉറക്കം |

N. B. പ്രാരംഭപ്രസംഗത്തോടെ മൗനം ആരംഭിക്കുന്നു.

ഒന്നാംദിവസം

| | |
|---|---|
| A.M. 5.30 | എഴുന്നേൽക്കുക |
| 6.15 | ബഡ് കോഫി |
| 6.20 | പ്രഭാതജപം, ധ്യാനം |
| 7.00 | വി. ബലി |
| 8.00 | പ്രഭാതഭക്ഷണം, വിശ്രമം |
| 9.15 | ധ്യാനം, വിശ്രമം |
| 11.00 | ഉപദേശം, ആത്മശോധന |
| 12.00 | ഉച്ചഭക്ഷണം, വിശ്രമം, ഉറക്കം |
| P.M. 2.30 | വിയാസാക്ര, ഉപദേശം |
| 4.00 | വിസീത്ത, വി. കു. വാഴ്‌വ് |
| 4.15 | ലഘുഭക്ഷണം, വിശ്രമം, കുളി |
| 6.30 | പൊതുവായ ജ്ഞാനവായന |
| 6.45 | ധ്യാനം, കൊന്ത |
| 8.30 | അത്താഴം |
| 9.15 | ആത്മശോധന, രാത്രിജപങ്ങൾ |
| 9.30 | ഉറക്കം |

അവസാനദിവസം

രാവിലെ 5-00 ന് എഴുന്നേൽക്കുക. ബാക്കിയെല്ലാം പതിവുപോലെ. പ്രഭാതഭക്ഷണത്തോടെ ധ്യാനം അവസാനിക്കുന്നു. ഭക്ഷണസമയത്ത് യാത്രപറയൽ. ധ്യാനസ്ഥലത്തെ സാഹചര്യങ്ങളനുസരിച്ച് ഈ പരിപാടി ക്രമപ്പെടുത്താവുന്ന

താണ്. എന്നാൽ ഒരിക്കൽ സ്വീകരിച്ചുകഴിഞ്ഞാൽ അതു കൃത്യമായി പാലിക്കണം.

ഭക്ഷണത്തിനു മുമ്പും പിമ്പും പ്രാർത്ഥനവേണം. ഭക്ഷണവേളയിൽ ഉചിതമായ ഭക്തഗ്രന്ഥങ്ങൾ വായിക്കണം. ഇതെല്ലാം ധ്യാനത്തിൽ സംബന്ധിക്കുന്നവർതന്നെ ചെയ്യുന്നതായിരിക്കും നല്ലതു്. അതുപോലെതന്നെ കൊന്തയും വിയാസാക്രയും ത്രികാല ജപവും. മണി അടിക്കുവാൻ പ്രത്യേകം ഒരാളുണ്ടായിരിക്കണം. ധ്യാന ദിവസങ്ങളിൽ സൗകര്യംപോലെ ദൈവവചന ശുശ്രൂഷയും ആരാധനയും നടത്താവുന്നതാണ്.

ഭക്ഷണം വലിയ സദ്യയാകരുതു്. ആവശ്യത്തിനുള്ള ഭക്ഷണം മതി; അതു രുചികരമായിരിക്കണം.

ഒരു ക്രൈസ്തവൻ അനുദിനം അനുഷ്ഠിക്കേണ്ട കാര്യങ്ങൾ ശരിയായി നിർവ്വഹിക്കാനുള്ള പരിശീലനം ഈ ധ്യാനത്തിൽ നിന്നും ലഭിക്കണം. അതിനു പററുന്നവിധം ഓരോന്നും ക്രമമായി ചെയ്യുവാൻ ധ്യാനിക്കുന്നവരെ പരിശീലിപ്പിക്കേണ്ടതാണ്. ധ്യാനഗുരു എല്ലാററിനും നേതൃത്വം നൽകിയാലെ ഇതു സാധിക്കൂ. യാമപ്രാർത്ഥനയിലെ ചില ഭാഗങ്ങളെങ്കിലും ധ്യാനദിവസങ്ങളിൽ ചൊല്ലുന്നതു നല്ലതാണ്. പ്രഭാതജപങ്ങൾ, ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള പ്രാർത്ഥനകൾ, ഭക്ഷണസമയം വായിക്കേണ്ട പുസ്തകങ്ങൾ ഇവ നിർദ്ദേശിച്ചു കൊടുക്കണം.

ആത്മശോധന ചെയ്യുവാൻ കൂടുതൽ സഹായം ആവശ്യമുണ്ടു്. ദിനകൃത്യങ്ങളെപ്പററിയുള്ള ആത്മശോധനയും അന്നന്നത്തെ വിഷയത്തെ ആസ്പദമാക്കിയുള്ള പരിശോധനയും വേണം. വിസീത്ത, കൊന്ത, വിയാസാക്ര എന്നിവ ശരിയായി നടത്തേണ്ടവിധം പറഞ്ഞുകൊടുക്കണം.

ദൈവസാന്നിദ്ധ്യസ്മരണ പാലിക്കുക, ശുദ്ധനിയോഗം വയ്ക്കുക, അരൂപി: കുർബാന സ്വീകരണം നടത്തുക, സുകൃതജപങ്ങൾ ചൊല്ലുക മുതലായവയും പരിശീലിപ്പിക്കേണ്ടതാണ്.

താല്പര്യമുള്ളവക്കു ദിവസവും വി. കുർബാന സ്വീകരിക്കാം; അതു് അവസാനദിവസത്തേക്കു നീട്ടിവയ്ക്കേണ്ടതില്ലെ

ന്നു് പ്രാരംഭപ്രസംഗത്തിൽത്തന്നെ പറയണം. വി. കുർബാന സ്വീകരിക്കത്തക്കവിധം കുമ്പസാരം നേരത്തെ കഴിക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുമ്പസാരത്തിൻെറ പേരിൽ ധ്യാനപ്രസംഗമൊന്നും ഉപേക്ഷിക്കരുതു്. ഇടയ്ക്കു കിട്ടുന്ന വിശ്രമസമയം ഉപയോഗിച്ചു് കുമ്പസാരം നടത്തണം. ധ്യാനഗുരുവിനെകണ്ടു് സംസാരിക്കുവാൻ അവസരം നൽകുക ആവശ്യമാണു്. ജീവിതപ്രശ്നങ്ങൾക്കു സമാധാനം കണ്ടെത്തുവാൻ പലർക്കും താല്പര്യമുണ്ടാകും. ഒരു ചോദ്യപ്പെട്ടിവച്ചു് സംശയങ്ങൾ എഴുതി ഇടുവാനും സൗകര്യം നൽകുന്നതിനെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

പ്രസംഗങ്ങളുടെ ചുരുക്കം ആത്മശോധനയുടെ രൂപത്തിൽ ചോദ്യങ്ങളായി എഴുതിക്കൊടുക്കുന്നതു കൊള്ളാം. ധ്യാനചിന്തകളും ധ്യാനത്തിൽനിന്നു സ്വീകരിക്കുന്ന പ്രതിജ്ഞകളും എഴുതിവയ്ക്കുവാൻ ഓർമ്മിപ്പിക്കുക. നോട്ടുബുക്കുകൾ വേണ്ടവർക്കു കൊടുക്കുവാൻ ഏർപ്പാടു ചെയ്യണം.

## ഏകാന്തധ്യാനത്തിലെ പ്രസംഗവിഷയങ്ങൾ

പ്രാരംഭപ്രസംഗം— ഇതിൽ ധ്യാനത്തിൻെറ സ്വഭാവം. പ്രാധാന്യം, ധ്യാനത്തിൽനിന്നും ലഭിക്കുന്ന ഫലങ്ങൾ, ധ്യാനവിജയത്തിനായി ചെയ്യേണ്ട കാര്യങ്ങൾ എന്നിവ വിവരിക്കണം. ധ്യാനപരിപാടി വിശദീകരിച്ചു കൊടുക്കണം. രാവിലെ ഉണർത്തുമണിക്കുമുമ്പു് എഴുന്നേററു് ശബ്ദമുണ്ടാക്കരുതു്, രാത്രിയിൽ വിളക്കു കത്തിച്ചുവച്ചു് വായിക്കരുതു്, ഓരോ ധ്യാനത്തിനും കൃത്യസമയത്തു വരണം, ഉച്ചയ്ക്കു് എല്ലാവരും കുറച്ചുസമയം ഉറങ്ങണം, മൗനം കഴിയുന്നത്ര കൃത്യമായി പാലിക്കുന്നതു നല്ലതാണു്, ധ്യാനത്തിൻെറ പേരിൽ ആരും നോമ്പും ഉപവാസവുമൊന്നും അനുഷ്ഠിക്കരുതു്, ബെഡ്ഡ് കോഫി കുർബാന സ്വീകരണത്തിനു തടസ്സമല്ല.

ധ്യാനഗുരുവിനെ കണ്ടു സംസാരിക്കാൻ എപ്പോഴും സൗകര്യമുണ്ടായിരിക്കും, ചോദ്യപ്പെട്ടിയിൽ സംശയങ്ങൾ എഴുതിയിടാം, എപ്പോഴും വേണമെങ്കിലും കുമ്പസാരിക്കാം, താല്പര്യമുള്ളവർക്കു ദിവസവും കുർബാന സ്വീകരിക്കാവുന്നതാണു്, ദൈ

വവിളി സ്വീകരിച്ചിട്ടില്ലാത്തവർ അതേപ്പററി കാര്യമായി ചിന്തിക്കണം, ധ്യാനദിവസങ്ങരം പ്രാർത്ഥനയുടെ ദിവസങ്ങളാണു്, ഒഴിവുസമയം സൗകര്യംപോലെ തനിച്ചു പ്രാർത്ഥിക്കുക, നല്ല പുസ്തകങ്ങരം വായിക്കുക, അല്പം പ്രായശ്ചിത്തവും ചെയ്യണം, അതായതു് ധ്യാനദിവസങ്ങളിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകരം ശാന്തമായി സഹിക്കുക, എന്നീ കാര്യങ്ങരം ഓർമ്മിപ്പിക്കാം.

ഒന്നാംദിവസം

1 ക്രിസ്തു നമ്മുടെ നേതാവും രക്ഷകനും— സുവിശേഷത്തിലെ ക്രിസ്തുവിനെ അവതരിപ്പിക്കുക.

2 ക്രിസ്തുനാഥൻെറ സന്ദേശം — പിതാവായ ദൈവം, പിതൃഭവനമായ സ്വർഗ്ഗം — ദൈവം നമ്മുടെ ആരംഭവും അന്ത്യവും. ആ അന്ത്യം പ്രാപിക്കാനുള്ള മാർഗ്ഗവും.

3 ക്രൈസ്തവ ജീവിതം — തിരുസ്സഭാസന്താനം — വിശ്വാസകാര്യങ്ങരം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാനുള്ള കടമ— രാഷ്ട്രീയത്തിൻെറ പേരിലുള്ള ഭൗതിക നിർമ്മതപ്രസ്ഥാനങ്ങളുടെ മദ്ധ്യേ വിശ്വാസത്തിനു സാക്ഷ്യം വഹിക്കണം.

4 പ്രാർത്ഥനാജീവിതം — വിശ്വാസത്തെ മതാനുഷ്ഠാനങ്ങരംവഴി പരിപോഷിപ്പിക്കണം. 1, 2, 3 പ്രമാണങ്ങരം വിവരിക്കുക.

5 പാപം— വിശ്വാസത്തെ ഹനിക്കുന്നു. പാപത്തിന്റെ നാശഫലങ്ങരം.

രണ്ടാംദിവസം

1 പാപത്തിനുള്ള ശിക്ഷ — മരണം.
2 വിശുദ്ധ പുണ്യം — 6, 9 പ്രമാണങ്ങരം
3 നീതിയും ഉപവിയും — 5, 7, 8, 10 പ്രമാണങ്ങരം
4 ജീവിതനവീകരണം — കുമ്പസാരം
5 പരിഹാരജീവിതം — ജീവിതക്ലേശങ്ങരം.

മൂന്നാംദിവസം.

1 വി. കർബാന എന്ന കൂദാശ— ധൂർത്തപുത്രനുള്ള സ്വർഗ്ഗീയ വിരുന്നു്.

2 ക്രിസ്ത്വാനുകരണം — ദൈവവിളി സ്വീകരിയ്ക്കുണം — എന്തുകൊണ്ടു്? എന്തിനായിട്ടു്? എങ്ങനെ?

3 കുടുംബജീവിതം — ഭാര്യാഭർത്താക്കന്മാരുടെ കടമകൾ.

4 മാതാപിതാക്കന്മാരും മക്കളും

5 ധ്യാനാനന്തരജീവിതം— ക്രിസ്തീയ പരിപൂർണ്ണത— പ്രേഷിതപ്രവർത്തനം

നാലാംദിവസം രാവിലെ — പരിശുദ്ധാത്മാവു് അഥവാ പരി. മറിയം.

## 4 വാരാന്ത ധ്യാനം (Weekend Retreat)

ശനിയാഴ്ച വൈകിട്ടു് ആരംഭിച്ചു് തിങ്കളാഴ്ച രാവിലെ ഈ ധ്യാനം അവസാനിക്കും. തൊഴിലാളികൾക്കു് കൂടുതൽ സൗകര്യപ്രദമാണിതു്. ഒരു പകലും രണ്ടു രാത്രിയുംകൊണ്ടു ധ്യാനം അവസാനിക്കുന്നു. പുരുഷന്മാർക്കുവേണ്ടി മാത്രമാണു് ഈ ധ്യാനം നടത്തുക. ഫാക്ടറി തൊഴിലാളികൾക്കു ജോലിയുടെ ഷിഫ്ററു് അനുസരിച്ചു് ഈ ധ്യാനത്തിൽ സംബന്ധിക്കാം.

ശനിയാഴ്ച വൈകിട്ടു് അത്താഴത്തിനു ശേഷം ധ്യാനം ആരംഭിക്കുന്നു. അത്താഴം ധ്യാനസ്ഥലത്തുതന്നെ തയ്യാറാക്കി കൊടുക്കുന്നതു് നല്ലതു്; അത്താഴം കഴിച്ചു കൊണ്ടു വന്നാലും മതി. ധ്യാനാവസാനം വരെ എല്ലാവരും ധ്യാനസ്ഥലത്തു തന്നെ താമസിക്കുന്നു; മൗനം പാലിച്ചുകൊണ്ടു് പ്രാർത്ഥനാപൂർവ്വം വർത്തിക്കുന്നു.

ശനിയാഴ്ച രാത്രിയിൽ ഒന്നോ രണ്ടോ ധ്യാനപ്രസംഗങ്ങൾ ഉണ്ടാകും. കൂടുതൽ സമയം ഉറങ്ങുവാനായി കൊടുക്കുക. ഞായറാഴ്ച രാവിലെ ധ്യാനിക്കുന്നവർക്കു വേണ്ടി പ്രത്യേകം

കുർബ്ബാന ചൊല്ലുന്നു. ബാക്കി പരിപാടികൾ ഏകാന്തധ്യാന ത്തിലേതുപോലെ തന്നെ ആയിരിക്കും. എന്നാൽ കൂടുതൽ പ്രസംഗങ്ങൾ ഉണ്ടായിരിക്കും. ധ്യാനിക്കുന്നവരുടെ സ്ഥിതി അനുസരിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നു. ഉച്ചഭക്ഷണ ത്തിനുശേഷം കുറേ സമയം ഉറങ്ങാൻ കൊടുക്കുന്നു. ഞായറാഴ്ച രാത്രിയിൽ ദിവ്യകാരുണ്യസന്നിധിയിൽ ആരാധന നടത്തുന്നു. ആരാധനയോടു യോജിപ്പിച്ച ധ്യാനവിഷയങ്ങൾ അവതരിപ്പിക്കും; കുമ്പസാരവും നടത്തും. എല്ലാവരും കുമ്പസാരിച്ചുകഴിയുമ്പോൾ ആരാധന അവസാനിപ്പിച്ച് ഉറങ്ങുവാൻ പോകുന്നു.

തിങ്കളാഴ്ച രാവിലെ, സമയത്തിനു് ജോലിസ്ഥലത്തു് എത്തത്തക്കവിധം വി. ബലി, കുർബാന സ്വീകരണം, പ്രഭാതഭക്ഷണം എന്നിവ ക്രമപ്പെടുത്തുന്നു. ധ്യാനസ്ഥലത്തുനിന്നു് നേരെ ജോലിക്കു പോകുന്നു. ധ്യാനത്തിന്റെ ചിലവ് കഴിയുന്നത്ര ധ്യാനിക്കുന്നവർ തന്നെ വഹിക്കേണ്ടതാണു്.

## 5 ഏകദിനധ്യാനം

ജോലിത്തിരക്കും സമയക്കുറവും കൊണ്ടു് ക്ലേശിക്കുന്ന ഇക്കാലത്തു് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം രൂപം പ്രാപിച്ചിട്ടുള്ള ഒരു ധ്യാനരീതിയാണിതു്. ഈ ധ്യാനം ഒരു ദിവസം രാവിലെ ആരംഭിച്ച് വൈകുന്നേരം അവസാനിക്കും. ഏകാന്തധ്യാനത്തിലെപ്പോലെ ധ്യാനസ്ഥലത്തുതന്നെ താമസിച്ച് ഇതു നടത്തുന്നു; മൗനം പാലിക്കുകയും ചെയ്യുന്നു.

ഇതിനു് പൊതുധ്യാനത്തിന്റെ കുറവുകളില്ല. പൊതുധ്യാനത്തിൽ എല്ലാവരും സംബന്ധിക്കാറില്ല. ധ്യാനം അത്യാവശ്യമുള്ളവർ പ്രത്യേകിച്ചും. വരുന്നവർ തന്നെയും എല്ലാ ദിവസവും കൂടിയെന്നു വരില്ല. ധ്യാനചിന്തകൾ മനസ്സിൽ പതിയത്തക്കവിധം ഏകാന്തത ഉണ്ടായിരിക്കുകയില്ല. എന്നാൽ ഈ ധ്യാനത്തിൽ സംബന്ധിക്കുന്നതു് ഇടവകാംഗങ്ങളിൽ ഒരു ഭാഗം - മിക്കവാറും ന്യൂനപക്ഷം — മാത്രമാകയാൽ അവർക്കു കുടുംബകാര്യങ്ങൾ മററുള്ളവരെ ഏൽപിച്ചിട്ടു ധ്യാനിക്കുവാൻ വരുക എളുപ്പമാണല്ലോ. വീണ്ടും, ഏകദിനധ്യാന

ത്തിന്ന് ഏകാന്തധ്യാനത്തിൻെറ പണച്ചെലവില്ല; അത്രയും ദിവസങ്ങളും വേണ്ടാ. അതേസമയം അതിൻെറ ആനുകൂല്യങ്ങരം ഏറെക്കുറെ ഉണ്ടുതാനും. ആകയാൽ ഏകദിനധ്യാനം ഇന്നു് കൂടുതൽ സ്വീകാര്യമായിട്ടുണ്ടു്. 1972 ഡിസംബറിലെ കേരള ബിഷപ്പ്സ് കോൺഫ്രൻസിൽ ഈ ധ്യാനരീതി പര്യാലോചനാവിഷയമായി. എല്ലാ ഇടവകകളിലും ഇതു നടത്തണമെന്നും അതിനു വേണ്ട പരിശീലനം വൈദികക്കു നൽകണമെന്നും രൂപതാദ്ധ്യക്ഷന്മാർ തീരുമാനിക്കുകയും ചെയ്തു.

ഈ ധ്യാനത്തിനു് ഇടവകജനങ്ങളെല്ലാവരും ഒരുമിച്ചു വരേണ്ടതില്ല. ഇടവകയുടെ വലുപ്പമനുസരിച്ച്, കുട്ടികളെ നീക്കി ബാക്കിയുള്ളവരെ രണ്ടോ, നാലോ ആയി തിരിക്കുന്നു. ഉദാ: പുരുഷന്മാർ, സ്ത്രീകരം, വിവാഹിതർ. അവിവാഹിതർ ഇവരിൽ ഓരോ കൂട്ടർ ഓരോ ദിവസമായി പ്രത്യേകം പ്രത്യേകം ധ്യാനിക്കുന്നു. ഇങ്ങനെ ധ്യാനത്തിൽ സംബന്ധിക്കേണ്ടവരുടെ ലിസ്റ്റ് ആത്മസ്ഥിതിപുസ്തകം നോക്കി നേരത്തെ തയ്യാറാക്കി പള്ളിയിൽ പരസ്യം ചെയ്യണം; ഭക്തസഖ്യാംഗങ്ങളോ, വൈദികർ തന്നെയോ ഇടവകയിൽ ചുററി നടന്നു് പേരുകരം രജിസ്റ്റർ ചെയ്യുകയും വേണം. ധ്യാനത്തിനുള്ള ചെലവ് ഇതോടുകൂടി വാങ്ങുന്നതു കൊള്ളാം. പള്ളിയിൽനിന്നു് അകന്നു നിൽക്കുന്നവരുണ്ടെങ്കിൽ അവരെപ്രത്യേകം സമീപിക്കണം. പുരുഷന്മാക്കുള്ള ധ്യാനം ആദ്യം നടത്തുന്നതാണു നല്ലതു്. അല്ലെങ്കിൽ ചില ഭക്തകളുടെ ഏർപ്പാടായി അവഗണിക്കപ്പെട്ടുന്നു.

അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ, നേഴ്സുമാർ, എന്നിങ്ങനെ തിരിച്ചും ഈ ധ്യാനം നടത്താം. തൊഴിലാളികളെ വീട്ടുജോലിക്കാർ, ഫാക്ടറി ജോലിക്കാർ, കർഷകത്തൊഴിലാളികരം എന്നും മററും വിഭജിച്ചും ധ്യാനിപ്പിക്കാം. ഭക്തസഖ്യാംഗങ്ങരംക്കു വേണ്ടിയും പ്രത്യേകം ധ്യാനങ്ങളുണ്ടാകാം.

ഏകദിനധ്യാനം സാധാരണയായി ഞായറാഴ്ചയാണു നടത്തുക. സൗകര്യമുള്ള മററു ദിവസങ്ങളിലുമാകാം. വിശുദ്ധവാരത്തിലാണെങ്കിൽ ബുധൻ, വ്യാഴം, വെള്ളി, ശനി എ

ന്നീ ദിവസങ്ങളിലായി നാലു ധ്യാനം ക്രമപ്പെടുത്താം. ക്രിസ്മസ്സിനോടനുബന്ധിച്ചും ഇങ്ങനെ ഒന്നിലധികം ധ്യാനം നടത്താവുന്നതാണ്.

ധ്യാനസ്ഥലത്ത് വേണ്ടത്ര കക്കൂസുമുറികൾ ഉണ്ടായിരിക്കണം; ഭക്ഷണം കൊടുക്കുവാനുള്ള സൗകര്യവും വേണം. അടുത്തുള്ള ഹോട്ടലിൽ ഏർപ്പാടു ചെയ്താൽ അവർ യഥാസമയം ഭക്ഷണം തയ്യാറാക്കി കൊണ്ടു വരുന്നതാണ്.

ധ്യാനത്തിൽ സംബന്ധിക്കുന്നവർക്ക് വേണ്ടി ഞായറാഴ്ച രാവിലെ ഒരു കർബാന ചൊല്ലണം. അവർ വീട്ടിൽ മടങ്ങിച്ചെന്ന്, ധ്യാനിക്കാനുള്ളവരെ പറഞ്ഞയയ്ക്കണം. പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടു വേണം ധ്യാനത്തിനു വരുവാൻ.

## ധ്യാനപ്രസംഗങ്ങൾ

ഓരോ മണിക്കൂറിലും ഓരോ പ്രസംഗം വീതമുണ്ടാകും. ഇടയ്ക്ക് 15 മിനിററ് വിശ്രമം കൊടുക്കാം. മൗനം പാലിക്കുവാൻ നിഷ്കർഷിക്കണം. 12.30 മുതൽ 1.30 വരെ ഉച്ചഭക്ഷണവും വിശ്രമവും. രണ്ടു ഗണമായിട്ടാണു ഭക്ഷണം കഴിക്കുന്നതെങ്കിൽ ഒരു കൂട്ടർ ഭക്ഷിക്കുമ്പോൾ മറേറ കൂട്ടർ വിയാസാക്ര കഴിക്കുന്നതു കൊള്ളാം. ഭക്ഷണം ഒരു സ്നേഹവിരുന്നായി അനുഭവപ്പെടണം. അതിനിടയ്ക്ക് വേദപുസ്തകം വായിക്കാവുന്നതാണ്. ഭക്ഷണാനന്തരം അല്പസമയം ഉറങ്ങുന്നതു സ്വീകാര്യമണ്.

1-30ന് പ്രസംഗങ്ങൾ തുടരുന്നു. മൂന്നു പ്രസംഗങ്ങൾക്കുശേഷം 4.15നു കുമ്പസാരം ആരംഭിക്കാം. കുമ്പസാരത്തിനു മുമ്പായി ലഘുഭക്ഷണം കൊടുക്കണം. ധ്യാനിക്കുന്നവരുടെ എണ്ണമനുസരിച്ചു വേണ്ടത്ര കുമ്പസാരക്കാർ ഉണ്ടാവണം. കുമ്പസാരം മിക്കവാറും തീരുന്നതോടുകൂടി വി. ബലി ആരംഭിക്കുന്നു. അതിൽ ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുന്നു. 6 മണിയോടുകൂടി ധ്യാനം അവസാനിപ്പിക്കാം.

ചോദ്യപ്പെട്ടി വയ്ക്കുക, ധ്യാനക്കുറിപ്പുകളും പ്രതിജ്ഞകളും എഴുതാൻ ഓർമ്മിപ്പിക്കുക മുതലായതെല്ലാം ഏകാന്തധ്യാനത്തിലെപ്പോലെ ഇതിലും ചെയ്യേണ്ടതാണ്.

ഒരു ദിവസം കൊണ്ടു്, ധ്യാനത്തിനുവേണ്ട കാര്യങ്ങളെല്ലാം പറഞ്ഞുകൊടുക്കുവാൻ കഴിയുമോ എന്നു സംശയിക്കേണ്ടതില്ല. കാരണം, ഒരു വിഭാഗം ആളുകൾ മാത്രം ധ്യാനിക്കുന്നതിനാൽ വിഷയവും അതുപോലെ പരിമിതമായിരിക്കും. ഒന്നിലധികം വൈദികർ ചേർന്നു് ഈ ധ്യാനം പ്രസംഗിക്കാവുന്നതാണു്. എന്നാൽ അവർ വിഷയം കൃത്യമായി നിശ്ചയിക്കണം. ഈ ധ്യാനത്തിൻെറ ഫലം നിലനിർത്തുവാനായി മൂന്നു മാസം വീതം കൂടുമ്പോൾ, ഒരു ദിവസം ഉച്ചയ്ക്കുശേഷം രണ്ടു മണിക്കൂർ നേരത്തേയ്ക്കു് ഒരു പ്രാർത്ഥനായോഗം നടത്തുന്നതു നല്ലതാണു്. ഈ നവീകരണപരിപാടിയിൽ രണ്ടു പ്രസംഗവും കുമ്പസാരവും കുർബാനയും കുർബാനസ്വീകരണവും ഉണ്ടായാൽ മതിയാകും.

## ധ്യാനവിഷയങ്ങൾ

ധ്യാനിക്കുന്നവരുടെ സ്ഥിതിയനുസരിച്ചു വിഷയങ്ങൾ ക്രമപ്പെടുത്തണം.

1 പ്രാരംഭം – ക്രിസ്തു കേന്ദ്രീകൃതമായി ആരംഭിക്കുക. പുരുഷന്മാരുടെ ധ്യാനത്തിനു് – ക്രിസ്തു നമ്മുടെ നേതാവു്. സ്ത്രീകളുടേതിനു് – ക്രിസ്തുവും സ്ത്രീകളും; അദ്ധ്യാപകരുടേതിനു് - ജഗദ് ഗുരുവായ ക്രിസ്തു; വിൻസെൻറു് ഡി പോൾ സംഘക്കാരുടേതിനു് - നല്ല സമറായ ക്രിസ്തു; ആസ്പത്രി പ്രവർത്തകരുടേതിനു് - ദിവ്യഭിഷഗ്വരനായ ക്രിസ്തു; തൊഴിലാളികളുടേതിനു് നസ്രത്തിലെ തൊഴിലാളിയായ ക്രിസ്തു; യുവജനങ്ങളുടേതിനു് - യുവാവായ ക്രിസ്തു; കുട്ടികളുടേതിനു് - നസ്രത്തിലെ ബാലനായ ഈശോ.

2 ക്രിസ്തുവിൻെറ സന്ദേശം - പിതാവായ ദൈവം, പിതൃഭവനമായ സ്വർഗ്ഗം.

3 പാപം - ഏററവും വലിയ തിന്മ.

4 മനുഷ്യശരീരത്തിൻെറ മഹത്വം - മരണം കൊണ്ടാരംഭിച്ചു വിശുദ്ധപുണ്യത്തിലേയ്ക്കു് എത്തുക.

5 നീതിയും ഉപവിയും - വിധികൊണ്ടാരംഭിക്കുക.
(മത്താ: 25:31-46)

6 ദൈവവിളിയും കുടുംബവും

7 കുമ്പസാരവും, വി. കുര്‍ബാന സ്വീകരണവും.

## 6 കരിസ്മാററിക്കു് ധ്യാനം

പുണ്യചരിതനായ 23-ാം യോഹന്നാന്‍ മാര്‍പാപ്പാ രണ്ടാം വത്തിക്കാന്‍ കൗണ്‍സിലിനെപ്പററി പ്രസ്താവിച്ചപ്പോഠം, അതു് ഒരു ദ്വിതീയ പന്തകുസ്തയായി ഭവിക്കണമെന്നു് അഭിലഷിക്കു കയുണ്ടായി. ഈ ആഗ്രഹം അന്വര്‍ത്ഥമാകത്തക്കവണ്ണമുള്ള ഒരു നവീകരണ പ്രസ്ഥാനമാണു് കരിസ്മാററിക്കു് പ്രാര്‍ത്ഥനാ യോഗങ്ങളും ധ്യാനങ്ങളുംവഴി ഇന്നു വികസിച്ചുവരുന്നതു്. പെന്‍സില്‍വേനിയായിലെ പിററ്സ്ബര്‍ഗ് നഗരത്തില്‍ 1966-ല്‍ മുളയെടുത്ത ഈ പ്രാര്‍ത്ഥനാ പരിപാടി ഇപ്പോഠം ലോകമാസകലം വ്യാപിച്ചിട്ടുണ്ടു്. നമ്മുടെ ഭാരതത്തിലും 1972-ല്‍ നവീകരണപ്രസ്ഥാനം ആരബ്ധമായി. ഇപ്പോഠം കേരളത്തിലും കരിസ്മാററിക് ധ്യാനം നിരന്തരം അഭിവൃദ്ധിപ്പെട്ടുവരുന്നു.

ഏകാന്തധ്യാനപരിപാടി അനുസരിച്ചാണു് കരിസ്മാററിക് ധ്യാനവും നടത്തുന്നതു്. എല്ലാവരും ധ്യാനസ്ഥലത്തു തന്നെ താമസിക്കുന്നു. ധ്യാനിക്കുന്നവരുടെ സൗകര്യമനുസരിച്ചു് ധ്യാനദിവസങ്ങളുടെ എണ്ണം നിശ്ചയിക്കുന്നു. എന്നാല്‍ അഞ്ചുദിവസമെങ്കിലും ഉണ്ടായിരിക്കുന്നതാണു് നല്ലതു്.

പരമപിതാവിന്‍െറ സ്നേഹാധിക്യം, ക്രിസ്തുനാഥന്‍െറ കര്‍ത്തൃത്വം, അവിടുത്തെ രക്ഷാകരകൃത്യം, മനുഷ്യനിലുള്ള പരിശുദ്ധാത്മാവിന്‍െറ അധിവാസം, അവിടുത്തെ ദാനങ്ങളും ഫലങ്ങളും പ്രാര്‍ത്ഥന എന്നിവയാണു് പ്രധാന ധ്യാനവിഷയങ്ങഠം. അവയോടുകൂടി പാപവും മരണവും പെടുത്താറുണ്ടു്. പ്രസംഗമെല്ലാം ക്രിസ്തു കേന്ദ്രീകൃതവും ബൈബിഠം അധിഷ്ഠിതവുമായിരിക്കും. വി. ഗ്രന്ഥപാരായണത്തിനു് വലിയ പ്രാധാന്യം കല്പിക്കുന്നുണ്ടു്. പഴയപുതിയനിയമഗ്രന്ഥങ്ങളില്‍നിന്നു് പ്രസ

ക്തഭാഗങ്ങൾ വായിച്ച് അവയെ ആസ്പദമാക്കിയാണ് പ്രാർത്ഥനായോഗങ്ങളും നടത്തുന്നത്.

കരിസ്മാററിക് ധ്യാനത്തിൽ പ്രാർത്ഥനയ്ക്കാണ് പ്രഥമസ്ഥാനം. മണിക്കൂറുകൾതന്നെ നീണ്ടുനിൽക്കുന്ന പ്രാർത്ഥനായോഗങ്ങളും ദിവ്യകാരുണ്യാരാധനയുമുണ്ട്. എല്ലാവരും ഒരുമിച്ചു പ്രാർത്ഥിക്കുന്നതിനുപുറമെ ഓരോരുത്തർ തനിച്ചും പ്രാർത്ഥിക്കുവാൻ സമയംകൊടുക്കുന്നു. പ്രാർത്ഥനാവേളകളിൽ ദൈവത്തിൻെറ സ്നേഹവും കരുണയും ഏററുപറഞ്ഞുകൊണ്ടുള്ള ആരാധനയുടെയും കൃതജ്ഞതയുടെയും കീർത്തനങ്ങൾക്കാണ് പ്രാധാന്യം. അർത്ഥനാപരമായ പ്രാർത്ഥനകളുമുണ്ട്. വ്യക്തികളുടെയും സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും ആവശ്യങ്ങൾ മുൻനിറുത്തി കൂട്ടമായി പ്രാർത്ഥിക്കുന്നു. വ്യവസ്ഥിതമായ ജപങ്ങൾ ചൊല്ലുന്നതിലധികമായി സ്വന്തം വാക്കുകളിൽ സമയോചിതമായി അപേക്ഷിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

പൊതുപ്രാർത്ഥനകളിൽ പലതും ശ്രുതിമധുരമായ ഗാനങ്ങളുടെ രൂപത്തിലാണ്. അർത്ഥഗർഭവും അതേസമയം ലളിതവുമായ ഈ കീർത്തനങ്ങൾ, ദൈവമക്കൾക്കു് സഹജമായ ആനന്ദത്തോടും സ്വാതന്ത്ര്യത്തോടുംകൂടി ആവേശപൂർവ്വം ആലപിക്കുന്നതുവഴി ഒരു ദിവ്യാനുഭൂതി സംജാതമാകുന്നതാണ്. എന്നാൽ നാടിനുപററാത്ത ഭക്തിപ്രകടനങ്ങൾ സ്വീകാര്യമല്ല.

ഈ ധ്യാനപരിപാടിയിൽ ചില പ്രായശ്ചിത്തകൃത്യങ്ങളും പെടുന്നുണ്ട്. ആളുകളുടെ കഴിവുപോലെ ഉപവസിക്കുകയും രാത്രിയിൽ ദീർഘസമയം ആരാധിക്കുകയും ചെയ്യുന്നു.

മനുഷ്യജീവിതത്തിൻെറ സമഗ്രമായ നവീകരണമാണ് ഈ ധ്യാനത്തിൻെറ ലക്ഷ്യം. ആകയാൽ കുമ്പസാരംവഴിയുള്ള പാപമോചനംകൊണ്ട് അവസാനിപ്പിക്കാതെ ശാരീരിക രോഗങ്ങളും വികാരപരമായുണ്ടാകാവുന്ന ആന്തരിക വിഷമതകളും പരിഹരിക്കുവാനായി പ്രത്യേക ശുശ്രൂഷകളും, ആവശ്യംപോലെ പൊതുവായും വ്യക്തിപരമായും നടത്തുന്നുണ്ട്.

ഇങ്ങനെ വേണ്ടവിധം ഒരുങ്ങിയശേഷം അത്രൂപിയിലുള്ള ജ്ഞാനസ്നാനം നൽകുന്നു. ഇതുവഴി പുതിയ കൂദാശയൊന്നും കൊടുക്കുന്നില്ല; പ്രത്യുത ജ്ഞാനസ്നാനത്തിൻെറയും സ്ഥൈര്യ ലേപനത്തിൻെറയും ഫലങ്ങൾ ഉജ്ജീവിപ്പിക്കുകയും ഉപരി അനുഭസ്ഥമാക്കുകയും മാത്രം ചെയ്യുന്നു.

ഈ ധ്യാനംവഴി പരി. ആത്മാവിൽ ജീവിതനവീകരണം സാധിക്കുന്ന ചില വ്യക്തികൾക്ക് ഭാഷാവരം തുടങ്ങിയ ദിവ്യസിദ്ധികൾ ലഭിച്ചെന്നുവരാം. എന്നാൽ ഇവയൊന്നും വിശേഷവിധം കിട്ടിയില്ലെന്നു കരുതി ആരും നിരാശപ്പെടേണ്ടതില്ല.

ധ്യാനത്തിൻെറ ഫലം നിലനിർത്തുവാനും ക്രിസ്തുനാഥനു സാക്ഷ്യംവഹിക്കുവാനും വേണ്ട അനുഗ്രഹങ്ങൾ സമ്പാദിച്ചുകൊണ്ടിരിക്കുവാൻ പ്രതിദിനം ബൈബിൾ വായിക്കുകയും കുറെ സമയം ധ്യാനിക്കുകയും ആഴ്ചതോറും പ്രാത്ഥനായോഗം നടത്തുകയും ചെയ്യേണ്ടതാണ്.

## 7 ദൈവവിളി ധ്യാനം

ജീവിതാവസ്ഥ നിശ്ചയിക്കാനും അതിനുവേണ്ടി ഒരുങ്ങാനുമുള്ള ധ്യാനമാണിത്. ഏകാന്തധ്യാനംപോലെയാണ് ഇതു നടത്തുക. പത്രപ്പരസ്യംവഴി ധ്യാനിക്കാനുള്ളവരെ ക്ഷണിക്കാറുണ്ട്. പരസ്യമൊന്നും കൂടാതെ ഒരിടവകയിലെ കുട്ടികൾക്കുമാത്രമായും നടത്താം. മൂന്നു പൂർണ്ണദിവസങ്ങൾ ഇതു നീണ്ടുനിൽക്കുന്നു. തലേദിവസം വൈകുന്നേരം അത്താഴത്തിനു മുൻപേ എല്ലാവരും വരണം. പരിപാടികളെല്ലാം ഏകാന്തധ്യാനത്തിലേതുതന്നെ. എന്നാൽ ഈ ധ്യാനത്തിലെ ഓരോവിഷയവും ദൈവവിളി തീരുമാനിക്കുവാൻ സഹായകമാകത്തക്ക വിധംവേണം അവതരിപ്പിക്കുവാൻ.

## പ്രത്യേകം സ്വീകരിക്കേണ്ട ധ്യാനവിഷയങ്ങൾ

1 അടിസ്ഥാനപരമായ ദൈവവിളി— സൃഷ്ടി, സമുദ്ധാരണം.

2 പ്രത്യേക ദൈവവിളി— ഒരു ജീവിതാവസ്ഥയിലേക്ക്-അതിന്റെ സ്വഭാവം, ഉദ്ദേശ്യങ്ങൾ.

3 ദൈവവിളി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത— അലസതമൂലം സ്വീകരിക്കാതിരിക്കുന്നതിലുള്ള ആപത്ത്.

4 ദൈവവിളി കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങൾ— പ്രാർത്ഥന, പഠനം, ഉപദേശസ്വീകരണം-തീരുമാനം അലസമായി നീട്ടിവയ്ക്കരുത്.

5 വിവാഹം— അതിനു ദൈവവിളിവേണം— കുടുംബജീവിതത്തിന്റെ വിവിധവശങ്ങൾ- ജീവിതപങ്കാളിയെ സ്വീകരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ.

6 സന്യാസം— അതിന്റെ സ്വഭാവം-കടമകൾ, അതിൽ പ്രവേശിക്കുവാൻവേണ്ട യോഗ്യതകൾ, വിവിധ സന്യാസസഭകൾ, അവയെ പഠിക്കേണ്ടവിധം.

7 പൗരോഹിത്യം— അതിന്റെ മഹത്വവും കടമകളും, അതിൽ പ്രവേശിക്കുവാൻവേണ്ട ഗുണങ്ങൾ.

8 ബ്രഹ്മചര്യ ജീവിതം— വിവാഹവും പൗരോഹിത്യവും സ്വീകരിക്കാതെയുള്ള ഈ ജീവിതത്തിന്റെ പ്രത്യേകതകൾ-അതൊരു ദൈവവിളിയാണ്-അതു വിജയിക്കേണ്ടവിധം.

9 ദൈവവിളി സ്വീകരിക്കുന്നതിൽ ഉണ്ടാകുന്ന തടസ്സങ്ങൾ— മാതാപിതാക്കന്മാരുടെ എതിർപ്പ്, പഠനത്തിന്റെ കുറവ്, പണത്തിന്റെ കുറവ്, പരാജയഭീതി.

10 ജീവിതാവസ്ഥയിൽ പ്രവേശിക്കുവാനുള്ള ഒരുക്കം- ജീവിതവൈകല്യങ്ങൾ പരിഹരിക്കുക, ഭക്തജീവിതം നയിക്കുക.

ധ്യാനംകഴിക്കുന്ന ഓരോരുത്തർക്കും സ്വന്തം കഴിവുകളും കുറവുകളും കണ്ടുപിടിക്കാനും ദൈവവിളി സംബന്ധിച്ച് ഒരു തീരുമാനം ചെയ്യുവാനുംവേണ്ട സഹായം വ്യക്തിപരമായി ചെയ്തു കൊടുക്കണം. അവർ ഒരു മുഴുവൻകുമ്പസാരം കഴിച്ച് ഒരു പുതിയജീവിതം ആരംഭിക്കുവാൻ ഇടയാകണം. ധ്യാനം കഴിച്ചിട്ടും ദൈവവിളി തീരുമാനിക്കാതെ പോകുന്നവരെക്കുറിച്ചു ധ്യാനഗുരുവും ധ്യാനപ്രവർത്തകരും അസ്വസ്ഥരാകേണ്ടതില്ല. എല്ലാവരും എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കണം.

## 8 കുട്ടികളുടെ ധ്യാനം

ഇതു് അത്ര എളുപ്പമല്ല. വി. ബല്ലർമിൻ കാർഡിനൽ പറയുന്നു, കുട്ടികളെ ധ്യാനിപ്പിക്കുക വളരെ ശ്രമകരമാണെന്ന്. പ്രസിദ്ധ പണ്ഡിതനും വാഗ്മിയുമായിരുന്ന ലക്കർഡയർ കുട്ടികളെ ധ്യാനിപ്പിക്കുവാനായി ഒരാഴ്ച മുഴുവൻ പ്രത്യേകം ഒരുങ്ങി. കുട്ടികളെ വിജയകരമായി ധ്യാനിപ്പിക്കുവാൻ കഴിഞ്ഞാൽ വലിയവരെ ധ്യാനിപ്പിക്കുക എളുപ്പമായിരിക്കും.

കുട്ടികളെ പ്രായവും പഠനവും അനുസരിച്ചു പലതായി തിരിച്ചുവേണം ധ്യാനിപ്പിക്കുവാൻ. എല്ലാവരെയുംകൂടി ഒരുമിച്ചിരുത്തി പ്രസംഗിച്ചാൽ ആർക്കും പ്രയോജനപ്പെടുകയില്ല. പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂറം എന്നിങ്ങനെ മൂന്നായി തിരിക്കുന്നതു് നന്നായിരിക്കും. പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്ക് അധികം പ്രസംഗങ്ങൾ ആവശ്യമില്ല. വേദോപദേശക്ലാസ്സുകളായിരിക്കും കൂടുതൽ ഉപകാരപ്രദം. ഇടയ്ക്കു് പള്ളിയിൽകൊണ്ടുവന്നു് അവരെക്കൊണ്ടു് പ്രാത്ഥിപ്പിക്കുകയും അവർക്കു ചില ഉപദേശങ്ങൾ നൽകുകയും ചെയ്യാം.

ധ്യാനഗുരു കുട്ടികളുടെ സ്വഭാവരീതി പഠിച്ചും പരിഗണിച്ചുംവേണം അവരോടു സംസാരിക്കുവാൻ. കുട്ടികൾ സ്വതവേ നല്ലവരാണ്. പക്ഷെ അവർക്കു് പുണ്യമില്ല; സുകൃതങ്ങളൊന്നും പ്രത്യേകമായി സമ്പാദിച്ചിട്ടില്ല. അവർ ദൈവത്തോടു് അടുത്താണിരിക്കുന്നതു്. എന്നാൽ അവർക്കു് ലൗകിക താല്പ

ര്യങ്ങൾ വളരെയുണ്ട്. ഇന്ദ്രിയാഭിലാഷങ്ങൾക്ക് അവൻ വേഗം കീഴ്പ്പെടും. അവർക്ക് സ്വഭാവദാർഢ്യമില്ല.

പറയുന്നവയെല്ലാം കുട്ടികൾ കേട്ടുകൊണ്ടിരിക്കുമെങ്കിലും മനസ്സിലാക്കുന്നതു വളരെ കുറച്ചുമാത്രം. എല്ലാം ശ്രദ്ധിക്കുന്നു വെന്നു തോന്നും. എന്നാൽ പലപ്പോഴും വേറെ വല്ലതുമായിരിക്കും ചിന്തിക്കുക. വാക്കുകളുടെ അർത്ഥം തെററായി ധരിക്കും. അവർക്കു പരിചിതമായതു് ഏതോ ആണു പറഞ്ഞതെന്നു കരുതും. കാരണം അവരുടെ ബുദ്ധി വികസിച്ചിട്ടില്ല; ഒരു കാര്യം ശ്രദ്ധിച്ചുകേട്ട് മനസ്സിലാക്കുക അവർക്ക് എളുപ്പമല്ല.

കുട്ടികളെ അടക്കിയിരുത്തുക വിഷമമാണ്. അവരുടെ ശ്രദ്ധ വേഗം വ്യതിചലിക്കും. ആകയാൽ ധ്യാനം കഴിയുന്നത്ര രസാവഹമാക്കുവാൻ ശ്രമിക്കണം. ഒരു കുട്ടിയെപ്പോലെ ധ്യാനഗുരു ചിന്തിക്കണം; അങ്ങനെ ആശയങ്ങൾ അവതരിപ്പിക്കണം. എന്നാൽ ചപലമായി ഒന്നും സംസാരിക്കരുതു്. ഗൗരവം നഷ്ടപ്പെടാതെ നോക്കണം. സംസാരം സജീവമായിരിക്കണം. വളച്ചുകെട്ടുകൂടാതെ പറയുക. ചെറിയ വാചകങ്ങളിൽ ആശയങ്ങൾ വിവരിക്കണം. ഭാഷ തികച്ചും ലളിതമായിരിക്കണം. കഠിനപദങ്ങൾ ഉപയോഗിക്കരുതു്.

ഒരേ ആശയംതന്നെ പലതരത്തിൽ ആവർത്തിച്ചു പറയണം. ഉദാഹരണങ്ങൾ ധാരാളം ചേർക്കണം. ഒരു കാര്യവും തെളിയിക്കുകയും സമർത്ഥിക്കുകയും വേണ്ട; ആശയങ്ങൾ വ്യക്തമായി അവതരിപ്പിച്ചാൽ മാത്രംമതി. പലതും ചോദ്യരൂപത്തിൽ പറയാം. തുടർന്നു് ഉത്തരവും നൽകണം.

ധ്യാനഗുരു കുട്ടികളുടെ സ്നേഹം സമ്പാദിക്കണം. ഭയംകൊണ്ടെന്നതിനേക്കാൾ സ്നേഹംകൊണ്ട് അവരെ സ്വാധീനിക്കുക. അവരെ സ്നേഹിക്കുന്നുവെന്നും അവർക്ക് നന്മചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും വ്യക്തമാക്കുക. വിശ്രമവേളകളിൽ കുട്ടികളുമായി ഇടപഴകുന്നതുകൊള്ളാം. അവരിൽ കാണുന്ന നല്ലകാര്യങ്ങൾ ചൂണ്ടിക്കാണിച്ച് പ്രശംസിക്കുക. ചിലപ്പോൾ ആൺകുട്ടികളെയും ചിലപ്പോൾ പെൺകുട്ടികളെയും. എന്നാൽ ഇല്ലാത്തകാര്യമൊന്നും പറയരുതു്.

ധ്യാനത്തിൽ കുറെ കഥകഠം പറയേണ്ടിവരും. ഒരു വിഷയത്തിനു് ഒന്നുമതി. പലതായാൽ ഒന്നും കുട്ടികളുടെ മനസ്സിൽ നിൽക്കുകയില്ല. ആമുഖം ഒരു കഥയായിരിക്കണം. പുതിയ ആശയങ്ങഠംക്കു് പുതിയ ഉദാഹരണങ്ങഠം പറയാം. വേദപുസ്തകത്തിലെയും വിശുദ്ധരുടെ ജീവിതത്തിലെയും സംഭവങ്ങഠംക്കു് പ്രാധാന്യം കൊടുക്കണം. വേണ്ടത്ര ആംഗ്യങ്ങളോ കൂടി സംസാരിക്കണം. കേഠംക്കുവാൻമാത്രമല്ല കാണുവാനും ധാരാളമുണ്ടായിരിക്കണം. വിഷയാനുസരണമുള്ള ചിത്രങ്ങഠം ഉപയോഗപ്പെടുത്തുന്നതുകൊള്ളാം.

ആരംഭത്തിലും അവസാനത്തിലും അവസരോചിതമായി പാട്ടുകഠം പാടുന്നതു നല്ലതാണു്. ഒഴിവുസമയത്തു് പാട്ടുകഠം പരിശീലിപ്പിക്കാം. പാട്ടിൻെറ ആശയം ആദ്യംതന്നെ വിവരിച്ചുകൊടുത്തിട്ടുവേണം പാടിക്കുവാൻ. പ്രസംഗത്തിനിടക്കു അല്പസമയം കുട്ടികളെ എഴുന്നേല്പിച്ചു് നിറുത്തുകയും ഇടയ്ക്കു് മുട്ടുകുത്തി പ്രാർത്ഥിപ്പിക്കുകയും ചെയ്യുന്നതു് നല്ലതാണു്.

എഴുതാൻ കഴിയുന്ന കുട്ടികഠം നോട്ടുബുക്കു് കൊണ്ടുവന്നു് ധ്യാനത്തിൻെറ ചുരുക്കം എഴുതി എടുക്കുവാൻ പ്രോത്സാഹിപ്പിക്കണം. ഇടയ്ക്കു് ചില കാര്യങ്ങഠം പറഞ്ഞുകൊടുത്തു് എഴുതിക്കുകയും ചെയ്യാം. കുറെ കാര്യങ്ങഠം ബോർഡിൽ എഴുതിക്കൊടുക്കുന്നതും നല്ലതാണു്.

ദൈവവിളിയെപ്പററി പ്രത്യേകം പറയേണ്ടതാണു്. കുട്ടികളുടെ പ്രായവും പഠനവും അനുസരിച്ചു് അതിൻെറ വിവിധവശങ്ങഠം വിവരിച്ചുകൊടുക്കണം.

ധ്യാനദിവസങ്ങളിൽ വീട്ടിൽവച്ചു് പ്രത്യേകം ചെയ്യേണ്ട കാര്യങ്ങഠം പറഞ്ഞുകൊടുക്കണം. ഉദാ: വേദപുസ്തകത്തിൽനിന്നു് 'ഇന്ന' ഭാഗം വായിക്കണം; 'ഇന്ന' പ്രാർത്ഥനചൊല്ലണം. (സുകൃതജപം പറഞ്ഞു കൊടുക്കുക). ആത്മശോധന ചെയ്തിട്ടു് ഉറങ്ങണം. ഉറങ്ങുന്നതിനു മുമ്പു് ഈശോയോടും മാതാവിനോടും യൗസേപ്പിതാവിനോടും കാവൽമാലാഖയോടും നാമഹേതുകനായ വിശുദ്ധനോടും പ്രാർത്ഥിക്കണം. രാവിലെയും ഇതുപോലെ ചെയ്യണം.

പള്ളിയിൽ ചിതമായി പെരുമാറാൻ കുട്ടികളെ പരിശീലിപ്പിക്കണം. അവിടെ ഭക്തിപൂർവ്വം പ്രവേശിക്കണം; ചിരിക്കുകയും സംസാരിക്കുകയും ചെയ്യരുതു്. മററു കുട്ടികൾക്കു വിഷമകരമായി ഒന്നും പ്രവർത്തിക്കരുതു്. അതുപോലെ തന്നെ വഴിയിലും വിശ്രമസ്ഥലങ്ങളിലും സൂക്ഷിക്കണം.

ഈശോയുടെ ചരിത്രം പറഞ്ഞുകൊടുക്കണം. ആ ഈശോ തന്നെ വി. കുർബാനയിൽ എഴുന്നുള്ളിയിരിക്കുന്ന കാര്യം വ്യക്തമാക്കുക. കുട്ടികളെ ഈശോയുടെ പക്കലേയ്ക്കു് ആനയിക്കണം. കുറെ പുഷ്പങ്ങൾ കൊണ്ടുവന്നു ദിവ്യകാരുണ്യസന്നിധിയിൽ സമർപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുക, ഈശോയെ വി. കുർബാനയിൽ സ്വീകരിക്കുവാനുള്ള ആഗ്രഹം ജനിപ്പിക്കുക.

## കുട്ടികളുടെ ധ്യാനക്കുമ്പസാരം-

കുട്ടികളെ കുമ്പസാരത്തിനു് പൊതുവെ ഒരുക്കുക. എന്നാൽ ആദ്യകുമ്പസാരം നടത്താനുള്ളവർക്കു് ഇതുപോരാ. ഒരോ കുട്ടിയുടെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കണം. ആത്മശോധന, മനസ്താപം, പ്രതിജ്ഞ ഇവ ചെയ്യുവാൻ ഓരോ കുട്ടിയെ'യും സഹായിക്കുക. കുമ്പസാരം കഴിയുന്നത്ര ഹൃദ്യവും സുകരവുമാക്കണം. കുമ്പസാരിക്കുമ്പോൾ ഈശായെ സമീപിക്കുന്നു. ഈശോ എല്ലാം ക്ഷമിക്കുന്നു എന്നുള്ള ബോധം ജനിപ്പിക്കണം. കുമ്പസാരത്തിലെ പ്രായശ്ചിത്തം ചെയ്യുവാൻ ഓരോ കുട്ടിയെയും സഹായിക്കണം.

ധ്യനത്തിൻെറ ഒടുവിൽ പുതിയ ജീവിതത്തിനുവേണ്ട പ്രതിജ്ഞകൾ എടുക്കുവാൻ ധ്യാനഗുരു സഹായിക്കണം. അവ എഴുതി സൂക്ഷിക്കുവാൻ നിഷ്കർഷിക്കുക. കുർബാനസ്വീകരണത്തിനുശേഷം ഈ പ്രതിജ്ഞകൾ ഈശോക്കു കാഴ്ചവച്ചു് അവ പാലിക്കുവാനുള്ള അനുഗ്രഹത്തിനായി എല്ലാവരുംകൂടി പ്രാർത്ഥിക്കുവാൻ സഹായിക്കുക. മാതാവിൻേറയും യൗസേപ്പിതാവിൻേറയും കാവൽ മാലാഖയുടേയും സ്വർഗ്ഗീയമദ്ധ്യസ്ഥരുടേയും സഹായവും പ്രാർത്ഥിക്കുക.

ധ്യാനത്തിൽ എഴുതി വച്ചിട്ടുള്ള കാര്യങ്ങൾ ഇടയ്ക്കിടയ്ക്ക് വായിക്കണമെന്ന് പ്രത്യേകം ഉദ്ബോധിപ്പിക്കേണ്ടതാണ്. ഇതു് വളരെ ഫലപ്രദമായി കാണാറുണ്ട്.

## 9 കോളേജ് വിദ്യാർത്ഥികളുടെ ധ്യാനം-

മുൻകൂട്ടിതന്നെ ചില ഉപദേശങ്ങൾ നല്കി വിദ്യാർത്ഥികൾക്ക ധ്യാനത്തിൽ സംബന്ധിക്കുവാൻ താല്പര്യം ജനിപ്പിക്കേണ്ടതാണ്. അങ്ങനെ തല്പരരാകുന്നവരെ മാത്രം ധ്യാനത്തിൽ പ്രവേശിപ്പിച്ചാൽ മതി. അവരെ ചെറിയ ഗണങ്ങളായി തിരിച്ച് ധ്യാനിപ്പിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും.

ആധുനിക യുവലോകത്തിനു സഹജമായ ലൗകായതികത്വം, ലക്ഷ്യബോധമില്ലായ്മ, അസന്തുഷ്ടി, വഴിപ്പിഴച്ച രാഷ്ട്രീയഭ്രമം, വിവേക രഹിതമായ വിമർശനബുദ്ധി, അച്ചടക്കരാഹിത്യം, പുതുമയ്ക്കുവേണ്ടിയുള്ള ആവേശം, അംഗീകാരം നേടുവാനുള്ള സാഹസികത, ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള അനാസക്തി, ജീവിതസുഖങ്ങൾക്കായുള്ള അദമ്യമായ അഭിവാഞ്ഛ തുടങ്ങിയ വൈകല്യങ്ങൾക്ക് അവർ ഏറെക്കുറെ അധീനരാണെന്ന് ധ്യാനഗുരു ഓർമ്മിക്കണം. അതിനെല്ലാം പരിഹാരം ഉണ്ടാകത്തക്കവിധം വേണം വിഷയങ്ങൾ അവതരിപ്പിക്കുവാൻ.

## ധ്യാനവിഷയങ്ങൾ-

1 നേതാക്കന്മാരുടെ കാലം- നേതൃസ്ഥാനത്തോടുകൂടി അധികാരവും ബഹുമാനവും സമ്പത്തും സുഖജീവിത സൗകര്യവും ലഭിക്കുന്നു. അനുയായികൾക്കുണ്ടാകുന്ന യാതനകൾ- ജീവിത പരാജയം, ആത്മഹത്യ. നെപ്പോളിയൻ, സ്റ്റാലിൻ. ഹിററ്ലർ തുടങ്ങിയവർ സ്വീകരിച്ചനയം.

2 ലോകൈക നേതാവായ ക്രിസ്തു- നല്ല ഇടയൻ മനുഷ്യരക്ഷയ്ക്കായി അവിടുന്നു സഹിച്ച അപമാനവും ദാരിദ്ര്യവും സഹനവും മരണവും- എല്ലാവർക്കും എല്ലാമായി ജീവിച്ച- ഇന്നും നമ്മോടുകൂടി ജീവിക്കുന്ന, വി. കുർബാനയിൽ.

3 തിരുസ്സഭ– ക്രിസ്തുവിൻെറ ജീവിതത്തിൻെറ തുടർച്ച– ജ്ഞാനസ്നാനജീവിതം– ക്രൈസ്തവ വിശ്വാസം– അതിന്നെതിരായി സംഘടിതമായി പ്രവർത്തിച്ചുവരുന്ന വിപരീതശക്തികൾ – മതപഠനത്തിൻെറ ആവശ്യകത.

4 വിശ്വാസത്തെ പരിപോഷിപ്പിക്കണം–മതാനുഷ്ഠാനങ്ങൾവഴി പ്രാർത്ഥന, വി. ബലി, കൂദാശകൾ, വി. ഗ്രന്ഥം.

5 വിശ്വാസത്തെ ഹനിക്കരുത്– സ്നേഹശൂന്യതവഴി– ദൈവത്തേയും സമസൃഷ്ടികളേയും ദ്രോഹിക്കരുത്. പാപം മൂലമുണ്ടാകുന്ന ആത്മികവും ശാരീരികവുമായ നാശങ്ങൾ.

6 നീതിയും ഉപവിയും പാലിക്കുക.

7 സേവനജീവിതം– പ്രേഷിതചൈതന്യം– വിവിധ ദൈവവിളികൾ–ദൈവവിളി കണ്ടുപിടിക്കേണ്ട വിധം.

8 കുടുംബജീവിതം– ദാമ്പത്യസ്നേഹം– ലൈംഗിക ധാർമ്മികത– വികാരപക്വത.

9 പൗരോഹിത്യം, സന്യാസം.

10 സാമൂഹ്യസേവനം– നല്ലസമറായൻ.

11 രാഷ്ട്രീയജീവിതം– സീസറിനുള്ളത് സീസ്സറിനും ദൈവത്തിനുള്ളത് ദൈവത്തിനും – ഉത്തമ കത്തോലിക്കൻ ഉത്തമ പൗരൻ.

12 പുണ്യപരിപൂർണ്ണത– ജീവിതവിജയത്തിനുള്ള വഴി– വിശുദ്ധർ, വീരപുരുഷന്മാർ– ഏററം വലിയ മനുഷ്യസ്നേഹികൾ. ഉദാ:– വി. അസ്സീസി, വി. വിൻസെൻറ്ഡിപോൾ, വി. ഡോൺബോസ്കോ.

ദൈവവചന ശുശ്രൂഷ, സ്വന്തമായ പ്രാർത്ഥനകൾ മുതലായവ വഴി ധ്യാനം കൂടുതൽ വ്യക്തിപരവും പ്രാർത്ഥനാത്മകവുമാക്കണം.

## 10 അദ്ധ്യാപകർക്കുള്ള ധ്യാനം

അദ്ധ്യാപകർക്കുവേണ്ടി പ്രത്യേകം ധ്യാനം നടത്തുക വളരെ ആവശ്യകവും പ്രയോജനകരവുമത്രെ. ആയിരക്കണക്കിനു വിദ്യാർത്ഥികളുടെ ജീവിതഭാഗധേയമാണ് ഓരോ അദ്ധ്യാപകനും രൂപപ്പെടുത്തുന്നതെന്ന് ധ്യാനഗുരു ഓർമ്മിക്കണം. അവരോടു പരിഗണനയോടെ സംസാരിക്കുകയും പെരുമാറുകയും ചെയ്യണം. പ്രസംഗം അധികം ദീർഘിപ്പിക്കരുത്. പ്രതിപാദനം ഗൗരവാവഹവും യുക്തിയുക്തവുമായിരിക്കട്ടെ. ഉപകാരപ്രദമാണെങ്കിൽ ചില വിഷയങ്ങളെപ്പററി ചർച്ചനടത്തി പ്രായോഗിക തീരുമാനങ്ങൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ പ്രാർത്ഥനാചൈതന്യം നഷ്ടപ്പെടാതെ സൂക്ഷിക്കണം. ക്രൈസ്തവരും അക്രൈസ്തവരുമായ എല്ലാ വിദ്യാർത്ഥികളുടേയും ശിക്ഷണം ഈ ചർച്ചയിൽ പെടേണ്ടതാണ്.

1 ആമുഖമായി ജഗദ്ഗുരുവായ ക്രിസ്തുവിനെ അവതരിപ്പിക്കാം. ''കാത്തിരിക്കുക, വരുവാനിരിക്കുന്ന സാർവ്വത്രിക വിജ്ഞാനിയെ പാർത്തിരിക്കുക. ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പാകെ നാമെങ്ങനെ പെരുമാറണമെന്ന് അദ്ദേഹം നമുക്കു പറഞ്ഞുതരും'' എന്ന് ബി. സി. നാലാം നൂററാണ്ടിൽ സൊക്രട്ടീസും. ''മിശിഹാ വരുമ്പോൾ എല്ലാം പഠിപ്പിക്കും'' എന്ന് സമറിയാക്കാരിയും പ്രസ്താവിച്ചതു് അനുസ്മരിക്കാം. 12-ാം വയസ്സിൽതന്നെ ക്രിസ്തു പഠിപ്പിക്കുവാൻ തുടങ്ങി. പരസ്യജീവിതകാലം മുഴുവൻ സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടു് അവിടുന്നു പ്രസംഗിച്ചു.

2 ഈ ദിവ്യ ദൗത്യം തുടരുവാൻ അവിടുത്തേ അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു പഠിപ്പിച്ചു. പ്രസംഗിക്കുവാനയച്ചു പരിശീലിപ്പിച്ചു. ഒടുവിൽ അധികാരപ്പെടുത്തി അയച്ചു. അവർ പരി. ആത്മാവിനെ സ്വീകരിച്ചുകൊണ്ടു ലോകമെങ്ങും പോയി നിത്യസത്യങ്ങൾ പഠിപ്പിച്ചു.

3 തിരുസ്സഭ, അദ്ധ്യാപനസമിതി– സഭയുടെ ദൗത്യത്തിൽ വൈദികരും അവൈദികരും പങ്കുചേരണം– പള്ളിയും

പള്ളിക്കൂടവും- വിദ്യാഭ്യാസം, മൗലീകവകാശം- ജീവിത വിജയത്തിനുള്ള വഴി.

4 അദ്ധ്യാപനം, ഒരു ദൈവവിളി– ദൈവത്തിനും സ്വർഗ്ഗത്തിനും സാക്ഷ്യം വഹിക്കണം. ലോകൈക നേതാവായ ക്രിസ്തുവിൻെറ സ്നേഹസേവന ചരിത്രം പഠിപ്പിക്കണം– പാഠപുസ്തകങ്ങളിൽ ഉണ്ടകാവുന്ന തെററായ ആശയങ്ങരം തിരുത്തികൊടുക്കണം.

5 പരമാന്ത്യത്തെ ലക്ഷ്യമാക്കികൊണ്ടു് എല്ലാ പഠനവിഷയങ്ങളും വ്യാഖ്യാനിക്കണം. സത്യവും നീതിയും സാഹോദര്യവും പാലിക്കുവാൻ പരിശീലിപ്പിക്കണം.

6 പ്രായമനുസരിച്ചു ലൈംഗികശിക്ഷണം വിവേകപൂർവ്വം വ്യക്തമായി നല്ലണം. ദൈവവിളിയിൽ പ്രവേശിക്കേണ്ട ആവശ്യവും അതു കണ്ടുപിടിക്കേണ്ട വിധവും വിവരിച്ചു കൊടുക്കണം. അങ്ങനെ ദൈവത്തേയും ദൈവജനത്തേയും സേവിക്കുവാൻ അവരെ ഒരുക്കണം.

7 ധാർമ്മിക മൂല്യങ്ങരം മുറുകെ പിടിച്ചുകൊണ്ടു പാപരഹിതമായി ജീവിക്കണം. അതാണു ജീവിത വിജയത്തിനുള്ള അടിസ്ഥാനം.

8 സത്യവും നീതിയും ഉപവിയും പാലിക്കേണ്ട കടമ– അതിൻെറ വിവിധ വശങ്ങരം– ഇന്നു് വിദ്യാലയങ്ങളിൽ കാണുന്ന കുഴപ്പങ്ങരം പരിഹരിക്കുവാൻ അദ്ധ്യാപകനു എന്തു് ചെയ്യുവാൻ കഴിയും– കുട്ടികളുടെ വീട്ടിലെ കുറവുകരം എങ്ങനെ പരിഹരിക്കാം.

9 അദ്ധ്യാപകൻ നല്കേണ്ട ജീവിതമാതൃക– ശിക്ഷണത്തിൻെറ പ്രധാന ഉപാധി- ''അദ്ധ്യാപകൻെറ പരിപക്വമായ വ്യക്തിത്വം വിദ്യാർത്ഥിയുടെ അപക്വമായ വ്യക്തിത്വത്തിൻമേൽ ചെലുത്തുന്ന സ്വാധീനശക്തിയാണു് അദ്ധ്യാപനം'' (കോത്താരി കമ്മീഷൻ റിപ്പോർട്ടു്)- അദ്ധ്യാപകൻെറ രാഷ്ട്രീയ പാർട്ടി പ്രവർത്തനങ്ങരംക്കുവേണ്ടി ആദർശങ്ങരം ത്യജിക്കരുതു്.

10 അദ്ധ്യാപകൻ മതാനുഷ്ഠാനങ്ങളിൽ തല്പരനായിരിക്കണം. കുട്ടികളേയും അതിനു പ്രേരിപ്പിക്കണം.

11 അദ്ധ്യാപകനുള്ള പ്രതിഫലം- സ്വർഗ്ഗീയ മഹത്വം

രണ്ടാം വത്തിക്കാന്റെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പ്രഖ്യാപനവും 11-ാം പീയൂസ് പാപ്പായുടെ വിദ്യാഭ്യാസത്തെപ്പററിയുള്ള വിശദലേഖനവും നോക്കുക.

## 11 തൊഴിലാളികളുടെ ധ്യാനം

11-ാം പീയൂസ് പാപ്പാ പറഞ്ഞു, ഇന്നത്തെ ഏററം വലിയ ഛരിദ്മം തിരുസഭയ്ക്കു തന്റെ പാവപ്പെട്ടവർ നഷ്ടപ്പെട്ടതാണ്. അജ്ഞരും ദരിദ്രരുമായ തൊഴിലാളികൾ സഭാശത്രുക്കളുടെ ചൂഷണത്തിനു വിധേയരായി കഴിയുന്നു. ആകയാൽ തൊഴിലാളികൾക്കായി പ്രത്യേകം ധ്യാനം നടത്തേണ്ടതാണ്. വാരാന്ത ധ്യാനമൊ, ഏകദിന ധ്യാനമൊ ആയിരിക്കും അവർക്കു കൂടുതൽ സ്വീകാര്യം. ഇതു് വിൻസെൻറ് ഡി പോൾ സംഘത്തിന്റേയോ മറേറാ നേതൃത്വത്തിൽ നടത്തുന്നതു് എളുപ്പമാണ്. തൊഴിലാളികൾക്കു സൗകര്യമുള്ള ദിവസം നേരത്തെ നിശ്ചയിക്കണം. അവരുടെ പേരുകൾ റജിസ്റ്റർ ചെയ്യണം. മുതലാളികൾ ധ്യാന വിജയത്തിനായി സാമ്പത്തികമായും മററും വേണ്ട സഹായം ചെയ്യേണ്ടതാണ്. സൗകര്യമുണ്ടെങ്കിൽ തൊഴിൽശാലയിൽത്തന്നെ ഒരുസ്ഥലം തയ്യാറാക്കി അവിടെവെച്ചു ധ്യാനം നടത്തുന്നതു് ഏററം ഹൃദ്യമായിരിക്കും.

ധ്യാനഗുരു ധ്യാനിക്കുന്നവരുടെ ജോലിയേയും മററു ജീവിത പ്രശ്നങ്ങളേയും പററി ശരിയായി പഠിക്കേണ്ടതാണ്. അവരുമായി കൂടുതൽ താദാത്മ്യം പ്രാപിക്കണം. കരുണയോടും സ്നേഹത്തോടുംകൂടി സംസാരിക്കണം. പ്രതിപാദനം ലളിതവും സുഗ്രഹവുമായിരിക്കണം.

### ധ്യാനവിഷയങ്ങൾ

1 നസ്രത്തിലെ തൊഴിലാളിയായ ക്രിസ്തുവിനെ അവതരിപ്പിച്ചുകൊണ്ടു് ആരംഭിക്കുക. അവിടുന്നു സ്വീകരിച്ച ദരിദ്ര

വും അദ്ധ്വാന നിരതവുമായ ജീവിതം– തൊഴിലിൻെറ മാഹാത്മ്യം.

2 ദീന ദയാലുവും പാവങ്ങളുടെ സ്നേഹിതനുമായ ക്രിസ്തു;

3 ക്രിസ്തു തൻെറ ജീവിതവും പ്രസംഗവുംവഴി പഠിപ്പിച്ച സമത്വവും സ്വാതന്ത്ര്യവും സഹോദര്യവും,

4 അതിനു് അടിസ്ഥാനമായി നില്ക്കുന്ന ദൈവത്തിൻെറ പിതൃത്വം- തിരുസഭയുടെ മാതൃത്വം.

5 തൊഴിലാളിയുടെ കടമകറ- മുതലാളിയോടു്- രാഷ്ട്രീയ പാർട്ടിയുടെ ചൂഷണത്തിൽ പെടാതിരിക്കുക.

6 തൊഴിലാളികറ പരസ്പരം പാലിക്കേണ്ട നീതിയും ഉപവിയും.

7 തൊഴിലാളിയുടെ കുടുംബ ബന്ധങ്ങറ– സ്നേഹജീവിതം സമ്പാദിക്കുവാനുള്ള കടമ.

8 അകററി നിറുത്തേണ്ട തിന്മകറ– മദ്യപാനം, ധൂർത്തു്, ആഡംബരഭ്രമം, അലസത.

9 മതാനുഷ്ഠാനങ്ങറ– കുടുംബപ്രാർത്ഥന, വി. ബലി, വി. കൂദാശകറ

സമയം അനുവദിക്കുന്നതുപോലെ ഈ വിഷയങ്ങറ വിഭജിച്ചു പ്രതിപാദിക്കാവുന്നതാണു്. കുമ്പസാരത്തിനു പ്രത്യേകം ഒരുക്കണം,

## 12 നേഴ്സുമാരുടെ ധ്യാനം

അതിപ്രധാനമായ സേവനം ആപൽക്കരമായ സാഹചര്യങ്ങളിൽ അനുഷ്ഠിക്കുന്ന നേഴ്സുമാർക്കു് ആണ്ടുതോറും ധ്യാനം ഉണ്ടായിരിക്കുക ആവശ്യമാണു്. ജോലിയും ധ്യാനവുംകൂടി ഒരുമിച്ചാകാതെ ജോലി നിറുത്തിവച്ചു് ധ്യാനം മാത്രമായി ഒരു ദിവസമെങ്കിലും ചെലവഴിക്കുവാൻ സൗകര്യപ്പെടുത്തണം. അ

വർ ചെയ്യുന്ന സേവനത്തിൻെറ മാഹാത്മ്യവും അതാവശ്യപ്പെടുന്ന ത്യാഗവും ധ്യാനഗ്രൂപ്പുകൾ ശരിയായി മനസ്സിലാക്കേണ്ടതാണ്. ആസ്പത്രിയിൽ കടന്നുകൂടാവുന്ന ഭ്രൂണഹത്യാ ജനനനിരോധനാ ശാസ്ത്രക്രിയാ മേഴ്സികില്ലിംഗ് തുടങ്ങിയ തിന്മകളെപ്പററിയും ബോധമുണ്ടായിരിക്കണം. ആസന്നമായ മരണത്തെപററി രോഗികളെ വിവേകപൂർവ്വം അറിയിച്ച് സർവ്വ പ്രധാനമായ ആത്മകാര്യങ്ങൾക്ക അവരെ ഒരുക്കേണ്ടതിൻെറ ആവശ്യകതയെപ്പററി നേഴ്സുമാരെ ഉദ്ബോധിപ്പിക്കേണ്ടതാണ്. ജീവൻേറയും മരണത്തിൻേറയും മദ്ധ്യത്തിൽ പ്രവർത്തിക്കുന്ന അവർ എല്ലാകാര്യങ്ങളും ഏററം സൂക്ഷ്മമായി നിർവ്വഹിക്കുവാൻ പ്രേരിതരാകണം.

## ധ്യാനവിഷയങ്ങൾ

1 ദിവ്യഭിഷഗ്വരനായ ക്രിസ്തു- സുവിശേഷപ്രസംഗത്തോടുകൂടി അവിടുന്നു രോഗശാന്തി നല്കുക പതിവായിരുന്നു. എല്ലാവിധ രോഗികളും അവിടുത്തെ കരുണയ്ക്ക് പാത്രമായി.

2 രോഗശാന്തി നല്കുവാനുള്ള ദിവ്യവരം ക്രിസ്തു സ്വശിഷ്യന്മാർക്കും നല്കി. അതിനായി അവരെ നിയോഗിക്കുകയും ചെയ്തു. തിരുസ്സഭ ഈ പാരമ്പര്യം ആദ്യകാലം മുതൽ പാലിച്ചു വരുന്നു. അതേ ദൗത്യം തന്നെയാണ് ഓരോ നേഴ്സിനുമുള്ളത്; ക്രിസ്തുവിനെപ്രതി ത്യാഗപൂർവ്വം ചെയ്യുന്ന സ്നേഹസേവനം.

3 രോഗീപരിചരണത്തിൻെറ രക്ഷാകര ഫലം— ശരീരത്തിലൂടെ ആത്മാവിലേക്ക്- നിസ്വാർത്ഥസേവനംവഴി രോഗിയിൽ ആത്മികബോധം ഉണ്ടാക്കണം- രോഗശാന്തിയോടുകൂടി ആദ്ധ്യാത്മികമായ ഒരു പരിവർത്തനവും സാധിക്കാം. മരണമടയുന്ന രോഗികളെയാകട്ടെ, സ്വർഗ്ഗ ഭാഗ്യത്തിനു തയ്യാറാക്കുവാനും കഴിയും. കൂദാശകരം കൊടുപ്പിക്കാൻ ശ്രദ്ധിക്കണം.

4 ദൈവിക കാര്യങ്ങരം ദൈവത്തോടുകൂടി ചെയ്യണം- നേഴ്സിൻെറ പ്രാർത്ഥനാജീവിതം- വി. ബലി, ദിവ്യകാരുണ്യസ്വീകരണം, കുമ്പസാരം, ബൈബിരം വായന.

5 ദൈവവിളിയെപ്പററി ചിന്തിക്കാം- വിശുദ്ധ പുണ്യം പാലിക്കണം.അപകടങ്ങളിൽ കുടുങ്ങാതെ സൂക്ഷിക്കണം.

6 ഉത്തരവാദ ബോധം വേണം- പരിത്യാഗസന്നദ്ധത പാലിക്കണം. അലസത വെടിയണം.

7 പരസ്പരം സഹായിക്കണം- സഹകരിച്ചു പ്രവർത്തിക്കണം.

8 ആസ്പത്രിയിൽ ആത്മീകചൈതന്യം നിലനിറുത്തണം — എല്ലാവരോടും മാനമായും വിനീതമായും വർത്തിക്കണം.

## 13 സന്യാസിനികളുടെ ധ്യാനം

സന്യാസിനികൾക്കുവേണ്ടിയുള്ള ധ്യാനം പലതരത്തിലുണ്ട്. ഇഗ്നേഷ്യൻ ക്രമത്തിലുള്ള ഒരുമാസത്തെ ധ്യാനം നവസന്യാസകാലത്തും നിത്യവ്രവത്തിനു് ഒരുക്കമായും നടത്തുക സാധാരണമായിരുന്നു. എന്നാൽ ഇപ്പോളിതു നിലവിലില്ല. രണ്ടാഴ്ചവീതം രണ്ടുപ്രാവശ്യമായി ഈ ധ്യാനം ചില സഭക്കാർ നടത്താറുണ്ടു്.

സിസ്റ്റേഴ്സിൻെറ വാർഷിക ധ്യാനം കുറച്ചുമുൻപുവരെ എട്ടു പൂർണ്ണ ദിവസത്തേക്കു് ആയിരുന്നു. ഇപ്പോഴാകട്ടെ അതു് ആറു പൂർണ്ണ ദിവസത്തേയ്ക്കേയുള്ളു. ഈ ധ്യാനത്തിനു പ്രതിദിനം നാലോ അഞ്ചോ പ്രസംഗങ്ങൾ ഉണ്ടാകും. ഇപ്പോൾ Directed Retreat ആയും ഇതു് നടത്തിവരുന്നു. ദിവസവും ഒന്നോ രണ്ടോ പ്രാവശ്യം മാത്രം ധ്യാന വിഷയങ്ങൾ നൽകുന്നു; അതേപ്പററി സഹോദരികൾ സ്വന്തമായി ധ്യാനിക്കുകയും അതിൻെറ ഫലം ഓരോ ദിവസവും ഓരോരുത്തരായി ധ്യാനഗുരുവിനെ അറിയിച്ചു വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. (അതുകൊണ്ടു ധ്യാനിക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞിരിക്കും). ഓരോ വ്യക്തിയും ദൈവത്മാവിൻെറ നിവേശനങ്ങളോടു് എങ്ങനെ സഹകരിക്കുന്നുവെന്നു മനസ്സിലാക്കി വേണ്ട സഹായം നൽകുവാൻ ധ്യാനഗുരു പ്രത്യേകം ശ്രദ്ധിക്കുന്നതാണു്.

1 സന്യാസിനികളെ ധ്യാനിപ്പിക്കുവാൻ സന്യാസ വൈദികർ തന്നെ വേണമെന്നില്ല. ഇടവകവൈദികരും അവരെ ധാരാളമായി ധ്യാനിപ്പിക്കുന്നുണ്ട്. എന്നാൽ ധ്യാനഗുരുവിനു സന്യാസജീവിതത്തെപ്പററി വേണ്ടത്ര അറിവുണ്ടായിരിക്കണം. എല്ലാസഭക്കാരും എല്ലാപ്രവർത്തനങ്ങളിലും ഏർപ്പെട്ടുന്നുണ്ടെങ്കിലും ഓരോ സഭയ്ക്കും അതിൻേറതായ പ്രത്യേകതകളുണ്ടെന്നും അദ്ദേഹം അനുസ്മരിക്കണം. ഇതു മനസ്സിലാക്കുവാൻ സഭയുടെ ആരംഭചരിത്രവും അതിൻെറ നിയമങ്ങളും പഠിക്കേണ്ടതാണ്.

2 കഴിയുന്നത്ര ഒരേ തരത്തിൽപെട്ടന്ന സഹോദരികൾ ഒരുമിച്ച് ധ്യാനിക്കുന്നതായിരിക്കും നല്ലത്. ഉദാ: ആസ്പത്രിയിൽ അഥവാ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നവർ; അധികാരസ്ഥാനങ്ങൾ വഹിക്കുന്നവർ.

3 ധ്യാനിക്കുന്നവരുടെ ചിന്താഗതികൾ മനസ്സിലാക്കേണ്ടതാണ്. നവീകരണത്തിൻെറ പേരിൽ പല അഭിപ്രായങ്ങളുണ്ടാകാം. വിഭാഗിക മനോഭാവം പാലിക്കുന്നവരെയും കണ്ടേക്കാം. ധ്യാനഗുരു ഇതിലൊന്നും പെടാതെ, എല്ലാവരേയും സമർപ്പിത ജീവിതത്തിൽ പുരോഗമിക്കുവാൻ സഹായിക്കണം.

4 സഹോദരികളോടു പരിഗണനയോടെ സംസാരിക്കണം. അവർക്കൊന്നും അറിഞ്ഞുകൂടാ എന്ന മനോഭാവം സ്വീകാര്യമല്ല. അധികാരികളെയോ സഭാ നിയമങ്ങളെയോ പഴിക്കരുത്,

5 കർശനമായി നിരൂപണം ചെയ്യുകയോ കുററം പറയുകയോ ചെയ്യുന്നതു ശരിയല്ല.

6 പ്രതിപാദനം ലളിതവും പ്രായോഗികവും ആയിരിക്കണം. അല്പം ഉച്ചത്തിൽ പറയുന്നതു സഹോദരികൾക്കു നന്നായി കേൾക്കുവാനും ഗ്രഹിക്കുവാനും സഹായകമാകും.

## ധ്യാനവിഷയങ്ങൾ

ധ്യാനിക്കുന്നവരുടെ ജോലിയനുസരിച്ചും കാലത്തിൻെറ ആവശ്യമനുസരിച്ചും ചില വിഷയങ്ങൾക്കു പ്രാധാന്യം കല്പിക്കേണ്ടതാണ്. സാധാരണയായി സ്വീകരിക്കേണ്ട വിഷയങ്ങൾ.

1 ധ്യാനം ജീവിതനവീകരണത്തിനുള്ള അവസരം— വ്യക്തിപരമായ പരിശ്രമം അനുസരിച്ചു വിജയിക്കും— ദൈവ നിവേശങ്ങൾ ശ്രദ്ധിക്കുക— വേണ്ട നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുക. അനാവശ്യകാര്യങ്ങളിൽ ഇടപെടരുത്; അലസരാകരുത്.

2 സന്യാസ ദൈവവിളി— ദൈവത്തിനും സ്വർഗ്ഗത്തിനും സാക്ഷ്യം വഹിക്കാനുള്ള കടമ.

3 ഈ ജീവത സാക്ഷ്യത്തിന് ആവശ്യമായ വിശ്വാസവും ശരണവും ഉപവിയും.

4 പ്രാർത്ഥനാജീവിതം— പ്രതിദിന ധ്യാനത്തിൽ എത്ര മാത്രം ശ്രദ്ധിക്കുന്നുണ്ട്.

5 സന്യാസ വ്രതങ്ങൾ ആവശ്യപ്പെടുന്ന സമർപ്പിത ജീവിതം.

6 ബ്രഹ്മചര്യവ്രതം— അതിൻെറ കടമകൾ.

7 ബ്രഹ്മചര്യപുണ്യം— സംരക്ഷണ വ്യവസ്ഥകൾ.

8 ദാരിദ്ര്യവ്രതം— അതിൻെറ കടമകൾ.

9 ദാരിദ്ര്യപുണ്യം— ദരിദ്രജനങ്ങളുടെ മദ്ധ്യേ പാലിക്കേണ്ട ദാരിദ്ര്യ ചൈതന്യം.

10 അനുസരണ വ്രതം— അതിൻെറ കടമകൾ.

11 അനുസരണപുണ്യം ആവശ്യപ്പെടുന്ന കാര്യങ്ങൾ.

12 സമൂഹജീവിതം— സഹോദര്യത്തിൻെറ പ്രാധാന്യം.

13 ഡയലോഗിൻെറ പ്രയോജനം— അതു നടത്തേണ്ട വിധം.

14 പ്രേഷിത ധർമ്മം— നിത്യരക്ഷയുടെ വഴി.

15 വിവിധ പ്രേഷിത പ്രവർത്തനങ്ങൾ— സൂക്ഷിക്കേണ്ട കാര്യങ്ങൾ.

16 ദരിദ്രരെ സഹായിക്കേണ്ട കടമ
17 പാപം, സന്യാസജീവിതത്തിൽ
18 സന്യാസിനികളുടെ മരണവും വിധിയും
19 മന്ദജീവിതം
20 പരിഹാരജീവിതം
21 സ്വയം ശൂന്യമാക്കേണ്ടവിധം
22 ജീവിത നവീകരണം_കുമ്പസാരം
23 ദിവ്യകാരുണ്യഭക്തി
24 പരിശുദ്ധാത്മാവിൽ ജീവിക്കുക
25 ലിററർജിയുടെ ആചരണം
26 ആദ്ധ്യാത്മിക ശിക്ഷണത്തിൻെറ ആവശ്യകത
27 കന്യകകളുടെ രാജ്ഞിയായ മറിയം

ഈ വിഷയങ്ങൾ കഴിയുന്നത്ര വി. ഗ്രന്ഥത്തെ ആസ്പദമാക്കിയും ക്രിസ്തു കേന്ദ്രീകൃതമായും അവതരിപ്പിക്കേണ്ടതാണ്.

## 14 വൈദികരുടെ ധ്യാനം

നമ്മുടെ നാട്ടിൽ ചിലപ്പോഴൊക്കെ ഒരു മാസത്തേക്കുള്ള നീണ്ടധ്യാനം വൈദികർക്കുവേണ്ടിയും നടത്തിയിരുന്നു. പണ്ട് അവരുടെ വാർഷികധ്യാനം എട്ടു പൂർണ്ണദിവസം നീണ്ടുനിന്നു. തന്നിമിത്തം ഇടവകകളിൽ ഒരു ഞായറാഴ്ച വി. ബലി ഉണ്ടായിരുന്നില്ല. എന്നാൽ, ഇന്നു വാർഷികധ്യാനം നാലോ അഞ്ചോ ദിവസത്തേയ്ക്കു മാത്രമേയുള്ളു. ആകയാൽ, അതു് ഏററം ഫലപ്രദമായി നടത്തുവാൻ കൂടുതൽ ശ്രദ്ധിക്കേണ്ടതാണല്ലോ.

സുവിശേഷപര്യടനം കഴിഞ്ഞു മടങ്ങിയെത്തിയ തൻെറ ശിഷ്യന്മാരെ ദിവ്യനാഥൻ ഒരു വിജനപ്രദേശത്തേക്കു് ആനയിച്ച്, ഏകാന്തതയിൽ അവരോടുകൂടി കുറെ സമയം ചെലവഴിക്കുവാൻ താല്പര്യപ്പെട്ടു. പ്രേഷിതപ്രവർത്തനത്തിൽ അവർക്കുണ്ടായ അനുഭവങ്ങൾ മനസ്സിലാക്കുവാനും **വേണ്ട** നിർദ്ദേശ

ങ്ങളും നൽകുവാനും വേണ്ടിയായിരുന്നു അതു്. ഇതുതന്നെ വൈദികരുടെ വാർഷികധ്യാനങ്ങളിലും നടക്കുന്നുവെന്ന ബോദ്ധ്യത്തോടെ ധ്യാനഗുരുവും ധ്യാനിക്കുന്നവരും വർത്തിക്കണം.

ദിവ്യരക്ഷകന്റെ സന്നിധിയിൽ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും സ്വന്തം ജീവിതപ്രശ്നങ്ങൾ അവിടുത്തെ അറിയിച്ചു നിവേശനങ്ങൾ സ്വീകരിക്കുകയും ചെയ്യുവാനായി ധ്യാനദിവസങ്ങൾ ചെലവഴിക്കണമെന്നു ധ്യാനഗുരു വൈദികരെ ഉദ്ബോധിപ്പിക്കണം. ഇതുതന്നെ ധ്യാനത്തിനുള്ള ആമുഖം. തുടർന്നു ചിന്തിക്കാനുള്ള വിഷയങ്ങൾ ഈശോയുടെ അന്തിമപ്രഭാഷണത്തിൽനിന്നു സ്വീകരിക്കാവുന്നതാണു്.

1 വൈദിക സ്ഥാനമാഹാത്മ്യം—''ഞാനാണു നിങ്ങളെ തിരഞ്ഞെടുത്തതു്.'' അതിനു് ഒരുക്കമായി ആരോഗ്യവും ബുദ്ധിശക്തിയും മററു കഴിവുകളും തന്നു ക്രൈസ്തവ ജീവിതത്തിൽ ഭദ്രമായി വളർത്തി. പൗരോഹിത്യം നൽകി വേറൊരു ക്രിസ്തുവാക്കിയിരിക്കുന്നു.

2 വി. ബലി അർപ്പിക്കുന്ന വൈദികൻ

3 ദൈവവചനം പ്രസംഗിക്കുന്ന വൈദികൻ

4 പാപമോചനം നൽകുന്ന വൈദികൻ

5 ദിവ്യകാരുണ്യഭക്ഷണം വിതരണം ചെയ്യുന്ന വൈദികൻ

6 ദൈവസമക്ഷം മനുഷ്യർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്ന വൈദികൻ- കാനോനിക ജപം

7 വൈദികനുവേണ്ട പുണ്യപൂർണ്ണത- ''അവരെ സത്യത്തിൽ വിശുദ്ധീകരിക്കണമെ'' (യോഹ. 17:17)

8 പാപം, വൈദികജീവിതത്തിൽ- ഏററവും വലിയ വൈരുദ്ധ്യം.

9 മന്ദജീവിതമെന്ന മഹാവിപത്തു്

10 വൈദികന്റെ മരണവും വിധിയും

11 ജീവിതനവീകരണം- വൈദികന്റെ കുമ്പസാരം

12 വൈദികൻ പരിഹാരബലിവസ്തു

13 വൈദികൻെറ പ്രാത്ഥനാ ജീവിതം- പ്രതിദിനധ്യാനം

14 വൈദികനുവേണ്ട പ്രേഷിതചൈതന്യം

15 നല്ല ഇടയനായ വൈദികൻ- ദീനാനുകമ്പ

16 ശാന്തനും വിനീതനുമായ വൈദികൻ

17 ബ്രഹ്മചാരിയായ വൈദികൻ

18 തിരുസ്സഭയോടു വിശ്വസ്തനായ വൈദികൻ- അനുസരണം

19 സ്വർഗ്ഗഭാഗ്യത്തിനു് സാക്ഷ്യംവഹിക്കുന്ന വൈദികൻ- ദാരിദ്ര്യാരൂപി

20 വൈദികൻെറ പരസ്നേഹം- സഹവൈദികരോടു്

21 വിശ്വാസംകൊണ്ടു ജീവിക്കുന്ന വൈദികൻ

22 ദിവ്യകാരുണ്യസ്നേഹിതനായ വൈദികൻ

23 പരി. ആത്മാവിൽ ജീവിക്കുന്ന വൈദികൻ

24 വൈദികൻെറ അമ്മ- പരി. മറിയം

## വൈദികവിദ്യാർത്ഥികൾക്കുള്ള ധ്യാനം

എങ്ങനെവൈദികൻ, അങ്ങനെ തിരുസ്സഭ; എങ്ങനെ വൈദികവിദ്യാർത്ഥി, അങ്ങനെ വൈദികനും. ആകയാൽ രണ്ടാംവത്തിക്കാൻ കൗൺസിൽ വൈദികപരിശീലനത്തിനു വലിയ പ്രാധാന്യം കല്പിച്ചിരിക്കുന്നു. വെറും ഒരു പതിവാക്കാതെ ഈ ധ്യാനം ഏററം ഫലപ്രദമായി നടത്തുവാൻ ശ്രമിക്കണം, ബലിപീഠത്തിലേക്കു് എത്തുവാനുള്ള ഒരുക്കമായി.

## ധ്യാനവിഷയങ്ങൾ

1 നിത്യപുരോഹിതനായ ക്രിസ്തു ശിഷ്യന്മാരെ വിളിച്ചു് തിരഞ്ഞെടുത്തു തൻെറ കൂടെ കൊണ്ടു നടന്നു അവർക്കു് ശിക്ഷണം നൽകി. ഇന്നു സെമിനാരിയിൽ അതുതന്നെ അവിടുന്നു നിർവ്വഹിക്കുന്നു. ആ ശിക്ഷണം സംബന്ധിച്ചുള്ള പരിശോധനയാണു് ഈ ധ്യാനം.

2 നിങ്ങളെന്നെ കണ്ടു പഠിക്കുവിൻ-ദിവ്യഗുരുവിൻെറ ജീവിതം പഠിച്ചു അനുകരിക്കണം_ദൈവത്തിനും മനുഷ്യർക്കുംവേണ്ടിയുള്ള അവിടുത്തേ നിസ്വാർത്ഥസേവനവും കുരിശുമരണവും.

3 ക്രിസ്തുവിൻെറ ദിവ്യകാരുണ്യജീവിതം- വൈദികവിദ്യാർത്ഥി ഈശോയോട് പാലിക്കേണ്ട ഗാഢമായ സ്നേഹബന്ധം.

4 വൈദികൻ വേറൊരു ക്രിസ്തു- അവിടുത്തെ അത്ഭുതകൃത്യങ്ങൾ തന്നെ വൈദികനും നിർവ്വഹിക്കുന്നു- വിശുദ്ധബലിയും കൂദാശകളും,

5 ക്രിസ്തുവും സഭയും- വൈദികൻ സഭയോടു പാലിക്കേണ്ട സ്നേഹബന്ധം-വിധേയത്വം

6 വൈദികനു വേണ്ട പുണ്യപൂർണ്ണത - വിശുദ്ധകാര്യങ്ങൾ വിശുദ്ധമായി നിർവ്വഹിക്കണം- തനിയ്ക്കില്ലാത്തതു മററുള്ളവർക്കു നൽകുവാൻ സാദ്ധ്യമല്ല – ആദ്ധ്യാത്മിക പിതാവിൻെറ ശിക്ഷണം സ്വീകരിക്കണം.

7 വൈദിക ബ്രഹ്മചര്യം–അതിനുള്ള ഒരുക്കമാണു സെമിനാരിജീവിതം-സ്വയംനിഗ്രഹം പരിശീലിക്കണം

8 മന്ദജീവിതമാകുന്ന മഹാവിപത്ത്

9 പാപജീവിതം—''എന്നോടുകൂടി അല്ലാത്തവൻ എനിക്കു എതിരാകുന്നു.''

10 അനുരഞ്ജനത്തിൻെറ കൂദാശ

11 ശാന്തനും വിനീത ഹൃദയനുമായ ക്രിസ്തുവിനു അനുരൂപനാകണം

12 ഐഹികകാര്യങ്ങളിൽനിന്നുള്ള വിമുക്തി–ദാരിദ്ര്യ ചൈതന്യം

13 ബലിവസ്തുവായ ക്രിസ്തുവിനെ അനുകരിക്കുക–പരിഹാര ജീവിതം.

14 ''അവൻ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു''–പാപം വൈദികൻെറ ജീവിതത്തിൽ–ദുരാശകൾ പരിഹരിക്കേണ്ട ആവശ്യകത.

15 ദൈവവിളി സംരക്ഷിക്കണം-ഐഹിക വ്യാമോഹങ്ങ ളിൽപെടരുതു്.

16 പരിശുദ്ധാത്മാവിനോടുള്ള ഭക്തി

17 പ. മറിയം വൈദികൻെറ മാതാവു്

## സന്യാസിനികൾക്കുള്ള ഉപദേശം

എല്ലാ ഇടവകകളിലും കന്യകാലയങ്ങളുണ്ടു്. തദംഗങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി അവരെ ആത്മീയതയിൽ വളർത്തിക്കൊണ്ടുവരേണ്ട കടമ വൈദികനുണ്ടു്. അല്ലെങ്കിൽ നവസന്യാസകാലത്തു കിട്ടിയ ശിക്ഷണത്തിൻെറ ഫലം നീണ്ടുനിന്നില്ലെന്നുവരാം. പ്രതികൂല സാഹചര്യങ്ങൾ അവരുടെ ജീവിതത്തെ വിനാശകരമായി ബാധിക്കുവാൻ എളുപ്പമുണ്ടു്. ആകയാൽ അവക്കു് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും വ്യവസ്ഥിതമായി നൽകിക്കൊണ്ടിരിക്കണം. വി. വിൻസെൻറ് ഡി പോൾ പറയുന്നു; "Nothing will give more light to the community, nothing will give it more knowledge, nothing will so quickly raise it after a fall or prevent it from committing faults, than conferences."

സന്യാസികൾക്കു നന്മചെയ്യാൻ വളരെ ആഗ്രഹമുണ്ടു്; അവസരങ്ങളും വളരെയുണ്ടു്. എന്നാൽ, അതെല്ലാം വിജയകരമായി പ്രാവർത്തികമാക്കുവാൻവേണ്ട പ്രായോഗികജ്ഞാനം ഇല്ലെന്നുവരാം. ആകയാൽ, ഇടവക വൈദികൻ ആവശ്യമായ ഉപദേശങ്ങൾ യഥാകാലം നൽകിക്കൊണ്ടിരിക്കണം. വി. പൗലോസ് എഴുതുന്നു. "എന്നോടുകൂടി സുവിശേഷവേലയിൽ അദ്ധ്വാനിച്ച സ്ത്രീകളെ സഹായിക്കണമെന്നു ഞാൻ താങ്കളോടു് അഭ്യർത്ഥിക്കുന്നു" (പീലി. 4: 3).

അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകാവുന്ന പ്രലോഭനങ്ങളും അപകടങ്ങളും ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്ക്കേണ്ടതുണ്ടു്. അവരുടെ ദൈവവിളി സംരക്ഷിച്ചുകൊണ്ടുപോകുവാൻ ഇതാവശ്യമാണു്. പ്രവത്തന ബാഹുല്യത്തിനിടയിൽ

സന്യാസജീവിതം ആവശ്യപ്പെടുന്ന വ്യക്തിപരമായ കടമകഠം നിർവ്വഹിക്കുവാൻ പ്രേരിപ്പിക്കുകയും വേണം.

## ഉപദേശം നൽകേണ്ടവിധം

1 തുടർച്ചയായി ഉപദേശം പറയേണ്ടതുകൊണ്ട് നിഷ് പ്രയോജനകരമായ ആവർത്തനം ഒഴിവാക്കുവാനായി ഒരു വിഷയപരമ്പര നേരത്തേ തയ്യാറാക്കേണ്ടതാണ്. ആവശ്യാനുസാരം മററു വിഷയങ്ങളും സ്വീകരിക്കാം.

2 ഉപദേശത്തിനുള്ള സമയം സഹോദരികളുടെ സൗകര്യമനുസരിച്ചു വേണം നിശ്ചയിക്കുവാൻ. വൈദികൻ സമയനിഷ്ഠ പാലിക്കേണ്ടതാണ്. സാധാരണമായി അരമണിക്കൂറിലധികം സംസാരിക്കയുമരുത്.

3 വൈദികൻ ശരിയായി ഒരുങ്ങിവന്ന് ആത്മാർത്ഥമായി പ്രസംഗിക്കണം.

ബാക്കി കാര്യങ്ങഠം സന്യാസിനികഠംക്കുള്ള ധ്യാനത്തിൽ കൊടുത്തിട്ടുണ്ട്.

# വിശ്വാസ സത്യങ്ങളെപ്പററിയുള്ള പ്രസംഗം

വിശ്വാസസത്യങ്ങളെപ്പററി വ്യക്തമായ അവബോധം നല്കുവാനുള്ള പ്രസംഗങ്ങഠം ഇന്നു വളരെ ആവശ്യമാണ്. കാരണങ്ങഠം പലതുണ്ട്; നാസ്തികന്മാരും ഭൗതികവാദികളും വിശ്വാസസത്യങ്ങഠംക്ക് എതിരായി നിരന്തരം പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. ചില ക്രൈസ്തവ സഭാവിഭാഗങ്ങളും കത്തോലിക്കാസഭയെ കഠിനമായി ആക്രമിക്കുന്നുണ്ട്. ശാസ്ത്രത്തിൻെറ അതിപ്രസരംവഴി വിശ്വാസകാര്യങ്ങളെ അവജ്ഞയോടെ വീക്ഷിക്കുവാനുള്ള ഒരു പ്രവണത വളർന്നു വരുന്നു. കുടുംബജീവിതത്തിൻെറ പാവനതയെ നശിപ്പിക്കുന്ന പരിപാടികഠം രാഷ്ട്രീയാധികാരികഠം മുൻകൈ എടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വിദ്യാലയങ്ങളിലെ ശിക്ഷണം നിരന്തരം

അധഃപതിച്ചു വരുന്നു. അതേസമയം മതകാര്യങ്ങൾ പഠിപ്പിക്കുവാൻ കത്തോലിക്കർ കാണിക്കുന്ന അലസത കൂടുതൽ ആപൽക്കരമായി വളരുന്നു.

നിർഭാഗ്യകരമായ ഈ സാഹചര്യങ്ങളിൽ വിശ്വാസസത്യങ്ങൾ യുക്തിയുക്തമായി പഠിപ്പിക്കുക ഏററവും വലിയ ആവശ്യമാണ്. പ്രചരിച്ചു വരുന്ന തെററായ അഭിപ്രായങ്ങൾ ചൂണ്ടിക്കാണിച്ചു തിരുത്തണം. ക്രിസ്തുനാഥൻ കള്ളദീർഘദർശികളെപ്പററി പ്രത്യേകം പറഞ്ഞിട്ടുണ്ടല്ലോ. വി. പൗലോസ് തിമോത്തിക്കും തീത്തോസിനും ഇക്കാര്യത്തെക്കുറിച്ചു പ്രത്യേകം എഴുതുകയുണ്ടായി. (2 തിമോ 2: 14; 4: 8; തീത്തോ 1: 5) ഇതെല്ലാം ഇന്നു കൂടുതൽ പ്രസക്തമാണ്.

വിശ്വാസസത്യങ്ങളെപ്പററി പ്രസംഗിക്കുന്നതിൽ ജഗദ്ഗുരുവായ ക്രിസ്തുതന്നെ മാതൃക നൽകിയിട്ടുണ്ട്. അവിടുന്നു സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ വന്നു. ദൈവം, സ്വർഗ്ഗം, പാപം, മരണം, വിധി, സാഹോദര്യം, നീതി, ദാമ്പത്യബന്ധത്തിന്റെ പാവനതയും അലംഘനീയതയും തുടങ്ങിയ അടിസ്ഥാന സത്യങ്ങൾ അവിടുന്നു പഠിപ്പിച്ചു. അതു തുടർന്നുകൊണ്ടു പോകുവാൻ അപ്പസ്തോലന്മാരെ നിയോഗിച്ചു. തിരുസ്സഭ ഈ അദ്ധ്യാപനകൃത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ആകയാൽ നമ്മുടെ പ്രസംഗങ്ങൾ ഏതു വിഷയത്തെപ്പററി ആയാലും അതിനാധാരമായിട്ടുള്ള വിശ്വാസസത്യങ്ങൾ വ്യക്തമാക്കേണ്ടതാണ്. ചില അനുഷ്ഠാനങ്ങൾകൊണ്ടു മാത്രം ക്രിസ്തുമതമാകയില്ല. അവയ്ക്കു് അടിസ്ഥാനമായി നില്ക്കുന്ന സനാതനസത്യങ്ങൾ സ്വീകരിക്കുകകൂടി വേണം. 1347-ാം കാനൻ വിശ്വാസസത്യങ്ങളെപ്പററി പ്രസംഗിക്കേണ്ട ആവശ്യകത ചൂണ്ടിക്കാണിക്കുന്നുണ്ട്.

## പ്രസംഗരീതി

1 വിശ്വാസസത്യങ്ങൾ വ്യക്തമായി അവതരിപ്പിക്കണം. ശ്രോതാക്കൾ തെററായി ധരിക്കുവാൻ ഇടയാകരുത്. വിശ്വാസസത്യങ്ങളായി ആവശ്യം സ്വീകരിക്കേണ്ടവ എടുത്തു പറയണം. അഭിപ്രായാന്തരമുള്ളവ അപ്രകാരവും പറഞ്ഞുകൊ

ട്ടക്കക. ഉദാ: മാമ്മോദീസ മുങ്ങാതെ മരിക്കുന്ന കുട്ടികളുടെ അന്ത്യം; ശരീരത്തോടെയുള്ള ഉത്ഥാനത്തിൻെറ വിധം.

2 ദുർഗ്രഹകാര്യങ്ങരം ആവശ്യമില്ലാതെ അവതരിപ്പിച്ചു ചിന്താക്കുഴപ്പം ഉണ്ടാക്കരുതു്. ഉദാ: ദൈവത്തിൻെറ മുന്നറിവും വിധിയും

3 വിശ്വസിക്കുക എന്നതു യുക്തിപൂർവ്വകമാണു്. അന്ധതയല്ല എന്നു വ്യക്തമാക്കണം. നമ്മുടെ അനുദിനജീവിതത്തിൽ തന്നെ പലതും വിശ്വസിക്കേണ്ടിയിരിക്കുന്നു. രോഗി ഡോക്ടറേയും വിദ്യാർത്ഥി അദ്ധ്യാപകനേയും യാത്രക്കാരൻ ഡ്രൈവറേയും വിശ്വസിക്കണമല്ലോ. ഇതുതന്നെയാണു് ദൈവത്തിൻെറ സാക്ഷ്യത്തെ ആസ്പദമാക്കി വിശ്വസിക്കുമ്പോഴും ചെയ്യുക.

വിശ്വാസസത്യങ്ങരം മുറുകെ പിടിച്ചു ജീവിച്ച ശാസ്ത്രജ്ഞന്മാരുടേയും രാഷ്ട്രീയനേതാക്കന്മാരുടേയും അഭ്യസ്തവിദ്യരുടേയും മാതൃക എടുത്തുകാണിക്കുക. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായ വീരാത്മാക്കളുടെ ചരിത്രവും പറഞ്ഞുകൊടുക്കാം.

4 മതതത്ത്വങ്ങരം വേദപുസ്തകത്തേയും സഭാചരിത്രത്തേയും ആസ്പദമാക്കി ചർച്ച ചെയ്യുകയാണു നല്ലതു്. അവയുടെ യുക്തിയുക്തതയും തെളിയിക്കണം.

5 വിശ്വാസസത്യങ്ങളെപ്പററി ശരിയായി പഠിക്കേണ്ടതു് അവശ്യാവശ്യമാണെന്നു ബോദ്ധ്യപ്പെടുത്തണം. അജ്ഞതമൂലമാണു് പലക്കും വിശ്വാസഭ്രംശം ഉണ്ടാകുന്നതു്. അന്യരുടെ ആക്രമണങ്ങളിൽനിന്നു രക്ഷനേടുവാനും സ്വന്തം ജീവിത കടമകരം ശരിയായി നിർവ്വഹിക്കുവാനും ഈ പഠനം ആവശ്യമാണു്.

6 വിശ്വസിക്കുന്നുവെന്നു് ഏററുപറഞ്ഞാൽ പോരാ, തദനുസാരം ജീവിക്കേണ്ടതാണു്. നിരന്തരമായ പാപജീവിതം വിശ്വാസത്തെ ഹനിക്കും.

7 ഭക്തകൃത്യങ്ങരംവഴി വിശ്വാസത്തെ പരിപോഷിപ്പിക്കുവാൻ ഉദ്ബോധിപ്പിക്കണം.

8 ലളിതഭാഷയിൽ പറയണം. സാങ്കേതിക പദങ്ങൾ ഉപയോഗിക്കരുത്. ഉദാഹരണങ്ങൾകൊണ്ട് ആശയങ്ങൾ കൂടുതൽ വ്യക്തമാക്കണം. അനുഷ്ഠിക്കേണ്ട കാര്യങ്ങളും പറഞ്ഞു കൊടുക്കേണ്ടതാണ്.

## പള്ളിയിലെ അറിയിപ്പുകൾ

പള്ളിയിൽ ചില പ്രത്യേക കാര്യങ്ങൾ അറിയിക്കുവാനുണ്ടാകും, അവ സുവിശേഷപ്രസംഗവുമായി കൂട്ടിക്കുഴച്ചു പറയരുത്; പ്രസംഗവിഷയമാക്കുകയുമരുത്. പ്രസംഗത്തിനു മുൻപായി അറിയിപ്പുകൾ നൽകുന്നതാണ് നല്ലത്.

അറിയിക്കേണ്ട വിഷയങ്ങൾ ഒരു ബുക്കിൽ കുറിച്ചു തയ്യാറാക്കുക. പലകാര്യങ്ങളുണ്ടെങ്കിൽ തീയതിക്രമം അനുസരിച്ചു എഴുതാം. അന്യനാട്ടുകാരും ഇടവകക്കാരും പള്ളിയിലുണ്ടെങ്കിൽ അവർക്കുകൂടി മനസ്സിലാക്കുവാൻ കഴിയണം.

അറിയിപ്പുകൾ ശാന്തമായും ഗൗരവപൂർവ്വവും നൽകണം; പരിഹാസവും പഴിക്കലും കടന്നുകൂടരുത്. ആത്മാർത്ഥതയോടെ സംസാരിക്കുക. ശ്രോതാക്കളുടെ ശ്രദ്ധ ആകർഷിച്ച ശേഷമേ ആരംഭിക്കാവൂ. എല്ലാം വ്യക്തമായി പറയണം; സംശയത്തിനു ഇടയാകരുത്. വേണ്ടത്ര ഉച്ചത്തിൽ നിറുത്തി സംസാരിക്കണം. പ്രായംകൂടിയവരെ സംബന്ധിച്ചിടത്തോളം അതു കൂടുതൽ ആവശ്യമാണ്. ചില പ്രധാന കാര്യങ്ങൾ ആവർത്തിച്ച് അറിയിക്കേണ്ടിവരും.

കൂടുതൽ കാര്യങ്ങളുണ്ടെങ്കിൽ പള്ളിയിൽ അറിയിച്ചശേഷം അവ എഴുതി നോട്ടീസുബോർഡിൽ ഇടുന്നതുകൊള്ളാം.

## പള്ളിയിലെ വായന

നല്ലവണ്ണം വായിക്കുക അത്ര എളുപ്പമല്ല. നല്ല പ്രസംഗകരുള്ളിടത്തോളം നല്ല വായനക്കാരില്ലെന്നു പറയുന്നു. ആകയാൽ വായിക്കാൻ പ്രത്യേകപരിശീലനം വേണം. ഇന്നു വായനയ്ക്കു വലിയ പ്രാധാന്യമുണ്ട്. തിരുക്കർമ്മങ്ങൾ മാതൃഭാഷ

യിലാകയാൽ നല്ലവണ്ണം വായിച്ചാൽ അവയിൽ നന്നായി പങ്കുകൊള്ളുവാൻ ആളുകൾക്കു കഴിയും. ദൈവവചനം കേൾക്കുന്നതു കൊണ്ടുതന്നേ മാനസാന്തരമുണ്ടാകാം. വി. ബലി മുതൽ സംസ്കാരം, വിവാഹം തുടങ്ങിയ കർമ്മങ്ങളിലെ പ്രാർത്ഥനകൾ എത്രയോ അനുഗ്രഹപ്രദമാണ്. എന്നാൽ എല്ലാം നന്നായി വായിക്കേണ്ടിയിരിക്കുന്നു.

വി. പൗലോസ് തിമോത്തിയ്ക്കു് എഴുതി, വായനയിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് (തിമോ. 4/3). ഇവിടെ അപ്പസ്തോലൻ പറയുന്നതു വിശ്വാസികൾക്കുവേണ്ടിയുള്ള വി. ഗ്രന്ഥ പാരായണത്തെപ്പററിയാണ്. ഇതേ തുടർന്നു വി. ശ്ലീഹാപ്രസംഗത്തെപ്പററിയും പറയുന്നുണ്ട്.

പ്രസംഗത്തിന് ആവശ്യമായ സ്വരസംവിധാനമെല്ലാം വായനയിലും വേണം. പ്രസംഗത്തിൽ ആശയങ്ങൾ വാക്കുകൾവഴി പ്രകാശിപ്പിക്കുന്നു. വാക്കുകളും ആശയങ്ങളും നേരത്തെ ഒരുങ്ങിയാണു പ്രസംഗിക്കുക. എന്നാൽ, വായിക്കുന്നവൻ സ്വന്തമല്ലാത്ത വാക്കുകളും ആശയങ്ങളും സജീവമായി അവതരിപ്പിക്കേണ്ടിയിരിക്കുന്നു. ആകയാൽ, വായനക്കാരൻ ആദ്യം ആശയം മനസ്സിലാക്കണം; പിന്നീട് അതു മററുള്ളവരെ അറിയിക്കണം. അങ്ങനെ അയാൾ രണ്ടു കാര്യങ്ങൾ ഒന്നിച്ചു ചെയ്യേണ്ടിയിരിക്കുന്നു; പഠിക്കുകയും മററുള്ളവരെ പഠിപ്പിക്കുകയും ചെയ്യുക. ഇതിനായി വായനക്കാരൻ വാക്കുകളും പ്രയോഗവിശേഷങ്ങളുംകൂടി മനസ്സിലാക്കണം; മാത്രമല്ല, ചിഹ്നങ്ങളും പഠിക്കണം. ചിഹ്നങ്ങളേയും ആശയമാക്കി മാറേണ്ടതാണ്. ചിലപ്പോൾഅച്ചടിതെററുകൾ തിരുത്തേണ്ടിവരും

## വായിക്കേണ്ടവിധം

1 ദൈവഭവനത്തിൽ ദിവ്യകാര്യങ്ങളാണ് അറിയിക്കുന്നതെന്ന ബോധത്തോടുകൂടി ഭക്തിപൂർവ്വം വായിക്കണം.

2 എല്ലാവർക്കും കേൾക്കത്തക്കവിധം ഉച്ചത്തിൽ ആയിരിക്കണം. അതിനായി a ശരിയായി ശ്വസിക്കണം. b വാക്കുകൾ വിഴുങ്ങരുതു്. c ഉച്ചാരണശുദ്ധി വേണം. d അവസാനപദം കൂടുതൽ ഉറപ്പിച്ചു പറയണം

3 കാര്യം ഗ്രഹിക്കത്തക്കവിധം വായിക്കണം. അതിനായി a നിറുത്തി വായിക്കണം; തിരക്കു കൂട്ടരുതു്. വായനയുടെ ആരംഭത്തിലും ഖണ്ഡികകളുടെയും വാക്യങ്ങളുടെയും ഉപവാക്യങ്ങളുടെയും ഇടയ്ക്കും നിറുത്തണം. b ഒരു വാക്കിനു പ്രാധാന്യം കല്പിക്കുവാനായി അതിന്റെ മുമ്പിൽ നിറുത്തണം. ഉദാ: ''നിയമജ്ഞന്മാരേ (നിറുത്തു്) ഫരിസേയരേ, നിങ്ങൾക്കു ദുരിതം.'

''രണ്ടു കള്ളന്മാരെയും (നിറുത്തു്) അവിടുത്തോടുകൂടി ക്രൂശിച്ചു.'' വാക്കിനു മുൻപും പിൻപും നിറുത്തണം.

ഉദാ: യൂദാസ് ഈശോയെ (നിറുത്തു്) ചുംബിച്ചു (നിറുത്തു്) ഒററിക്കൊടുത്തു.''

4 നിവർന്നു് എന്നാൽ, അനായസംനിന്നു വായിക്കണം. a കുനിഞ്ഞും ചരിഞ്ഞും നില്ക്കരുതു്. b ഇടയ്ക്കു ശ്രോതാക്കളെ നോക്കിക്കൊണ്ടിരിക്കണം; പുസ്തകത്തിൽമാത്രം നോക്കിയാൽ പോരാ. c സ്വരതരംഗങ്ങൾ തടഞ്ഞുപോകാതിരിക്കുവാനും മുഖം മറഞ്ഞുപോകാതിരിക്കുവാനുമായി പുസ്തകം താഴ്ത്തിപ്പിടിക്കണം.

## വായനക്കുള്ള ഒരുക്കം

മുകളിൽ പറഞ്ഞ കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ടു നേരത്തേ വായിച്ചു ഒരുങ്ങേണ്ടതാണ്. പാരായണഭാഗം ഒന്നിലധികം പ്രാവശ്യം വായിച്ച് ആശയം മനസ്സിലാക്കണം. ഉറക്കെ വായിച്ചു സ്വരസംവിധാനവും നിറുത്തുകളും ശരിപ്പെടുത്തണം. പൂർണ്ണവിരാമം, അപൂർണ്ണവിരാമം, അങ്കുശം, കാകു, ഉദ്ധരണി, വിക്ഷേപണി തുടങ്ങിയ ചിഹ്നങ്ങൾക്കു് അനുസൃതമായി സ്വരം ക്രമപ്പെടുത്തണം. വായിച്ചതു കേട്ടവരിൽനിന്നു നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതു വളരെ ഉപകാരപ്രദമാണ്.

# BIBLIOGRAPHY


| | | |
|---|---|---|
| 1 | White R. E. O., | A GUIDE TO PREACHING, London, Pickering & Inglis Ltd., 1973. |
| 2 | Valentine F., | THE ART OF PREACHING, Westminister, The Newman Press 1952. |
| 3 | Stevenson D. E., | IN THE BIBLICAL PREACHER'S WORKSHOP, London, Epworth Press, 1967. |
| 4 | Spivey R. V., | PREACHING THE WORD. Bangalore, C. L. S. Press, 1967. |
| 5 | Reu M., | HOMILETICS, Michigan, U S A. Baker Book House, 1967. |
| 6 | Rahner H., | A THEOLOGY OF PROCLAMATION, U. S. A, Herder and Herder, 1968. |
| 7 | Meyenberg A., | HOMILETIC AND CATECHETIC STUDIES, Newyork, Frederick Pustet & Co., 1914. |
| 8 | Fernandes I., | PRACTICAL HINTS TO DEVELOP YOUR VOICE, Bangalore, 1971. |
| 9 | Humbert of Romans, | A TREATISE ON PREACHING, London, Blackfriars Publications, 1955. |

10 Church A., THE THEOLOGY OF THE WORD OF GOD. 4 BRIDGESTREET, The Mercier Press, 1970.

11 Murphy–O' Connor, PAUL ON PREACHING, London. Sheed and Word, 1963.

12 Kahmann J. BIBLE ON THE PREACHING OF THE WORD U. S. A. St. Norbert Abbey Press, 1965.

13 Henry H. T., PREACHING, London, Joseph F. Waner, Inc. 1941.

14 Macnutt S., GUAGING SERMON EFFECTIVNESS, London, Burns & oates Ltd , 1963.

15 Dodd C. H., THE APOSTOLIC PREACHING, Newyork, Harper & Row, Publishers, 1964.

16 Weidenhan J. L., AIDS TO SERMONS AND RELIGIOUS INSTRUCTIONS,

17 Semmelroth O. THE PREACHING WORD, U.S A. Herder and Herder, 1965.

18 Liturgical Confrence, PREACHING THE LITURGICAL RENEWAL, Dublin, Helicon Limitted, 1964.

19 Hitz P., To PREACH THE GOSPEL, London, Sheed and Ward, 1963.

20 Granskou D. M., PREACHING ON THE PARABLES Philadelphia, Fortress Press, 1972.

21 Ferenbach C., PREACHING STEWARDSHIP, Edinburgh, The Saint Andrew Press, 1967.

22 Card Gibbons, THE AMBASSADOR OF CHRIST, Newyork, John Murphy Company

23 Coleridge H. J., THE PREACHING OF THE BEATITUDES, London, 1876.

24 Nash R., POOR PREACHING, Goa, M/s. Kamat Printing Press 1966.

25 Card. Manning, THE ETERNAL PRIESTHOOD, London, Burns & Oates & wash-bourne Ltd., 1931.

26 Puthiyidam M., ക്രിസ്തീയ പൗരോഹിത്യം, മാന്നാനം, St. Joseph's Press, 1937.

27 Dolan A., HOMILETIC HINTS, Chicago, Carmelite Press, 1955.

28 Wenger L., TOWARDS MATURING IN CHRIST, Madras, C. L. S., 1966.

29 Falvo S., THE HOUR OF THE HOLY SPIRIT Athlone St. Paul Publications, 1975.

30 Sharp J. K., NEXT SUNDAY'S SERMON, Baltimore 2, Maryland, The Dolphin Press, 56 market Press, 1950.

31 Sharp J. K , OUR PREACHING, Philadelphia, P. A., The Dolphin Press, 1940.

32 KavalaKat Msgr. V., RETREAT PREACHING, Alwaye–3, Pontifical Seminary, 1973.

33 Fr. Amalolpavadas, D.S., Director N.B.C.L.C., THEOLOGY OF CATECHISM, Bangalore, National Biblical Catechetical and Liturgical Centre, 1971.

34 Romans H. A , A TREATISE ON PREACHING, London, Black Frians Publications, 1955.

35 Flood Dom P., THE PRIEST IN PRACTICE, Britain, The Newman Press, 1962

36 Dressler H., "Preaching" (History of), NEW CATHOLIC ENCYCLOPEDIA, Vol. II, PP. 684 - 90.

37 Cannors J M., "Preaching" (Homiletic theory), NEW CATHOLIC ENCYCLOPEDIA, vol. II, PP. 690-697.

38 Oshea W. J., "Homily", NFW CATHOLIC ENCYCLOPEDIA, vol. 7, PP. 113 - 115.

39 Beecher P. A., "Homiletics", THE CATHOLIC ENCYLOPEDIA, vol. 7, PP. 443 - 447.

40 Moundonnet., "Preachers, order of", THE CATHOLIC ENCYCLOPEDIA, vol. 12, PP. 354 – 370.

41 Stalker J., "Preaching" (Christian), ENCYCLOPEDIA OF RELIGION AND ETHICS, vol. 10, PP. 215 – 220.

42 Koch Robert., "Preaching", ENCYCLOPEDIA OF BIBLICAL THEOLOGY vol. 2, PP. 686 – 693 ed. by J. B. Baucr, London, Sheed and Ward 1967.

43 Ernest Haensli , "Preaching", SACRAMENDUM MUNDI, vol. 5, PP. 81 – 84, London, Burns and Oats, 1969.

44 Hasting I (ed.)., "Preaching", SAERAMENDUM MUNDI, vol. 5, PP. 81 – 84. London, Burns and Oats, 1969,

45 Hasting J (ed.)., "Preaching", DICTIONARY OF THE BIBLE, PP. 789 - 791.

46 Lescrauwaet J., "Ecumenical Corrections in our Preaching", CONCILIUM Eccumenism, vol. 4, No. 5, April 1969, PP. 21 – 25.

47 Lechner R., "Liturgical Preaching", WORSHIP, vol. 37, No. 10, Nov. 1963, PP. 639 – 50.

48 Lesser R. H., "We must Preach Christ", THE CLERGY MONTHLY, vol. 32, No. 10, Oct. 1968, PP. 447-453

49 Church A., "Preach the Word", THE WAY, vol. 5, No. 1, jan. 1965, PP. 34 – 44.

50 Plastaras., "Ritualist or minister of the word ?", WORSHIP, vol. 39, PP. 400 – 11 (1965).

51 Monoud P. H., "Preaching", THE INTERPRETOR'S DICTIONARY OF THE BIBLE, vol. 3, PP. 868 - 9 ed. by G. A. Buttrick. N Y. 1962.

52 Hartman (Translator)., "Preaching", ENCYCLOPEDIA DICTIONARY OF THE BIBLE PP. 1901 – 1905, N. Y., 1963.

M. S Miller & L. Miller., "Preaching", BLACK'S BIBLE DICTIONARY, PP. 575 – 577, London, 1965.

# പ്രവാചക ധർമ്മം

ഒരു പഠനം

ഫാദർ മാത്യു മങ്കുഴിക്കരി

Indic Digital Archive Foundation
gpura.org